

തൂക്കുമരത്തിൽ നിന്ന് സ്വർഗ്ഗത്തിലേയ്ക്ക്

പ്രതിമാസ ഗ്രന്ഥക്ലബ്ബ്

തൂക്കുമരത്തിൽനിന്നു സ്വർഗ്ഗത്തിലേക്കു്

അഥവാ

ദൈവം ഘാതകന്റെ പക്കലേക്കു്

(രണ്ടാംഭാഗം)

പരിഭാഷകൻ

ഫാ: പീറ്റർ വട്ടപ്പറമ്പിൽ

DHARMARAM COLLEGE LIBRARY
15820
BANGALORE.

Series IX 1963 No. 12

BOOK-A-MONTH CLUB

(Free to Members)

പ്രസ്താവന

"തുക്കുമരത്തിൽനിന്നു സ്വർഗ്ഗത്തിലേക്കു" എന്ന ഗ്രന്ഥത്തിന്റെ രണ്ടാം ഭാഗമാണിതു്. ഒന്നാം ഭാഗം 11-ലക്കമായി പ്രസിദ്ധീകരിച്ചിട്ടുണ്ടു്.

ഒന്നാം ഭാഗത്തിലെ മുഖവുരയിൽ പ്രസ്താവിച്ചിട്ടുള്ളപോലെ ഇതൊരു മാനസാന്തരകഥയാണു്— ഒരു കൊലപാതകിയുടെ മാനസാന്തരകഥ.

ദൈവത്തിന്റെ അനന്തസ്നേഹത്തിന്റെ മുമ്പിൽ പണ്ഡിതനും, പാമരനും സിദ്ധനും പാപിയും ഒരുപോലെ വിലയുള്ളവരാണു്. എല്ലാവരുടേയും നിത്യരക്ഷയേയും സൌഭാഗ്യത്തെയും അവിടന്നു ഒരുപോലെ ആഗ്രഹിക്കുന്നു.

പലപ്പോഴും നാം ലോകവീക്ഷണത്തിൽപ്പെട്ടു ഈ സത്യം മറന്നുപോകാറുണ്ടു്.

ടോം പെന്നിയുടെ ഈ അത്ഭുതമാനസാന്തരകഥ, നമ്മുടെ ഈ വീക്ഷണഗതിയിലെ വൈകല്യത്തെ നമ്മെ ബോദ്ധ്യപ്പെടുത്താൻ ഇടയാകുമെങ്കിൽ ഞങ്ങളും കൃതാർത്ഥരാകും.

തൂക്കുമരത്തിൽനിന്നു സ്വർഗ്ഗത്തിലേക്കു്

അഥവാ

ദൈവം ഘാതകന്റെ പക്കലേക്കു്

(Malayalam)
Thukkumarathil Ninnu Swargathileku. part II.
A Translation of:
GOD GOES TO MURDERER'S ROW.
by Rev. M. Raymond *O. C. S. O.*
Copy Rights:
BRUCE PUBLISHING Co., MILWAUKEE.
Translate by:
FR. PETER VATTAPARAMBIL
Part 1 – Price Rs. 2-00
Printed at:
Sathiaprakasini Press, Ernakulam.
Published by:
K. P. ITTYERAH,
BOOK - A - MONTH CLUB.
All Rights reserved To.
BOOK - A - MONTH CLUB, ERNAKULAM-8

തൂക്കുമരത്തിൽനിന്നു സ്വർഗ്ഗത്തിലേക്കു

അഥവാ

ദൈവം ഘാതകന്റെ പക്കലേക്കു

രണ്ടാം ഭാഗം

അദ്ധ്യായം 9.

അഴമേറിയ അഴങ്ങളും വിസ്താരമേറിയ ചക്രവാളങ്ങളും.

ഫെബ്രുവരി മദ്ധ്യത്തിനുശേഷം എഡിവില്ലിൽനിന്നു് അ ഭ്യുതോദയം മിസ്സസ്സ് പെന്നിക്കു ലഭിച്ചുകൊണ്ടിരുന്ന ഓരോ എഴ ത്തിലും വിഷമിക്കാതിരിക്കുവാൻ ടോം പെന്നി അവരെ പ്രേരി പ്പിച്ചുകൊണ്ടിരുന്നു. എങ്കിലും വേനൽക്കാലത്തിന്റെ പച്ചനി റം, ചെമപ്പുനിറവും സ്വർണ്ണനിറവും പഴവർണ്ണവും കാഞ്ചനവർ ണ്ണവും പഴുപ്പു് നിറവുമായി ദൈവം മാറിയതോടെയാണു് കാ തലായ ആദ്ധ്യാത്മികത്വം മൂലം വ്യത്യസ്തമായ കത്തുകൾ കിട്ടു വാൻ തുടങ്ങിയതു്. തന്റെ മകന്റെ സ്വർഗ്ഗിക്കുന്ന ആദ്ധ്യാത്മിക ത്വത്തിന്റെ അഗാധതയെയും തന്റെമുമ്പിൽ തുറന്നുവയ്ക്കുന്ന വി സ്തൃതമായ ചക്രവാളത്തെയും പറ്റി അവർ വിസ്മയിച്ചു. ഡെയിറിലും ലൂയിവില്ലിലുമുള്ള മഗ്ദലേനകളാണു് തന്റെ മകന്റെ മനസ്സിലും ഹൃദയത്തിലും ഇത്ര ഗാഢമായ സ്വാധീനം ചെലുത്തുന്നതെന്നു പല മാസങ്ങൾക്കുശേഷമാണു് അവർ അ റിഞ്ഞതു്. ഈ മഗ്ദലേനകൾ തങ്ങളുടെ സാധാരണ ചിന്തകളെ യും അനുദിനാനുഭവങ്ങളെയും പ്രസ്താവിച്ചു് എഴുതിയതുകൊണ്ടു് അവർ അവന്റെ ആത്മാവിനെ ആഴമുള്ളതാക്കുകയും ആദ്ധ്യാത്മി കലോകത്തിലെ വിശാലമായ വീക്ഷണവലയം തുറന്നുകൊടുക്കു കയുമാണു ചെയ്തതു്. അവരുടെ ചിന്തകളിലോ വിചാരങ്ങളിലോ യാതൊന്നും വെറും സാധാരണത്വം ഒന്നുമായതായി ടോം പെന്നി

കണ്ടില്ല. മാത്രമല്ല, കേവലമായ അനുഭവങ്ങൾ എന്നു് അവർ കരുതിയവ അവന്റെ ദൃഷ്ടിയിൽ മുഴുവനായും അതിപ്രധാനമായിരുന്നു. അവരുടെ ജീവിതത്തെയും അതിന്റെ ലക്ഷ്യത്തെയും തത്വങ്ങളെയും പ്രവർത്തനങ്ങളെയും പറ്റി അവൻ എത്രകണ്ടു കൂട്ടത്തലായി പഠിച്ചുവോ അത്രകണ്ടു കൂട്ടത്തലായി, അമേരിക്കയും ലോകംമുഴുവൻ തന്നെയും ഉൽക്കണ്ഠനിറഞ്ഞതും വെപ്രാളംപിടിച്ചതും കുഴഞ്ഞുമറിഞ്ഞതുമായ ഈ ഇരുപതാം നൂറ്റാണ്ടിൽ അറിഞ്ഞിട്ടില്ലാത്തതായ ഒരു ചൈതന്യമാണു് അവൻ നമുക്കു തന്നതു്.

ചിലർ ഇതിനെ വിശ്വാസമെന്നു വിളിക്കുന്നു; അതു തെറ്റായിരിക്കയുമില്ല. എങ്കിലും ആ നാമത്തിനൊരു വിശേഷണം വേണം. അതിനെ സജീവവും ജീവദായകവുമായ, സാക്ഷാത്തും സാക്ഷാൽക്കരിക്കുന്നതുമായ വിശ്വാസമെന്നു് വിളിക്കാം. അതിനെ ശക്തവും ശക്തിപ്രദവുമായ വിശ്വാസമെന്നു നാമകരണംചെയ്യാം. കാരണം, തങ്ങൾ വിശ്വസിക്കുന്നെന്നു് ഈ മഹാലോകം പ്രഖ്യാപിക്കുന്നതു് അവർ വിശ്വസിക്കുകതന്നെ ചെയ്യുന്നു. അവർ പഠിച്ചതു് അവർ പ്രാവർത്തികമാക്കുന്നു. പ്രവർത്തനംവഴി അവർ പ്രസംഗിക്കുന്നു. ദൈവം അവർക്കു് ഒരു പദമോ, ഭ്രമമോ, നിഴലോ, സൗകര്യമോ, സങ്കല്പമോ അല്ല; അവിടുന്നു് വിദൂരസ്ഥനോ, അവ്യക്തനോ വ്യക്തിത്വമില്ലാത്തവനോ, അപ്രതിഹതശക്തിയോ അല്ല. അവിടുന്നു് അവർക്കു് പരമാനന്ദവും പരമശക്തിയും സമസ്തവുമാണു്. അവിടുന്നു അവർക്കു ഒരു പിതാവിനെപ്പോലെ സുപരിചിതനാണു്. യാഥാർത്ഥ്യത്തെക്കാൾ യഥാർത്ഥനാണു്. ഏതു സന്ദർഭത്തിലും ഏതു മൂലയിലും അവർ കണ്ടുമുട്ടുന്ന ഒരു മഹാവ്യക്തമായ അത്ഭുതമാണു്. അവരെ സദാകരതലത്തിൽ വച്ചുകൊണ്ടിരിക്കുന്ന അവരുടെ സന്തതസൃഷ്ടാവാണു്. അവരെ സംബന്ധിച്ചിടത്തോളം അവിടുത്തെ പരിപാലനം നിർജ്ജീവമായ ഒരാശയമല്ല. അതു് അവരുടെ പ്രാതഃക്ഷണവും ദിവസത്തെ ജോലിയും ശാരീരികവേദനകളും മാനസിക വിഷമതകളും എന്നപോലെതന്നെ മണിക്കുതോറുമുള്ള അവരുടെ നിരവധിയായ ആനന്ദങ്ങളുമാകുന്നു. അവ

ർക്കു് ദൈവം ദൈവമാകുന്നു; അവർ അവിടത്തെ മക്കളും.

ഈ സത്യം പെന്നി തന്റെ ജയിലറയിലിരുന്നു സ്വായത്തമാക്കുകയും വിസ്മയനീയമായ സാരസ്യത്തോടെ തന്റെ എഴുത്തുകളിൽകൂടി ഒഴുക്കുകയുമായിരുന്നു. ഒരെഴുത്തിൽ അവൻ അമ്മയോടാവശ്യപ്പെട്ടു. "ധൈര്യവും ക്ഷമയും ഉണ്ടാകണം ..... ദൈവകൃപ നമ്മുടെ ഹൃദയത്തിലൂടെ ഒഴുകുന്നതിനു ദൈവം നിർമ്മിക്കുന്ന ചാലുകളാണു് നമ്മുടെ വിഷമതകൾ. അന്യായങ്ങൾ ക്ഷമാപൂരസ്സരം സഹിച്ചാൽ ദിനാന്ത്യത്തിൽ അവ അസാധാരണമായ ശാന്തിയും നിസ്സീമമായ ആനന്ദവും നമുക്കു പ്രദാനംചെയ്യും. എന്തുകൊണ്ടെന്നാൽ ദൈവം വിതച്ച വിത്തു വേരെടുക്കുകയും പുഷ്പിക്കയും ചെയ്യുന്നു."

വേറൊന്നിൽ അവൻ പറയുന്നു. "അമ്മേ, ദൈവം തീർച്ചയായും അമ്മയ്ക്കു് ധൈര്യവും ശക്തിയും നൽകിയിട്ടുണ്ടു്. എന്റെ പ്രിയ അമ്മേ, അമ്മയുടേതിനോടു തുലനംചെയ്യുമ്പോൾ എന്റെ കഷ്ടപ്പാടുകൾ ഒന്നുമില്ല. അതുതന്നെയാണു് എന്നെ കൂടുതൽ വിഷമിപ്പിക്കുന്നതു്. മരണം അമ്മയുടെ വേദനകൾക്കു് ശമനം വരുത്തുമെങ്കിൽ എന്നെ ഇന്നുതന്നെ എടുത്തുകൊള്ളണമേയെന്നു ഞാൻ ദൈവത്തോടപേക്ഷിക്കും! എന്നാൽ അതെല്ലാം അത്ര എളുപ്പമല്ലല്ലോ. ദൈവചിത്തം നിറവേറണം, അതാണു് നമുക്കു് ഏറ്റവും നല്ലതെന്ന മനോവിശ്വാസത്തോടുകൂടി അമ്മയെ ഉന്മേഷചിത്തയാക്കുന്നതിനു് കൂടുതൽ വല്ലതും പറയുവാൻ എനിക്കു് കഴിഞ്ഞിരുന്നെങ്കിൽ എന്നു ഞാനാഗ്രഹിക്കുന്നു. എനിക്കു് സങ്കടമുണ്ടെന്നു് വീണ്ടും വീണ്ടും പറയുന്നതുകൊണ്ടു് എന്നെപ്പറ്റിയുള്ള അമ്മയുടെ ഹൃദയവേദനയ്ക്കു് ഒരു കുറവും വരുന്നതല്ല. അതു വരുമായിരുന്നെങ്കിൽ, ഞാൻ അമ്മയ്ക്കു വരുത്തിക്കൂട്ടിയ കഷ്ടപ്പാടിനെച്ചൊല്ലി എന്നെ കുറ്റപ്പെടുത്തിക്കൊണ്ടു് അമ്മക്കു ദിവസേന 10 പ്രാവശ്യം ഞാൻ എഴുതുമായിരുന്നു. എന്നാൽ ഇപ്പോൾ എനിക്കു പറയുവാനുള്ളതു് ഇതുമാത്രമാത്രമാണു്, ഇതെല്ലാം ഒരുകാലത്തു് ആശ്വാസം മാത്രമല്ല സമ്മാനവുംകൊണ്ടുവരുമെന്നു് മനസ്സിലാക്കി

ക്കൊണ്ട് അമ്മയെ വേണ്ടപോലെ നയിക്കുന്നതിനു് ദൈവത്തോടു യാചിക്കുകയും ദൈവത്തിൽ ശരണം വയ്ക്കുകയും ചെയ്യുക."

ഈ അമ്മ ദൈവത്തിൽ ശരണപ്പെടുകമാത്രമല്ല ചെയ്തതു്. അവിടുന്നു് അവളുടെ ആദ്യജാതന്റെ ആത്മാവിൽ ചെയ്ത അത്ഭുതത്തിനു് അവിടുത്തേയ്ക്കു കൃതജ്ഞത പ്രകടിപ്പിക്കയും ചെയ്തു. ശരൽക്കാലം ഒടുവിലോടുകൂടി ഈ വ്യത്യാസത്തിന്റെ ഉറവിടം അവൾ കണ്ടുപിടിച്ചു. അവർക്കു് കിട്ടുവാൻ പാടുള്ള സഹായത്തെപ്പറ്റി വിശദമായി പ്രതിപാദിച്ചിരുന്ന ഒരെഴുത്തുവഴി അതു പറഞ്ഞുവന്നു. അവർക്കു് അത്ഭുതംജനിപ്പിച്ച ആവേശത്തോടെ അവൻ എഴുതി.

"അമ്മേ, സാമ്പത്തികമായി നമ്മെ സഹായിക്കുവാൻ സ്റ്റേഴ്സിനു സാധ്യമല്ലെന്നു് എനിക്കറിയാം. ഈ യുവതികൾ തങ്ങളുടെ ഐഹികവസ്തുക്കളും സമ്പാദ്യവുമെല്ലാം ഉപവിയെച്ചൊല്ലി പരിത്യജിച്ചശേഷം പ്രതിഫലംകൂടാതെ ദൈവസേവനം നടത്തിക്കൊള്ളാമെന്ന മതാനുഷ്ഠാനപ്രകാരമുള്ള വ്രതം എടുക്കുന്നവരാണു". ഈ വൃഥ്വും ക്രൂരവും നന്ദിഹീനവും ക്ഷണഭംഗുരവുമായ ലോകം മുഴുവനിലും ക്രിസ്തുമതം പ്രചരിപ്പിക്കുന്നതിനു തങ്ങളുടെ ജീവിതം ഉഴിഞ്ഞുവച്ചിട്ടുള്ളവരാണു്. അവർ അമ്മേ, എന്നെസംബന്ധിച്ചിടത്തോളം കത്തോലിക്കാസഭയുടെ ദൈവികത്വത്തിനു് ഇതു് അനിഷേധ്യമായ തെളിവാണു്.

വളരെ ആളുകൾ തെറ്റിദ്ധരിപ്പിക്കപ്പെടുകയും സിസ്റ്റേഴ്സിനെപ്പറ്റി അബദ്ധജഡിലമായ അഭിപ്രായം വച്ചുപുലർത്തുകയും ചെയ്യുന്നു. ചിലർ കരുതുന്നതു് അവർ പ്രണയനൈരാശ്യം ഭവിച്ചവരാണെന്നാണു്. എന്തൊരസംബന്ധം! അവരുടെ സ്നേഹബലിയാകുന്ന മനോഹരജീവിതം സമർപ്പിക്കുവാൻ ഇക്കൂട്ടർക്കു സാധ്യമല്ല. അവരുടെ അനേകസംഘടനകളും ഉപവിപ്രവൃത്തികളും—അവ യുഗാന്തംവരെ നിലനില്ക്കുന്നവയാണു" — അവർ ചെയ്യുന്ന നന്മയെല്ലാം വിലയിരുത്തുവാൻ ഇത്തരക്കാർക്കു കഴിവുപോരാ.

ഒരു സഭയ്ക്കുള്ളിലുള്ള വേറൊരു സഭയെപ്പറ്റി ഞാൻ അമ്മ യോട് പറയുവാൻ തുനിയുകയാണു". അവരുടെ പേരു സി. മഗ്ദലേനകും എന്നാണു". ഇവർ ദരിക്കപ്പെട്ടന്നതു നല്ല ഇടയന്റെ സ ഹോദരികളാലാണു". നേരെ ആക്കേണ്ട പ്രശ്നങ്ങളുമായി പെൺ കുട്ടികളും പ്രായമായ സ്ത്രീകളും നല്ലഇടയൻ സമൂഹത്തെ സമീപി ക്കുന്നു. ചിലർ അവിടം വിട്ടുപോകാൻ വിസമ്മതിക്കത്തക്കവി ധം ദൈവനന്മയാൽ ആകൃഷ്ടരായിത്തീരുന്നു. അങ്ങനെ അവർ അവിടെ തങ്ങുകയും ശിഷ്ടായുസ്സു മുഴുവൻ പൂർണ്ണമായി ദൈവ ത്തിനു സമർപ്പിക്കുകയും ചെയ്യുന്നു. അവരിൽ പലരും എനിക്കെ ഴുതുന്നുണ്ടു". അവരുടെ ഒരു കത്തു" ഞാൻ അമ്മയ്ക്കു" അയയ്ക്കുന്നു. അവരുടെ കത്തുകളിൽ നിറഞ്ഞുനില്ക്കുന്ന പരിപാവനമായ സര ളതയും ശിശുസഹജമായ വിശ്വാസവും മൂലം അവയിലധികവും വായിക്കുമ്പോൾ ഒരു ശിശുവിനെപ്പോലെ ഞാൻ കരയാറുണ്ടു".

സെൻറ ഹെലനായുടെ സി. മഗ്ദലേനയുടെ ഒരെഴുത്തു ടോം അയച്ചുകൊടുത്തതുകൊണ്ടു" പിറ്റെദിവസംതന്നെ ഇതിന്റെ നി ജസ്ഥിതി ഗ്രഹിക്കുന്നതിനു" മിസ്സസ്" പെന്നിക്ക സന്ദർശനം ലഭി ച്ചു. അതിന്റെ രണ്ടാമത്തെ പേജ് ഇപ്രകാരമായിരുന്നു:

"മി പെന്നി,

ഞങ്ങളിൽ ഓരോരുത്തർക്കുംവേണ്ടി ദിവസേന ഓരോ "നന്മ നിറഞ്ഞമറിയം" കാഴ്ചവയ്ക്കാമെന്നുള്ള നിന്റെ വാഗ്ദാനം ഞ ങ്ങൾ എത്രമാത്രം വിലമതിക്കുന്നുവെന്നു നീ അറിയണമെന്നു ഞാ നാഗ്രഹിക്കുന്നു. എനിക്കുവേണ്ടിയുള്ളതു നീ ചൊല്ലുമ്പോൾ ഭയ വായി ഈ ഉദ്ദേശം ഓർമ്മിക്കണമെ. ഒരു യുവതി വഴിപിഴച്ചു പോകുന്നു. അവൾ തന്റെ പാപം മനസ്സിലാക്കുന്നുണ്ടെങ്കിലും അ തിൽനിന്നകലുവാൻ ആഗ്രഹിക്കുന്നില്ല. അവളുടെ ഹൃദയപരിവ ർത്തനത്തിനുവേണ്ടി പരിശുദ്ധകന്യകയോട് അപേക്ഷിക്കുക. നി നക്കു വി. ഫ്രാൻസിസ് സാലസിനോട് വളരെ ബഹുമാനമുണ്ടെ ന്നു കേട്ടപ്പോൾ ഞങ്ങൾക്കു" എത്ര സന്തോഷമായിരുന്നെന്നോ അദ്ദേഹത്തിന്റെ കൃതികൾ ആശ്രയിക്കത്തക്കവയാണു". കാര

ണം അദ്ദേഹം പുണ്യപൂർണ്ണത പ്രസംഗിക്കുക മാത്രമല്ല, അതു പ്രയോഗത്തിൽ വരുത്തുകയും ചെയ്തു. അദ്ദേഹത്തിന്റെ രണ്ടു ഉദ്ധരണങ്ങൾ ഇന്നു ഞാൻ കാണുകയുണ്ടായി. "നിന്റെ കുറവുകളെപ്പറ്റി നീ അസ്വസ്ഥനാകേണ്ടതില്ല, മറിച്ചു" ഓരോ വീഴ്ചക്കുശേഷവും എപ്പോഴും ധൈര്യസമേതം എഴുന്നേല്ക്കുക. ഓരോ ദിവസവും നവമായി ആരംഭിക്കുക. ആദ്ധ്യാത്മികജീവിതത്തിന്റെ അഭിവൃദ്ധിക്കു തുടരെത്തുടരെ പുതുതായി ആരംഭിക്കുന്നതിനെക്കാൾ നല്ല മാർഗ്ഗമില്ല." ഇതു് ആശ്വാസപ്രദമല്ലേ? നമ്മുടെ അധ:പതനങ്ങളിൽനിന്നു ദൈവത്തിനു വലിയ മഹത്വം കൈവരുന്നൊണ്ണു് ഉണ്ണീയീശോയുടെ വി. കൊച്ചുത്രേസ്യാ പറയുന്നതു്. കാരണം, താഴ്മയും പശ്ചാത്തപവും പരിശീലിക്കുന്നതിനു അതു നമുക്കു പ്രേരണ നൽകുന്നു.

പരിഹാരത്തെപ്പറ്റിയുള്ള നിന്റെ ആശയം വളരെ വിശിഷ്ടമാണു്", പെന്നി. ഞങ്ങളുടെ ജീവിതം അതാണെന്നു് നിനക്കറിയാമല്ലൊ. ഞങ്ങളുടെ വിത്തുല നിയമങ്ങൾ അനുശാസിക്കുന്നതു് ഞങ്ങൾ സ്വന്തം പാപങ്ങൾക്കുമാത്രം പ്രായശ്ചിത്തം ചെയ്താൽ പോരാ, മറിച്ചു മറ്റുള്ളവരുടെ പാപങ്ങൾക്കുകൂടി പരിഹാരം ചെയ്യണമെന്നാണു്". ഞങ്ങളുടെ നിയമം താഴ്മയുടെ നാലാം പടവിയാണെന്നാണു ധ്യാനഗുരുക്കന്മാർ ഞങ്ങളോടു പറഞ്ഞിട്ടുള്ളതു് അതായതു്", അതു ദൈവത്തോടുള്ള നിർമ്മല സ്നേഹമാണെന്നു. അറിയപ്പെടാതെയും നിന്ദിക്കപ്പെട്ടും ജീവിക്കുവാൻ ഇഷ്ടപ്പെടണമെന്നു" അതു ഞങ്ങളോടാവശ്യപ്പെടുന്നു. അതു മനുഷ്യപ്രകൃതിക്കു എളുപ്പമല്ല; എങ്കിലും സാധ്യമാണു്. വി. അഗസ്തീനോസു് പറയുന്ന "മറ്റുള്ളവർക്കു് അതു ചെയ്യാമെങ്കിൽ എനിക്കും ആവാം."

വി. അഗസ്തീനോസിന്റെ യൗവ്വനം ലക്ഷം ലക്ഷണമില്ലാത്തതായിരുന്നെന്നു നിനക്കു് അറിയാമല്ലോ. എങ്കിലും അദ്ദേഹത്തിന്റെ മാനസാന്തരത്തിനുശേഷം അദ്ദേഹം പുണ്യപൂർണ്ണതയിലേയ്ക്കു പുരോഗമിക്കുകയാണു് ചെയ്തതു്. നമ്മുടെ മനുഷ്യപ്രകൃതിയെ

നാം അടിച്ചുടയ്ക്കേണ്ടതില്ലെന്നും മറിച്ച് "അതിനെ ദൈവത്തിന്റെ നേരെ തിരിച്ചുവിടേണ്ടതായിട്ടേ ഉള്ളുവെന്നുമാണ്" ഏതാണ്ടു പണ്ഡിതന്മാർക്കിടയിൽ തെളിയിക്കുന്നത്". ഒരോത്തിഡേയെ കാണുക. അവിടെ ഒരു കമ്മ്യൂണിസ്റ്റായിരുന്നു. അവിടെ ഇപ്പോൾ കത്തോലിക്കാവിശ്വാസത്തിനുവേണ്ടി സമരം ചെയ്യുന്നത് അതേതീക്ഷ്ണതയോടെ മാത്രമല്ല, കമ്മ്യൂണിസ്റ്റായിരുന്നപ്പോൾ ഉപയോഗിച്ച അതേ രീതികളിലൂടെയുമാണ്". പക്ഷേ ഇപ്പോൾ അവിടെ ദൈവത്തിനു ആത്മാക്കളെ നേടിക്കൊടുക്കാൻ ബദ്ധപ്പെടുന്നു. അവളുടെ ലക്ഷ്യത്തിനു വ്യത്യാസം വരുത്തിയെന്നതുമാത്രമാണ് അവിടെ ചെയ്തത്". അതുതന്നെ നമുക്കും ചെയ്യാവുന്നതാണ്"....."

അടുത്ത ആഴ്ചയിൽ ഡെട്രോയിറ്റിൽനിന്നു മിസ്സസ് പെന്നിക്കു നേരിട്ട് ഒരെഴുത്തു കിട്ടിയതിൽ അവിടെ ആശ്ചര്യപ്പെട്ടു. അതു വായിച്ചപ്പോൾ അവിടെ കൂടുതൽ ആശ്ചര്യപ്പെട്ടു.

പ്രിയ അമ്മേ,

അങ്ങേ മകൻ ടോം ഞങ്ങളെ സഹോദരിമാരായി ദത്തെടുത്തിരിക്കയാൽ അവൻ ഞങ്ങളെ അങ്ങയുടെ പുത്രിമാരാക്കിയിരിക്കയാണ്. ഞങ്ങളിം 49 പേരുള്ളതുകൊണ്ട് ഇരുപതധികം മക്കളുള്ള അങ്ങയുടെ ദയയെത്ര വിശാലമായിരിക്കണം.

പ്രിയ അമ്മേ, ഞങ്ങളിം അങ്ങേയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നുണ്ടെന്നു മനസ്സിലാക്കേണമെ. അങ്ങയുടെ തോളിൽ ദൈവം ചുമത്തിയിരിക്കുന്ന കുരിശു വഹിക്കുന്നതിനുവേണ്ട കൃപ അങ്ങേയ്ക്കു നൽകണമെന്നു ഞങ്ങളിം ദൈവത്തോടു യാചിക്കുന്നുണ്ട്. ഈ പരീക്ഷണങ്ങളെ കീഴ്വഴക്കമുള്ളതും താഴ്മയുള്ളതുമായ ഹൃദയത്തോടെ സ്വീകരിക്കുവാൻ അങ്ങേയ്ക്കു കഴിയുമെങ്കിൽ അതു അങ്ങേയ്ക്കും അങ്ങേ പ്രിയപ്പെട്ടവർക്കും വേണ്ടി വളരെയധികം പുണ്യയോഗ്യത നേടിത്തരുവാൻ പോരുന്നതാണ്".

പ്രിയ അമ്മേ, നമുക്കു വേണ്ടി നമ്മുടെ ദിവ്യരക്ഷകൻ എന്തു മാത്രം സഹിക്കേണ്ടിവന്നുവെന്നു ഓർമ്മിക്കണമേ. ഇപ്പോഴത്തെ യുദ്ധംമൂലം ലക്ഷക്കണക്കിനുള്ള തള്ളമാരുടെ ഹൃദയത്തിനു വരുന്ന

വ്യഥയെന്തെന്നു് അനുസ്മരിക്കണമേ. അങ്ങേയ്ക്കു ഒന്നും കഴിഞ്ഞില്ലെങ്കിലും ടോമുമായി സമ്പർക്കം പുലർത്താനും അവൻ എവിടെയാണെന്നു് അറിയുവാനും കഴിയുമല്ലോ.

ഒരമ്മയുടെ ഹൃദയത്തെ ആശ്വസിപ്പിക്കുവാൻ ശ്രമിക്കുന്നതു് വ്യർത്ഥമാണെന്നു് ഞങ്ങൾക്കറിയാം. എങ്കിലും അങ്ങയുടെ മകനെപ്പറ്റി ഞങ്ങൾ അഭിമാനംകൊള്ളുന്നുവെന്നും അവനെ ഞങ്ങൾക്കു പരിചയപ്പെടുത്തിത്തന്ന അച്ചനോടു ഞങ്ങൾ അതിവകൃതജ്ഞരാണെന്നും അങ്ങേയ്ക്കു ഞങ്ങൾ ഉറപ്പുതരുന്നു. ടോം തിരഞ്ഞെടുക്കപ്പെട്ട ആത്മാവാണെന്നും ദൈവം അവനു് വിശ്വാസം പ്രദാനം ചെയ്തതോടുകൂടി വിസ്മയാവഹങ്ങളായ അനുഗ്രഹങ്ങൾ അവനു ലഭിച്ചുവെന്നും ഞങ്ങൾ കരുതുന്നു.

പരീക്ഷണത്തിന്റെ ഈ ഘട്ടത്തിൽ എഴുതുവാൻ അങ്ങേയ്ക്കു സാധിക്കുമെങ്കിൽ, അങ്ങിൽ നിന്നു് ഒരെഴുത്തു കിട്ടുവാൻ ഞങ്ങൾ അതിയായി ആഗ്രഹിക്കുന്നു. പെന്നി വധശിക്ഷയ്ക്കു വിധേയനാക്കപ്പെട്ടമെന്നതൊഴിച്ചു് മറ്റു വിഷമതകളെപ്പറ്റി ഞങ്ങൾക്കു യാതൊന്നും അറിഞ്ഞുകൂടാ. നമ്മെപ്പോലുള്ള ഒരു മനുഷ്യനെ വിധിക്കുന്നതിനു നാം ആരാണു്? നമ്മുടെ മേലും മരണവിധി ഉച്ചരിക്കപ്പെട്ട കഴിഞ്ഞു. വിനാവിളംബമോ അഥവാ കൂടെ കഴിഞ്ഞോ നമ്മിൽ ഓരോരുത്തരും ഇവിടം വിട്ടു പോകണമല്ലോ?

ദൈവം തന്റെ ദിവ്യഹൃദയത്തിൽ അങ്ങയെ ഇന്നും എന്നും കാത്തുകൊള്ളട്ടെ.

സ്നേഹവായ്പോടും അഗാധമായ അനുകമ്പയോടും കൂടെ,

ഡെട്രോയിറ്റിലെ മദർ സി. മൗലേനകളും

"ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ."

"ഡെട്രോനിയിലെ മൗലേനകൾ നാനാപ്രകാരേണയും എന്റെ സ്വന്തം സഹോദരികളാണു്. അവരെപ്പറ്റി സി. റോബർട്ട് ആണും സി. മേരി ലോറൻസിയായും അങ്ങയോടു പറയുന്നതായിരിക്കും" എന്നു ടോമിന്റെ ഒരെഴുത്തിൽ മിസ്സസ് പെന്നി വായിച്ചതു് പ്രസ്തുത മൗലേനക്കത്തിനു ശേഷമായിരുന്നതുകൊണ്ടു് അവൾ പരിപൂർണ്ണ ധാരണയോടുകൂടി തല കുലുക്കി.

1942 ഒക്ടോബർ 2-ാം തീയതി അവൻ സി. റോബർട്ട് ആനിനെഴുതി.

"എന്റെ അമ്മ നിങ്ങളെ സന്ദർശിച്ചെന്ന കേട്ടതിലെനിക്ക് അഗാധമായ ആനന്ദമുണ്ട്.....നാം ഒരാളെ അധികമായി സ്നേഹിക്കുമ്പോൾ നമ്മുടെ ആനന്ദത്തിൽ അയാളെക്കൂടി പങ്കാളിയാക്കുവാൻ നാം അഭിലഷിക്കയില്ലേ? എന്റെ ദുഃഖത്തിലും അപമാനത്തിലും അമ്മ പങ്കാളിയായിരുന്നു. അവരുടെ വ്യഥയെ വെല്ലുന്ന സന്തോഷം അവർക്കു ലഭിച്ചുകാണുവാൻ എന്റെ ജീവനെപ്പോലും പണയപ്പെടുത്തുന്നതിനു ഞാൻ തയാറാണെന്നു ദൈവത്തിനറിയാം. സത്യവിശ്വാസത്തിന്റെ യഥാർത്ഥമായ അർത്ഥമെന്തെന്നു് എന്റെ അനുഭവം വ്യക്തമാക്കുന്നു. അതുപോലൊരനുഭവമാണു് അമ്മയ്ക്കുള്ളതെന്നു ഞാൻ കരുതുന്നു. സംശയമെന്നേ എനിക്കും എന്റെ അന്ധകാരദിവസങ്ങളുണ്ടായിരുന്നു. നമുക്കെല്ലാവർക്കും ഉള്ളതല്ലേ അതു്? ദൈവത്തിന്റെ ന്യായം അജയ്യമാണു്".

എന്നെ പരിചയപ്പെടാൻ ഇടയായതിൽ ചില ആളുകൾ ലജ്ജിക്കുന്നുവെന്നറിയുന്നതു വളരെ വേദനിപ്പിക്കുന്ന ഒന്നാണു്. അതിനെക്കാൾ വേദന നിറഞ്ഞതാണു് ഞാൻ സ്നേഹിക്കയും ഉപകാരം ചെയ്യുകയും സ്നേഹിതരായി കരുതുകയും ചെയ്തവരാണു് എന്നെപ്പറ്റി അപവാദവ്യവസായം നടത്തുന്നതെന്നു കാണുന്നതു്. എന്റെ ഉറ്റമിത്രങ്ങളായി കരുതപ്പെട്ടിരുന്നവർ കൊടിയ ശത്രുക്കളായി മാറുകയും ഞാൻ അവരിൽ അർപ്പിച്ചിരുന്ന വിശ്വാസം ലംഘിക്കയും ചെയ്തപ്പോഴാണു്—അതും മറ്റുള്ളവർ എനിക്കു എതിരാണെന്ന കാരണത്താൽ മാത്രം—ഏറ്റവും വലിയ ഞെട്ടൽ എനിക്കുണ്ടായതു്.....

ഇതെല്ലാം കഠോരമായ മനഃസാക്ഷിയുടെ ആക്രോശങ്ങളല്ലയോയെന്നു മിക്കപ്പോഴും ഞാൻ ആശ്ചര്യപ്പെടാറുണ്ടു്. സിസ്റ്റർ, ദൈവനാമമല്ലാതെ മറ്റെന്താണു നമ്മുടെ മനസ്സാക്ഷി? അവിടുന്നു നമ്മോടു സംതൃപ്തനായിരിക്കുമ്പോൾ നമ്മുടെ മനഃസാക്ഷിയും അതുതന്നെ ഉൽഘോഷിക്കാറില്ലേ? അവിടുന്നു് അതൃപ്തനായിരി

ക്കുമ്പോൾ.....“ഓ, ദൈവമേ, അങ്ങ് എന്നോട് മിണ്ടാതിരിക്കുന്നുവോ? അങ്ങ് എന്നോട് മിണ്ടാതിരുന്നാൽ ഞാൻ ഗർത്തത്തിലേക്കു നിപതിക്കുന്നവരെപ്പോലെ ആയിത്തീരും” എന്നുള്ള സങ്കീർത്തകന്റെ പ്രാർത്ഥന എന്തുകൊണ്ടാണ് ഇത്രയധികം വിശുദ്ധന്മാർ തങ്ങളുടെ സ്വന്തമാക്കിത്തീർക്കുന്നതെന്നു് എനിക്കു് എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയും. ദൈവനാമം അവശണിച്ചാലുള്ള ആപത്തിനെപ്പറ്റി നമ്മെ അനുസ്മരിപ്പിക്കുവാൻ ഇതിനേക്കാൾ നല്ല പ്രാർത്ഥനയില്ല. സിസ്റ്ററിനു് എന്നെക്കാൾ നന്നായിട്ടറിയുവാൻപാടില്ലാത്തതായ ഒന്നും ഞാൻ പറഞ്ഞില്ലെന്നു് എനിക്കറിയാം. എങ്കിലും ഞാൻ പറഞ്ഞതു് പറഞ്ഞതുകൊണ്ടു് എനിയ്ക്കൊരു തൃപ്തി തോന്നുന്നുണ്ടു്.....”

ഈ എഴുത്തുമൂലം നേഴ്സസിന്റെ ഈ മെലിഞ്ഞ ഡയറക്ടർക്കു് താൻ ഒരു മിടുക്കിയാണെന്നൊരു തോന്നലുണ്ടായി. എന്നാൽ സി. മേരി ലോറൻസിയാ, അനുഭവജ്ഞാനത്തിൽനിന്നുളവായ വിവേകംമൂലം തന്റെ തക്കം കാത്തിരുന്നു. രണ്ടുദിവസം കഴിഞ്ഞു നേഴ്സ്—ഡയറക്ടരുടെ മുറിയിലേക്കു സി. മേരി ലോറൻസിയാ അലസമായി കയറിച്ചെന്നു ഉന്മേഷരഹിതയായി പറഞ്ഞു: “ഓ, ഇതു് സിസ്റ്ററിന്റെ ആത്മാവിനു ഗുണംചെയ്യേക്കാം.”

സി. റോബർട്ട് ആൻ എഴുത്തു തുറക്കുന്നതിനുമുമ്പുതന്നെ കൂട്ടുകാരി സ്ഥലംവിട്ടുകാണും. സി. മേരി ലോറൻസിയായുടെ ഫലിതപ്രകൃതിയോർത്തു് ആ ഇളം നിലക്കണ്ണുകളും അല്പനേരത്തേയ്ക്കു് ആനന്ദത്തിൽ നൃത്തംചെയ്തു: പക്ഷേ അല്പംകഴിഞ്ഞു് ഒരാത്മാവിന്റെ അസ്വസ്ഥത മാറ്റുവാൻ എന്തു ഒറ്റമൂലി പ്രയോഗമാണു് ഈ എഴുത്തിലുള്ളതെന്നു ഓർത്തപ്പോൾ അവരുടെ മുഖംവാടി. അതു 1942 ഒക്ടോബർ 2—ാംതിയതിയിലേതായിരുന്നു.

പ്രി. സി. മേരി ലോറൻസിയാ,

ഞാൻ സി. റോബർട്ട് ആനിനു് എഴുതിയകൂട്ടത്തിൽ സിസ്റ്ററിനും എഴുതുമായിരുന്നു. പക്ഷേ, ഞാൻ വളരെയധികം എഴുതിയതുകൊണ്ടു് ഒരുപേജ് കൂടി കൂട്ടുതലായി എഴുതിയിരുന്നെ

ങ്കിൽ അതെല്ലാം പുസ്തകമായി പ്രസിദ്ധീകരിക്കുവാൻ കുറച്ചു റവറൻ റാങ്കിൻ എന്നോടാവശ്യപ്പെട്ടുമെന്നു ഞാൻ ഭയപ്പെട്ടു. അതു കൊണ്ടു് ഞാൻ ആ കാര്യം ഉപേക്ഷിച്ചു. മാത്രമല്ല, വെള്ളിയാഴ്ച കച്ചേരിയിൽ എന്തെങ്കിലും ഉണ്ടാകുമെന്നു ഞാൻ വിചാരിച്ചു.

സിസ്റ്ററിന്റെ ജലദോഷം നിശ്ശേഷം മാറിയിരിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. എനിക്കിപ്പോൾ വളരെ സുഖമാണു്. എന്നിൽത്തന്നെ ഞാൻ ഏതാണ്ടു സംപ്രീതനായിരിക്കയാണു്. ഞാൻ വിവക്ഷിക്കുന്നതു് ദൈവസ്നേഹം ഏറെപറയുന്നതിനും അതിനോടു സഹകരിക്കുന്നതിനും ആവശ്യമായ കൃപാവരം അവിടന്നെനിക്കു നല്കിയതിൽ ഞാൻ വളരെ സംപ്രീതനാണെന്നാണു്.

സിസ്റ്റർ, ദീർഘകാലത്തേയ്ക്കു്; അതെ, സമയം തുടങ്ങിയപ്പോൾമുതൽ മനുഷ്യർ സൗഭാഗ്യം തേടുകയായിരുന്നു. അതു കണ്ടെത്തുന്നതിനുള്ള പരിശ്രമത്തിൽ ചിലർ അതിദൂരം യാത്രചെയ്യുകയും പലതരം അപകടങ്ങളെ അഭിമുഖീകരിക്കയും ചെയ്തു. എന്നാൽ നമ്മുടെ ഹൃദയങ്ങൾ തുറന്നുകൊടുക്കയും ദൈവകൃപ നമ്മിലേക്കു പ്രവഹിക്കുന്നതിനു തടസ്സമായിനില്ക്കുന്ന പ്രതിബന്ധങ്ങളെ അകറ്റുകയും ചെയ്യുകയെന്നതേ ആവശ്യമുള്ളൂ; അതോടെ ഇഹത്തിൽ സാധ്യമായുള്ള പരിപൂർണ്ണ സൗഭാഗ്യം നമ്മുടേതായിരിക്കും.

എന്റെ ഇപ്പോഴത്തെനിലപാടിൽ സന്തോഷം അനുഭവിക്കാമെന്നെനിക്കു പ്രതീക്ഷയില്ല. എങ്കിലും സാക്ഷാത്തായ സമാധാനം എപ്പോഴും അനുഭവിക്കാവുന്നതാണു്. സൗഭാഗ്യം കരസ്ഥമാക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി പണ്ഡിതന്മാരാൽ വിരചിതമായ വലിയ ഗ്രന്ഥങ്ങൾ സഹസ്രക്കണക്കിനുണ്ടു സിസ്റ്റർ. എങ്കിലും അവയെല്ലാം ചേർത്താലും ആത്മരാമതിക്കു് "ആകാശങ്ങളിലിരിക്കുന്ന" എന്ന പ്രാർത്ഥനയിലെ "നിന്റെ തിരുമനസ്സുപോലെ ആകട്ടെ" എന്ന നാലു കൊച്ചുവാക്കുകൾ പറയുന്നിടത്തോളം പറയുന്നില്ല.

ഒരുപദേഷ്ടാവിന്റെ അഭാവംമൂലം മതപരമായ സഹായം വേണ്ടത്ര സിദ്ധിക്കുന്നില്ലെങ്കിലും, വിശ്വാസം ഗ്രഹിക്കുന്നതിൽ ഇത്രയേറെ എനിക്കുണ്ടായ അഭിവൃദ്ധിയിൽ വിസ്മയം പ്രകടിപ്പിച്ചുകൊണ്ടുള്ള ഒരെഴുത്ത് ഇന്നലെ ഫാ. എവുജീനിൽനിന്ന് എനിക്ക് കിട്ടി. എന്നെ നയിക്കുന്നതിനു് എനിക്കു രണ്ടു കാവൽമാലാഖാമാരുള്ള കാരണം അദ്ദേഹത്തെ അനുസ്മരിപ്പിക്കുവാൻ ഞാൻ വിട്ടുപോയില്ല....”

അന്നു രാവിലെ സി. മേരി ലോറൻസിയാ ഇടനാഴിയിലൂടെ പോകവേ കണ്ടുമുട്ടിയ നേഷ്“സസ്” ധ്യാനകുരോട്ട ശാന്തമായി പറഞ്ഞു: “നമ്മുടെ ആത്മാക്കളിൽ പെന്നിയുടേതുപോലെ അതിശീഘ്രം അഗാധതരമാകുകയാണെന്നു ഞാൻ പ്രതീക്ഷിക്കുന്നു.”

സി. റോബർട്ട് ഞാൻ സഖിയെ നീതിക്കൊണ്ടു ചോദിച്ചു: “ദി കസാദിന്റെ കൊച്ചുപുസ്തകം സിസ്റ്റർ പെന്നിക്കയച്ചുകൊടുത്തോ?”

“ദി കസാദോ?” ആ ആളിനെയോ അയാളുടെ കൊച്ചുപുസ്തകമോ ഞാൻ അറിയില്ല.”

“ഓ. സിസ്റ്റർ! .. അതുകട്ടെ, അതു” ലെയോഡിയുടെ “പരിത്രാപരിതൃാഗമായിരുന്നോ?”

“സിസ്റ്റർ എന്തിനെ പരാമർശിച്ചാണീ പറയുന്നതു”?”

“സിസ്റ്ററിനെയും പെന്നിയെയും പരാമർശിച്ചു”. ദൈവേഷ്ടത്തിനു സ്വയം വിട്ടൊഴിയുക എന്ന സിദ്ധാന്തം മറ്റാരെയുംകാൾ വേഗത്തിലും പ്രായോഗികമായും അവൻ പഠിച്ചിരിക്കുന്നു. അവനെ അതു് ആരു പഠിപ്പിച്ചുവെന്നാണെനിക്ക് അറിയേണ്ടതു”.”

“ഞാനൊരിക്കലും ടോം പെന്നിയുടെ ആത്മീയോപദേഷ്ടാവായിരുന്നിട്ടില്ല. ഭാരപാലകയായിട്ടുമാത്രമേ ഇവിടെ ലക്സിംഗ”ടനിലും അങ്ങു ലൂയിവില്ലിലും അദ്ദിനയിക്കാൻ ഞാൻ അനുവദിക്കപ്പെട്ടിരുന്നുള്ളൂ. എന്നാൽ നസ്രസിൽനിന്നും സാമാന്യം സംപൂജ്യയായ ഒരു സന്ന്യാസിനി ഈ രണ്ടു സ്ഥലങ്ങളിലും അവന്റെ പാർശ്വത്തിൽ ഇരിക്കുന്നുകണ്ടു. ഒരുവേള അവർ.....”

"സിസ്റ്റർ, ഈ കളിയാക്കൽ നിറുത്തുമോ?"

"സിസ്റ്റർ ഈ വെപ്രാളം വെടിയുമോ? ടോം പെന്നി വാസ്തുത്തിൽ മതസിദ്ധാന്തങ്ങൾ പഠിച്ചുവെങ്കിൽ ദൈവത്തിനു നന്ദി പറയുകയും അക്കാര്യം അവിടെ അവസാനിപ്പിക്കയും ചെയ്യണം."

"സിസ്റ്റർ ഏറ്റവും പറച്ചിൽ നടത്തുകയാണോ?"

"എന്തിനെപ്പറ്റി?"

"ആ പുസ്തകങ്ങൾ അവനു" അയച്ചുകൊടുത്തതിനെപ്പറ്റി."

"എന്റെ മാനസികമകളെ, ആ പുസ്തകങ്ങൾ ഉണ്ടെന്നുള്ള കാര്യം ഞാൻ അറിയുകപോലും ചെയ്തിട്ടില്ലെന്നു ഞാൻ പറയുന്നതു വിശ്വസിച്ചു കൊള്ളുക."

"ആരെങ്കിലും അതുപോലുള്ള എന്തെങ്കിലും അവനു" അയച്ചുകൊടുത്തുകാണും. എന്റെ ഒടുവിലത്തെ എഴുത്തും സിസ്റ്ററിനുള്ള ഈ എഴുത്തും...."

"ഓ, അപ്പോൾ സിസ്റ്റർ എന്റെ എഴുത്തു വായിച്ചു! അതേപ്പറ്റി എന്തു വിചാരിക്കുന്നു? സിസ്റ്ററിന്റെ മേൽ ചൊരിഞ്ഞ സ്തുതിഗീതങ്ങൾ ഇഷ്ടപ്പെട്ടു?"

"ഓ, സിസ്റ്ററിനു വേലയൊന്നുമില്ലേ? എന്നെ സന്തോഷിപ്പിക്കുന്നതു, "നിന്റെ തിരുമനസ്സുപോലെയാകട്ടെ" എന്നു പറയുവാനുള്ള അവന്റെ കഴിവാണു". എന്നിങ്ങനെയായിരിക്കുന്നതു" അതു പറയുവാൻ ആരവനെ പഠിപ്പിച്ചുവെന്നതാണു"!"

സി. മേരി ലോറൻസിയാ ആ എഴുത്തു മടക്കി തന്റെ കപ്പായത്തിന്റെ മടക്കിൽ വച്ചപ്പോൾ അവർ തന്റെ കൂട്ടുകാരിയെ അനുസ്മരിപ്പിച്ചു ടോംപെന്നിക്കു കത്തുകൾ അയച്ചവർ തങ്ങൾ മാത്രമല്ലെന്നു". ഫാ. ജോർജ്ജ്", ഫാ. എവുജിനോ, ഫാ. ബ്രിയനോ അല്ലെങ്കിൽ സി. ഫ്രാൻസിസ്സ്യായോ അവനെ അതു പഠിപ്പിച്ചിരിക്കാമെന്നു" അവർ കൂട്ടിക്കാണിച്ചു. "എന്നാൽ," അവർ വീണ്ടും ഇടനാഴിയിലൂടെ നീങ്ങാൻ തുടങ്ങവേ പറഞ്ഞു: "സിസ്റ്റർ എന്നോടു ചോദിക്കയാണെങ്കിൽ അതു മിക്കവാറും ഡെടോയിറിറ്റെ മഗ്ദലേനകളാണെന്നു ഞാൻ പറയും. ഇങ്ങനെയുള്ള കാര്യ

ങ്ങളിൽ ആവൃതിക്കുള്ളിലെ പ്രാർത്ഥനാനിരതരാണു് സാധാരണയായിനമ്മളെക്കാൾ വളരെ മുന്നേറിനില്ക്കുന്നതു്. ടോം തന്നത്താൻ അതു ഗ്രഹിച്ചിരിക്കുമെന്നതിനും സാദ്ധ്യതയുണ്ടു്. അവൻ ഒരു മായനല്ലെന്നു സിസ്റ്ററിനറിയാമല്ലോ; അഥവാ അങ്ങനെ ആയിരുന്നാൽതന്നെയും ദൈവത്തിന്റെ കൃപാവരത്തിനു് എതു മരത്തലയെയും തുളച്ചുകയറുവാൻ കഴിയുമെന്നു ഞാൻ പറയണമെന്നില്ലല്ലോ. എന്നെത്തന്നെ നോക്കൂ!''

സി. മേരിലോറൻസിയ പുറമെ അലക്ഷ്യഭാവവും അശ്രദ്ധയും പ്രകടിപ്പിച്ചിരുന്നെങ്കിലും തന്റെ കൂട്ടുകാരിയെപ്പോലെതന്നെ ഈകാര്യം അവരേയും ഗാഢമായി സ്പർശിച്ചിട്ടുണ്ടായിരുന്നു. ടോംപെന്നിയുടെ മുമ്പിൽ വികസിതമായിക്കൊണ്ടിരുന്ന വിസ്മൃതചക്രവാളത്തെപ്പറ്റിയും അതുപോലെതന്നെ ജിജ്ഞാസയുള്ളവളായിരുന്നു. ഒക്ടോബർ 9–ാം തീയതി–പിറ്റേ അഞ്ചയിൽ–ലഭിച്ച കത്തു് പ്രസ്തുത മതിപ്പിനെ അഗാധതരമാക്കുകയും ജിജ്ഞാസയെ കൂടുതൽ വർദ്ധിപ്പിക്കയും ചെയ്തു. കാരണം ടോം തനിക്കു പ്രിയപ്പെട്ട ഇതിവൃത്തമായ ദൈവമാതാവിനെപ്പറ്റി തന്റെ ചിന്താഗതി അഴിച്ചുവിട്ടു. അവൻ എഴുതി:

പ്രി. സി. മേരി ലോറൻസിയാ,

സിസ്റ്ററിന്റെ വിലയേറിയ കത്തു് ഇന്നു കിട്ടി. സിസ്റ്റർ, അങ്ങയെപ്പറ്റി ഞാൻ അസ്വസ്ഥനായിത്തുടങ്ങുകയായിരുന്നു. സിസ്റ്ററിന്റെ അസുഖത്തിനു വളരെ കാരുണ്യത്തോടെയുള്ള ശുശ്രൂഷയിൽ സന്തോഷം. വായിക്കയും, ധ്യാനിക്കയും, പ്രതിജ്ഞകൾ ചെയ്യുകയും അവയ്ക്കനുസൃതമായി ജീവിക്കാൻ ശ്രമിക്കയും ചെയ്തുകൊണ്ടു ഞാനിപ്പോഴും അനിശ്ചിതാവസ്ഥയിൽ കഴിയുന്നു. ചിലപ്പോഴൊക്കെ ഞാൻ വിചാരിക്കാറുണ്ടു് ഒരജ്ഞന്റെ സ്ഥിതിയാണിതിലും നല്ലതെന്നു്. അതെ, "അജ്ഞത ആനന്ദമായിരിക്കാൻ പാടുണ്ടു്." അല്ല, സിസ്റ്റർ, ഞാൻ തമാശ പറഞ്ഞതാണു്. എനിക്കുള്ള അറിവിന്റെ ഓരോ തരിയും ഞാൻ സ്നേഹിക്കുന്നു. എങ്കിലും അന്ധകാരനിബിഡമായ ദിനങ്ങളും എനിക്കുണ്ടു്. "ഗ്ലോറിസ" ഓഫ്

മേരി" (Glory's of Mary)എന്ന പുസ്തകം എപ്പോഴും തന്റെ മേശ മേൽ സൂക്ഷിച്ചിരുന്ന ഒരു ഭക്താത്മാവിനെക്കുറിച്ചു ഞാനൊരിക്കൽ വായിക്കയുണ്ടായി. അയാൾ അതിനെ തന്റെ ആദ്ധ്യാത്മിക "ഉണ്ണിമാപനയന്ത്രം" എന്നാണു നാമകരണം ചെയ്തത്". ഞാൻ ആ ആശയത്തെപ്പറ്റി ധാരാളം ചിന്തിക്കയും അതിനെ സ്വന്തമായി സ്വീകരിക്കയും ചെയ്തു. അതു വളരെ കാര്യക്ഷമമാണു". ഞാൻ കുമ്പസാരത്തോട്ട വിശ്വസ്തനായിരിക്കുമ്പോൾ ആ ചെറുപുസ്തകത്തിലെ ഒന്നോ രണ്ടോ വാശങ്ങൾ എന്റെ ആത്മാവിനെ സ്വർഗ്ഗീയസമാധാനവും സന്തോഷവുംകൊണ്ടു നിറയ്ക്കുന്നു; അതെന്നെ പ്രകാശിപ്പിക്കയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു. എന്നാൽ ഞാൻ അശ്രദ്ധനോ അലസനോ ആയാൽ അതെനിക്കു വിരസമായിത്തീരുന്നു. എന്താണ" സംഭവിക്കുന്നതെന്നു സിസ്റ്റർ അറിഞ്ഞോ? കാരണമതു പ്രകാശത്തിന്റെ ദോഷമല്ല, മറിച്ചു" ആ ദോഷം താങ്ങാനാവാത്തവിധം ആത്മീയ കണ്ണിന്റെ കഴിവാണ". അങ്ങനെയുള്ള സന്ദർഭങ്ങളിൽ കാഴ്ചയുടെ നൈർമ്മല്യവും ശക്തിയും ആത്മാവിന്റെ നയനങ്ങൾക്കു വീണ്ടും ലഭിക്കുവാൻ ഞാൻ പ്രാർത്ഥിക്കയും പരിശ്രമിക്കയും ചെയ്യുന്നു. വിനാധിളമം ഉണ്ണിമാപനയന്ത്രം ഉയർത്തുകയും അഥവാ എന്റെ ആത്മാവ" പെട്ടെന്നു" ഉയരുകയും പരിശുദ്ധകന്യകയോട്ട സംയുക്തമായിത്തീരുകയും അവളെ സ്തുതിക്കയും ചെയ്യുന്നു.

സിസ്റ്റർ, നാം നിർമ്മലരായിരിക്കുന്നിടത്തോളം കാലം നാമും പരിശുദ്ധകന്യകയും തമ്മിൽസുദൃഢമായ ഒരു ബന്ധമുണ്ടെന്നെനിക്കു തോന്നുന്നു. അവിടുത്തെപ്പറ്റിയുള്ള ചിന്തയിൽ നമ്മുടെ ബുദ്ധി വ്യാപൃതമായിരിക്കയോ അഥവാ അവിടുത്തെ സ്തുതിക്കായി നമ്മുടെ അധരങ്ങൾ ഒരു പ്രാർത്ഥന ഉരുവിടുകയോ ചെയ്യുന്ന ഓരോ തവണയും നമുക്കു" അനുഭവേദ്യമാകുന്ന ആനന്ദപൂരകം അതാണു" വ്യക്തമാക്കുന്നതു".

ഞാൻ കൂട്ടത്തിലിപ്പെടുന്ന പ്രാധ്യനകർ മറിയത്തിനോടുള്ള വയാണ". പുസ്തകങ്ങൾ മാതാവിനെപ്പറ്റി എഴുതപ്പെട്ടവയെങ്കിൽ

അവയെനിക്കുകൂടുതൽ പ്രിയങ്കരങ്ങളാണ്". ജപമാല എന്നെസംബന്ധിച്ചിടത്തോളം സാക്ഷാത്തായ ദൈവത്തിയുടെ പ്രത്യേക ഉറവിടമാണ്". അതു" അതിലുമുപരിയാണ്". അതെന്റെ രക്ഷാവ്യവസ്ഥയാണ്". എനിക്കു ക്ഷീണവും വെറുപ്പും അന്യവിചാരങ്ങളും ഉണ്ടായിരുന്നിട്ടും ഞാനതു ചൊല്ലുമെങ്കിൽ ഞാൻ അതിമ്മേൽ വഴി പിഴച്ചു പോകയില്ലെന്നു" എനിക്കു ധൈര്യം തോന്നുന്നു. എന്നെ സംബന്ധിച്ചിടത്തോളം മറിയക്കേതി, ദൈവത്തിങ്കലേക്കുള്ള മാർഗ്ഗത്തിൽ സ്ഥാപിതമായിരിക്കുന്ന ദീപസ്തംഭം പോലെയാണ്"...."

ടോം തന്റെ കൈപ്പുസ്തകമായി ഇപ്പോൾ കരുതുന്ന പുസ്തകം എവിടെനിന്നു ലഭിച്ചുവെന്നു" സിസ്റ്റേഴ്"സിനെ അറിയിക്കുവാൻ ഫാ. എവുജിനു" കഴിയുമായിരുന്നു. പക്ഷെ, അദ്ദേഹത്തിനും ടോമയച്ച ഒരെഴുത്തു" ഒരു ദുർഘടപ്രശ്നമായി. അതിൽ പ്രകടമായിരുന്ന അലൌകികത്തിന്റെ പാരമ്യംകണ്ടു" പരിചയസമ്പന്നനായ അദ്ദേഹത്തിനു വിസ്മയംകൂറുവാനേ കഴിഞ്ഞുള്ളു. ഒക്ടോബർ 14–ാം തീയതി ആ ജയിൽപുള്ളി എഴുതി:

"അങ്ങിൽനിന്നു വീണ്ടും കേൾക്കുവാനിടയായതിൽ സന്തോഷിക്കുന്നു. എഴുതുകയും വായിക്കയും തിന്നുകയും ചിലപ്പോൾ ഉറങ്ങുകയുമല്ലാതെ എനിക്കു പ്രത്യേക ജോലിയൊന്നുമില്ലെന്നു" പ്രീ. പിതാവേ, അങ്ങേയ്ക്കറിയാമല്ലോ. ദൈവത്തിനുവേണ്ടി വേല ചെയ്യുകൊണ്ടിരിക്കുന്ന അങ്ങയെപ്പോലുള്ള ദൈവികമനുഷ്യരേക്കാൾ വേഗത്തിൽ മറുപടിക്കത്തുകളയക്കുവാൻ എനിക്കു സാധിക്കുന്നതിന്റെ കാരണമതാണു". പ്രയോജനപ്രദമാംവിധം സമയം വിനിയോഗിക്കയെന്നതു" സ്വായത്തമാക്കുക എറ്റം വൈഷമ്യമേറിയ പുണ്യങ്ങളിലൊന്നാണെന്നു" ഞാൻ കരുതുന്നു.

"സത്വരം തുടങ്ങുക, അവിശ്രമം അദ്ധ്വാനിക്കുക, അക്ഷീണം തുടരുക, സസന്മനം നിർത്തുക, ശാന്തമായി പുനരാരംഭിക്കുക ഹൃദ്യമായി അവസാനിപ്പിക്കുക–ഇവ കെൽപ്പും പുണ്യവുമുള്ള ഒരാത്മാവിന്റെ ലക്ഷണങ്ങളാണ്"! വാസ്തവത്തിൽ ഈ പ

ണ്യം പരിശീലിക്കുന്നതിനുള്ള പരിശ്രമത്തിൽ എനിക്കു ധാരാളം പരിചയമുണ്ടു്. കാരണം ദിവസത്തിൽ 24 മണിക്കൂറുള്ളതിൽ വിഷ്ണുഭഗവാൻ വ്യഗ്രതകളുമില്ലാത്തതായി ഒന്നുപോലും എനിക്കു തോന്നുന്നില്ല. എന്റെ സാഹചര്യങ്ങളിൽ അങ്ങേയ്ക്കു ഒരു ചിന്താമേയല്ല: അതുതന്നെ? എങ്കിലും അതാണു് വാസ്തവം.

എന്റെ കൈയിൽ കിട്ടിയതെല്ലാം ഞാൻ വായിച്ചിട്ടുണ്ടു്. എന്റെ വലിയ നഷ്ടമതി ക്ഷമയില്ലായ്കയാണെന്നു ഞാൻ ഭയപ്പെടുന്നു. കേട്ടോ. അച്ഛാ, എന്തെങ്കിലുമൊന്നു ഞാനിഷ്ടപ്പെട്ടാൽ അതെത്രമാത്രം കിട്ടിയാലും ഞാൻ തൃപ്തനാകാറില്ല. അതുകൊണ്ടാണു് എന്റെ പഴയ ബലഹീനത എന്റെ രക്ഷയ്ക്കു നിദാനമായിഭവിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നതു്. എനിക്കു പ്രാർത്ഥനയോടും താൽപ്പര്യമാണു്.....

അച്ഛാ, പ്രാർത്ഥനയാണു് എന്റെ വലിയ ആശ്വാസത്തിന്റെ ഉറവിടമെങ്കിലും അനുഭാവശീലയായ ആ കൊച്ചുസഹോദരിയെ, സി. റോബർട്ട അന്നിനെ നമുക്കു വിസ്മരിക്കാവതല്ല. അവർ എനിക്കു സഹോദരനും സഹോദരിയും മിത്രവും ചിലപ്പോഴെല്ലാം "ജ്ഞാനപിതാവു"മായിരുന്നു.

പിതാവേ, ഈ ഭൂമിയിൽ ഞാൻ തനിച്ചല്ലെന്നെനിക്കു തോന്നുന്നു. പ്രത്യേകിച്ചു്, ഈ മണിക്കൂറിൽ. മാത്രമല്ല, എന്റെ ഓവി എന്തായിരുന്നാലും എന്നെ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും ആശ്വസിപ്പിക്കുന്നതിനും സ്നേഹിക്കുന്നതിനും എനിക്കൊരാളുണ്ടെന്നു് ഞാനറിയുന്നു ....."

സമയം ശരിയായി വിനിയോഗിക്കണമെന്നുള്ള ആശയവും ദിവസംമുഴുവൻ പ്രയോജനപ്രദമായ ജോലികൊണ്ടു നിറയ്ക്കണമെന്നുള്ള ആഗ്രഹവും ടോമിനെവിടെനിന്നു ലഭിച്ചുവെന്നു് ആ നല്ല വൈദികൻ അത്ഭുതപ്പെട്ടിരിക്കാം. എന്നാൽ ഈ തടവുപുള്ളി ഒക്ടോബർ 17-ാം തീയതി സി. മേരി ലോറൻസിയായിയ്ക്കയച്ച എഴുത്തുഭാഗം വായിച്ചിരുന്നെങ്കിൽ കാണുമായിരുന്നു അതെല്ലാമവന്റെ അലസമായ ആശയമോ, കടന്നുപോകുന്ന ചിന്ത

യോ ആയിരുന്നില്ലെന്നു്. കാരണം, അന്നു ടോം എഴുതിയിരുന്നു:

അങ്ങെഴുതിയിരുന്നല്ലോ എന്റെ വായനയ്ക്കുംമറ്റും ഒരു ക്രമീകരണമുണ്ടായിരിക്കണമെന്നു്. എനിക്കൊരു ക്രമീകരണമുണ്ടു് ഞാൻ അതിനെ അങ്ങനെ വിളിക്കട്ടെ. ഞാൻ അഞ്ചുമണിക്കു എഴുന്നേറ്റു പതിവുള്ള പ്രാതൽപ്രാർത്ഥന ചൊല്ലുന്നു. അതവസാനിക്കുമ്പോഴേയ്ക്കു് എനിക്കു ശരിയായ മനഃസ്ഥിതി ലഭിക്കുന്നില്ലെങ്കിൽ ഞാൻ കുരിശിന്റെ വഴി നടത്തുന്നു. ഇതു പലവിചാരങ്ങളോടു കൂടിയാണെങ്കിലും ഒരിക്കലും ഉദ്ദിഷ്ടഫലം ലഭിക്കാതിരുന്നിട്ടില്ല. ഇതിനുശേഷം വിശ്വാസത്തിന്റെയും ശരണത്തിന്റെയും ഉപവിയുടെയും പ്രകരണങ്ങളും അനന്തരം യഥാർത്ഥമായ പശ്ചാത്താപത്തിന്റെയും എളിമയുടേയും പ്രത്യാശയുടെയും ഉത്തമമനസ്താപത്തിന്റെയും പ്രകരണങ്ങളും ചൊല്ലുന്നു. പിന്നീടശുദ്ധീകരണാത്മാക്കൾക്കുവേണ്ടിയും, സമയമുണ്ടെങ്കിൽ 8 മണിക്കുള്ള പ്രാതൽ വരെ പരിശുദ്ധ കന്യകയെ സംബന്ധിക്കുന്ന കഥകളുടെ പാരായണവും നടത്തുന്നു. അടുത്തതായി വർത്തമാനപത്രം നോക്കിയശേഷം വായിക്കുകയോ വരയ്ക്കുകയോ ചെയ്യുന്നു. ഇതു് 10.30ന്നു ക്ഷോണം വരെതുടരും. അനന്തരം നോവൽ വായിക്കയും മറ്റു തടവുകാരുമായി സംസാരിക്കയും ചെയ്യും. അവരെല്ലാവരും ഉണർന്നിരിക്കുന്ന സമയമാണതു്. ഒരുമണിയാകുമ്പോൾ, ഉറങ്ങുകയാണെന്നുള്ള ഓർമ്മേന ഞാൻ കൊന്തയുടെ അഞ്ചു രഹസ്യങ്ങളും ചൊല്ലും—ചിലപ്പോൾ അതിൽ കൂട്ടതലും. അനന്തരം വിശ്രമിക്കയും ആകർഷകമായിതോന്നുന്ന വല്ലതും വായിക്കയും ചെയ്യും. 2–30 നു് വീണ്ടും ക്ഷോണമുണ്ടു്. അതുകഴിഞ്ഞു് എഴുത്തുകളെല്ലാം എഴുതുന്നു. 5.30 മുതൽ ഒരു മണിക്കൂർ സമയത്തേയ്ക്കു ഞാൻ നടക്കുന്നു. അനന്തരം കിടക്കുകയും സന്ദർഭം അനുസരിച്ചു എഴുതുകയോ വായിക്കുകയോ ചെയ്യുന്നു. ഈ രാത്രിയിൽ ഞാൻ എഴുതുകയായിരിക്കും; കാരണം, ഇപ്പോൾ മണി അഞ്ചായെങ്കിലും സി. റോബർട്ട അനിനു ഞാൻ ഇതുവരെ എഴുതിയില്ല. 8മണിക്കു് മാതാവിന്റെ 'വണക്കമാസ'മുണ്ടു്. തുടർന്നു കിടക്ക

യിൽ ചെന്നു" 'ആകാശങ്ങളിലിരിക്കുന്ന' തുടങ്ങി എനിക്കറി യാവുന്ന എല്ലാപ്രാർത്ഥനകളും ഉറക്കംപിടിക്കുന്നതുവരെ ചൊ ല്ലുന്നു. എന്റെ സ്നേഹിതരെയും, ഇഷ്ടജനങ്ങളെയും യുദ്ധത്തിനു പോയിരിക്കുന്നവരെയും അവരുടെ അമ്മമാരെയും, എന്റെ ശത്രു ക്കളെയും അവരിൽ കൊടിയവരെയും ഞാൻ ഓർമ്മിക്കാറുണ്ടു".

ഇതാണു —അല്പസ്വല്പവ്യത്യാസങ്ങളോടുകൂടി— എന്റെ അന ദിനജീവിതത്തെപ്പറ്റി എനിക്കു പറയുവാനുള്ളതു". എന്തെങ്കിലും വ്യത്യാസം വരുത്തേണ്ടതായി അങ്ങു തോന്നിക്കാണിച്ചാൽ, ഞാൻ തീർച്ചയായും സസന്തോഷം അതു സ്വീകരിച്ചുകൊള്ളാം.

ഫാ. ഡൊനെല്ലിയിൽനിന്നൊരു കത്തുവന്നിരുന്നു. അദ്ദേഹം ഓയിലുള്ള ആൽബനിയിലെ ടേണർ ഫീൽഡ്" എന്ന സ്ഥലത്താ ണു". നിങ്ങൾ രണ്ടുപേരുടെയും കാര്യമന്വേഷിക്കയും നിങ്ങൾക്കു രണ്ടുവാക്കെഴുതുന്നതാണെന്നു" എന്നെഅറിയിക്കയും ചെയ്തിട്ടുണ്ടു".

ഡെട്രോയിറ്റിലെ നല്ല ഇടയൻ ആശ്രമത്തിലെ മദർ 'ഹോ ളിനെയിം' വളരെ പ്രോത്സാഹജനകമായ ഒരെഴുത്തെനിക്കയച്ചി ട്ടുണ്ടു". മൗലേനകും തങ്ങളുടെ ആശ്രമത്തെയും നടപടികളെ യുംപറ്റി 12 പുറങ്ങൾ എഴുതിഅയച്ചിരുന്നു. അവരുടെ സം ഖ്യ 49 ആണു". അവരെല്ലാവരും എനിക്കുവേണ്ടി അപേക്ഷിക്കുന്നു ണ്ടു". ഉച്ചകഴിഞ്ഞു 1 മുതൽ 2 വരെയുള്ള അവരുടെ കറിനമിണ്ട ടക്കസമയത്തു ഞാനും അവരോടുചേരുവാൻ അവർ ആവശ്യപ്പെ ട്ടിരിക്കുന്നു. ആകയാൽ നമ്മുടെ നാഥനെ ആശ്വസിപ്പിക്കുന്നതി നും, എന്റെയും അവിടത്തെ നിന്ദിക്കുന്ന മറവുള്ളവരുടെയും നന്ദി ഹീനതകൾക്കു പരിഹാരം ചെയ്യുന്നതിനുമായി ഞാനതു തിരു മണിക്കൂറായി സമർപ്പിക്കുന്നു. ധ്യാനപരമായിട്ടാണു ഞാൻ ജപ മാല ചൊല്ലുന്നതു". അതു ശരിയല്ലേ? ബാക്കികാര്യങ്ങൾ സി. റോ ബർട്ടു" ആനിനുള്ള കത്തിൽ കാണുക. നമ്മുടെ കർത്താവു" നിങ്ങ ളെ പരിപാലിക്കയും ദൈവം നിങ്ങളെ എപ്പോഴും അനുഗ്രഹിക്ക യും ചെയ്യട്ടെ."

പക്ഷേ, ടോം സി. റോബർട്ടു" ആനിനു" എഴുതിയതു" താ

ഴെ വരുന്നതുമാത്രമാണു".

"എനിക്കറിയാവുന്നതെല്ലാം ഞാൻ സി. മേരി ലോറൻസിയായിക്കു" എഴുതിക്കഴിഞ്ഞു. ആകയാൽ വിരസമായ ഒരു ലേഖനത്തിനു തയാറാവുക. എനിക്കു കത്തെഴുതുവാൻ കുറെപ്പേരെ കിട്ടിയിട്ടുണ്ടു". അവരെല്ലാവരും കത്തോലിക്കരാണു". സിസ്റ്റർ, ഒരേ വിധം ചിന്തിക്കുയും ഒരുപോലെ ജീവിക്കുയും ഒന്നുപോലെ സ്നേഹിക്കുയും ചെയ്യുന്നവരുമായി എഴുത്തുകുത്തു നടത്തുക എത്രവ്യർത്ഥം! ഞാൻ ചിന്തയായിരുന്നിട്ടുപോലും എന്താകാമായിരുന്നെന്നു ഞാനിപ്പോൾ കാണുന്നു. ലോകത്തിൽ ഇത്രയധികം നല്ലയാളുകളുണ്ടെന്നു ഞാനറിഞ്ഞിരുന്നില്ല. എങ്ങനെ അറിയാനാണു"? അനേഷിക്കുന്നതിനു ഞാൻ ഒരിക്കലും പണിപ്പെട്ടിട്ടില്ലല്ലോ. ഓ, കരുണാകരനായ ദൈവമേ, വാസ്തവത്തിൽ ഞാൻ എന്തൊരജ്ഞനായിരുന്നു!'

സിസ്റ്റർ, എനിക്കു വലിയൊരാശ്വാസമുണ്ടു". എന്റെ ആത്മാവിനെ രക്ഷിക്കുന്നതിനു ദൈവം എനിക്കൊരു സന്ദർഭം തന്നു. ഞാനതു നഷ്ടപ്പെടുത്തിയെങ്കിലും അവിടുന്നു രണ്ടാമതൊരു സന്ദർഭംകൂടി നൽകി. അതു് അവിടുത്തെ പിടിയിൽനിന്നു കുതറിയോടിക്കാൻ നോക്കേണ്ടതു് എന്റെ ധർമ്മമാണു". തീർച്ചയായും അതു ചെയ്യുവാനെനിക്കു കഴിയും....!

രണ്ടാഴ്ച ആയിട്ടു ഫാ. എവുജിനിൽനിന്നു് ഒരറിവുമില്ല. ബുധനാഴ്ച ഫാ. ലിബർമാൻ ഇവിടെ വന്നിരുന്നു. പക്ഷേ, അദ്ദേഹം കൊണ്ടുവന്നതു നിരാശമാത്രമാണു". എങ്കിലും ദൈവം എന്നെ ശരിയായി ഗ്രഹിച്ചിട്ടുണ്ടെന്നെനിക്കറിയാവുന്നതുകൊണ്ടു് ഞാനസ്വസ്ഥനല്ല.

"റജിസ്റ്ററിലെ", വേദപുസ്തകസംബന്ധമായ മത്സരം സിസ്റ്റർ കണ്ടോ? ഞാനതു വായിക്കുന്നുണ്ടു". എന്റെ ഉത്തരം ഞാൻ അയക്കുമായിരുന്നു അതു കൊണ്ടു വല്ല പ്രയോജനവുമുണ്ടെന്നു കണ്ടിരുന്നെങ്കിൽ. ഇതുവരെ ഉണ്ടായ എല്ലാ ചോദ്യങ്ങൾക്കുമുള്ള ഉത്തരമെനിക്കറിയാം. സാധാരണ എവിടെയെങ്കിലുമൊരുകുരുക്കുകാണും.

സിസ്റ്റർ, സഹകരിപോലെ എഴുത്തയക്കണം. ഇത്തവണത്തെ എന്റെ പരാജിതപരിശ്രമത്തിനു മാപ്പു തരുമല്ലോ. അടുത്തതവണ ഇതിന്റെ കുറവു ഞാൻ പരിഹരിച്ചുകൊള്ളാം. അഥവാ, ഇപ്പോഴത്തന്നെ സിസ്റ്ററിനും സിസ്റ്ററിന്റെ പ്രവർത്തനങ്ങൾക്കും വേണ്ടി പ്രാർത്ഥിച്ചുകൊണ്ട് ഈ കുറവു തീർത്തുകൊള്ളാം ...."

ഒരാഴ്ചയ്ക്കുശേഷം, സി. മേരി ലോറൻസിയായിൽനിന്നു ലഭിച്ച കത്തിനു ടോം മറുപടി എഴുതുകയായിരുന്നു. തന്റെ വീക്ഷണത്തിൽ സി റോബർട്ട് "ആനിനു" നല്ല സുഖമുള്ളതായി തോന്നുന്നില്ലെന്നു സി. മേരി ലോറൻസിയ എഴുതിയിരുന്നു. ടോമിന്റെ മറുപടി:

"സി. റോബർട്ട് ആനിന്റെ ദിനത്തെപ്പറ്റിയുള്ള അങ്ങയുടെ ആശയം എനിക്കു മനസ്സിലായി. അതിനുള്ള കാരണം ഞാൻ പറയാം. നിങ്ങൾക്കു രണ്ടുപേർക്കും ആത്മീയമല്ലാതെ ആത്മാവാണുള്ളത്. നിങ്ങൾ വഹിക്കുവാൻ ശ്രമിക്കുന്ന ഭാരമോ ശാരീരമല്ലാത്തവർക്കു യോജിച്ചതാണു". ചിലപ്പോഴെല്ലാം അതു നടക്കും; പക്ഷേ, മറ്റു ചിലപ്പോൾ ..... ഏതായാലും അതെല്ലാം ദൈവത്തിനു വളരെ പ്രിയങ്കരമെന്നു ഞാൻ കരുതുന്നു.

അങ്ങു സൂചിപ്പിച്ച പ്രാർത്ഥന ചൊല്ലുന്നകാര്യം ഞാൻ ഓർമ്മിച്ചുകൊള്ളാം. പ്രാർത്ഥിക്കുവാൻ എനിക്കു ഒട്ടും മനസ്സില്ലാത്തപ്പോൾ ഞാനതു പല തവണ ചൊല്ലുന്നുണ്ട്. അതിന്റെ ഗുണം എപ്പോഴും അനുഭവപ്പെടുന്നുമുണ്ട്. നാം ക്ഷമയോടെ എടുക്കുമെങ്കിൽ, അനേക സംഗതികളും ദിനാന്ത്യത്തിൽ നമുക്കു "ആസാമാന്യമായ ശാന്തിയും സന്തോഷവും പ്രദാനം ചെയ്യുമെന്നതു തർക്കമറ്റ കാര്യമാണ്" ....."

അവൻ ആ വാചകം അവസാനിപ്പിച്ചതോടെ ജയിലിലെ റേഡിയോയിലൂടെ കേൾക്കാറായി: "വാത്താവിക്ഷേപണം— ഫ്രാങ്കഫോർട്ട്"—കെൻറക്കി." ടോം തല ഉയർത്തിപ്പിടിച്ചു. "മേരിയൻ മൈലി എന്നആകർഷകയായ ഗോൾഫ് താരത്തെയും അവളുടെ 52 കാരിയായ അമ്മയെയും കൊള്ളചെയ്തു കൊലപ്പെടു

ത്തിയ വട്ടമുഖനായ തച്ചനെയും മദ്യഷാപ്പുകാരനെയും പച്ചക്കറിക്കടക്കാരനെയും വൈദ്യുതകസേരവഴി വധിക്കണമെന്നുള്ള വിധി, കെൻറക്കിലെ അപ്പീൽകോടതി ശരിവച്ചിരിക്കുന്നു. ഇപ്പോൾ എഡിവില്ലിലെ ജയിലിലുള്ള ഈ മൂന്നു പുള്ളികളും അവനവന്റെ കേസിന്റെ പുനർവിചാരണയ്ക്കുള്ള അപേക്ഷ 30 ദിവസത്തിനുള്ളിൽ സമർപ്പിക്കുകയോ അഥവാ അധികാരസ്ഥാനത്തുനിന്നു മാപ്പു് സമ്പാദിക്കയോ ചെയ്യുന്നില്ലെങ്കിൽ അവർ 1943 നവമ്പർ 9നു അർദ്ധരാത്രി കഴിഞ്ഞുടൻ മരിക്കുന്നതായിരിക്കും. ഉന്മേഷവാന്മാരെന്നു് ഈയിടെ വിവരിക്കപ്പെട്ട ഈ മൂവരെയും (ലക്സിംഗ്ടണിലെ ഒരു തച്ചനായ 33 വയസ്സുള്ള ടോം പെന്നി ലൂയിവില്ലിലെ ഒരു മദ്യഷാപ്പുടമയായ 37 വയസ്സുള്ള റോബർട്ട് എച്ചു് ആൻഡേഴ്സൺ, ലക്സിംഗ്ടൺ കെൻൺഡിക്ലബ്ബിലെ പച്ചക്കറികടക്കാരനായ 28 വയസ്സുള്ള റെയിമൺഡ് സ്ട്രീറർ ബാക്സ്റ്റർ) ഫെയിറർ സർക്കിട്ടുകോടതി കഴിഞ്ഞ ഡിസമ്പറിൽ കൊലപാതകക്കുറ്റം ചുമത്തി വൈദ്യുതകസേരയ്ക്കു വിധിക്കുകയുണ്ടായി. അവർ കെൻറക്കിലെ സുപ്രീംകോടതിയിൽ അപ്പീൽ ബോധിപ്പിച്ചു. ആ ഉന്നതന്യായാസനം അതിന്റെ അവിഭക്തവും കോർട്ട് കമ്മീഷണറായ ചാർലസ് മോറിസ് രേഖപ്പെടുത്തിയതുമായ വിധിയിൽ, ഈ മൂവർക്കും ന്യായവും നിഷ്പക്ഷവുമായ വിചാരണ നൽകിയെന്നും കീഴ്ക്കോടതി വിധി വ്യത്യാസപ്പെടുത്തുന്നതിനു് ഒരു ന്യായവുമില്ലെന്നും ഐകകണ്ഠ്യേന പ്രസ്താവിച്ചിരിക്കുന്നു.”

അനന്തരം റേഡിയോയിലൂടെ, ആ സമയത്തു പതിവുള്ള വാണിജ്യപരിപാടി തുടരുകയും ബിങ് ക്രോസ്ബിയുടെ ആലക്തികശബ്ദം ഇടനാഴിയിലൂടെ അലതല്ലിയപ്പോൾ ടോം പകച്ചു നോക്കുകയും ചെയ്തു. ഉടൻ തന്നെ ആൻഡേഴ്സൺ വിളിക്കുന്നതുകേട്ടു.

“ഹേ, പെന്നി!”

“ങ് എ”

"നീ വാത്സ്യായനന്റെ കാമസൂത്രം കേട്ടോ?"

"ഞാൻ കേട്ടു."

"ഹേ, സ്റ്റീവർ", അല്പംകൂടി ശബ്ദമയത്തി ബോബ് വിളിച്ചു. ക്ഷുഭിതമായ ഒരു നേരിയ ശബ്ദം വിളികേട്ടപ്പോൾ ബോബ് ചോദിച്ചു. "നീ അതു കേട്ടോ?"

"ഉവ്വ്. നാമിനി എന്താണ് ചെയ്യേണ്ടതു്? ഗവർണർക്ക് അപ്പീൽ കൊടുക്കയോ?"

ആൻഡേഴ്സന്റെ ചിരി പരിഹാസംതന്നെ ആയിരുന്നു. "ഗവർണർ! ചെകുത്താൻ. ഒരു ഭരണാധികാരി ജയിൽപ്പുള്ളികളുടെ കാര്യം ഗൗനിക്കുമെന്നു് നീ വിചാരിക്കുന്നുവോ? ഇല്ല; സ്റ്റീവർ നാം പെന്നിയോടാണ് അപേക്ഷിക്കേണ്ടതു്"

"ടോം, നീ എന്തു പറയുന്നു?" ക്ഷുഭിതനായ ഫാക്സ്റ്റർ ചോദിച്ചു.

"ഞാൻ പറയുന്നതു് എനിക്കു വളരെ ആശ്വാസം തോന്നുന്നുവെന്നാണ്. എനിക്കുമാത്രമെങ്കിലും ഇവരുടെ ഭംഗം ലഘൂകരിച്ചിട്ടില്ല. നവവത്സരം ആരംഭിക്കുവാൻ ശരിയായി മരിക്കുന്നതിനേക്കാൾ മെച്ചമായ മാർഗ്ഗം ചിന്തിച്ചാൽ വേറെ ഇല്ല."

ഇതേപ്പറ്റി എന്തെങ്കിലും വിമർശനമുണ്ടാകുന്നതിനു മുമ്പേ ടോം കുനിഞ്ഞിരുന്നു് സി മേരി ലോറൻസിയായിക്കുള്ള എഴുത്തു തുടർന്നു: "ഒരു പുതിയ വാത്സ്യായനം ഉണ്ടായി. ഞങ്ങളുടെ അപ്പീൽ തള്ളിക്കളഞ്ഞു. സിസ്റ്റർ, ദൈവത്തിനു സമസ്തവും ഏറ്റം ഭംഗിയായിട്ടറിയാം. അതാണ് ദൈവഹിതമെങ്കിൽ എനിക്കു യാതൊരു പരാതിയുമില്ല." തുടർന്നു് എഴുതുന്നതിനുമുമ്പു് സിസ്റ്ററിന്റെ എഴുത്തു പരിശോധിക്കുവാൻ അവൻ നിവർന്നിരുന്നു. അടുത്ത വിഷയം എന്താണെന്നു അവൻ തീരുമാനിക്കുന്നതിനുമുമ്പ് ആൻഡേഴ്സൻ വീണ്ടുമവനെ പിടികൂടി.

"പെന്നി, നീ നാടകരംഗത്തു പോകാതിരുന്നതു വലിയ കഷ്ടമായിപ്പോയി. നീ തിയറ്ററിനു പോകാതിരുന്നതുമൂലം വേറൊരു എഡ്വിൻ ബൂത്താണ് അതിനു നഷ്ടപ്പെട്ടതു്. ദയവുചെ

യ്യ്" അഞ്ചുമിനിറ്റു സമയത്തേയ്ക്കു" നിന്റെ അഭിനയം നിത്തി വച്ചിട്ടു കാര്യം പറയു. നീ ഇപ്പോൾ കേട്ട ആ വൃത്തികെട്ട വാർത്ത അന്തിമമല്ല. വേറെ കോടതികളും വേറെ ജഡ്ജിമാരും വേറെ വക്കീലന്മാരുമുണ്ടല്ലോ? പുതിയ തെളിവു ഹാജരാക്കാമെങ്കിൽ നമുക്കു പുതിയ കേസു വിസ്തരം ലഭിക്കും." അനന്തരം സ്പഷ്ടമായ അന്തരഞ്ജനരീതിയിൽ, പോരാ ലാളനാഭാവത്തിൽ ബോബ് തുടർന്നു: "ടോം ഒന്നു ശ്രദ്ധിക്കണേ, ഞാൻ എന്നും സാമാന്യം സത്യസന്ധതയോടെയാണല്ലോ നിന്നോടു വർത്തിച്ചിട്ടുള്ളതു". പണത്തിൻകാര്യത്തിൽ ഒരു ലോഭവും ഞാൻ കാണിച്ചിട്ടില്ല. നിനക്കും നിന്റെ അമ്മയ്ക്കും തരുവാൻ അതു ധാരാളമായി വെളിയിലുണ്ടു. എന്റെ കുഞ്ഞേ, എന്നെ ഇവിടെനിന്നു മോചിപ്പിക്കുക. ഞാൻ നിന്നെ ഒരിക്കലും കൈവെടിയുകയില്ല. നിനക്കോ നിന്റെ സ്വന്തക്കാർക്കോ ഇനിമേൽ യാതൊന്നിനേറെയും കരവുണ്ടാകയില്ല. ബഫോർഡ് സ്റ്റുവർട്ടിന്റെ കാര്യം വെളിപ്പെടുത്തുന്നതിനെപ്പറ്റി നീ എന്തു പറയുന്നു?"

"ആ കഥയെപ്പറ്റി നിക്കോസന്റെ അഭിപ്രായമെന്താണു"?

"നമുക്കു" അദ്ദേഹത്തെ ഇതിൽ ബന്ധപ്പെടുത്തേണ്ടാ. ഞാൻ കട്ടായം പറയുന്നു, ആ സ്ത്രീകളുടെനേരെ നിറയൊഴിച്ചതു" അവനാണെന്നു അത്ഭുതപ്പെടുന്ന ഒരു പ്രസ്താവന നീ ഇറക്കിയാൽ നാം ഇപ്പോൾകേട്ട ആ വിക്ഷേപം ഒരു പിടിവള്ളിപ്പാടുണ്ടാക്കുമെന്നു". നമുക്കെല്ലാവർക്കും പുതിയ വിചാരണയും ലഭിക്കും. പുതിയ ശിക്ഷകൾ കിട്ടാതിരിക്കാൻ വേണ്ടതെന്തും നമ്മുടെ വക്കീലന്മാർ പാലിച്ചുകൊള്ളും. നീ എന്തുപറയുന്നു?"

ഉടൻതന്നെ മറുപടിലഭിക്കായ്കയാൽ ആൻഡേഴ്സൺ അലക്ഷ്യമായി പറഞ്ഞു. 'ടോം ഒന്നാലോചിക്കുക 'പത്തു ചന്ദ്രന്മുകളിൽ ചാടി."

"അർത്ഥം?"

"എന്റെമദ്ധ്യാഹ്നപ്പുറപ്പാടു" വീണ്ടും തുറക്കാം, നിനക്കും നിന്റെ അമ്മയ്ക്കും നിനക്കുള്ളവർക്കും സുഖമായി ജീവിക്കാം എന്നർത്ഥം!

എടാ, ഒരു വിഡ്ഢി ആകാതിരിക്കു.''

''അതു ഞാനാകയില്ല'' ടോം മറുപടി കൊടുത്തു അവൻ മറുപടിയിൽ പ്രകടമാക്കിയ ചുറുക്കും സന്തോഷവുംമൂലം താൻ വിജയിച്ചുവോ അതോ തോൽവിയടഞ്ഞോയെന്നു് അൻഡേഴ്സനു നിശ്ചയമില്ലാതായി.

പെന്നി തന്റെ ലേഖനത്തിലേക്കു പിന്തിരിഞ്ഞു തുടർന്നു:

''മുന്തിരിത്തോട്ടത്തിലെ വേലക്കാരെപ്പറ്റി ചൂണ്ടിക്കാട്ടിയ ആ പ്രദേശത്തെപ്പറ്റിഅങ്ങ് എന്നോടു ചോദിച്ചുവല്ലോ. ദൈവത്തിന്റെ അനന്തമായ സ്നേഹവും കരുണയുംസൂചിപ്പിക്കുന്നതിനുള്ള ഒരു മാർഗ്ഗമാണു് അതെന്നു ഞാൻ കരുതിയിരുന്നു. അവനവനുള്ളകഴിവ് മുഴുവൻകൊണ്ടുവരികയും ഓരോരുത്തർക്കും ഒരുപോലുള്ള കൂലി കിട്ടുമെന്നറിയിക്കുന്ന ഒരു രീതിയാണതു്''. സിസ്റ്റർ അങ്ങേയ്ക്കു ലഭിക്കുന്ന സമ്മാനത്തിനു സമമായ സമ്മാനം എനിക്കു ലഭിക്കുന്നതു ശരിയാണെന്നെനിക്കു തോന്നുന്നില്ല.''

അടുത്ത പ്രഭാതത്തിൽ ഒരു കുറിപ്പുകൂടെ അവൻ എഴുതിച്ചേർത്തു.

''ഇന്നാവിലെയുള്ള എന്റെ മനോവികാരം എന്താണെന്നെനിക്കുതന്നെ നിശ്ചയമില്ല. എങ്കിലും എനിക്കു തോന്നുന്നതു് 'സാമാന്യംസമാധാനം'' എന്നതിൽ അതു് അടങ്ങിയിരിക്കുന്നെന്നാണു്. ഞാൻ പറയുന്നതായി എന്തെങ്കിലും ഒന്നു ചെയ്യുമെങ്കിൽ അതു് എന്തായിരിക്കണമെന്നെനിക്കറിഞ്ഞുകൂടാ. ഞാൻ ഒന്നും ചെയ്യുന്നില്ലെങ്കിൽ നവവത്സരംവരെ എനിക്കുണ്ടു്. എന്നാൽ അതൊക്കെ നോക്കാതെ വിട്ടുകളയുന്നതിനോടെനിക്കു വെറുപ്പാണുള്ളതു്. എങ്കിലും വീണ്ടും വിചാരണയ്ക്കു'' അപേക്ഷിക്കുന്നതിൽ ഞാൻ ഒരു പ്രയോജനവും കാണുന്നില്ലെന്നു പറയാം. സിസ്റ്റർ ഡഫിനെ കാണുമെങ്കിൽ വിജയസാദ്ധ്യതയെപ്പറ്റി ഒന്നു'' അന്വേഷിക്കണമേ. മറ്റാരേയുംകാൾ നന്നായിട്ട അദ്ദേഹത്തിനറിയാം ഒരു വക്കീൽ തനിക്കുകുറെ കാര്യംകിട്ടുമെന്നുണ്ടെങ്കിൽ ഒന്നും ചെയ്യുവാൻസാദ്ധ്യമല്ലാത്തിടത്തും എന്തും വാഗ്ദാനംചെയ്യും.

അതുകൊണ്ടോണ്ട തൊഴിൽപരമായി ഇതിൽ താല്പര്യമില്ലാ ത്തവരുടെ അഭിപ്രായംഞാനാവശ്യപ്പെട്ടന്നതു". അതു"നിങ്ങളുടെ നിയമങ്ങൾക്കെതിരായതാണെങ്കിൽ ഇതിനെയവഗണിച്ചു കൊ ള്ളുക."

കോടതിയുടെ തീരുമാനത്തെപ്പറ്റിയാണെങ്കിൽ,അതപ്രതീ ക്ഷിതമല്ലായിരുന്നുവെന്നല്ലാതെ മറെറാന്നും പറയുവാൻ എ നിക്കില്ല. തീർച്ചയായും എനിക്കു സങ്കടമുണ്ട്. എന്നെ പ്രതിയല്ല, മറിച്ചു" എന്നെപ്രതി സങ്കടപ്പെടുകയും വേദനിക്കയും ചെയ്യുന്ന ചുരുക്കം ചിലരെപ്രതി. ഈ ചിന്തയെന്റെ മനസ്സിൽനിന്നു കററി നിത്തുന്നതിനുവേണ്ടി ഞാൻ മുമ്പെക്കാൾ ജോലിത്തിരക്കുള്ള വനാകേണ്ടിയിരിക്കുന്നു. അതുകയാൽ ഞാൻ മിക്കപ്പോഴും എഴുത്ത യക്കുന്നെങ്കിൽ പരിഭ്രമിക്കരുതു". ആശ്വാസപ്രദമായ വാക്കുകൾ എന്റെ പാവപ്പെട്ട അമ്മയോടു" ഈ അവസരത്തിൽ പറയുവാൻ എനിക്കു കഴിഞ്ഞിരുന്നെങ്കിൽ! എങ്കിലും അമ്മയ്ക്കു അവ ലഭിക്കുന്നുണ്ടെന്നു എനിക്കറിയാം.....

സി. റോബർട്ട" അനിനു ഞാൻ നാളെ എഴുതിക്കൊള്ളാം. ഞാൻഅങ്ങേയ്ക്കുവേണ്ടി തുടർന്നു പ്രാർത്ഥിക്കുമെന്നു" അറിയാമ ല്ലോ. സിസ്റ്ററിനെ ഞാൻ അന്ത്യപ്രാർത്ഥനയിൽ ഓർമ്മിക്കയും സിസ്റ്ററിന്റെ പേരു" പ്രത്യേകം എടുത്തുപറയുകയും ചെയ്യും കാ രണം ഞാൻ നിങ്ങളിലാരെയെങ്കിലും വിട്ടുകളഞ്ഞാൽ എന്റെ ഏതു പ്രാർത്ഥനയും അപൂർണ്ണമായിരിക്കും ..ഓ, സിസ്റ്റർ, ഞാൻ എത്തെല്ലാമായിരിക്കണമെന്നു നിങ്ങളാഗ്രഹിക്കുന്നുവോ അതെ ല്ലാമായിരിക്കുവാൻ ഞാൻ എത്രമാത്രം ആഗ്രഹിക്കുന്നു! ഞാനതി നു പരിശ്രമിക്കുന്നുമുണ്ടു"—വളരെ പരിശ്രമിക്കുന്നുണ്ടു".

"റെസ്റ്ററി"ലെ പ്രാർത്ഥനകൾ പൂർത്തിയാക്കാൻ എനിക്കു സാ ധിക്കയില്ല. അതു"പതിനൊന്നായ്യ നിലും. എങ്കിലും എന്റെ അ അവസാനംവരെ ഞാനതു തുടർന്നുകൊണ്ടിരിക്കും.

അങ്ങയെ ദൈവം എന്നും അനുഗ്രഹിക്കട്ടെ..."

പുരുക്കാർ അയാളെവിളിക്കുവാൻ ഇഷ്ടപ്പെട്ടിരുന്നപോലെ

ഈ "ചട്ടമുഖത്തച്ചനു" അടുത്തയാഴ്ച മുഴുവനും മാനസികവും വൈകാരികവുമായ വലിയ കഴപ്പത്തിന്റെ കാലമായിരുന്നു. വാത്സാവിക്ഷേപംതന്നിക്കാശ്വാസപ്രദമായിരുന്നുവെന്നു് അവൻ സി. മേരി ലോറൻസിയായിക്കെഴുതിയപ്പോൾ അവൻ സത്യമാണെഴുതിയതു്. ഒരുതിരുമാനവും അറിയായ്കമൂലം ഉണ്ടായ സംശയാവസ്ഥകാരണം ആ ചൂടേറിയ വേനൽക്കാലവും ശരത്കാലവും അവനൽക്കണ്ണുനിറഞ്ഞതായിരുന്നു. അച്ചിൽകോടതിയുടെ പ്രവർത്തനങ്ങളുടെ റിപ്പോർട്ടുണ്ടോ എന്നറിയുവാൻ അവൻ ദിവസേനപത്രം പരിശോധിച്ചുകൊണ്ടിരുന്നു. ഇനി ആ പരിശോധന നടത്തേണ്ടതില്ല. കോടതിയുടെ തീരുമാനം അവനെന്നിരാശപ്പെടുത്തിയില്ലെന്നതും ശരിയാണു്. അച്ചിലിനു് ആധാരമായ ബാലിശന്യായങ്ങളെപ്പറ്റി കേട്ടപ്പോൾമുതൽ ശിക്ഷാർഹ"ചെയ്യുമെന്നോ കേസ്" പുനർവിസ്താരം ഉണ്ടാകുമെന്നോ വാസ"തവത്തിൽ അവനൊരു പ്രതീക്ഷയുമില്ലായിരുന്നു എന്നാൽ നിയമത്തിന്റെ ഈ സാങ്കേതികവശം അവനു കുറെ സാവകാശം കൊടുത്തു. അപ്രതിഹനമെന്നു് അന്തരാത്മാവിന്റെ ആഴത്തിൽ അവൻ അറിഞ്ഞിരുന്നതിനെ കുറെ നീട്ടിക്കൊണ്ടുപോകുന്നതിനേ അതിനു കഴിഞ്ഞൊള്ളു. എങ്കിലും ഈ നീട്ടിക്കൊണ്ടുപോകൽ അവന്റെ ബോധേന്ദ്രിയത്തിനു മത്തുപിടിപ്പിച്ചു. ഇപ്പോൾ ആ സാങ്കേതികന്യായംകൂടി തള്ളിയതിനാൽവേറൊന്നുകണ്ടുപിടിക്കുന്നില്ലെങ്കിൽപുത്തനാണ്ടു് ആരംഭിക്കേണ്ടതു് അവൻ മരിച്ചുകൊണ്ടായിരിക്കുമെന്നുള്ള നഗ്നമായ യാഥാർത്ഥ്യത്തെ അവനു നേരിടേണ്ടിവന്നു.

ചിലപ്പോഴെല്ലാം ഇതവനെ സന്തോഷിപ്പിച്ചു. തടങ്കലിലായിരുന്ന കാലത്തു അവൻ ജോലിത്തിരക്കിലായിരുന്നുവെങ്കിലും അതു ജയിൽവാസമായിരുന്നല്ലോ. തന്മൂലം അവന്റെ ആരോഗ്യം നഷ്ടപ്പെട്ടിരുന്നു. മാത്രമല്ല, ഏതുവിധമെങ്കിലും നമ്മളെല്ലാവരും ഒരു ദിവസം മരിക്കുമെന്നും അവനറിഞ്ഞിരുന്നു. ആ ദിവസവും മണിക്കൂറും വിധവും അറിവുള്ള വളരെച്ചുരുക്കം ചിലരിൽ ഒരുവനായിരുന്നവൻ. താൻ പലവിധത്തിലും ഭാഗ്യവാനാണു" എന്നവൻ

കരുതി. കാരണം കസേരയിൽ ഇരുന്നുള്ള മരണം മിക്കവാറും വേദനയില്ലാത്തതായിരിക്കും; തീർച്ചയായും അതു പെട്ടെന്നു കഴിയും. മാത്രമല്ല, അവൻ ഭയരഹിതനുമായിരുന്നു. ക്ഷാന സ്നാനജലം ആത്മാവിൽ എന്തുചെയ്യുമെന്നുഅച്ചന്മാരും കന്യാസ്ത്രീകളുംഅവനോടു പറഞ്ഞിരുന്നു. അതേ, അവൻ മരിക്കാൻ തയാറാണു"; പോരാ, ആസകതിയോടെ കാത്തിരിക്കയാണു".

പക്ഷേ അടുത്ത ക്ഷണത്തിൽ അവനമ്മയെപ്പറ്റിയുള്ള ചിന്തയായി. എത്രനാളവൻ ജീവിക്കുമോ അത്രയുംനാൾ അന്തിമവിധിയോഗത്തിന്റെ ഹൃദയഭേദകമായ അനുഭവം അമ്മയിൽ നിന്നു മാറിവയ്ക്കാം. അവൻ അവളെ അവമാനിച്ചുവെന്നതു വാസ്തവം. എങ്കിലും ഫെയിറ" കൗണ്ടിജയിലിൽ വച്ചുനടന്ന ആ ആലിംഗനം അവനൊരിക്കലും വിസ്മരിക്കാവുന്നതല്ല. അവൾ അവനെ ഇപ്പോഴും സ്നേഹിക്കുന്നു. മുമ്പെന്നതിനേക്കാൾ കൂടുതൽ ഇപ്പോഴാണു" അവൾ സ്നേഹിക്കുന്നതെന്നു തോന്നുമായിരുന്നു. അവന്റെ കത്തുകളവൾക്കു ജീവനായിരുന്നു. അവൻ തന്റെ കേസിനുവേണ്ടി വിണ്ടും വാദിച്ചെങ്കിൽ അതു" അത്രകണ്ടു കൂടുതൽ ആനന്ദം അവൾക്കു പ്രദാനം ചെയ്യുമായിരുന്നെന്നു സ്പഷ്ടം. അവൾ വയോവൃദ്ധയാണു". അവനെ വിളിക്കുന്നതിനുമുമ്പു" ദൈവത്തിനു തന്റെ വലിയ കാരുണ്യത്തിൽ അവളെ വിളിക്കരുതോ?.....

ആൻഡേഴ്സന്റെ കാര്യം.....അവന്റെ അഭിഭാഷകന്മാർ സമ്മതിക്കുന്നു" ടോമിനറിയാമായിരുന്നു. നിയമത്തിൽ എന്തെങ്കിലും പഴുതുണ്ടെങ്കിൽ തീർച്ചയായും അവരതു കണ്ടുപിടിക്കും. അതിനു ഫൊബിനു സമയം കിട്ടണം. മരിക്കുവാൻ അവൻ ഇതുവരെ തയ്യാറെടുത്തിട്ടില്ല. അവന്റെ മനസ്സു" നേർവഴിക്കല്ല. അവന്റെ ഹൃദയവുംഅവ്വിധം തന്നെ. അവന്റെ ആത്മാവു"! തന്റെ ഈ സഹോദരിയെ പ്രതീക്ഷിച്ചുനില്ക്കുന്ന നിത്യതയെപ്പറ്റി വിചാരിച്ചപ്പോഴെല്ലാം പെന്നി ഞെട്ടുകയും പ്രാർത്ഥിക്കയുംചെയ്തു.

ബാക്സ്റ്റർ സംബന്ധിച്ചു" ഈ വിഷമതകളൊന്നും ടോമിനു തോന്നിയില്ല. യുവാവായ ഈ തലതിരിഞ്ഞവനോടു ദൈവം

കരുണയുള്ളവനായിരിക്കുമെന്നു് എങ്ങനെയോ അവനു തോന്നി. ടോമിനു കാണുവാൻ കഴിഞ്ഞിടത്തോളം അവനെ മാനസാന്തരപ്പെടുത്തുന്ന കാര്യത്തിൽ ഒരാശയുമില്ലായിരുന്നു. എങ്കിലും 'എക്സ്' കടക്കാരൻ തനിക്കു കാണുവാൻ കഴിഞ്ഞ അല്പപ്രകാശമനുസരിച്ചു ജീവിക്കുന്നുണ്ടായിരുന്നു. ഇതാണു ടോമിനെ സമാധാനപ്പെടുത്തിയതു്.

കോടതിയുടെ തീരുമാനത്തിനുശേഷം അഞ്ചുദിവസം കഴിഞ്ഞു് അമ്മയുടെ എഴുത്തു വന്നപ്പോൾ ടോം അതിലെ ഓരോ വരിയും പഠിക്കയും തന്റെ ഐഹികജീവിതം കഴിവതു് ദീർഘിപ്പിക്കുവാൻ നിയമം നൽകുന്ന എല്ലാ സാങ്കേതികന്യായങ്ങളും പരമാവധി പ്രയോജനപ്പെടുത്തുവാൻ നിശ്ചയിക്കയും ചെയ്തു. ഈ നിശ്ചയത്തിനു ശേഷം അവൻ മേശയുടെ മുമ്പിലിരുന്നു" അമ്മയ്ക്കെഴുതി, തന്റെ വക്കീലന്മാരെ വിളിച്ചു" ഉപദേശം തേടുവാൻ.

"..... അമ്മ അവരെ കാണുമ്പോൾ, പുനർവിചാരണയ്ക്കുള്ള അപേക്ഷ അവരയച്ചതു" എന്തു ന്യായത്തിന്മേലായിരുന്നുവെന്നു" എന്നെ അറിയിക്കുവാൻ അവരോടാവശ്യപ്പെടണമേ. പ്രിയ അമ്മേ, പുതിയ തെളിവാണു" ഇതവണ നമുക്കു" ആവശ്യം. അതുകൊണ്ടാൽ കഴിഞ്ഞ തവണ അവർ ഹാജരാക്കിയ തെളിവുകൾ എവയെന്നറിഞ്ഞാൽ പുതുതായി വല്ലതും ലഭിക്കുമോയെന്നു" എനിക്കു" ആലോചിക്കാമല്ലോ.

അധികം വിഷമിക്കാതിരിക്കാൻ അമ്മ ശ്രമിക്കണം; അതുകൊണ്ടു് ഒരു പ്രയോജനവുമില്ല. ഈ ചെറിയ കാര്യംപോലും ചെയ്യുവാൻ ഞാൻ അങ്ങയേടാവശ്യപ്പെടുകയില്ലായിരുന്നു, ഞാൻ മുന്നോട്ടു പരിശ്രമിക്കണമെന്നു' ദൈവം ആഗ്രഹിക്കുന്നതായി എനിക്കു നിശ്ചയമില്ലായിരുന്നെങ്കിൽ. പ്രിയ അമ്മേ, ഞാൻ ഒരു കാര്യം വ്യക്തമാക്കിക്കൊള്ളട്ടെ. മുന്നോട്ടു ചെയ്യുവാൻ സാധ്യമല്ലെങ്കിൽ ദയവായി അക്കാര്യം എന്നോടു പറയുക. ഇതു രഹസ്യം പാലിക്കേണ്ട സമയമല്ലിതു". ഉള്ളതുപോലെ എന്നോടു പറയുക. അപ്പോൾ, അതറിഞ്ഞുകൊണ്ടു" എനിക്കു സ്വയം നിയന്ത്രിക്കുവാൻ സാ

ധിക്കും. അതെന്നെ വിഷമിപ്പിക്കുമെന്നു് കരുതി അമ്മ വിഷമിക്കരുതു്. എന്നെ വിഷമിപ്പിക്കുക സാധ്യമല്ല. ഞാൻ ആ നിലയ്ക്കു് അതീതനാണു്.....”

ഈ എഴുത്തു മടക്കിവെച്ചശേഷം അവൻ പിൻപോട്ട ചാരിയിരുന്നുകൊണ്ടു് ഫാ. ഡൊനെല്ലിയോടു് എന്താണു് പറയേണ്ടതെന്നു് ആലോചിക്കുവാൻ തുടങ്ങി. വാത്താവിക്ഷേപത്തിനു രണ്ടുദിവസം മുമ്പാണു് അവൻ ടേർണർഹിൽഡിലേയ്ക്കുള്ള തന്റെ പ്രഥമലേഖനം അയച്ചതു്. അതിൽ അവൻ പറഞ്ഞിരുന്നു: “എന്റെ വിധി എന്തെന്നറിവാൻ ഞാൻ കാത്തിരിക്കയാണച്ഛാ. അതു വേഗം ഉണ്ടാകും. അതിന്റെ ഫലത്തെപ്പറ്റി എനിക്കു യാതൊരു ഭീതിയുമില്ല. കാരണം, അനേകം ആളുകൾ എനിക്കുവേണ്ടി പ്രാർത്ഥിക്കുന്ന സ്ഥിതിക്കു് എന്തുവന്നാലും അതു് ദൈവത്തിന്റെ തിരുവുള്ളമായിരിക്കണം.”

ഈ പ്രസ്താവനയുടെ നിരാകരണമാണോ സ്ഥിരീകരണമാണോ താൻ അമ്മയ്ക്കു് അയച്ച കത്തെന്നു് അവനിപ്പോൾ നിശ്ചയമില്ലാതെവന്നു. തീർച്ചയായും കോടതിവിധി ദൈവഹിതമായിട്ടാണു് അവൻ സ്വീകരിച്ചതു്. വേറൊന്നിനുവേണ്ടിയല്ലെങ്കിലും തന്റെ അമ്മയെപ്രതി തന്റെ ആയുസ്സു ദീർഘിപ്പിക്കുവാൻ ന്യായമായ എല്ലാ പരിശ്രമങ്ങളും താൻ ചെയ്യണമെന്നു ദൈവം ആഗ്രഹിക്കുന്നതായി അവനു തോന്നി. ആ സ്ത്രീകളിൽ ആരെയും താൻ യഥാർത്ഥത്തിൽ കൊന്നില്ലെന്നുള്ള ബോധം പെട്ടെന്നവന്റെ മനസ്സാക്ഷിയുടെ ഉപരിതലത്തേയ്ക്കു പൊന്തിവന്നു. പല മാസങ്ങളായിട്ടു് ഈ വസ്തുതയെപ്പറ്റി അവൻ ചിന്തിച്ചിരുന്നില്ല. അതിന്റെ ആകസ്മികമായ ആഗമം, കേസുകാര്യത്തിൽ ഒന്നുകൂടി പരിശ്രമിക്കണമെന്നു ദൈവം ആവശ്യപ്പെട്ടതിന്റെ അടയാളമായിട്ടവൻ സ്വീകരിച്ചു.

തീർച്ചയായും ഫാ. ലിബു്സുമായി അവൻ ഈ കാര്യം ചർച്ച ചെയ്യേണ്ടതായിരുന്നു. പക്ഷേ മാസത്തിലൊരിക്കൽ അദ്ദേഹം പ്രത്യക്ഷപ്പെട്ടപ്പോഴൊക്കെയും അദ്ദേഹത്തിന്റെ ധൃതിയുടെ

കൂടുതൽമൂലം, ദീർഘമായ ആലോചനയ്ക്കു് അദ്ദേഹത്തെ താമസിപ്പിക്കുന്നതു് നീതീകരിക്കത്തക്കതല്ലെന്നു വരുമോന്നി. നസ്രസ്സിലെ രണ്ടുസിസ്റ്റേഴ്സിനോടെന്നപോലെ ഫാ. ജോർജ്ജിനോടും അവൻ പറയേണ്ടിവന്നു വി. കുർബാന ഉപേക്ഷിക്കുന്നതിനു് അവൻ ഉപവസിക്കയും മറെറാരുക്കുംകൂടി ചെയ്യുകയും ചെയ്തിരുന്നെങ്കിലും പല മാസങ്ങളായി അവൻ ഗോലയനായിത്തീരുകയാണു ചെയ്തതെന്നു്. "എങ്കിലും" അങ്ങനെയുള്ള കത്തുകളിൽ അവൻ എപ്പോഴും കൂട്ടിച്ചേർത്തിരുന്നു: "എന്നും ഞാൻ അർപ്പിക്കേണ്ടവിധം വി. കുർബാന സ്വീകരിക്കയും അതുകൊണ്ടു തൃപ്തനാകയും ചെയ്യുന്നു." ഇപ്പോഠം ഇങ്ങനെയൊന്നു ചെയ്യുകയും ഏസ്യമായ ഉപകാരസ്മരണ നടത്തുകയും ചെയ്തശേഷം അവൻ ഒരു കടലാസെടുത്തു് ഇപ്രകാരം എഴുതി:

ഒക്ടോബർ 27,'42.

പ്രീ. ഫാ. ജോർജ്ജ്",

വെള്ളിയാഴ്ച ഉണ്ടായ വാത്സ്യാവിക്ഷേപം അങ്ങു കേട്ടിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. തന്മൂലം, സ്ഥലം ലാഭിക്കുവാൻ വേണ്ടി ഞാൻ പത്രക്കുറിപ്പുകഠം വെട്ടി ഒട്ടയയ്ക്കുന്നു.

ഈ ഒരുകൊല്ലക്കാലം, അച്ചാ, അങ്ങേയ്ക്കോട്ട ഏറെറം അടുത്തു പെരുമാറിയിരുന്നുവല്ലോ. അങ്ങും വിസ്മയാവഹരായ ആ രണ്ടു സിസ്റ്റേഴ്സും അന്ധകാരത്തിന്റെ ഈ നാളുകളിലെല്ലാം എനിക്കു ആത്മീയപ്രോദനം നൽകിക്കൊണ്ടിരുന്നുവെന്നു് അറിയുന്നതങ്ങേയ്ക്കു് ആശ്വാസപ്രദമായിരിക്കുമെന്നു് ഞാൻ പ്രതീക്ഷിക്കുന്നു.....വേദനിക്കുന്ന എന്റെ ഹൃദയത്തിലുള്ള സങ്കടം ദൈവം കാണുന്നു. എന്റെ ശരണം മുഴുവൻ ഞാൻ ദൈവത്തിൽ മാത്രം ഉറപ്പിച്ചിരിക്കുന്നു. അവിടുത്തെ അനന്തനന്മയിൽ അവിടുത്തെ കരുണയുള്ള കണ്ണുകളെ എന്നിൽനിന്നു തിരിക്കാതെ അവയെ അനുകമ്പയോടെ എന്റെമേൽ പതിക്കണമെന്നു ഞാൻ പ്രാർത്ഥിക്കുന്നു.....

അച്ചാ, അമ്മയ്ക്കു നല്ല സുഖമാണു". അങ്ങേക്കാറത്തേതിനു് അ

മ്മയെ ഒരുക്കുവാൻ ഞാൻ ശ്രമിക്കയായിരുന്നു. ഈ വാർത്ത അമ്മ എങ്ങനെ സ്വീകരിച്ചെന്നു" എനിക്കറിഞ്ഞുകൂടാ; കാരണം അമ്മയെപ്പറ്റി എനിക്കെഴുതുവാൻ ആശ്വാസമില്ല. ഞാനിവിടെ വന്നതിൽപ്പിന്നെ വീട്ടിലുള്ള മാറ്റവും എനിക്കാശ്വാസം എഴുതിയിട്ടില്ല.

അച്ഛാ. ഞാൻ ആവശ്യപ്പെട്ടാൽ ഇവിടം വരെ ഒന്നുവരുവാൻ അങ്ങേയ്ക്കു സാധിക്കുമോ? സാധ്യമല്ലെങ്കിൽ അതു" എന്നോടു പറയുവാൻ വിഷമത തോന്നരുതേ."

മറ്റു അമ്മമാരെഴുതുന്നതുപോലെ ടോമിന്റെ അമ്മ എഴുതി, തന്റെ മകനുവേണ്ടി അവസാനത്തെ പൈസാപോലും താൻ ചെലവുചെയ്യുമെന്നും, ഏതു" ഗോരഥപ്രയത്നം ചെയ്യുന്നതിനും തയാറാണെന്നും. എങ്കിലും ഇതുപര്യന്തം വക്കീലന്മാരുമായി സമ്പർക്കം പുലർത്തുവാനവർക്കു കഴിഞ്ഞില്ല എഴുത്തു"പോൽ സാധാരണജനകമായ ഒന്നായിരുന്നില്ല. എങ്കിലും നവമ്പർ 1–ാംതീയതിയായ അന്നു" ദൈവം അവനു" നൽകിയ ആനന്ദത്തിന്റെ ആധിക്യംമൂലം അവൻ സി. റോബർട്ട" ആനിനു എഴുതി:

"സിസ്റ്ററിന്റെ പ്രോത്സാഹനത്തിനു" കൃതജ്ഞത.....എന്നെ ധൈര്യപ്പെടുത്തുന്നതിനു" അങ്ങയെപ്പോലെ വല്ലവരുമില്ലെങ്കിൽ ചിലപ്പോഴൊക്കെ ഞാൻ മുഴുഭ്രാന്തനായിത്തീരുമെന്നു" എനിക്കു തോന്നുന്നു. നാം ദൈവതിരുവിഷ്ടം നിറവേറുകയും അവിടുത്തെ തിരുവുള്ളത്തിനു കീഴ്പ്പെടുകയും ചെയ്യുന്നിടത്തോളം കാലം നമ്മുടെ ഭാഗധേയത്തെപ്പറ്റി നമുക്കു നിശ്ചയമുണ്ടെങ്കിലും, സിസ്റ്ററിനു" അറിയാമല്ലോ, ചിലപ്പോഴെല്ലാം ഒരുറപ്പുകിട്ടുന്നതു" വലിയ ആശ്വാസമാണെന്നു". എങ്കിലും ഞാനൊന്നു പറഞ്ഞുകൊള്ളട്ടെ സിസ്റ്റർ, ദൈവതിരുമനസ്സിനോടു പൂർണ്ണമായി യോജിച്ചിരിക്കുക എന്നതു" പറയുന്നതുപോലെ എളുപ്പമല്ല. "അവിടുത്തെ തിരുവിഷ്ടം നിറവേറട്ടെ" എന്നു ഞാൻ പറഞ്ഞാലുടൻ, മിക്കപ്പോഴും എന്റെ ഹൃദയം മറിച്ചുപറയാതിരിക്കാൻവേണ്ടി ഞാൻ മറ്റുവല്ല കാര്യങ്ങളിലും അതിശ്രദ്ധ വ്യാപൃതനാകുന്നു.

കേസു" ഉപേക്ഷിക്കാൻ ഞങ്ങളും നിർബന്ധിതരാകുന്നതു

വരെ അതുപേക്ഷിക്കയില്ലെന്നു് അമ്മ അറിയിക്കുന്നു. അതുകയാൽ ജനുവരി ഒന്നാംതിയതി ഞാൻ പോയില്ലെന്നുവരാം. മരണത്തെപ്പറ്റി അമ്മയോടു പറയുവാൻ എനിക്കു പ്രയാസമുണ്ടു് സിസ്റ്റർ ജീവിക്കുവാൻ എന്തെങ്കിലും സാദ്ധ്യതയുണ്ടെങ്കിൽ അതു നഷ്ടപ്പെടുത്തുവാൻ എനിക്കിഷ്ടമില്ല. ദൈവം അതു് ആവശ്യപ്പെട്ടെന്നും എനിക്കു തോന്നുന്നില്ല. എന്നാൽ എനിയ്ക്കൊരു രക്ഷയുമില്ലെങ്കിൽ എനിക്കുവേണ്ടി അവർ തീർച്ചയായും പണം ചെലവാക്കരുതു്. സിസ്റ്റർ എന്നെ വിശ്വസിച്ചാലും; ഞാൻ എന്നെപ്രതിയല്ല വിഷമിക്കുന്നതു്. ഭാരം വഹിക്കുന്നതു് എന്റെ അമ്മയാണു്. സിസ്റ്ററിനെ കാണുന്നതു് എത്രവലിയ കാര്യമായി ഞാൻ കരുതുന്നുവോ അതിനോടു് ഏതാണ്ടു് സമമായിട്ടാണു് അമ്മയും കരുതുന്നതെന്നു് സിസ്റ്ററിനു് അറിയാമല്ലോ....”

“P. S. തീർച്ചയായും സിസ്റ്ററിന്റെയും മറ്റുള്ളവരുടെയും പ്രാർത്ഥനയായിരിക്കണം ഈ കഴിഞ്ഞവർഷം എന്നെ സഹായിച്ചുകൊണ്ടിരുന്നതു്. ഞാൻ എത്രകണ്ടു കൃതജ്ഞനാണെന്നു ദൈവത്തിനു മാത്രമേ അറിഞ്ഞുകൂടൂ .....”

ഒരാഴ്ചകൂടി കടന്നുപോയി. അപ്പോഴും അവനു കുറെ കത്തുകൾകൂടിവന്നു. അവന്റെ ആത്മാവിന്റെ ആഴത്തിലേക്കു് എത്തിനോക്കുന്നതിനു് അവ അവനെ പ്രേരിപ്പിച്ചു. ത്യാഗത്തെയും ആത്മീയശിക്ഷണത്തെയും ദൈവത്തിൽ ഉണ്ടായിരിക്കേണ്ട പരിപൂർണ്ണമായ മനോവിശ്വാസത്തെയും നിർമ്മലമായ ദൈവസ്നേഹത്തെയും പരാമർശിച്ചുള്ള എഴുത്തുകൾ, പരിഹാരത്തെയും പ്രായശ്ചിത്തത്തെയും ചെറിയ പരിത്യാഗപ്രവൃത്തികൾ ചെയ്യേണ്ട വിധത്തെയും സംബന്ധിച്ചുള്ള എഴുത്തുകൾ ആയിരുന്നു. അടുത്ത ഈ മാസങ്ങളിൽ അവനു ലഭിച്ചുകൊണ്ടിരുന്നതു്. ഡെട്രോയിറ്റിലെ മാദ്ധ്യമങ്ങളുമായുള്ള സമ്പർക്കംമൂലം ഒരു നവലോകമാണു് അവനു തുറക്കപ്പെട്ടതു്. തനിക്കു ദൃഢമായ വിശ്വാസവും അസന്നിഗ്ദ്ധമായ ശരണവും അതിരറ്റ മനോവിശ്വാസവുമുണ്ടെന്നു്, താനൊരു കൊച്ചുകുഞ്ഞാണെന്നു്, തികഞ്ഞ പരമാർത്ഥതയോടെ പറയുവാൻ

തനിക്കു കഴിയുമോ എന്നു് നവമ്പറിലെ പ്രഥമവാരത്തിലെ ഈ പ്രഭാതത്തിൽ അവനു സ്വയം ചോദിക്കേണ്ടിവന്നു.

അവൻ തന്റെ ആത്മാവിന്റെ അഗാധതയുടെ അടിത്തട്ടിലേയ്ക്കു് ചൂഴിഞ്ഞിറങ്ങി അരമണിക്കൂർനേരത്തേയ്ക്കു പരിശോധന നടത്തിയശേഷം പേനയെടുത്തു് ആ എഴുത്തുകടലാസ്സുകളെല്ലാം തയാറാക്കി. ആദ്യത്തേതു് മാർഗലേനകാരിക്കായിരുന്നു.

"നിങ്ങളുടെ അതിമനോഹരമായ എഴുത്തുകാർഡു് ഞാനിപ്പോൾ വായിച്ചുകഴിഞ്ഞതേയുള്ളു. പരമാർത്ഥം പറഞ്ഞാൽ, സിസ്റ്റേഴ്സ്. ഞാൻ എന്തെങ്കിലും ഇതുയധികം ആസ്വദിച്ചിട്ടുണ്ടോയെന്നു്. എനിക്കു് അറിഞ്ഞുകൂടാ. പശ്ചാത്താപപ്പെടുന്ന ഈ പാപിക്കു് എഴുത്തയക്കാൻ നിങ്ങളെ അനുവദിച്ച മദർ ഹോളിനെയിമിനെ ദൈവം അനുഗ്രഹിക്കട്ടെ.

വി. ജർത്രൂദിന്റെ സി. മാർഗലേൻ, അങ്ങയുടെ മനോഹരമായ ലേഖനം എന്നിൽനിന്നു് കണ്ണുനീരിന്റെ ഒരു വലിയ പ്രവാഹം പുറപ്പെടുന്നതിനു് ഹേതുകമായിത്തീർന്നെന്നു് ഏറ്റവുപറയുവാൻ ഞാൻ ലജ്ജിക്കുന്നില്ല. എന്റെ വൃദ്ധയായ പ്രീ. മാതാവിന്റെ ഓർമ്മയാണു് അതു് എന്നിൽ ഉളവാക്കിയതു". ഇന്നു് അമ്മയുടെ ഒരു കത്തുവന്നു. അതിലെ ഒരു ഭാഗം താഴെച്ചേർക്കുന്നു. "നിന്നോടു് ഇതു പറയുവാൻ എനിക്കു് എത്രമാത്രം സങ്കടമുണ്ടെന്നു ദൈവത്തിനു മാത്രമേ അറിഞ്ഞുകൂടൂ. എങ്കിലും വക്കീലന്മാർ പറയുന്നതു് ശിക്ഷ ഇളവുചെയ്യുന്നതിനു് ഒരു സാദ്ധ്യതയുമില്ലെന്നാണു്." ഇതിനെക്കാൾ ഹൃദയഭേദകമായി എന്തെങ്കിലും ഒരമ്മയ്ക്കു തന്റെ മകനോടു പറയുവാനുണ്ടാകുമെന്നു വിചാരിക്കുവാൻ കഴിയുമോ? അനിർവാര്യമായ ഇക്കാര്യത്തിനുവേണ്ടി അമ്മയെ ഒരുക്കുവാൻ ഞാൻ പരിശ്രമിക്കുകയായിരുന്നു. ഓ, ദൈവമേ സഹിക്കുവാൻ അത്യാവശ്യകമായ ധൈര്യവും കരുത്തും എന്റെ അമ്മയ്ക്കു കൊടുക്കണമേ. സിസ്റ്റേഴ്സ് ഈ പ്രാർത്ഥനയിൽ എന്നോടു ചേരുവാൻ ഞാൻ നിങ്ങളോടു യാചിക്കട്ടയോ? ഞാൻ എനിക്കുവേണ്ടി മാ

പേക്ഷിക്കുന്നതിനും ദൈവത്തെ സ്നേഹിക്കുന്നതിനുള്ള വരം മാത്രമാണ്".

വി. ലിയോയുടെ സി. മഗ്ദലേൻ, അങ്ങേയ്ക്കു ഞാൻ ഉപകാരം പറയുന്നു. ഞാൻ പിൻവാങ്ങുകയില്ലെന്നു" ധൈര്യപ്പെടുക. നമ്മുടെ കർത്താവിന്റെ പരിത്യാഗത്തോടു തുലനംചെയ്യുമ്പോൾ എന്റെ ജീവിതം ഒരു നിസ്സാരത്യാഗം മാത്രമാണ്". അവിടത്തേയ്ക്കു നൽകുവാൻ എനിക്കു രണ്ടു ഹൃദയങ്ങളില്ലല്ലോ എന്നതാണ് എന്റെ കുണ്ഠിതം.

വി. ഫിലിക്സിന്റെ സി. മഗ്ദലേൻ, നിങ്ങളിൽ ഓരോരുത്തർക്കുംവേണ്ടി ഒന്നിലധികം "നന്മനിറഞ്ഞമറിയം" ചൊല്ലി കാഴ്ചവയ്ക്കുവാൻ പാടില്ലാത്തവിധം എന്റെ പ്രാർത്ഥനകളിൽ ഞാൻ അത്ര ലുബ്ധനാണെന്നു വിചാരിക്കരുത്". ഞാൻ അങ്ങയെ ദിവസത്തിൽ അനേകമനേകം പ്രാവശ്യം ഓർമ്മിക്കുന്നുണ്ട്". രാത്രിയിൽ 'ജ്ഞാന'വായനയുടെ സമയത്തു മിക്കപ്പോഴും ഞാൻ അങ്ങയെപ്പറ്റി വിചാരിക്കുന്നതായും 'ദൈവം അവരെ അനുഗ്രഹിക്കട്ടെ' എന്നു തീണ്ണതാപൂർവ്വം മന്ത്രിക്കുന്നതായും കാണപ്പെട്ടിട്ടുണ്ട്". ഞങ്ങൾക്കു" ഒരു കാലാവുധിയുണ്ടെന്നു" മറക്കരുതേ, സിസ്റ്റർ.

വി. ത്രേസ്യായുടെ സി. മഗ്ദലേൻ, അങ്ങു ദിനചര്യയെപ്പറ്റി പ്രതിപാദിച്ചതിനു എന്റെ കൃതജ്ഞത. ഇന്നുമുതൽ അങ്ങയുടെ എല്ലാപ്രവർത്തനങ്ങളിലും അങ്ങു കൂടുതൽ ശക്തയായിരിക്കും. എനിക്കുവേണ്ടിയുള്ള അത്യുപിക്കട്ടത്ത ദിവ്യകാരുണ്യസ്വീകരണം അങ്ങു തുടർന്നാലും. അതൊരു വിസ്മയകരമായ കാര്യമാണ്". അങ്ങയുടെ കൃതജ്ഞതാസന്ദേശം ഞാൻ ഫാ. ബ്രുയനെ അറിയിച്ചുകൊള്ളാം.

വി. ഫെലന്റെ സി. മഗ്ദലേൻ, സംശയംവിനാ ഞാൻ സിസ്റ്ററിന്റെ എഴുത്തു കിട്ടിയതിൽ സന്തോഷിക്കുന്നുവെന്നും സിസ്റ്ററിന്റെ പ്രത്യേക നിയോഗം എന്നും ഓർമ്മിച്ചുകൊള്ളാമെന്നും അറിയിക്കുന്നു. വി. കുർബാന ഉപേക്ഷിക്കുവാൻ പോകുമ്പോൾ എന്നെക്കൂടികൊണ്ടുപോകുന്ന പതിവു" അങ്ങു തുടരുക. ദൈവം അ

ങ്ങയെ എന്നും അനുഗ്രഹിക്കട്ടെ.

സിസ്റ്റേഴ്സ്, നിങ്ങളിൽ ഓരോരുത്തർക്കും പ്രത്യേകം പ്രത്യേകം എഴുതുവാൻ എനിക്കാഗ്രഹമുണ്ട്. പക്ഷേ അതു സാധിക്കയില്ല. അതുകയാൽ എല്ലാ സിസ്റ്റേഴ്സിനും എന്റെ സ്നേഹാന്വേഷണങ്ങൾ. ഇനി ചില വിശേഷങ്ങൾ പറയാം.....

എന്റെ വധം നവവത്സരദിനം അർദ്ധരാത്രി കഴിഞ്ഞാലുടൻ എന്നാണു നിശ്ചയിച്ചിരിക്കുന്നതു്. സിസ്റ്റേഴ്സ്, ആ വിനാഴികയിൽ നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ. സ്നേഹനാഥൻ എന്നെ തള്ളിക്കളയാതിരിക്കാൻ പ്രാർത്ഥിക്കണമേ.

പ്രീ. മദറേ, അങ്ങേയ്ക്കു് ഉപകാരം. എനിക്കു എഴുത്തയക്കാൻ മടിച്ചതിനും ഉപകാരം. "ദൈവം" അയച്ചുതന്നതിനും കൃതജ്ഞത. താമസംവിനാ അങ്ങിൽനിന്നു വീണ്ടും കേൾക്കാമെന്നു പ്രതീക്ഷിക്കുന്നു. എഴുതണേ, മദർ.

ഏറ്റവും നീതിനിഷ്ഠവും ഏറ്റവും ഉന്നതവും ഏറ്റവും ആരാധനീയവുമായ ദൈവതിരുവുള്ളം എല്ലാക്കാര്യത്തിലും എന്നും നിറവേറുകയും സ്തുതിക്കപ്പെടുകയും മഹത്വപ്പെടുകയും ചെയ്യട്ടെ.

എന്നു്,

ക്രിസ്തുവിൽ നിങ്ങളുടെ ഏറ്റവും നന്ദിയുള്ള ഭക്തപുത്രൻ,

കുരിശിന്റെ വലതുവശത്തുള്ള

തോമസ് പെന്നി.

P. S. സിസ്റ്റേഴ്സ്, പാപികളുടെ മാനസാന്തരത്തിനുവേണ്ടി എന്റെ ജീവൻ കാഴ്ചവയ്ക്കുന്നതോ? അതോ, ദൈവികരണ്യത്തിലുള്ള ഏറ്റവും പവിത്രതമായ ആത്മാവിന്റെ മോചനത്തിനുവേണ്ടി ഞാൻ പ്രാർത്ഥിക്കയാണോ വേണ്ടതു്.?"

അന്നതന്നെ മടപടി അയക്കുവാൻ പെന്നി ആഗ്രഹിച്ച മറെറഴുത്തുകളുമുണ്ടായിരുന്നു. പക്ഷേ അവനുണ്ടായ വിഷ്ണങ്ങളുടെ ലഘൂകരണം വേണ്ടവിധം ദൈവം കേന്ദ്രീകരിക്കുവാൻ അവനു കഴിയാതെവന്നു. തന്മൂലം അക്കാര്യം പിറെറദിവസത്തേയ്ക്കു മാററിവച്ചു.

പിറ്റെദിവസം പ്രഭാതപ്രാർത്ഥന തുറക്കുകപോലും ചെയ്യാതെ അവൻ മേശയ്ക്കു മുമ്പിൽ ഇരുന്നു് അമ്മയ്ക്കെഴുതി.

"അമ്മയുടെ എഴുത്തു് ഇന്നലെ കിട്ടി. അങ്ങേയ്ക്കു വിഷമതയുള്ള വാർത്തകളാണു് എന്നെ അറിയിക്കുവാനുണ്ടായിരുന്നതെന്നു് എനിക്കറിയാം. എങ്കിലും വസ്തുതകളെ നേരിടുകയാണു ഭേദം. എഴുതുചെയ്യണമെന്നു പറയുവാൻ എനിക്കറിഞ്ഞുകൂടാ. ചെയ്യാനുള്ള ചില കാര്യങ്ങളെപ്പറ്റി വക്കീലിനുള്ള എഴുത്തിൽ ഞാൻ പറഞ്ഞിട്ടുണ്ടു്. അവയെല്ലാം ചെയ്തുകഴിഞ്ഞുവെന്നു് അദ്ദേഹം പറയുമായിരിക്കാം. പക്ഷേ, അവ ചെയ്തു കഴിഞ്ഞോ ഇല്ലയോ എന്നു് ഞാൻ എങ്ങനെ അറിയും? ആകയാൽ പ്രിയ അമ്മേ, എനിക്കു പറയുവാനുള്ളതു് ഇതുമാത്രമാണു്. അമ്മയ്ക്കുചെയ്യുവാൻ പാടുള്ളതെല്ലാം ചെയ്യുക; ബാക്കി ദൈവത്തിനുവിട്ടുകൊടുക്കുക.

സിസ്റ്റേഴ്സിൽനിന്നു് ഇന്നു് ഒരെഴുത്തു വന്നിരുന്നു. ആ സന്ദർശനത്തിന്റെ കാര്യം അവർ എന്നോടുപറഞ്ഞു. അമ്മേ, അവരോടു സംസാരിക്കുവാൻ അമ്മയ്ക്കു കഴിയുമെന്നു തോന്നുന്നതുതന്നെ എനിക്കു് ആനന്ദപ്രദമാണു്. അതു വളരെ ആശ്വാസകരമാണു്. സി. മേരി ലോറൻസിയ, ആസ്റ്റിൻ പ്രൈസിന്റെ മൂത്ത സഹോദരിയാണെന്നു് അങ്ങേയ്ക്കു് അറിയാമല്ലോ. അവർ അദ്ദേഹത്തോടു മൂന്നുതവണ ചോദിച്ചിട്ടും അദ്ദേഹത്തെക്കൊണ്ടു് ഒന്നും സാധ്യമല്ലെന്നാണു് മറുപടികിട്ടിയതു്. ഞാൻ അതു വിശ്വസിക്കുന്നു.

ടോമി, അമ്മയെ കാണുവാൻ വരുന്നെന്നു് അവളുടെ എഴുത്തിൽ കണ്ടു. അവിടം ഇതേവരെ അതുചെയ്യാതിരുന്നതിൽ ഞാനാശ്ചര്യപ്പെടുന്നു. വക്കീലന്മാരെ വിളിക്കുവാൻ ഞാൻ അവളോടു് ആവശ്യപ്പെട്ടിട്ടുണ്ടു്. അമ്മേ, അവിടെക്ക പാടുള്ളതു് അവിടെ ചെയ്യട്ടെ; അല്ലെങ്കിൽ അവിടെക്ക തുപ്പിവരില്ല.

"അമ്മ ഒന്നു് ഓർമ്മിച്ചുകൊള്ളണം. എഴുതതന്നെ സംഭവിക്കുന്നെങ്കിലും ഞാൻ അതിനു് തയ്യാറാണു്. ഈ വസ്തുത പ്രിയ അമ്മേ, അമ്മയ്ക്കു ആശ്വാസമായിരിക്കട്ടെ."

അതു എഴുത്തു മടക്കിയപ്പോൾ അവനു കൂടുതൽ ലാഘവം തോന്നുകയും നസ്രസ്സിലെ രണ്ടുസിസ്റ്റേഴ്സിനെ വിസ്മയഭരിതരാക്കിത്തീർത്ത വേറെ രണ്ടെഴുത്തുകൾ അവൻ ധൃതിയിൽ എഴുതുകയും ചെയ്തു. സി. റോബർട്ട് ആനിനു് ഇപ്രകാരം എഴുതി:

"കുരിശാണു്, അതു എത്ര തരമാണെങ്കിലും ശരി, ദൈവസ്നേഹത്തിന്റെ രജതരേഖാങ്കിതമായ അച്ചാരം. ഒരു വിരോധാഭാസം! എങ്കിലും മുഴുവനും ശരി. തെളിവിനു് നമ്മുടെ നാഥന്റേയും, ദിവ്യാംബികയുടെയും വി. യൗസേപ്പിന്റെയും മറ്റു പുണ്യവാന്മാരുടെയും ജീവിതം ഒന്നു പരിശോധിച്ചാൽ മതിയാവും. ദൈവത്തിന്റെ ന്യായങ്ങൾ ഞാൻ വളരെ വിരളമായിട്ടേ കാണാറുള്ള. എങ്കിലും അവിടുത്തെ സ്നേഹത്തിലുള്ള എന്റെ മനോവിശ്വാസം അചഞ്ചലമായിരിക്കണം. പരുഷമായ മുഖം ഞാൻ കാണിക്കാറില്ല, സിസ്റ്റർ. എന്തുകൊണ്ടെന്നാൽ വി. ലിയോ പറയുന്നു: 'സകലതിനും ദൈവത്തിനു കൃതജ്ഞത പ്രകടിപ്പിക്കുന്നില്ലെങ്കിൽ ചിലതിലെങ്കിലും അവിടത്തെ കുറ്റപ്പെടുത്തുകയാണു് ചെയ്യുന്നതു്.' അതു ചെയ്യുവാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല."

സി. മേരിലോറൻസിയായിക്കും അവൻ എഴുതി.

"സിസ്റ്റർ, വിഷമിക്കരുതു്. ദൈവം തിരുമനസ്സാകുന്നതിനെ അഭിമുഖീകരിക്കുവാൻ ഞാൻ തീർച്ചപ്പെടുത്തിയിരിക്കയാണു്. എന്നെ രക്ഷിക്കുന്നതിനു ദൈവനിയമത്തിന്റെ പരിധിക്കുള്ളിൽ വല്ലമാർഗ്ഗവുമുണ്ടെങ്കിൽ ഞാനതുപയോഗിക്കും. ഇല്ലെങ്കിൽ ഭാവിയെപ്പറ്റിയോ ഭൂതത്തെപ്പറ്റിയോ എന്തെങ്കിലും അസ്വസ്ഥതയോ ഉത്കണ്ഠയോ ആകുലചിന്തയോ ഇല്ലാതെ ഒരു കൊച്ചുകുഞ്ഞിനെപ്പോലെ ഞാൻ കഴിയും. എന്നോടുള്ള അവിടുത്തെ പ്രവർത്തനങ്ങൾ പലപ്പോഴും ഗുഹ്യമായി കാണപ്പെട്ടിട്ടുണ്ടു്. ഇപ്പോഴത്തെ അവിടുത്തെ ചില പെരുമാറ്റങ്ങൾ, മാനുഷികവിവേകത്തിനു മാത്രമല്ല, നീതിക്കുപോലും നിരക്കാത്തവയും പരസ്പരവിരുദ്ധങ്ങളുമായി കാണപ്പെടുന്നു. എങ്കിലും ഒരൊറ്റ വിനാഴികനേരത്തേയ്ക്കുപോലും ഞാൻ ചഞ്ചലിക്കയില്ല. അവിടുത്തെ സ്നേഹവും ബോ

ധജ്ഞാനവുമാണ" സകലതിനെയും നയിക്കുന്നതെന്നു" ഒരിക്കലും സംശയിക്കയില്ല.

പൂർവ്വയെസേഫ്", അസൂയമൂലം, സ്വസഹോദരന്മാരാൽ വിൽപ്പെട്ട. പിന്നീട ലജ്ജാകരമായ കുറ്റം കളവായി അവന്റെ മേൽ ആരോപിക്കപ്പെടുകയും അന്യായമായി അവൻ തടവിലടയ്പ്പെടുകയും ചെയ്തു. എങ്കിലും ഇവയെല്ലാം മിസ്രേനിലെ സിംഹാസനത്തിലേയ്ക്കുള്ള ചവിട്ടപടികളായിരുന്നു. അതുപോലെ ആശയ്ക്കതീതരായി ആശിക്കയും, ഏറ്റവും വലിയ കോളിളക്കത്തിന്റെ മദ്ധ്യത്തിലും ഭയരഹിതമായി തന്റെ അമ്മയുടെ കരങ്ങളിൽ വിശ്രാന്തികൊള്ളുന്ന ഒരു കൊച്ചുകുഞ്ഞിനെപ്പോലെ പരിപൂർണ്ണമായ വിധേയത്വത്തോടെ എന്റെ സ്വർഗ്ഗപിതാവിന്റെ അതിരില്ലാത്ത സ്നേഹത്തിനു ഞാൻ എന്നെത്തന്നെ വിട്ടുകൊടുക്കയും ചെയ്യും.

സിസ്റ്റർ, എനിക്കു എഴുത്തയക്കണമെന്നു" അങ്ങേയ്ക്കു തോന്നുമ്പോഴെല്ലാം എഴുതുക. അങ്ങയെ എന്റെ പ്രാർത്ഥനകളിൽ സ്മരിക്കുന്ന പതിവു ഞാൻ തുടരും. സകലതിനും ഉപകാരം.

ക്രിസ്തുവിൽ അങ്ങെ മിത്രം,

കുരിശിന്റെ വലത്തുവശത്തു.....

P. S....ഫാ. ലിബ"സ" ഇന്നുരാവിലെ എനിക്കു വി. കുർബാന എഴുന്നള്ളിച്ചുതന്നു. ഈ ദൈവികാനുഗ്രഹം എനിക്കു തന്നതിൽ ദൈവം കാണിച്ച നന്മയ്ക്കുവേണ്ടി അങ്ങേയ്ക്കുപകാരം പറയുവാൻ വിസ്മരിക്കരുതേ."

ആ വരികളും, സാധാരണ വികാരരഹിതമായിരിക്കുന്ന സിസ്റ്ററിന്റെ വദനത്തെ കൃതജ്ഞതാനിർഭരമായ മന്ദഹാസംകൊണ്ടു പ്രകാശിപ്പിക്കുകയും, ശിരസ്സിനെ ആകാശത്തേയ്ക്കു തിരിപ്പിക്കുകയും ചെയ്തു. "ദൈവമേ, അങ്ങു" ഈ യുവാവിനു ചെയ്തവയും ഇപ്പോൾ ചെയ്യുന്നവയുമായ എല്ലാറ്റിനും വേണ്ടി അങ്ങേയ്ക്കു ഞാൻ നന്ദിപറയുന്നു."

അദ്ധ്യായം 10

ക്രിസ്മസ് സമ്മാനങ്ങൾ

ഒരുവൻ ദൈവത്തെ കണ്ടുവെന്നതിന്റെയും അങ്ങയെ തന്റെ പിതാവായി മനസ്സിലാക്കിയിരിക്കുന്നുവെന്നതിന്റെയും അനിഷേധ്യലക്ഷണം, അവൻ സ്വന്തപാപങ്ങളെപ്പറ്റി പശ്ചാത്താപത്തോടും, മാത്രമല്ല, പാപമോചനത്തെപ്പറ്റിയുള്ള സജീവമായ മനോവിശ്വാസത്തോടുംകൂടെ പരമാത്മാവും പരിപൂർണ്ണവുമായി കുറ്റം ഏറ്റുപറയുകയെന്നതാണ്. അങ്ങനെയുള്ള കുറ്റസമ്മതം പെന്നി പലതവണനടത്തിയിട്ടുണ്ടെങ്കിലും നവമ്പർ 11-ാംതിയതി ഡെട്രോയിറ്റിലെ ഒരു മദ്ധ്യലേനയ്ക്കെഴുതിയയച്ചകുറ്റസമ്മതത്തിൽകാണാൻ കഴിയും, അവന്റെ പശ്ചാത്താപത്തിന്റേയും മനോവിശ്വാസത്തിന്റേയും, ഒരു പക്ഷേ, ഏറ്റവും നല്ലമാതൃക.

"പി. ജർത്രൂഡിന്റെ സി. മദ്ധ്യലെൻ, അങ്ങയച്ച അവസാനത്തെ കത്തിൽ ചോദിച്ചിരുന്നല്ലോ ക്രിസ്മസിനുമായ ചിത്രങ്ങൾ ട്ടിയോജിപ്പിക്കുകയെന്ന ജോലി ഞാൻ നിർവ്വഹിച്ചിട്ടുണ്ടോയെന്ന്. ഞാൻസത്യംപറഞ്ഞു. "അവർ എന്തിനാണ്" അതറിയുന്നതു?" ഉവ്വ്, സിസ്റ്റർ, ഞാനതുചെയ്തിട്ടുണ്ട്. ഒരിക്കൽ ഞാൻ ഓമനത്തമേറിയ രണ്ടുനായക്കുഞ്ഞുങ്ങളുടെ ചിത്രങ്ങൾവാങ്ങി. ഞാൻ വളരെ സ്നേഹിച്ചിരുന്ന രണ്ടുകുട്ടികൾക്ക് അവ ആനന്ദപ്രദമായിരിക്കുമെന്നുകരുതി. ചിത്രത്തിന്റെ വിവിധഭാഗങ്ങൾ ഞാൻകുട്ടിയിണക്കവേ, രണ്ടോ മൂന്നോ കഷണങ്ങളില്ലെന്നുമനസ്സിലായി. അല്ലയോ സിസ്റ്റർ, ഞാനതുപൂർത്തിയാക്കിക്കഴിഞ്ഞപ്പോൾ എന്തൊരുകാഴ്ചയായിരുന്നതു, ഒരു നായയുടെ കണ്ണുകണ്ടില്ല. മറ്റതിനു വായില്ലായിരുന്നു: എനിക്കതോന്നിയ വെറുപ്പിന്റെ കൂട്ടത്തൽ കൊണ്ടു ഞാനതു ദഹിപ്പിച്ചുകളഞ്ഞു.

അത്തരം ഒരുകടംകഥയായി ഞാൻ ജീവിതത്തെ വീക്ഷിച്ചിട്ടുണ്ടോയെന്നു അങ്ങുചോദിക്കുന്നു. അതുമൂലംഞാൻ ചിന്താധീനനായിത്തീർന്നെന്നു ഏറ്റുപറയുന്നു.

എന്റെ യൌവ്വനംമുതൽ ഞാൻ കത്തോലിക്കനായതുവരെ

യുള്ള എന്റെ കഥ താറുമാറാക്കപ്പെട്ടതായിരുന്നു. അതിനാശേഷവും വിലയേറിയ പലഭാഗങ്ങളും നഷ്ടപ്പെട്ടത്തിയെന്നാണു് എന്റെ ഭയം. എന്നാലിപ്പോൾ സിസ്റ്ററിന്റെ സഹായത്തോടെ ഞാനതു ശരിപ്പെടുത്തുവാൻ പോകയാണു്. ഇനിയതെന്നെ ആശ്ചര്യപ്പെടുത്തുകയില്ല. കടംകഥ ശരിപ്പെടുത്തുന്നതിനുള്ള ഏകമാർഗ്ഗം അതിന്റെ ഓരോ അംശവും ദൈനംദിനം നമ്മുടെ നാഥൻ തരുവാൻ സമ്മതിക്കയും അവയെ അങ്ങിൽനിന്നു ധൈര്യസമേതവും വിശ്വസ്തതയോടുകൂടിയും സ്വീകരിക്കുകയുമാണെന്നാണല്ലോ സിസ്റ്റർ പറയുന്നതു്".

ആ ഉപദേശത്തിനു ലക്ഷക്കണക്കിനു കൃതജ്ഞത. ഇനിയും ആമാതിരിയുണ്ടെങ്കിൽ അയച്ചുതരുമല്ലോ.

എന്നു്,

കുരിശിന്റെ വലതുവശത്തുനിന്നു നന്ദിയുള്ള സഹോദരൻ,

ടോം പെന്നി.

P. S. സിസ്റ്റർ, ഭയവുചെയ്യ ഇക്കാര്യം വിശദീകരിച്ചുതരണമേ. അന്യോന്യം വളരെ ഭംഗിയായി ചേരുന്ന ഒന്നോ രണ്ടോ അംശങ്ങൾ നാം ചിലപ്പോൾ കാണാറുണ്ടെന്നും ഏറ്റവും പൊരുത്തക്കുറവുള്ള കഷണങ്ങൾ ഏറ്റം ഭംഗിയായി യോജിക്കുന്നതു കണ്ടു് നാം ആശ്ചര്യപ്പെടാറുണ്ടെന്നും പറഞ്ഞശേഷം, എന്നാൽ 'സാമാന്യമായി പറഞ്ഞാൽ നാം കുറെ മാത്രം മനസ്സിലാക്കിക്കൊണ്ടു തൃപ്തിപ്പെടണ'മെന്നു് അങ്ങു പറഞ്ഞിരിക്കുന്നതിന്റെ വിശദീകരണം അടുത്ത കത്തിൽ കാണുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു.

"കുരിശിന്റെ വലതുവശത്തു" എന്നതുകൂടിയുള്ള മുപ്പു് ഇപ്പോളവന്റെ എല്ലാ എഴുത്തുകളിലും കാണുന്നുണ്ടു്. എഴുത്തു ലഭിച്ചുമിക്കവർക്കും അതൊരു കടംകഥയായിരുന്നു. അങ്ങടുത്തു ജോർജ്ജിയായിലെ ടേർണർഹിൽഡിലുള്ള ഫാ. ഡൊന്നെല്ലിയുടെ വിളറിയ മുഖത്തു മന്ദഹാസത്തിന്റെ ചെറിയചുളികൾ കാണപ്പെട്ടു. അദ്ദേഹം തന്റെ നരച്ചുതല ചലിപ്പിച്ചുകൊണ്ടു് അത്ഭുതത്തോടെ പറഞ്ഞു: "വി. കുരിശിന്റെ വലതുഭാഗത്തുള്ള അങ്ങേ വിശ്വസ്തൻ...."

"അഭിനവക്രിസ്മസ്" ചാപ്പ്ലെൻ ശബ്ദമയത്തിപ്പറഞ്ഞു അപ്പോൾ അദ്ദേഹം മംഗലനകളുടെ കാര്യം ഓർമ്മിച്ചു. ധ്യാനനിമഗ്നമായ ജീവിതം കഴിക്കുന്ന അവർ ഈശോമിശിഹായുടെ വലതുഭാഗത്തുകിടന്നു മരിക്കുകയും വിശ്വാസത്തിന്റെ ഏക പ്രകരണം കൊണ്ടു് സ്വർഗ്ഗം കരസ്ഥമാക്കുകയും, മാത്രമല്ല, ജീവിച്ചിരിക്കുമ്പോൾതന്നെ സിജ്ഞനായി ക്രിസ്തുവിനാൽ നാമകരണം ചെയ്യപ്പെടുകയും ചെയ്തവനോടു ടോമിനെ ബന്ധപ്പെടുത്തിയതു്, മഞ്ഞുരുകുന്നതോടെ റോബിൻസ് വടക്കോട്ടു പറക്കുന്നതുപോലെ, അഥവാ വൃക്ഷങ്ങളുടെ ഇലകൾ പൊഴിയുന്നതോടെ ഇരുണ്ടകാടു തെക്കോട്ടു പറക്കുന്നതുപോലെ സ്വാഭാവികം മാത്രമാണു്.

ക്ഷീണിതനായ ചാപ്പ്ലെനെ ആ എഴുത്തു് ഉന്മേഷഭരിതനാക്കി. രണ്ടാമത്തെ പേജിൽ ടോം എഴുതിയിരുന്നു: "ഒക്കലഹോമയിലെ റെഡ് ഇൻഡ്യൻസിന്റെ ഇടയിൽ ജോലിചെയ്തിരുന്ന ഒരു മിഷനറി ഒരു കൊച്ചുകുട്ടിയോടു ചോദിച്ചു. ''ഈശോ എവിടെ?,'' തന്റെ മാറത്തു കൈവച്ചുകൊണ്ടു് ആകുഞ്ഞു് പെട്ടെന്നു മറുപടി നൽകി "ഇവിടെ" എന്നു്. ഒരു വിനോദികസമയത്തേയ്ക്കു സ്തംഭിച്ചുപോയ മിഷനറി ചോദ്യം ആവർത്തിച്ചു. എന്നാൽ യാതൊരു സന്ദേഹവുമില്ലാതെ ബാലൻ അതേ മറുപടി ആവർത്തിച്ചു. നല്ല സിസ്റ്റേഴ്സ് തങ്ങളുടെ ജോലി എത്ര മോടിയായി നിർവ്വഹിച്ചെന്നു് അപ്പോൾ അദ്ദേഹം ബോധവാനായി. നല്ല ക്രിസ്ത്യാനികളെന്നു സങ്കല്പിക്കപ്പെട്ടിരിക്കുന്ന പലർക്കും അറിഞ്ഞുകൂടാത്ത ഒരു സത്യം ഈ റെഡ് ഇൻഡ്യൻ കുട്ടി ശരിയായി ഗ്രഹിച്ചിരുന്നു. നമ്മുടെ വിശ്വാസത്തിലെ ഏറ്റവും ആശ്വാസകരവും ആനന്ദപ്രദവും ഫലദായകവുമായ സത്യങ്ങളിൽപ്പെടുന്ന ഒന്നാണതു്."

തന്റെ സൈനികർക്കു ഇതുപോലെ വല്ല മംഗളോദയകളും എഴുതിയിരുന്നെങ്കിൽ എന്നു് താൻ ആഗ്രഹിച്ചതോർത്തു് അദ്ദേഹം ചിരിച്ചുപോയി. അല്ല, അതല്ല ദൈവത്തിന്റെ പ്രവർത്തനരീതി. ആവൃതിക്കുള്ളിൽ ധ്യാനനിർല്ലീനരായിരിക്കുന്നവരുടെ ലേഖന

ങ്ങൾം അദ്ദേഹത്തിന്റെ തെമ്മാടികൾംക്കു ഒരിക്കലും സ്വീകാര്യമായിരിക്കയില്ല.

ടോം, സി. മേരിലോറൻസിയായിക്കു അയച്ച ലേഖനം ഫാ. ജോർജ്ജിനു കാണാൻ സാധിച്ചിരുന്നെങ്കിൽ തന്റെ പട്ടാളക്കാരെ ഇത്ര തടവുകാരനോടു തുലനംചെയ്യുന്നതിൽ അദ്ദേഹത്തിനു കൂടുതൽ ഹൃദയപൂർവ്വകമായി ചിരിക്കാമായിരുന്നു. അതിൽ പറയുകയാണു്. "മിശിഹാനകൾം എനിക്കു തോമസു് അക്കെമ്പിസിന്റെ "ക്രിസ്ത്വാനുകരണം" അയച്ചുതന്നു. അദ്ദേഹം തന്റെ അന്ത്യനാളുകളിൽ പറഞ്ഞു "ഞാൻ എല്ലായിടത്തും വിശ്രമംതേടി. എങ്കിലും എന്റെ ചെറുമുറിയുടെ കോണിൽ ഒരു കൊച്ചുപുസ്തകത്തിൽ അതു ഞാൻ കണ്ടു." അദ്ദേഹത്തിന്റെ കൊച്ചുപുസ്തകം എനിക്കു വലിയ സമാധാനത്തിന്റെ ഉറവിടമായിരുന്നു. രാത്രിയിൽ എല്ലാം നിശ്ശബ്ദമായിരുന്നപ്പോൾം ഞാനതു മറവുള്ളവരെ വായിച്ചുകേൾപ്പിച്ചു."

1942–ലെ നിരീശ്വരന്റെ എന്തൊരു ചിത്രം! എഡ്വില്ലിലെ മരണഭവനത്തിൽ വ്യത്യസ്തമുറികളിൽ അഞ്ചുപേർ വസിച്ചിരുന്നു. അവരിൽ ഒരുവൻ അക്കെമ്പിസിൽനിന്നു വായിച്ചതു മറവുള്ളവരെല്ലാം ശ്രദ്ധാപൂർവ്വം കേട്ടുകൊണ്ടിരുന്നു.

ഒരു രാത്രിയിൽ 1–ാം പുസ്തകത്തിലെ 23–ാം അദ്ധ്യായം വായിക്കവേ സാക്ഷാത്തായ യാചനാശബ്ദം ശ്രാവ്യമായി. പെന്നി, ആൻഡേഴ്സനെ നേരിട്ട സംബോധനചെയ്തുകൊണ്ടു തുടങ്ങി. തന്മൂലം രണ്ടാമാക്കൾം തമ്മിലുള്ള മാനകദ്വന്ദയുദ്ധത്തിന്റെ പ്രതീതിയുള്ള ഒന്നിനു തുടക്കം ടിക്സാക്ഷികളാണെന്നു് ബാക്സ്റ്ററിനും എലിയൊട്ടിനും ടെൻറിനും തോന്നി.

"ദീർഘകാലം ജീവിക്കുന്നതുകൊണ്ടു് എന്തുപ്രയോജനം?" തികഞ്ഞ ആത്മാർത്ഥതയോടെ ടോം വായിച്ചു. "നാം ജീവിതത്തെ സംസ്കരിക്കുന്നില്ലെങ്കിൽ വാസ്തവത്തിൽ ആയുർദൈർഘ്യം നമ്മെ എപ്പോഴും നല്ലവരാക്കുന്നില്ല; പ്രത്യുത അതു നമ്മുടെ പാപത്തെ വർദ്ധിപ്പിക്കുന്നു." അവൻ മനഃപൂർവ്വം നിർത്തി. ബോബ് ആ സത്യം

ശ്രഹിക്കേണ്ടതു ആവശ്യമെന്നു് അവനതോന്നി. എങ്കിലും അവനതു് ആവർത്തിക്കുവാൻ തുനിഞ്ഞില്ല. അതു വളരെ സ്പഷ്ടമായ മതോപദേശമായിരിക്കും. അടുത്ത രണ്ടുവാചകങ്ങൾകഴിഞ്ഞു് അവൻ തുടർന്നു: "മരിക്കുന്നതു് ഇതു രണ്ടുകൂട്ടരുമെങ്കിൽ ദീർഘമായി ജീവിച്ചിരിക്കുന്നതു് ഒരുവേള കൂടുതൽ ആപൽക്കരമായിരിക്കും. മരണസമയം എപ്പോഴും തന്റെ കൺമുമ്പിൽ ഉണ്ടായിരിക്കയും ഓരോ ദിവസവും മരിക്കുവാൻ ഒരുങ്ങിയിരിക്കയും ചെയ്യുന്നവർ ഭാഗ്യവാന്മാർ."

ബാക്സ്റ്റർ വിമ്മിഷ്ടപ്പെട്ടുചുമച്ചു. പെന്നിയുടെ വ്യക്തമായ പുരുഷശബ്ദം തുടർന്നു: "മരണസമയത്തു എപ്രകാരം കാണപ്പെടണമെന്നു് ആഗ്രഹിക്കുന്നുവോ അപ്രകാരം ഇപ്പോൾ ജീവിതം നയിക്കുന്നതിനു യത്നിക്കുന്നവൻ എത്രയോ സൗഭാഗ്യവാനും ബുദ്ധിമാനുമാണു്." മറ്റാരെങ്കിലും ഏതാട്ടശസംഗതികൾ ബാക്സ്റ്റർ വായിച്ചുകേൾപ്പിക്കുവാൻ ശ്രമിച്ചാൽ അവൻ വല്ല കടലാസുകഷണങ്ങൾ പെറുക്കിയെടുക്കുകയോ അഥവാ സിഗററു് ഉരുട്ടുന്നതിൽ വ്യാപൃതനായിരിക്കുകയോ ആണു് പതിവു്. എങ്കിലും പെന്നി വായിച്ചതു് അവൻ ശ്രദ്ധിക്കയും ഇഷ്ടപ്പെടുകയും ചെയ്തു. എലിയൊട്ടിനെപ്പറ്റിയും ടെൻറിനെപ്പറ്റിയും ഇതുതന്നെപറയാം. പാമ്പുകൾ പാമ്പാട്ടികളെ എന്നപോലെ അവർ പെന്നിയെ ശ്രദ്ധിച്ചു. എങ്കിലും ആൻഡേഴ്സൺ!.....

ടോം തന്റെ ശബ്ദത്തിൽ ഒരു പുതിയസ്വരം കലർത്തിവായിച്ചു. "നീ മരിച്ചുകഴിയുമ്പോൾ നിന്നെ ആരോർമ്മിക്കും? നിനക്കുവേണ്ടി ആരുപ്രാർത്ഥിക്കും? നിനക്കു കഴിവുള്ളതെല്ലാം ഇപ്പോൾ ചെയ്യുക.....സമയം നിനക്കു് അധീനമായിരിക്കുമ്പോൾ ഒരിക്കലും സാധിക്കാത്ത സ്വത്തുക്കളെ നീ ശേഖരിക്കുക. നിന്റെ രക്ഷയെപ്പറ്റിയല്ലാതെ യാതൊന്നിനെപ്പറ്റിയും ചിന്തിക്കാതിരിക്കുക. ഇഹലോകത്തേക്കുള്ളായ കാര്യങ്ങളെപ്പറ്റിയല്ലാതെ യാതൊന്നിനെയുംപറ്റി ശ്രദ്ധിക്കരുതു്"...നെടുവീർപ്പുകളോടും കണ്ണുനീരോടുംകൂടിയ നിന്റെ അനുദിനപ്രാർത്ഥനകളെ ഇഹലോകൽ

സമർപ്പിക്കുക. അപ്രകാരംചെയ്യുൽ മരണശേഷം നിന്റെ ആത്മാവു് ദൈവസന്നിധിയിലേക്കു ആനന്ദപൂർവ്വം കടന്നുചെല്ലുന്നതിനു യോഗ്യമായിഭവിക്കും.

"അതു മനോഹരമല്ലേ, ബോബ്"?

"മ്" എന്നായിരുന്നു മന്ദമെങ്കിലും വ്യക്തമായ സമ്മതം. "വൻകാര്യം കൊള്ളാം. എന്നാൽ ഈ രാത്രിയിലേക്കു അതുമതി, ടോം സി. റോബർട്ട് ആൻ എനിക്കു അയച്ചുതന്ന ജപമാലയുപയോഗിച്ചു ഞാൻ പ്രാർത്ഥിക്കാൻപോകയാണു്. അടുത്തതവണ നീ അവർക്കു് എഴുതുമ്പോൾ പറഞ്ഞേയ്ക്കണം ഞാനതു ശരിയായി ഉപയോഗിക്കുന്നുണ്ടെന്നു്."

"നീ എന്തുകൊണ്ടു് അതു് എഴുതുന്നില്ല?"

"എനിക്കു നിന്റെ വാചാലതപമില്ല. അതുകൊണ്ടു വളരെ സമയം ലാഭിക്കുന്നതിനു എനിക്കു സാധിക്കുന്നു. നിനക്കു് ഇന്നു് എത്ര എഴുത്തുകിട്ടി?"

"എട്ടുമാത്രം"

"എട്ടുമാത്രമോ" ടെൻറ് ആശ്ചര്യപ്പെട്ടു. "അതു എനിക്കു ഒരു മാസം കിട്ടുന്നതിൽ കൂടുതലാണല്ലോ. നീ ഇപ്പോൾ വായിച്ച പുസ്തകം എവിടെനിന്നുകിട്ടി?

"ഡെട്രോയിറ്റിലെ മഗ്ദലേനകന്യാമഠത്തിൽ നിന്നു് അമ്മ അയച്ചുതന്നതാണു്."

"അയ്യടാ ഈ കന്യാസ്ത്രീകളും നിനക്കു് എല്ലാം അയച്ചുതരുന്നു. അല്ലേ?"

ഈ ചോദ്യം ടോമിനെ തടസ്സപ്പെടുത്തി. കാരണം തന്റെ സഹബന്ധിയുടെ ശബ്ദത്തിൽ കേട്ടതു് അസൂയയുടെയും വിദ്വേഷത്തിന്റെയും ധ്വനിയാണു്. അവസാനം അവൻ പറഞ്ഞു: "ഹേർബ് അവരുടെ വാത്സല്യത്തിനു ഞാൻ എത്രകണ്ടു അനർഹനാണെന്നെനിക്കു് അറിയാവുന്നതുപോലെ മറ്റാർക്കും അറിഞ്ഞുകൂടാ."

"എങ്കിലും മുടിഞ്ഞവനെ, നിനക്കതു കിട്ടുവാൻകഴിഞ്ഞതെങ്ങനെ?"

"അതൊരു ശ്രമമായ ചോദ്യമാണ്", ഹേർബ്. "അതിനു ശ്രമമായ മറുപടി നൽകുവാൻ പോകയാണ്". അതു നേടുന്നതിനുള്ള കഴിവിനിക്കില്ല. എന്നാൽ സാദ്ധ്യമല്ല. ലക്സിംഗ്ടണിൽവച്ചു ദൈവം അക്കാര്യം എറെറടുത്തതായി ഞാൻ കാണുന്നു. അന്നുമുതൽ അവിടുന്നാണതു നടത്തുന്നതു". എന്റെ ഭാഗത്തുനിന്നു സഹകരണം ആവശ്യമാണ്", തീർച്ച. പക്ഷേ അതിനാവശ്യമുള്ളതെല്ലാം അവിടുന്നു തരുന്നു.'

"എന്താണ് അതിന്റെ അർത്ഥം?" എലിയൊട്ടിനതു് അറിയണം.

"ബിൻ, ഒരു കുറവാളിയായി ഞാൻ എന്റെ സ്വദേശത്തുകൊണ്ടുവരപ്പെട്ടപ്പോൾ നസ്രത്തിലെ രണ്ടു സന്ന്യാസിനികളും ഒരു നല്ലവൈദികനും ഞാൻ ആവശ്യപ്പെടാതെ എന്റെ ജീവിതത്തിലേയ്ക്കു കടന്നുവന്നു. എന്നെ സംബന്ധിക്കുന്നതെല്ലാം—എന്റെ ചിന്തയും സരണിയും സംസാരരീതിപോലും— അവർ വ്യത്യാസപ്പെടുത്തി. ആ വൈദികൻ യുക്തിവാദിയായിരുന്നു. അപ്പോൾ ദൈവം ശ്രേഷ്ഠനായ വേറൊരാളെ അയച്ചുതന്നു. അദ്ദേഹം 80 മൈലെനകലെക്കൊണ്ടു" എന്നെ മത്തുപത്രനായി എടുപ്പിച്ചു. പുസ്തകങ്ങളിൽനിന്നു ലഭിക്കയില്ലാത്ത സംഗതികൾ— ഒരുവന്റെ ഉള്ളിന്റെയുള്ളിലേയ്ക്കു നോക്കുകയറകയും ഇരകിപിടിക്കുകയും ആപിടിയിൽവച്ചുകൊണ്ടിരിക്കയും സംസ്കരിക്കയും ചെയ്യുന്ന സംഗതികൾ അവർ എഴുതുവാൻ തുടങ്ങി. അവർ എനിക്കുവേണ്ടി പ്രാർത്ഥിക്കുവാനാരംഭിച്ചു. അവരുടെ പ്രാർത്ഥന ആകാശം തുളച്ചുകയറി."

"അവരിൽനിന്നോ അഥവാ ദൈവത്തിൽനിന്നോ നീ അതെല്ലാം ആർജ്ജിച്ചതെങ്ങനെ?" എലിയൊട്ടചോദിച്ചു.

"ഞാൻ ആർജ്ജിച്ചതല്ല; അതെല്ലാം ദൈവത്തിന്റെ ദാനം മാത്രമാണ്"."

"എന്നിട്ട്" എനിക്കു കിട്ടുന്നില്ലല്ലോ", ടെന്റ് പച്ചിച്ചു. "നിയൊരു ഭാഗ്യശാലിയാണെന്നു ഞാൻ പറയും. പൊന്നി, നീ വ്യത്യസ്ഥൻ തന്നെ. ഞാൻ ഈ നരകക്കുണ്ടിൽ കാമുകത്തിയ വി

നഴികെ ഞാനതുമനസ്സിലാക്കി. ഒരു പടികൂടി മുമ്പോട്ടുകടന്നു പറയുന്നു; നീ ഞങ്ങളിൽ ആർക്കും ഒരുപദ്രവവും ചെയ്യിട്ടില്ല."

ടെൻറിനു പറയാമായിരുന്ന വേറൊരു വ്യത, അവർക്കെല്ലാവർക്കും ആ നരകക്കഴിയെ പെന്നി വ്യത്യാസപ്പെടുത്തുകയും ആ കഴിയുടെ ആഴം കുറയ്ക്കുകയും നരകത്തോടുള്ള അതിന്റെ സാദൃശ്യം അതിലുമധികം കുറയ്ക്കുകയും ചെയ്തുവെന്നതാണ്. സി. റോബർട്ട് ആനിനുള്ള ഒരെഴുത്തിൽ പെന്നിയുടെ ഈ കഴിവിന്റെ ഉല്പത്തിയും രഹസ്യവുമവൻ രേഖപ്പെടുത്തിയിട്ടുണ്ട്.

"ഈ കഴിഞ്ഞ ഏതാനും മാസങ്ങൾകൊണ്ട് സംഗതികളെ നിക്കു കൂടുതൽ നന്നായി ഗ്രഹിക്കുവാൻകഴിഞ്ഞു. കൂടുതൽ വ്യക്തമായ ആ അറിവെന്തൊരു വ്യത്യാസം വരുത്തിയിരിക്കുന്നു! സിസ്റ്റർ, നാം ദൈവത്തിനു അടുത്തിയസ്ഥാനം നൽകാതിരിക്കുന്നിടത്തോളംകാലം അവിടുന്നു നമ്മെ അത്ഭുതയിൽ ഇട്ടേയ്ക്കും. കാരണം, വികേതസ്നേഹം അവിടുന്നു വെറുക്കുന്നു.

ഓ, ഇക്കഴിഞ്ഞ കൊല്ലം ഞാൻ വളരെക്കാര്യങ്ങൾ പഠിച്ചു. എനിക്കു നഷ്ടപ്പെട്ട യഥാർത്ഥഭോഗ്യത്തെപ്പറ്റി ഓർക്കുന്നതുതന്നെ വാസ്തവത്തിൽ സങ്കടകരമാണ്. മരണവേളയിൽ ആളുകൾക്കു തമാശപറയുവാൻ കഴിയുന്നതു് എങ്ങനെയെന്നു ഞാനിപ്പോൾ മനസ്സിലാക്കുന്നു. എന്തുകൊണ്ടതുപാടില്ല? നാം ദൈവത്തെ ഗ്രഹിക്കുമ്പോൾ ബാക്കിയെല്ലാം നിസ്സാരങ്ങൾ."

ഏകദേശം രണ്ടാഴ്ചകഴിഞ്ഞു, ജോലിത്തിരക്കിൽ സദാ വ്യാപൃതയായിരുന്ന നേഴ്സസ് ഡയറക്ടറെ സി. മേരി ലോറൻസിയ തേടിപ്പിടിച്ചു, എന്താണ് അസ്വസ്ഥത കലർന്ന സ്വരത്തിൽ ചോദിക്കയായി, എഡ്വിൽനിന്നും ഒടുവിൽവന്ന നാലഞ്ചെഴുത്തുകളും മറ്റും പരിശോധിച്ചു് പെന്നിയുടെ ജീവിതത്തിൽ വല്ല ദുർഘടസന്ധിയും അവിർഭവിച്ചിട്ടുണ്ടോയെന്നു് കണ്ടുപിടിക്കണമെന്നു്.

അതു് അസാധാരണമായ ഒരപേക്ഷയായിരുന്നു. എങ്കിലും നിർബന്ധപൂർവ്വമായ എല്ലാ ചോദ്യങ്ങൾക്കും ആ പ്രായംകൂടിയ

സിസ്റ്ററിന്റെ ഏക മറുപടി "സൂക്ഷ്മമായി പരിശോധിക്കൂ. ഞാൻ അസ്വസ്ഥയാണു്" എന്നായിരുന്നു.

രാത്രി കുറെ അധികമായതിനുശേഷമേ സി. റോബർട്ട് അതിനു് എഴുത്തുകൾ പരിശോധിക്കുവാൻ കഴിഞ്ഞുള്ളൂ. ഉപകാരസ്മരണാദിനത്തിലയച്ച എഴുത്തായിരുന്നു അവർ ആദ്യം വായിച്ചതു്. ടോമിനു് എന്തെങ്കിലും വിഷമതയുള്ളതായി ഒരു സൂചനപോലും അതിൽ ഉണ്ടായിരുന്നില്ല അന്നത്തെ സുഭിക്ഷമായ ഭക്ഷണത്തെപ്പറ്റി അവൻ എഴുതിയിരുന്നു. ആ ദിവസത്തിലധികവും ശ്രമപരായണത്തിനു ചെലവഴിച്ചുവെന്നും, കൃതജ്ഞനായിരിക്കേണ്ട ഒരായിരം കാര്യങ്ങൾക്കുവേണ്ടി ദൈവത്തിനു നന്ദിപറയുവാൻ അവൻ വിസ്മരിച്ചില്ലെന്നും അവന്റെ വക്കീൽ, കേസ് പുനരെടുപ്പിക്കാൻ അപേക്ഷിച്ചിട്ടുണ്ടെന്നു പത്രത്തിൽനിന്നു മനസ്സിലാകുന്നതുകൊണ്ടു നവവത്സരദിനം അവൻ മരിക്കയില്ലെന്നു് സിസ്റ്ററിനു ഉറപ്പുകൊടുക്കുന്നെന്നും അതിലുണ്ടായിരുന്നു.

ആ എഴുത്തിലൊരു വെപ്രാളത്തിനും കാരണം കണ്ടില്ല. "സ്വയം ബലിയായി അർപ്പിക്കപ്പെട്ട ആത്മാക്കളുടെ വഴികാട്ടി" എന്ന പുസ്തകം—ഇതിനെപ്പറ്റിയാണു് തന്റെ അടുത്തകത്തിൽ പരാമർശിച്ചുകൊള്ളാമെന്നവൻ നേരത്തെ വാഗ്ദാനം ചെയ്തിരുന്നതു്—എങ്ങനെ ഒരു മംഗലേന അതവനു് അയച്ചുകൊടുത്തുവെന്നും എഴുതിയിരുന്നു.

അടുത്ത രണ്ടെഴുത്തുകൾ പ്രകടമാക്കിയതു് അവന്റെ സന്തോഷപ്രകൃതിയും അല്പം പ്രകമ്പിതമനസ്ഥിതിയുമാണു്. കാരണം, ബൈബിൾസംബന്ധമായ മത്സരത്തിൽ അവൻ ഏർപ്പെട്ടിരുന്നു. അതിൽ അവന്റെ ഭാഗം നന്നായി നിർവ്വഹിച്ചിരുന്നെന്നതോന്നി. ആ മത്സരം അവസാനിക്കുമ്പോൾ താൻ ഭ്രമിയിലായിരിക്കുമോയെന്നതു മാത്രമാണവനെ വിഷമിപ്പിച്ചതു്.

അവന്റെ എല്ലാ എഴുത്തിലും ദിവ്യകാരുണ്യസ്വീകരണത്തെപ്പറ്റി പറഞ്ഞിരുന്നു. ഓരോന്നും ഓരോയൊരുപേക്ഷയോടുകൂടിയാണവസാനിപ്പിച്ചിരുന്നതു്. നിങ്ങൾ വി. കുർബാന സ്വീകരി

ക്കുമ്പോൾ നിങ്ങളുടെകൂടെ എന്നേയും കൂട്ടിക്കൊണ്ടുപോകേണമെ എനിക്കുള്ള ക്രിസ്റ്റ്മസ് പാരിതോഷികത്തിനു" അതു മതിയായിരിക്കും. ഈ അപേക്ഷ വായിച്ചപ്പോൾ ആ ഇളംനീലകണ്ണുകൾ കണ്ണുനീരുകൊണ്ടു നിറഞ്ഞു.

ഏറ്റവും ഒടുവിലത്തെ എഴുത്തു് അന്നു രാവിലെയാണു് സിസ്റ്ററിനു ലഭിച്ചതു്. അതുവീണ്ടും വായിച്ചു. അതവസാനിച്ചപ്പോൾ ശിരോവെഷ്ടിയോടുകൂടിയ ആ ശിരസ്സു് ഒരു തീർച്ചയിലെത്തിയവണ്ണം കുലുക്കി. "വിഷമഘട്ടം!" തികച്ചും പുരുഷസ്വരത്തിൽ അവൻ മന്ത്രിച്ചു. നിന്ദനത്തിനു് അവർക്കു് ന്യായമുണ്ടായിരുന്നു. കാരണം, ടോം തന്റെ അവസാനത്തെ എഴുത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരുന്നു.

"ക്രിസ്റ്റ്മസിന്റെ തലേനാൾ പാതിരാത്രിവരെ ഞാൻ ഉണർന്നിരിക്കും. എന്നിട്ടു ഞാൻ പറയും, പ്രിയപ്പെട്ട ഉണ്ണിയീശോ അങ്ങേ മാധുര്യമേറിയ മാതാവു് സജ്ജമാക്കുകയും അങ്ങേക്കുവേണ്ടി തീണ്ണമാക്കുകയുംചെയ്ത എന്റെ ഹൃദയത്തിൽ അങ്ങു എഴുന്നള്ളിവരണമേ; വരണമേ. നാഥാ. ഞാൻ അങ്ങയെ എന്നും എന്നന്നേക്കും സ്നേഹിക്കും"

"എനിക്കു പ്രിയങ്കരമായ എന്റെ അരുപിക്കുട്ടത്ത ദിവ്യകാരുണ്യസ്വീകരണത്തോടതിനു വളരെസാധർമ്മ്യമുണ്ടു്" അതേപ്പറ്റി ഞാൻ അങ്ങയോടെന്തെങ്കിലും പറഞ്ഞിട്ടുണ്ടെന്നു തോന്നുന്നില്ല. അതു് ഇപ്രകാരമാണു്:" അനേകം ക്രൂരഹൃദയങ്ങളാലിന്നു പരിത്യജിക്കപ്പെട്ടിരിക്കുന്ന പ്രിയപ്പെട്ട ഈശോ അങ്ങേ പ്രിയമാതാവങ്ങേക്കായി ഒരുക്കിയിരിക്കുന്ന എന്റെ ഹൃദയത്തിൽ എഴുന്നള്ളിവരണമെ. ഞാൻ അങ്ങയെ സ്നേഹിച്ചുകൊള്ളാം.

അടുത്ത പ്രാതേത്തിൽ തന്റെ കൂട്ടുകാരിയുടെ റിപ്പോർട്ടു് താത്പര്യമായി കേട്ടശേഷം സി: മേരില�ൊറൻസിയ, നിങ്ങളുടെ വല്ല എഴുത്തിലും ടോം, ആന്റ്"ഡേഴ്"സനെപ്പറ്റി പറയുന്നുണ്ടോയെന്നു ചോദിച്ചപ്പോൾ സി. റോബർട്ടു്"ആനിന്റെ കോപവും ദ്വേഷ്യവും എല്ലാം പെട്ടെന്നു അപ്രത്യക്ഷമായി.

"ഇല്ല!"

"എന്നാൽ എനിക്കുള്ള കത്തിൽ അക്കാര്യം പറയുകയും അതു് എന്നെ വിഷമിപ്പിക്കയും ചെയ്യുന്നുണ്ടു്. ആൻഡേഴ"സൻ വീണ്ടും അച്ഛൻകൊടുക്കുന്നതിനെപ്പറ്റി യാതൊന്നും പത്രങ്ങളിൽ കണ്ടില്ല. പാവപ്പെട്ട പെന്നിക്കും ബാങ്കിസ്റ്റർക്കും ലഭിക്കാവുന്നതിലും കൂടുതൽ സമർത്ഥന്മാരായ അഭിഭാഷകന്മാർ അവനുണ്ടു്." അതു അസാധാരണ നിസ്സംബന്ധതയെപ്പറ്റി എനിക്കു ജിജ്ഞാസതോന്നുകയും ഞാൻ ടോമിനോടു ചോദിക്കുകയും ചെയ്തു. അവന്റെ മറുപടി എന്നെ ഭയപ്പെടുത്തുന്നു."

"എന്താണു് അതു്?"

"ഇതു വായിക്കു" എന്നു പറഞ്ഞുകൊണ്ടു് ആ പ്രായംകൂടിയ സിസ്റ്റർ തന്റെ ഒടുവിലത്തെ കത്തിലെ ചുരുക്കംചില വരികൾ കാണിച്ചു.

വർദ്ധമാനമായ ജിജ്ഞാസയോടെയാണു് സി. റോബർട്ടു് ആൻ ആ കടലാസു് വാങ്ങിവായിച്ചതു് "അങ്ങു" ആൻഡേഴ"സനെപ്പറ്റി അന്വേഷിക്കുന്നുവല്ലോ? സിസ്റ്റർ, അവൻ വീണ്ടും അച്ഛിലിനു പോകുന്നില്ല. എന്നാൽ വത്സരാരംഭത്തിൽ അവൻ പോകയില്ല. ഒരു പക്ഷേ, ഒരിക്കലും പോകയില്ലായിരിക്കും എനിക്കു ബോധജ്ഞാനം തരണമെന്നു് അപേക്ഷിക്കണമേ."

"അവൻ എന്തായിരിക്കാം ഉദ്ദേശിക്കുന്നതു്?"

"അതു് അറിഞ്ഞാൽ കൊള്ളാമെന്നെനിക്കാഗ്രഹമുണ്ടു്" മറുവടിയിൽ സി. മേരിലോറൻസിയ പ്രതിവചിച്ചു." എനിക്കുമുണ്ടു്. ആൻഡേഴ"സനു് സഹായകമായ എന്തോ ചെയ്യുവാൻ പോകയാണെന്നു മനസ്സിലാക്കത്തക്കവിധം ഞാൻ ഇതിനകം അവനെ നന്നായി അറിഞ്ഞിട്ടുണ്ടു്. അതു് അവനു് അറിയാം; സിസ്റ്റർകണ്ണുതുറന്നാട്ടെ. ആൻഡേഴ"സനെപ്പറ്റി പത്രങ്ങൾക്കെന്താണു പറയാനുള്ളതെന്നുകണ്ടോ? വാസ്തവത്തിൽ എനിക്കുപരിഭ്രമമാണു്. ആ അഭിഭാഷകന്മാർ ടോമിന്റെ ബുദ്ധിക്കു് അതിതരായ കുശാഗ്ര

ബുദ്ധികളായിരിക്കാം.”

“എന്നുവച്ചാൽ?”

“ആൻഡേഴ്സന്റെ വക്കീലന്മാർ അപ്പീൽകൊടുക്കുന്നില്ലെങ്കിൽ ജനുവരി 1–ാംതീയതി അവൻ മരിക്കണം. എങ്ങനെകൂട്ടിവിൽനിന്നു മാപ്പുലഭിക്കുക സാദ്ധ്യമല്ല. അതെനിക്കു് അറിയാം. ഞാൻ അതന്വേഷിച്ചു. എങ്കിലും ടോം കട്ടായം പറയുന്നു അവൻ അന്നു മരിക്കുകയില്ലെന്നു്, അതുതന്നെ പിഴയാണു്. എന്നിട്ടും അവൻ തുടർന്നുപറയുന്നു. ആൻഡേഴ്സൻ മരിക്കയേ ഇല്ലായിരിക്കുമെന്നു്. സിസ്റ്റർ ടോമിനെപ്പോലുള്ള ഒരുവനിൽനിന്നു പ്രതീക്ഷിക്കുവാൻ കഴിയാത്തവിധം കഠിനമാണു് ആ പ്രസ്താവം. തീർച്ചയായും എന്തോ ആരംഭിച്ചിട്ടുണ്ടു്.”

ഈ ജയിൽപുള്ളി ഫാ. ഡൊനെല്ലിക്കു് എഴുതിയ കത്തുകൾ ബുദ്ധിമതിയായ ഈ സന്ന്യാസിനി കണ്ടിരുന്നെങ്കിൽ അവർക്കുകൂടുതൽ വെപ്രാളം ഉണ്ടാകുമായിരുന്നു .....

“അച്ചാ, ഞാൻ ഉടൻ മരിക്കേണ്ടതില്ലെന്നാണു് വന്നിരിക്കുന്നതു്. വീണ്ടും ‘ഹിയറിംഗു്’ നടത്തണമെന്നു് എന്റെ വക്കീലന്മാർ അപേക്ഷിച്ചിട്ടുണ്ടു്. ചിരിക്കയാണോ കരയുകയാണോവേണ്ടതെന്നിനിക്കറിഞ്ഞുകൂടാ. എന്റെ മരണവേദന ദീർഘിപ്പിക്കുന്നതുകൊണ്ടൊരു പ്രയോജനവും കാണുന്നില്ല. എങ്കിലും എനിക്കു ജീവിച്ചിരിക്കുന്ന സമയം ഏറ്റവും നന്നായിട്ടു ഞാനുപയോഗിക്കുമെന്നതിലുണ്ടു തെല്ലുംസംശയിക്കേണ്ട. ഒരുവേളഎന്നെ സംബന്ധിച്ചിടത്തോളം ദൈവം സംതൃപ്തനല്ലായിരിക്കാം. അതുകൊണ്ടായിരിക്കാം എന്നെ കൂടുതൽ കർക്കശമായി പരീക്ഷിക്കയായിരിക്കും ചെയ്യുന്നതു്. എതായാലും അങ്ങേ ദിവ്യബലിയിലും പ്രാർത്ഥനയിലും എന്നെപ്രത്യേകം സ്മരിക്കുക. ഞാനൊരുകാര്യം ചെയ്യുവാനാഗ്രഹിക്കുകയാണു്; അതിൽ എത്രമാത്രം വിജയിക്കുമെന്നറിഞ്ഞുകൂടാ. പരാജയമല്ലാതെ മറ്റൊന്നും പരീക്ഷണത്തെ പരാജയപ്പെടുത്തുകയില്ലല്ലോ. അതുകൊണ്ടു് അങ്ങയുടെ സന്ദർശനത്തെ തടസ്സപ്പെടുത്തുന്നതിനു് എന്റെ മരണത്തിനുള്ള താമസം കാരണമാകാൻ ഇടയാക്കരു

തു്. വാസ്തവത്തിൽ അങ്ങയെ കാണേണ്ടയാവശ്യം എനിക്കുണ്ടു്.

അങ്ങേമിത്രമായ സി. അഡലെയിഡിൻനിന്നു ബോബിനു മനോഹരമായ ഒരു കത്തുലഭിച്ചിട്ടുണ്ടു്. അവൻ പരിശ്രമിക്കുന്നുണ്ടു്. എന്നാൽ വേദവാക്യങ്ങളുടെ വ്യാഖ്യാനത്തിൽ അവനു വലിയ പ്രയാസങ്ങളുണ്ടു്. വേദപുസ്തകപാരായണം അത്രവളരെസംശയങ്ങൾക്കിടയാക്കുന്നെങ്കിൽ വായന നിറുത്തുവാൻ ഞാൻ ആവശ്യപ്പെട്ടിരിക്കയാണു്. എന്റെ നിലപാടു തെറ്റായിരിക്കാം. എന്നാലും നാം ആദ്യമെ ദൈവത്തെ അറിയണം, അഥവാ അറിയുകയും സ്നേഹിക്കുകയും അവിടുത്തെ ആരാധനീയമായ ഹിതത്തിനു കീഴ്വഴങ്ങുകയും ചെയ്യുവാനാഗ്രഹിക്കയെങ്കിലും ചെയ്യണം; അല്ലാതെ, സംശയിക്കയല്ലവേണ്ടതു് അപ്പോൾ വിശുദ്ധലിഖിതം കൂടുതൽ നന്നായി ഗ്രഹിക്കുവാൻ നമുക്കു സാധിക്കും.''

ടോം എന്താണു് ചെയ്യുവാൻ പോകുന്നതെന്നു ബാഹ്യകാര്യപര്യാകുലനായ ആ ചാപ്പ്ലെൻ ആരാഞ്ഞില്ല. പഡുക്കായിലേക്കു പറക്കുന്നതിനും കുറെസമയം ഈ ബന്ദിയുടെ കൂടെ ചെലവഴിക്കുന്നതിനും അനുവാദം കിട്ടുവാൻ അദ്ദേഹം ശ്രമിച്ചതാണു്. എങ്കിലും അതു പരാജയപ്പെട്ടു. ടോമിന്റെ പ്ലാൻ എന്തായിരുന്നുവെന്നു അദ്ദേഹത്തിനു എന്തെങ്കിലും ഉൽഗ്രഹമുണ്ടായിരുന്നെങ്കിൽ അവധിക്കു വേണ്ടി മേലുദ്യോഗസ്ഥന്മാരുടെപക്കൽ കൂടുതൽ സമ്മർദ്ദം ചെലുത്തുകയും നിർബന്ധപൂർവ്വം അവകാശവാദങ്ങളും അപേക്ഷകളും നടത്തുകയും ചെയ്യുമായിരുന്നു.

ഡിസംബർ 16-ാംതീയതിയിലെ എഴുത്തിൽ ഈ ജയിൽപുള്ളി തന്റെ ആധ്യാത്മികാനുഭവങ്ങളെപ്പറ്റി ഒരു പേജ് നിറയെ വിവരിച്ചിരുന്നു. അതിൽ താൻ ഇരുളടഞ്ഞ സ്ഥലങ്ങളിലൂടെ ചരിക്കയും അന്ധകാരനിബിഡമായ ദിനരാത്രങ്ങളിലൂടെ കടക്കയും ചെയ്യെന്നു സമ്മതിച്ചശേഷം അവൻ തുടർന്നു.

"എന്നാൽ, പിതാവേ, ഒരു വിനാഴികനേരത്തെയ്ക്കെങ്കിലും ഞാൻ സംശയിച്ചിട്ടില്ലെന്നൊരു വലിയ ഋണം എനിക്കുണ്ടെന്നു് പരമാർത്ഥമായി പറയുവാൻ കഴിയും. ഞാൻ എത്രകണ്ടു് അയോ

ശ്നാണെന്നു് നന്നായി അറിയാം. എങ്കിലും എന്റെ കത്തോലി
ക്കജീവിതത്തിലെ ഓരോ വിനാഴികയും മനോഹരമായിരുന്നു. ഞാ
ൻ പഠിക്കേണ്ടവയായി വളരെ കാര്യങ്ങളുണ്ടായിരുന്നു; ഇപ്പോഴ
മുണ്ടു്. ശിശുപ്രായംതുടങ്ങി കത്തോലിക്കസഭയിൽ പരിപോഷി
പ്പിക്കപ്പെട്ടന്ന അങ്ങയെയും അങ്ങയെപ്പോലുള്ളവരെയും സംബ
ന്ധിച്ചു ഞാൻ അസൂയാലുവാണു്. എങ്കിലും പൊട്ടന്നനവെ പിതൃ
ഭവനത്തിലെ പ്രഭാപൂരത്തിലേയ്ക്കു കണ്ണുതുറക്കുന്ന ഒരു നവകത്തോ
ലിക്കനു് അനുഭവപ്പെട്ടന്നാനന്ദാധിക്യം അനുഗ്രഹീതരായ നിങ്ങ
ൾ എപ്പോഴെങ്കിലും ആസ്വദിച്ചിട്ടുണ്ടോയെന്നറിഞ്ഞുകൂടാ. അച്ചാ
ഇനിമേൽ എനിക്കു നിങ്ങളോടസൂയയില്ല.

കെൻറക്കിലെവിശേഷങ്ങളൊന്നും അങ്ങേയ്ക്കു കിട്ടുന്നില്ലെന്നു
ഞാൻ കരുതുന്നു. ബോബു് ജനുവരി 1-ാം തീയതി ഐഹിക
വാസം അവസാനിപ്പിക്കേണ്ടിയിരിക്കുന്നു. എങ്കിലും അതു സംഭ
വിക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. എന്റെയും ബാക്സ്റ്ററുടെ
യും തീയതി ജനുവരി 22 ആണെന്നാണു് നിശ്ചയിച്ചിരിക്കുന്നതു്.
ഇത്തവണ ഞങ്ങളുടെ കേസു് തീരുമാനിക്കാനവർ സമയം നഷ്ട
പ്പെടുത്തിയില്ല.

എനിക്കു പല കാര്യങ്ങളും അങ്ങയോടു പറയുവാനുണ്ടു്....
അച്ചാ, എന്റെ ആത്മാവു് മുഴുവൻ ഭാവാന്തരപ്പെട്ടിരിക്കയാണു്.
നമ്മുടെ പ്രിയപ്പെട്ട സിസ്റ്റേഴ്സിനുവേണ്ടി ഞാൻ എന്റെ ഒരു
ലഘു ചരിത്രം എഴുതിവച്ചിട്ടുണ്ടു്. ഞാൻ മരിക്കുന്നതിനുമുമ്പു് അ
ങ്ങയെ കാണാൻ കഴിഞ്ഞില്ലെങ്കിൽ അവർ അതിന്റെ ഒരു പ്രതി
സന്തോഷസമേതം അങ്ങേയ്ക്കു തരുന്നതായിരിക്കും. എങ്കിലും അങ്ങ
യെ കാണുവാൻ ഞാൻ പ്രതീക്ഷിച്ചിരിക്കയാണു്.....

ബോബിനു സുഖമാണു്. സി. അഡലെയിഡ് അവനു് എഴു
ത്തുണ്ടായിരുന്നു. ദൈവം അവരെ അനുഗ്രഹിക്കട്ടെ. എന്റെ പരി
ശ്രമസാകല്യംകൊണ്ടു് സാധിച്ചതിലധികം അവർ കേവലം ര
ണ്ടുകത്തുകൾകൊണ്ടു സാധിച്ചു. അതു യുക്തിപൂർവ്വകമാണു്. നമ
സ്കേ, പിതാവെ, ദൈവം അനുഗ്രഹിക്കട്ടെ.

സിസ്റ്റേഴ്സിന്റെ കത്തുകളുമായി തന്റെ എഴുത്തുകൾ കൈമാറണമെന്നുള്ള ചാപ്പ്ലെന്റെ ആദ്യപ്രാവശ്യം അദ്ദേഹം നടപ്പിൽ വരുത്തിയിരുന്നെങ്കിൽ ബുദ്ധിമതിയായ സി. മേരിലോറൻസിയ നിഷ്പ്രയാസം മനസ്സിലാക്കുമായിരുന്നു. ടോംപെന്നിയെ സംബന്ധിച്ചു തനിക്കുണ്ടായിരുന്ന ഭയം തക്ക ന്യായത്തോടുകൂടിയതായിരുന്നെന്നു്. ഭാവനാസംപന്നമായ അവന്റെ മസ്തിഷ്ക്കം ദീർഘകാലമായി സംവഹിച്ചിരുന്ന എന്തോ ഒന്നിനെ അവൻ ഇപ്പോൾ പുറത്തു വിടാൻ പോകയാണു്.

വി. എലിസബെത്തിന്റെ സി. മഗ്ദലേന അവനു് അയച്ചുകൊടുത്ത കൊച്ചുപുസ്തകം അവൻവായിച്ചുപ്പോൾ സി. മേരിലോറൻസിയ അവനെ പിന്നിൽ നിന്നു സൂക്ഷിച്ചുനോക്കിയിരുന്നെങ്കിൽ, പിശാചു് തന്റെ ഏറ്റവും കുശാഗ്രമായ ഒരുജോലിയിൽ ഏർപ്പെട്ടിരിക്കയാണെന്നുകാണുമായിരുന്നു. വധശിക്ഷക്കു വിധിക്കപ്പെട്ടിരുന്ന ഈ മനുഷ്യനു് വെളിച്ചത്തിന്റെ മാലാഖയെപ്പോലെ പിശാചു കാണപ്പെടുകയും ഏദൻ തോട്ടത്തിലെ പ്രഥമപരീക്ഷ കേവലം അപരിഷ്കൃതമായ ഒന്നായി അധികരിക്കത്തക്കവിധമുള്ള കൂടിലകൌശലത്തോടെ പെന്നിയ്ക്കു മാർഗ്ഭ്രംശം വരുത്തുവാൻ ശ്രമിക്കയുമായിരുന്നു അവന്റെ ജോലി.

"സ്വയം ബലിയായി അർപ്പിക്കപ്പെട്ട ആത്മാക്കളുടെ വഴികാട്ടി" എന്ന പുസ്തകം പെന്നി കുനിഞ്ഞിരുന്നു വായിക്കുകയായിരുന്നു. പട്ടിണിപ്രാവത്തിന്റെ ഭക്തിയോടെയാണു് അവൻ അതിലെ സിദ്ധാന്തങ്ങൾ വിഴുങ്ങിയിരുന്നതു്. ആനന്ദാധികൃത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും ബഹിർസ്ഫുരണമെന്നോണം പെൻസിൽ അടയാളം കൊട്ടത്ത വാചകമാണിതു്. "ചുരുക്കം ചില അസാധാരണ ആത്മാക്കൾ മറ്റുള്ളവർക്കുവേണ്ടി ബലിവസ്തുക്കളായി ദൈവത്തിനു സ്വയം സമർപ്പിക്കുന്നു. അതായതു് മറ്റുള്ളവരുടെ അപരാധങ്ങൾക്കുവേണ്ടി പീഡ സഹിക്കുവാൻ അവർ സ്വയം കാഴ്ചവയ്ക്കുന്നു." അവൻ അഴികളുടെ ഇടയിലൂടെ ബോബ് ആൻഡേഴ്സൻ ക്ഷീണിച്ചുകിടന്ന സ്ഥാനത്തേയ്ക്കുനോക്കി. അ

വൻ അങ്ങനെ സൂക്ഷിച്ചു വീക്ഷിക്കുകയും ചിന്തിക്കുകയും ചെയ്തപ്പോൾ അവന്റെ കണ്ണുകൾ സങ്കോചിച്ചു. ഞടിതിയിലും എന്തോ ഒണ്ടു" അദ്ദേഹമായുംതലവെട്ടിച്ചുകൊണ്ടു"അവൻ പെൻസിൽ എടുത്തു ഓരോ വാചകവും അടയാളപ്പെടുത്തുവാൻ തുടങ്ങി. താൻ അടയാളപ്പെടുത്തിയ വാചകങ്ങൾ വീണ്ടും വായിക്കുവാൻ അവൻ ഒന്നുകൂടി കുനിഞ്ഞിരുന്നു. പെന്നിയുടെ നിലയിലുള്ള ഒരുവനു" അതു" അസുലഭമായ പാരായണമായിരുന്നു.

"തിരുവോസ്തി" അതിന്റെ ബാഹ്യരൂപം ഈശോയ്ക്കു കൊടുക്കുന്നതുപോലെ ഈ ആത്മാക്കൾ തങ്ങളെ മുഴുവനും ക്രിസ്തുവിനു വിട്ടുകൊടുക്കുവാൻ തീവ്രമായി ആഗ്രഹിക്കുന്നു. നമ്മുടെ ദിവ്യനാഥനു" ഇനിമേൽ പീഡകൾ അനുഭവിക്കുക സാദ്ധ്യമല്ല. ആകയാൽ അവർ തങ്ങളുടെ ഹൃദയങ്ങളും തങ്ങളുടെ ആത്മാവുകളും തങ്ങളുടെ ശരീരങ്ങളും അവിടത്തേയ്ക്കു സമർപ്പിക്കുന്നു. തന്മൂലം പരിശുദ്ധതമത്രിത്വത്തിന്റെ ഉപരിമഹിമയ്ക്കും ദൈവികോദ്ദേശ്യങ്ങളുടെ നിർവ്വഹണത്തിനും, വിശിഷ്യ, പാപികളുടെ മാനസാന്തരത്തിനുംവേണ്ടി തന്റെ സ്വർഗ്ഗപിതാവിനു സമർപ്പിക്കുവാൻ ഈശോ അതിയായി ആഗ്രഹിക്കുന്ന കഷ്ടപ്പാടുകൾ അവരിൽ കാണുവാൻ കഴിയണം. അവസാനത്തെ വാക്യത്തിനു വിശേഷവിധമായ ഒരടയാളംകൂടി കൊടുത്തിട്ടു" ടോം തുടർന്നു:

"അങ്ങനെ വി. പൌലോസു" പറയുന്നതു" ഞാൻ നിങ്ങൾക്കുവേണ്ടി സഹിക്കുന്ന കഷ്ടപ്പാടുകളിൽ സന്തോഷിക്കുകയാണു". അങ്ങനെ ഞാൻ മിശിഹായുടെ കഷ്ടപ്പാടുകളുടെ പോരായ്മ എന്റെ ശരീരത്തിൽകൂടി അവിടത്തെ ശരീരമാകുന്ന സഭക്കുവേണ്ടി അതിന്റെ ഒരു സഹവിനയായി ഭവിച്ചിരിക്കുന്ന ഞാൻ പൂരിപ്പിക്കുകയാണു"."

അതേ ട്രിഹായോടുകൂടി ഈ ആത്മാക്കൾക്കു" ഇങ്ങനെ വിശദീകരിക്കാം: "എന്റെ ഭയാദികളും സഹോദരങ്ങളുമായവരുടെ നന്മയ്ക്കുവേണ്ടി മിശിഹായിൽനിന്നുള്ള വിരഹം തന്നെ സഹിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.". Rom 9_3. ഈ അവസാന വാക്യശകല

ത്തിനു" അവൻ ഒരുവര കൂട്ടൽ ഇട്ടു.

ഈ ജയിൽപുള്ളി തുടർന്നുവായിച്ചപ്പോൾ അവന്റെ വട്ടമുഖത്തു തുമന്ദഹാസം സാവധാനം വ്യാപിച്ചു. "തന്റെ പാപങ്ങൾക്കുവേണ്ടിയല്ല, പ്രത്യുത മറവുള്ളവരുടെ പാപങ്ങൾക്കുവേണ്ടി പരിഹാരബലിയായി അർപ്പിക്കപ്പെട്ട നമ്മുടെ ദിവ്യരക്ഷകനോടു പരിപൂർണ്ണമായി യോജിക്കുവാൻവേണ്ടി സ്വയം ത്യാഗാർപ്പിയിൽ ബലിവസ്തുവായി അർപ്പിക്കപ്പെട്ട ഈ ആത്മാക്കൾ കിണഞ്ഞു പരിശ്രമിക്കുന്നു." അടുത്തവരികൾ വായിച്ചതോടെ അവന്റെ മുഷ്ടിചുരുണ്ടു. "മിക്കപ്പോഴും ഇവർ ഒരു പ്രത്യേക ആത്മാവിന്റെ മാനസാന്തരത്തിനാണു തങ്ങളെത്തന്നെ ബലിയായി അർപ്പിക്കുന്നതു"." അടുത്തതു വായിച്ചപ്പോൾ വിജയോന്മത്തമായ ഒരു "ഹാ!" ആണു അവനിൽനിന്നു പുറപ്പെട്ടതു".

"മറവുള്ളവർക്കുവേണ്ടി സ്വയം അർപ്പിക്കുന്നതിന്റെ മനോഹരത്വവും ഔന്നത്യവും ഗണനീയമായ ഒരു ഗ്രന്ഥകാരൻ ഇപ്രകാരം വർണ്ണിക്കുന്നു. അഭിലഷണീയതയിലും വിഷയലമ്പടത്വത്തിലും ആണ്ടുകിടക്കുന്ന ഒരു ജനതയ്ക്കു", ജീവിതത്തിലെ ഏക ആശ്രയവും ലക്ഷ്യവും ഭോഗ്യവും സമസ്തഷ്ടങ്ങൾക്കുവേണ്ടി സ്വയം ബലിയായി അർപ്പിക്കുന്നതിൽ അടക്കിവച്ചിരിക്കുന്ന ക്രൈസ്തവാത്മാക്കളുടെ ദർശനം അസുലഭമായ ഒരു കാഴ്ചയാണു"."

"പെന്നി, എന്താണു നിന്നെ ശല്യപ്പെടുത്തുന്നതു"? നിന്റെ കാൽച്ചട്ടയിൽ എറുമ്പുകടന്നാൽ എന്നപോലെയാണു നിന്റെ പ്രവർത്തനം."

"അതിലും മെച്ചമാണു" ബോബു", അതിനെക്കാൾ വളരെ മെച്ചം."

"എന്താണു" കാരണം? നിനക്കു ഗവർണ്ണറിൽനിന്നു 'സ്റ്റേ' കിട്ടിയിട്ടുണ്ടോ?"

"ഇല്ല. പക്ഷേ എനിക്കു കിട്ടിയതു"...കൊള്ളാം എനിക്കു കിട്ടിയതു വ്യക്തമായി ഞാൻ പറയുകയില്ല. എങ്കിലും നിനക്കൊരു സൂചനതരാം. ഒരുപക്ഷേ ഇക്കൊല്ലം 'സാന്താക്ലോസു'

ന്റെ ഭാരം അങ്ങിനെയിരിക്കുവാൻ എനിക്കു സാധിച്ചേക്കാം.''

"ഹേ" ആൻഡേഴ്സൻ തന്റെ ഇരിപ്പിടത്തിൽ ഉറച്ചിരുന്നുകൊണ്ടു ചൂളമിട്ടു. "ഇവിടെനിന്നു പിരിയുന്നതിനുമുമ്പു നിനക്കു വട്ടാകുമെന്നു് എനിക്കറിയാമായിരുന്നു. ക്രിസ്മസ്ഷോപ്പിങ്ങിനു് ഇനി എത്ര ദിവസമുണ്ടു്?''

"എന്റെ കലണ്ടർ അനുസരിച്ചു് അതുയധികമില്ല. 20 മിനിറ്റുസമയത്തേയ്ക്കു് എന്നെ ശല്യപ്പെടുത്തരുതു്. നീ ഇപ്പോഴും പറഞ്ഞതരത്തിൽ ഒരു വ്യാപാരം നടത്തുവാൻ പോകയാണു്.''

പല മാസങ്ങളായി പെന്നിയിൽ ദുശ്ശമായിരുന്ന ഏതാണ്ടു നിരന്തരമായ ആനന്ദപ്രകൃതി ആൻഡേഴ്സനു് ഒരു കടംകഥയായിരുന്നു. മതമാണു് അതിനു നിദാനമെന്നു് സാമാന്യം അവ്യക്തമായി അവൻ കണ്ടു. എന്നാൽ പെന്നിയുടെ ജീവിതത്തിലെ പരമോന്നതയാഥാർത്ഥ്യം ദൈവമായിരുന്നതുപോലെ ഒരിക്കലും ബോബു് ആൻഡേഴ്സന്റെ ജീവിതത്തിൽ ആയിരുന്നിട്ടില്ല. തന്മൂലം മരണനിരയിലെ തന്റെ കൂട്ടുകാരനെ ശരിക്കു മനസ്സിലാക്കാൻ ബോബിനു കഴിഞ്ഞില്ല.

ഉയരംകൂടിയ ഈ മെലിഞ്ഞ ലക്സിംഗ്ടൻകാരന്റെ ഏതു മയത്തിൽ തന്നോടു വളരെക്കൂടുള്ള ഒരു സ്ഥാനമുണ്ടെന്നു് ആൻഡേഴ്സൻ അറിഞ്ഞിരുന്നു. ജ്ഞാനസ്നാനത്തിൽ തനിക്കു കിട്ടിയ ആത്മസമാധാനം വല്ലതരത്തിലും ബോബിനും അനുഭവവേദ്യമാക്കാനുള്ള ആഗ്രഹത്താൽ കുറെ മാസങ്ങളായിട്ടു അവൻ എരിയുകയായിരുന്നെന്നു് ബോബു് അറിഞ്ഞിരുന്നു. ആൻഡേഴ്സനു ദൃഢമായ വിശ്വാസം എന്ന ദൈവദാനം ലഭിക്കുന്നതിനു് ആദ്യം എല്ലാ ആഴ്ചയിലും ഇപ്പോഴും ദിവസേനയും അവൻ യുക്തിവാദം ചെയ്യുകയും യാചിക്കുകയും പരസ്യമായി പ്രാർത്ഥിക്കയും ചെയ്യുന്നുണ്ടു്. ഈ തച്ചന്റെ ഉൽക്കണ്ഠ സ്വന്തം സഹോദരന്റേതിലും അധികമായിരുന്നെന്നും ബോബിനു നിശ്ചയമുണ്ടു്. എങ്കിലും ബോബു് അവനെ ശരിയായിട്ടു മനസ്സിലാക്കിയില്ല എന്താണു് പെന്നിയെ കാൺതിനുകൊണ്ടിരുന്നതു്? അതു പാശ്ചാത്താപമായിരു

ന്നുവോ? അവൻ കുറ്റം സമ്മതിച്ചതുകൊണ്ടുള്ള സങ്കടമായിരുന്നോ? ലക്സിംഗ്ടനിൽവച്ചു അവൻ നൽകിയ വിനാശകരമായ സാക്ഷ്യത്തിനു പരിഹാരംചെയ്യുവാൻ ശ്രമിക്കയായിരുന്നോ? അങ്ങനെയാണെങ്കിൽ ആ പശ്ചാത്താപംകൊണ്ടു മുതലെടുക്കാൻ ആൻഡേഴ്സനു കഴിയുമായിരിക്കാം. പെന്നി സാന്താക്ലോസിന്റെ ഭാഗം അഭിനയിക്കുന്നതിനെപ്പറ്റി പറഞ്ഞപ്പോൾ അവൻ അസ്വസ്ഥമാക്കിയതു് അതായിരിക്കുമോ എന്നു ആൻഡേഴ്സൻ വിസ്മയിച്ചു.

"ഹേ, ടോം" അവൻ ഉറക്കെവിളിച്ചു.

"ആം ജോലിത്തിരക്കിലാണു്. 20 മിനിറ്റു് കഴിഞ്ഞു വിളിക്കൂ."

"പോയി നശിക്കെടാ"

"ഒരിക്കലും അരുതു്. നീയും നശിക്കാതിരിക്കുന്നതിനു ഞാൻ പ്രാർത്ഥിക്കുന്നുണ്ടു്."

അവ്യക്തമായ ഒരു ശാപവാക്കോടുകൂടി ആൻഡേഴ്സൻ തന്റെ ഇരിപ്പിടത്തേയ്ക്കു തിരിഞ്ഞു. എങ്കിലും ടോമിന്റെ ശബ്ദത്തിന്റെ സ്പഷ്ടതയും പ്രകൃത്തിന്റെ സ്നേഹവായ്പും ബോബിനെ സന്തുഷ്ടഹൃദയനാക്കി. ആൻഡേഴ്സന്റെ സത്തയുടെ ആഴത്തിൽ നിന്നുദ്ഭവപ്രമായ ഒരു പ്രതീക്ഷാപൊന്തിവന്നു—പെന്നിയുടെ സംസാരത്തിൽ എന്തോരുന്നു് ആൻഡേഴ്സന്റെ ഉപബോധത്തോടു മന്ത്രിക്കയും അവന്റെ പ്രത്യാശ വർദ്ധിപ്പിക്കയുംചെയ്തു. അതോടെ അവൻ ചുവരിന്റെ നേരെ മുഖംതിരിക്കയും കണ്ണുകൾ അടയ്ക്കയും അഹന്തയോടെ മന്ദഹസിക്കയും ചെയ്തു.

പെന്നി ഭക്തിപുരസ്സരനായി എഴുതിക്കൊണ്ടിരുന്ന എഴുത്തു വായിക്കുവാൻ അവനു കഴിഞ്ഞിരുന്നെങ്കിൽ അവന്റെ പ്രത്യാശയെ വർദ്ധിപ്പിക്കുന്നതിനുള്ള വിധാരാളമായി അതിൽ കാണുമായിരുന്നു. കാരണം, "സ്വയം ബലിയായി അർപ്പിക്കുന്ന ആത്മാക്കൾക്കു ഒരു വഴികാട്ടി" എന്ന പുസ്തകം ഡെട്രോയിറ്റിലെ മശിഹൈനകൾ അയച്ചുകൊടുത്തകാര്യം ഫാ. എവുജിനു എഴുതുകയായിരുന്നു അവൻ തുടർന്നു് എഴുതി, സ്വയംബലിയായി അർപ്പിക്കപ്പെട്ട

ഒരാത്മാവാകുവാൻ ഞാൻ വളരെ ആഗ്രഹിക്കുന്നു. എന്നാൽ എന്റെ ഇപ്പോഴത്തെ നിലയിലുള്ള ഒരുവനു് അതു് അനുവദിച്ചുകിട്ടുമോ? എന്റെ ആത്മപിതാവായ ഫാ. ലിബ'സിനോടതു ചോദിക്കണമെന്നു് എനിക്കറിയാം. പക്ഷേ രണ്ടാഴ്ചത്തേയ്ക്കു് ഞാനദ്ദേഹത്തെ കാണുകയില്ല. അദ്ദേഹം വി. കുർബാന കൊണ്ടുവരികയാണെങ്കിൽപോലും അദ്ദേഹത്തോടു സംസാരിക്കാൻ സാധിക്കയില്ല. എന്നാലും അദ്ദേഹം വി. കുർബാന തരണമെന്നാണു് എന്റെ അപേക്ഷ. "അച്ചാ, ആരെയും വേദനിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഫാ ലിബ"സ" ഒരു നല്ല വൈദികനാണെ"; ഒന്നാംതരം മനുഷ്യൻ. പക്ഷെ, ഇവിടെ വേണ്ടതു ശ്രദ്ധചെലുത്തുവാൻ അദ്ദേഹത്തിനു സമയമില്ല."

എഡിവില്ലിനെയും അവിടത്തെ ആളുകളേയും പരാമർശിച്ചുള്ള പ്രഥമലേഖനം കണ്ടുപിടിക്കാൻ തന്റെ ഫയൽ പരിശോധിക്കുന്നതിനു് ഇതു് ഫാ. എവുജിനെ പ്രേരിപ്പിച്ചു. അതു് ഫാ. ബ്രയനിൽനിന്നുവന്നതാണു്. അതിൽ പറയുന്നു.

"ഇന്നു രാവിലെ (സെപ്തംബർ 1) ഞാൻ മരണാവസ്ഥയിൽ പോകുകയും ടോംപെന്നിയുമായി സംസാരിക്കുകയും ചെയ്തു. അവനൊരു നല്ലകൊച്ചനാണു്. പ്രാസംഗികമായി അവനെപ്പറ്റിഫാ. ലിബ"സും അതുതന്നെ അഭിപ്രായപ്പെട്ടു. ഞാൻ ഇടയ്ക്കുകയറഞ്ഞുകൊള്ളട്ടെ—ഫാ. ലിബ"സ" ഇപ്പോൾ പോകുന്നതിൽ കൂടുതൽ അങ്ങോട്ടുപോകുക എന്നതു് തത്വത്തിൽ അസാദ്ധ്യമല്ലെങ്കിലും കാര്യത്തിൽ വളരെ പ്രയാസമുള്ളതാണു്. ഒഴിച്ചുകൂടാത്തതും അത്യാവശ്യവുമായ ജോലിത്തിരക്കുള്ള രണ്ടു ഇടവകകളുടെ ഉത്തരവാദിത്വമാണു് അദ്ദേഹത്തിനു പുരുക്കായിലുള്ളതു്. എഡിവില്ലിൽ എല്ലാതരക്കാരുമായി ഏകദേശം 70 പേർ മാത്രമേ കത്തോലിക്കരായുള്ളൂ."

ഇതുകൺമുമ്പിൽവെച്ചുകൊണ്ടു് ഫാ. എവുജിൻ ടോമിനു് ചാപ്പ്ലെന്റെ നിലപാടു എങ്ങിനെയെന്നു വിവരിച്ചെഴുതി. അതൊരു നല്ലകാര്യമായിരുന്നു. പക്ഷെ, ഒരു സ്വയംബലിയർപ്പണവസ്തുവായിത്തീരണമെന്നുള്ള ടോമിന്റെ നിശ്ചയത്തിനു് കാരണ

മെന്താണെന്നു് അറിഞ്ഞുവെങ്കിൽ അതു കൂടുതൽ പ്രയോജനകര മായിരുന്നേനെ. അതായിരുന്ന പിശാച് അപ്പോൾ പ്രയോഗി ച്ച കെണി; ടോം പെന്നിയുടെ നെറ്റിച്ചുളുക്കിയ കെണി.

ഡിസംബർ മദ്ധ്യത്തോടുകൂടി വി. ജന്മദിനത്തിന്റെ സി. മേരി ലേനിൽനിന്നുവന്ന ഒരെഴുത്തു് ആ ചുളികളെ മായിച്ചുകളഞ്ഞു് ആ തച്ചനെക്കൊണ്ടു് ഈവിധം എഴുതിച്ചു.

"ഞാൻ കഴിഞ്ഞതവണ അയച്ച എഴുത്തിന്റെ പിൻകുറി പ്പിനുള്ള മറുപടിക്കു വളരെയുപകാരം. ജീവിതമാകുന്ന കടംകഥ യെപ്പറ്റി നിങ്ങൾ എന്തു ധരിച്ചിരിക്കുന്നുവെന്നു ഞാനിപ്പോൾ ഗ്രഹിക്കുന്നു. നല്ല തിളക്കമുള്ള നിറങ്ങൾമാത്രം ഉപയോഗിച്ചാൽ ചിത്രം മനോഹരമായിരിക്കയില്ല, നിശ്ചയം. ഇരുണ്ടനിറങ്ങളും നിഴലുകളും ആവശ്യമാണു്. ഇപ്പോൾ എനിക്കു ധാരാളം കന ത്ത നിഴലുകളുണ്ടു്, സിസ്റ്റർ. എങ്കിലും ദൈവത്തിന്റെ സ്നേഹകര ങ്ങളിൽ നിന്നെന്നപോലെ ഞാൻ അവയെ സ്വീകരിക്കുകയും പ റഞ്ഞിയ സ്ഥാനങ്ങളിൽ അവയെ ഉപയോഗിക്കുവാൻ ശ്രമിക്കുക യുംചെയ്യുന്നു. എന്റെ ജീവിതകടംകഥയുടെ അവസാനത്തെ അം ശംകൂടിവച്ചു പൂരിപ്പിച്ചശേഷം ദൈവികകലാകാരൻ അതിന്മേൽ നോക്കുമ്പോൾ അതു പരിപൂർണ്ണമായികാണപ്പെടണമെന്നു ഞാൻ ഭിലഷിക്കുന്നു. ആ നോട്ടം മിക്കവാറും ജനുവരി 22-ാംതീയതി അർദ്ധരാത്രികഴിഞ്ഞാലുടൻതന്നെയായിരിക്കും, സിസ്റ്റർ. അതുകയാൽ എന്റെ തീയതി ഓർമ്മിക്കുകയും നിങ്ങളുടെ പ്രാർത്ഥനകളിൽ എന്നെ സ്മരിക്കുകയുംചെയ്യണമേ. ഉടനടി മറുപടി അയക്കാൻ അനുവാദംതന്നതിനു എന്റെപേർക്കു മദറിനു നന്ദിപ്രകടിപ്പി ക്കണമെ. ഞാൻ പിരിയുന്നതിനുമുമ്പു് ഒരു കത്തുകൂടി അങ്ങിൽനി ന്നു ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നു.

എന്റെ നേരെ പ്രദർശിപ്പിച്ച എല്ലാ വാത്സല്യത്തിനും എനിക്കുനൽകിയ എല്ലാ പ്രോത്സാഹനത്തിനും, ഇനി നാം സ്വ ർഗ്ഗത്തിൽ പരസ്പരം കാണുന്നതുവരെ ദൈവം അങ്ങയെ അനുഗ്ര ഹിക്കട്ടെ.

വി. കുരിശിന്റെ വലതുഭാഗത്തുള്ള അങ്ങേ സഹോദരൻ".

ഈ എഴുത്തിനു് ഒപ്പുവച്ചപ്പോഴേക്കും അവൻ ഒരു തീരുമാനം എടുത്തുകഴിഞ്ഞിരുന്നു. അവൻ ഒരു "ബലിവസ്തുവായി" സ്വയം അർപ്പിച്ചുകഴിഞ്ഞു. ആർക്കു വേണ്ടിയാണു് അങ്ങനെ അർപ്പിച്ചതെന്നും അവൻ നന്നായറിഞ്ഞിരുന്നു. ലൂയിവില്ലിലേയ്ക്കു സ്ഥലം മാറ്റം കിട്ടുമെന്നു അറിവുലഭിച്ച ഡെട്രോയിറ്റിലെ മദറിനും 49 മറ്റുള്ളവർക്കുംകൂടി അവൻ ദീർഘമായ ഒരു ലേഖനം എഴുതിയതു് നവോന്മേഷത്തോടെ ആയിരുന്നു. വ്യക്തിപരമായ സന്ദേശങ്ങളടങ്ങിയ നാലു പുറങ്ങൾക്കുശേഷം ആ എഴുത്തു് ഇങ്ങനെ സമാപിച്ചു.

"എന്റെ ഏറ്റവും പ്രി. അനുകമ്പയുടെ സി മദ്രലേൻ, ഇവിടെ, ഈ കെൻറക്കിയിലും ദൈവം സന്നിഹിതനാണു്. നമ്മുടെ പ്രിയപ്പെട്ട തിരുനാമത്തിന്റെ മദർ മേരിയുടെ കാര്യങ്ങൾ ഭംഗിയായി നടക്കുന്നില്ലെങ്കിൽ നമ്മുടെ സങ്കടത്തിന്റെ പ്രതിധ്വനി പരിശുദ്ധസ്ഥലത്തെ ശാന്തിയെ താറുമാറാക്കും. മദർ മേരി എന്നാണു് വരുന്നതെന്നു എന്നെ അറിയിക്കണം. ചിലപ്പോഴെങ്കിലെ നല്ല ഇടയന്റെ മനം സന്ദർശിക്കുന്ന ഒരുറപ്പുമിതും എനിക്കുണ്ടു്. അതു് ഫ: എവുജിൻ സി. പി. സെക്രഡ്ഹാർട്ടു് റിട്രീറ്റ്, നൃബർഗ്റോഡ്, ലൂയിവിൽ അവർകളാണു്. അദ്ദേഹത്തിൽനിന്നു ഞാൻ തീർച്ചയായും മദറിനെപ്പറ്റി കേൾക്കും. അദ്ദേഹം പുണ്യവാനായ ഒരു വൈദികനാണു്. എന്റെ പിതാവിനെപ്പോലെ ഞാൻ അദ്ദേഹത്തെ സ്നേഹിക്കുന്നു. എന്നെ സന്ദർശിക്കുന്നതിനും എനിക്കു് കുർബാനകൊടുക്കുന്നതിനുമുള്ള അനുമതി ഇയ്യിടെ അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ടു്. മറ്റു സംവേവിധാനങ്ങളും തുടർന്നുണ്ടാകുമെന്നു് പ്രതീക്ഷിക്കാം.

"ഇതാ." എഴുത്തു കൃാപ്റ്റൻ റാങ്കിന്റെ കയ്യിൽ കൊടുത്തുകൊണ്ടു ടോം പറഞ്ഞു: "അടുത്ത ക്രിസ്മസിനു് ഇതു പലരെ സന്തോഷിപ്പിക്കും."

"ടോം, നല്ലകൊച്ചൻ" അദ്ദേഹം പറഞ്ഞു. മറ്റുള്ളവരെ സ

സന്തോഷിപ്പിക്കുക എന്നതാണു തന്റെ ജീവിതത്തിലെ ഏകാഭിലാഷമെന്നു കാണിച്ച ഈ വട്ടമുഖനായ ദീർഘകായനോട് ഈ ഉദ്യോഗസ്ഥനു ബഹുമാനമുണ്ടായിരുന്നു.

എഴുത്തുകളുമായി അദ്ദേഹം മരണനിരവിട്ടിറങ്ങിയപ്പോൾ "എടാ, നാശമേ, നിനക്കെവിടെനിന്നാണു ഈ ക്രിസ്മസ് സന്തോഷങ്ങളെല്ലാം കിട്ടിയതു്." എന്നതുമായി ടെൻഡർ പെന്നിയുടെ നേരെ തിരിഞ്ഞു.

"എടോ പെന്നി" ആൻഡേഴ്സൻ പറയുകയാണു "നിനക്കു" ഇനി ആവശ്യമുള്ളതു് വെളുത്തമീശയും ചെമന്ന സൂട്ടുംമാത്രമാണു",'

''കലമാനും ഹിമവണ്ടിയുമോ?"

"കൊള്ളാം! നിനക്കു് ഡ്രസ്സും മീശയുംപോലും ആവശ്യമില്ല" ടെൻഡർ പുഛരിച്ചു. ''ഉണ്ടവയെക്കൂടാതെതന്നെ നീ സാന്തക്ലോസാണു്."

ഈ വർത്തമാനംമൂലം ഉണർത്തപ്പെട്ട ബാക്സ്റ്റർ കയിൽനിന്നടത്തെ വെല്ലുന്ന നേരിയ സ്വരത്തിൽ പാടുവാൻ തുടങ്ങി.

''കിലുങ്ങുമണികിലുങ്ങുമണി....."

ക്രിസ്മസിനെപ്പറ്റിയുള്ള ഈ സംസാരംമൂലം ആഴമായി ഇളക്കപ്പെട്ട ആൻഡേഴ്സൻ മുറുമുറുത്തു. "ദൈവത്തെപ്രതി മിണ്ടാതിരിക്കടാ, സ്ക്രൂഗർ. നൃത്തംചെയ്യുകയോ, ഹർമോണിയം വായിക്കയോ, വേണമെങ്കിൽ വീണകൊണ്ടു് മുഖംമൂടുകയോ ചെയ്യോളൂ. എന്നാലും പാടാൻ തുനിയരുതു്."

''നിനക്കു് എന്റെ വീണരാഗം പിടിച്ചില്ലേ?"

"ഇല്ല, എനിക്കതു് ഇഷ്ടമില്ല. അതുകൊണ്ടാണു് അതു നിർത്തുവാൻ പറഞ്ഞതു്."

''ഹേ, ബോബ്. നമ്മുടെ കൊച്ചനെ ശല്യപ്പെടുത്താതെ. അവനു ഒരുമാസം കൂടിയെ ആയുസ്സുള്ളൂ. മാത്രമല്ല, ക്രിസ്മസിനു് ഇനിരാത്രിയേയുള്ളൂ."

"അതിനു ഞാനെന്തുവേണം?"

രണ്ടു തുരങ്കങ്ങളുടെ ഇടയ്ക്കുള്ള അഴികളുടെ അടുത്തുനിന്നുകൊണ്ടു പെന്നി മൃദുവായി പറഞ്ഞു: "ബോബ", നിന്റെ ജീവിതം മുഴുവനിലുമുള്ള മറേറതു ക്രിസ്മസിനേയുംകാൾ കൂടുതൽകാര്യമുള്ളതായിരിക്കാം ഇതു".''

"എന്നുവച്ചാൽ?" തടിയൻ ആൻഡേഴ്സന്റെ കുടിലമായ കണ്ണുചുരുങ്ങി.

''നിനക്കു് ആയുസ്സോ സ്വാതന്ത്ര്യമോ ഞാൻ നേടിത്തരുമെങ്കിൽ നീ കത്തോലിക്കനാകാമെന്നു ഒരിക്കൽ പറഞ്ഞുവല്ലോ''

"അതുകൊണ്ടു്?"

''അതുകൊണ്ടു് ഞാൻ സാന്തക്ലോസിന്റെഭാഗം അഭിനയിക്കയാണു്.''

''എന്നുപറഞ്ഞാൽ..... ...''

''അതിന്റെ അർത്ഥം നിനക്കു് അറിയാമല്ലോ''

''അതായതു്.....''

"അതിന്റെ അർത്ഥം പുതുവർഷദിനം നീ മരിക്കയില്ല—ഒരുപക്ഷേ, അതുകഴിഞ്ഞും നീ മരിക്കയില്ല" ആൻഡേഴ്സൻ നിശ്ശബ്ദമായി ചവച്ചു. അവന്റെ നാവു് ഉണ്ടാക്കിയഅധരങ്ങളെ മിന്നൽവേഗത്തിൽ തഴോടി. ടോം തുടർന്നു: ''ഈ വത്സരാരംഭത്തിൽത്തന്നെ സാന്തക്ലോസു് എഡിവില്ലിൽ വന്നിരുന്നുവെന്നു നിന്റെ സമർത്ഥന്മാരായ വക്കീലന്മാരോടു പറയുക"

"ടോം" ആൻഡേഴ്സൻ വിമ്മി ചോദിച്ചു. "ടോം നീ അതു് എങ്ങനെ സാധിക്കും?''

''മനംകിട്ടുന്ന പത്രവിന്റെ വായിൽ പല്ലുണ്ടോ എന്നാരോക്കേണ്ടതില്ല'' ടോം പുഞ്ചിരിയോടെ പറഞ്ഞു

''എന്റെ ദൈവമേ, ടോം", ആൻഡേഴ്സൻ വീണ്ടും വിമ്മുകയും സേദകണങ്ങൾ പൊടിക്കുന്ന പൂരികത്തിനുമുകളിലൂടെ വിറയ്ക്കുന്നകരം ഓടിക്കയുംചെയ്തു.

''എനിക്കു കഴിയുമോ .....നീ..... വാസ്തവത്തിൽ എനിക്കു നിക്കൊസണിനോടു പറയാമോ നീ.....''

"ഉവ്വ", ഉടൻ പറഞ്ഞോളൂ. കാരണം, അവധിക്കാലമായതു കൊണ്ടു ഗവർണർ ടെൺവിട്ടുപോയെന്നുവരാം."

"ക്രിസ്തുവെ" ആൻഡേഴ്സൻ വീണ്ടും വിമ്മിപ്പുറയുകയും തന്റെ കസാലയിൽ വേച്ചിരിക്കയും ചെയ്തു.

അല്പസമയത്തേയ്ക്കു പെന്നി അവനെ സൂക്ഷിച്ചു വീക്ഷിച്ചു. അനന്തരം ഇതുവരെ മന്ത്രിക്കുന്നതിനുപയോഗിച്ചിരുന്ന തന്റെ താണ സ്വരം ഉയർത്തികൊണ്ടു പെന്നി പറഞ്ഞു. "ബോബ", ആറ്റാദ്യപ്രധമായ ക്രിസ്മസ്!; പോരാ വളരെ വളരെ സൗഭാഗ്യകരമായ നവവത്സരം"

"പെന്നി, പെന്നി," ആൻഡേഴ്സൻ പരുഷമായി പറഞ്ഞു "എന്നെ കളിപ്പിക്കരുതു്. ദൈവത്തെപ്രതി എന്നെ കളിപ്പിക്കരുതു്! നീ അതു സ്റ്റൂവർടിൽ ചുമത്തുമെന്നാണോ പറയുന്നതു്?"

"ഞാൻ പറഞ്ഞതു് സൗഭാഗ്യകരമായ നവവത്സരമെന്നാണു്. അല്ലേ? നിന്റെ തലച്ചോറുപയോഗിക്കുക. ഞാൻ എന്റെ കായ്ം ഉപയോഗിക്കാൻ പോകയാണു്. വിധിയുടെ ചരുങ്ങളെ പിൻപോട്ടതിരിക്കുന്ന ഒരു പ്രസ്താവന താമസംവിനാ വാർഡൻ ജെസിനുലഭിക്കും"

"ഓ, ദൈവമേ." ആൻഡേഴ്സൻ വിമ്മികൊണ്ടു ശിരസ്സു് തന്റെ കൈകളിൽ താഴ്ത്തി.

പലദിവസങ്ങൾ വേണ്ടിവരുമെന്നു് അറിയാവുന്ന ഒരു ജോലിയിൽ വ്യാപൃതനാകുന്നതിനുമുമ്പു് തന്റെ ക്രിസ്മസ് എഴുത്തുകൾ എല്ലാം തീർക്കണമെന്നു് പെന്നി നിശ്ചയിച്ചു. അവൻ അമ്മയ്ക്കു് എഴുതി:

"അമ്മ ആനന്ദവതിയാണെന്നു" ഞാനറിഞ്ഞാൽ എന്റെക്രിസ്മസ് ആനന്ദകരമായിരിക്കും. എനിക്കൊരു വലിയ ജോലിചെയ്തുതീർക്കുവാനുണ്ടു്. ബുദ്ധിപൂർവ്വവും വ്യക്തിപരമായ ലക്ഷ്യമൊന്നും കൂടാതെയും പ്രവർത്തിക്കുന്നതിനുവേണ്ട ബോധജ്ഞാനത്തിനുവേണ്ടി ഞാനപേക്ഷിച്ചു. ഹൃദയവേദന അനുഭവിക്കുന്ന ചുരുക്കം ചില ആത്മാക്കളുടെയിടയിൽ അൽപ്പം ആനന്ദം പകരുവാൻ

എനിക്ക സാധിക്കുന്നെങ്കിൽ! അമ്മയ്ക്ക മനസ്സിലാകുമെന്ന എനിക്ക അറിയാം. എന്റെ എല്ലാ കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും പ്രാർത്ഥനകളും ദിവസേന ഞാൻ ദൈവത്തിനു കാഴ്ചവയ്ക്കുന്നു. എനിക്ക് എന്തു് അയച്ചുതരുവാനാണോ അവിടത്തെ തിരുവിഷ്ടം അതു ഞാൻ സഹികരിക്കുന്നു."

മിസ്സസ് പെന്നി എഴുത്തുവായിച്ചപ്പോൾ ഏതയവേദന അനുഭവിക്കുന്നവരുടെ ഇടയ്ക്ക് അല്പം ആനന്ദം പകരണമെന്നു പറഞ്ഞിരിക്കുന്നതു് ആരെ ഉദ്ദേശിച്ചാണെന്നു് അവർക്കു ശരിയായി മനസ്സിലായില്ല. എന്നാൽ ഡിസംബർ 29–ാം തീയതിയിലെ പത്രങ്ങളുടെ പ്രാദേശപ്രതിപുകളിലെ വെണ്ടയ്ക്കാതലക്കെട്ടുകൾ കണ്ടപ്പോൾ അവന്റെ എഴുത്തിൽ പറയാതിരുന്നതെല്ലാം അവർ അവയിൽ വായിച്ചു. കറുത്തതടിച്ച അക്ഷരങ്ങൾ വിളംബരപ്പെടുത്തി, ടോംപെന്നി, ബോബ് ആൻഡേഴ്സനെ പൂർണ്ണമായും നിർദ്ദോഷിയാക്കിക്കൊണ്ടു് പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നുവെന്നു്. മാത്രമല്ല, ജനുവരി 1–നു് മരണം ക്ലിപ്തപ്പെടുത്തപ്പെട്ടിരുന്ന ആ മനുഷ്യന്റെ വധം ടോമിന്റെ പ്രസ്താവനമൂലം മാറ്റിവയ്ക്കുവാൻ സാധിച്ചിരിക്കുന്നുവെന്നും അവർ ഗ്രഹിച്ചു.

അദ്ധ്യായം 11

പിശാചിന്റെ പിടി വിട്ടു

ആൻഡേഴ്സന്റെ അഭിഭാഷകരിലായ അഭിമോഷകർ, Sറഷ് നിക്കർസനേയും ഫ്രാങ്കഫാഹിനേയും (jr) പത്രത്തിലെ ആശീർഷകം കട്ടംവിസ്മയിപ്പിച്ചില്ല. കാരണം പെന്നി സാന്തക്ലോസിന്റെരോഗം അഭിനയിക്കാമെന്നു നിശ്ചയിച്ചശേഷം കുറെദിവസങ്ങൾകഴിഞ്ഞു അവർ എഡിവില്ലിൽവന്നു. നിക്കർസൺമ്മയിവില്ലിൽ തിരിച്ചെത്തിയപ്പോൾ, അയാൾക്കുപറയാനുണ്ടായിരുന്നകഥയിൽ, തങ്ങളുടെ കേസിന്റെ പുനഃപരിശോധനയ്ക്കു പറ്റിയതു

വല്ലതും കണ്ടുപിടിക്കുവാനുള്ളയത്നത്തിൽ അയാളേയും സഹപ്രവ
ർത്തകനേയും ആമഗ്നരാക്കി. ''പുതിയ തെളിവുകൾകിട്ടിയിരിക്ക
ണം'' എന്നന്യായത്തിന്മേൽ ഗവർണർ കീൻജോൺസനിൽനിന്നു
അവരുടെ കക്ഷിയുടെ വിധിനടത്തലിനു് ഒരു ''സ്റ്റേ'' സമ്പാദിച്ചു
എങ്കിലും കോമൺവെൽത്തിലെ നിയമജ്ഞന്മാർ അതുകണ്ടു് അ
നുഭവം പ്രകടിപ്പിക്കയില്ലെന്നു് അവർക്കു് അറിയാമായിരുന്നു.
അപ്പീൽ കോടതി പുനർവിചാരണയ്ക്കു അനുമതി നിഷേധിച്ചി
രുന്നസ്ഥിതിക്കു് ആ തീരുമാനത്തെ മറികടക്കുവാനുള്ള വാദത്തെ
ന്യായമായി ചോദ്യംചെയ്യാവുന്നതാണു്. അങ്ങനെവന്നുഭവിക്ക
ുന്നെങ്കിൽ അവർ ഐകൃകോടതിയെ അഭയം പ്രാപിക്കേണ്ടിവ
രും. ''ഹാബിയാസു് കോർപ്പസു്'' റിട്ട് ഇണകരമായേക്കാം. പ
ക്ഷേ അതിനു് അവർ വലിയ ഒരുടമ്പടി വയ്ക്കണം ഈ ഉടമ്പടി
ക്കു് ആൻഡേഴ്സന്റെ കോൾസ്ഥിതി അനുവദിച്ചിരുന്നില്ല.

പെന്നിയുടെ തീരുമാനം അറിഞ്ഞപ്പോൾ അവർക്കുണ്ടായ
ആശ്വാസവും, അവരുടെ ശ്രദ്ധയിൽപ്പെടാതിരുന്ന കാര്യങ്ങൾ
പെന്നിയുടെ സമ്പന്നമായ ബുദ്ധി പരിഗണിക്കുന്നതായി കണ്ട
പ്പോഴുണ്ടായ ദർപ്പവും ഏതാദ്ദേശമായ കേസിനുവേണ്ടി അവർ
നിയമഗ്രന്ഥങ്ങൾ പരിശോധിച്ചുപ്പോൾനിരാശാകലുഷിതമായി
ത്തീർന്നു. പത്രങ്ങൾ സ്വീകരിച്ച കാര്യമാത്രപ്രസക്തമായ നില
പാട് കൂട്ടുതൽപരിശ്രമത്തിനു അവർക്കു പ്രേരണനൽകി. കാര
ണം ലക്സിംഗ്ടണിലെയും ലൂയിവില്ലിലെയും പത്രങ്ങളുടെ മുഖവ
രത്തുതന്നെ ഇക്കാര്യത്തിനു സ്ഥലം അനുവദിച്ചിരുന്നെങ്കിലും ശീ
ർഷകങ്ങൾക്കു കീഴിൽവന്ന ലേഖനങ്ങൾ ആശയറ്റതും സന്ദേഹം
നിറഞ്ഞതുമായിരുന്നു.

താൻ അടുത്തകാലത്തുനടത്തിയ സന്ദർശനവേളയിൽ
പെന്നി ചോദിച്ചചോദ്യങ്ങളിൽനിന്നു്, 1941 സെപ്തംബറിനു
ശേഷമുണ്ടായ സകലതിനും സമാധാനം പറയുവാൻ അവൻ ഒരു
ക്കമാണെന്നു ഗ്രഹിച്ചുവെന്നു് കാഫിനിക്കൽസനോടു പറഞ്ഞി
രുന്നു. കുറേമെല്ലാം മരിച്ചുപോയ ബഫോർഡ് സ്റ്റുവർട്ടിൽ

ആരോപിച്ചുകൊണ്ട് അവൻ ആൻഡേഴ്സനെ പൂർണ്ണമായ നിർദ്ദോഷിയാക്കും. ലക്സിംഗ്ടണിൽവച്ചു നടന്ന വിസ്താരത്തിൽ അവൻ നൽകിയ സാക്ഷ്യത്തിൽ ബോബിനെ കുടുക്കിയതു് വിദ്വേഷവും പ്രതികാരേച്ഛയും കൊണ്ടായിരുന്നെന്നും ഏറെപറയും. സാക്ഷിമൊഴിയുടെ ഉച്ചകോടിയിൽ, ലൂയിവില്ലിലെ നിശാക്ലബ്ബുടമസ്ഥന്റെപേരിൽ അവൻ നിർവ്വിശങ്കം കുറ്റം ചുമത്തിയതു, അവനെ വഞ്ചിച്ചു ലക്സിംഗ്ടൺപോലീസുമുഖാന്തിരമാണെന്നും അവൻ സ്ഥാപിക്കും.

കാഫിൻ സ്ഥലംവിട്ടിന്നതിനുമുമ്പു് ഇൗ ജയിൽപുള്ളി, സ്റ്റുവാർഡിന്റെ പേരല്ലാതെ മറെറാരു പുതിയപേരും ഉൾപ്പെട്ടതാതെ ആരുപേരുള്ള ഒരു പ്രസ്താവന തയ്യാറാക്കിയിരുന്നെന്നു കേട്ടപ്പോൾ അവന്റെ സാമർത്ഥ്യത്തെ നിക്കോസൺ പരസ്യമായി പ്രകീർത്തിച്ചു. എങ്കിലും അവന്റെ ഉദ്ദേശ്യമെന്തായിരിക്കുമെന്നു അദ്ദേഹം ആശ്ചര്യപ്പെട്ടു. കാരണം അത്തരമൊരുസാക്ഷ്യം ടോം പെന്നിക്കല്ലാതെ മറാർക്കും ഫാനികരമല്ലായിരിക്കും എന്നു അദ്ദേഹം കണ്ടു. കാഫിൻ എതാണ്ടു് വിശദീകരിച്ചുകൊണ്ടു് അവിശ്വസനീയമായ ആ സത്യംപറഞ്ഞു: ബോബ് ആൻഡേഴ്സന്റെ ജീവനെക്കാൾ അവന്റെ ആത്മാവിനെരക്ഷിക്കാനാണു് പെന്നി അതെഴുതിയതെന്നു്. ഇൗ വിശദീകരണം നിക്കോസന്റെ മനസ്സിനെ കൂടുതൽ കുഴപ്പുകയാണുചെയ്തതു്.

എന്നാൽ "കൊറാം നോബിസ്" റിട്ടിനു് അപേക്ഷ സമർപ്പിക്കാമെന്നു് ഇൗ വക്കീലന്മാർ കണ്ടുപിടിച്ചതോടെ പെന്നിയുടെയും അവരുടെയും നിലപാടു സംബന്ധിച്ചുള്ള കടംകഥയെല്ലാം അപ്രത്യക്ഷമായി. കെൻറക്കിലെ കച്ചേരികളിൽ ഇത്തരമൊരു പേക്ഷ ഇതിനുമുമ്പു വന്നിട്ടില്ല. എങ്കിലും കൂടുതൽ അറിയപ്പെട്ടിട്ടുള്ള "ഹാബിയാസ് കോർപ്പസി"നോളമോ അതിലും കൂടുതലായോ പഴക്കമുള്ളതാണു് ഇൗ റിട്ടു് എന്നതെളിയിക്കാമെന്നും ഇതു് അവരുടെ കേസിനു് വളരെ പറ്റിയതാണെന്നും അവർ മനസ്സിലാക്കി. പഴയവത്സരം അവസാനിച്ചതോടെ ജഡ്ജിമാരായ

ആഡംസിന്റെയും, തോമസിന്റെയും ലൊറയിൻമാക്സിന്റെയും നിയമനെറ്ററികൾ ചൂളുങ്ങത്തക്കതായ ഒന്നു തങ്ങൾക്കു ലഭിച്ചിട്ടുണ്ടെന്നു് ഈ വക്കീലന്മാർക്കു് ബോദ്ധ്യമായി. തന്മൂലം ആവേശസമനചിതമാണു് അവർ അനേ്വാനേ്വം ''നവവത്സരമംഗളങ്ങൾ'' ആശംസിച്ചതു്.

അവർ ഈ കണ്ടുപിടിത്തം നടത്തിയതോടൊപ്പം, ഈ അനേ്വഷണത്തിനു് അവർക്കു പ്രേരണനൽകിയ മനുഷ്യൻ തന്റെ സത്യവാങ്മൂലത്തിന്റെ അവസാനപേജിനു വിലങ്ങെ തന്റെ പേനകൊണ്ടു് ഭംഗിയായി ഒരു വര വരച്ചു. പെന്നി തന്റെ ഒപ്പിന്റെ മഷി ഒപ്പിയെടുക്കുന്നതിനുമുമ്പേ ബോബു് ആൻഡേഴ്സൻ കൂടുകടെ ചിരിച്ചുകൊണ്ടു പറഞ്ഞു: ''അനുമോദനങ്ങൾ, ടോം 'കേരിയർ ജെർണലി'ന്റെ മുഖവരം നീ വീണ്ടും നിറച്ചിക്കുന്നു.''

ടോം എഴുന്നേറ്റു് ഒരുപത്രത്തിൽനിന്നു വെട്ടിയെടുത്ത രണ്ടു കോളമുള്ള ഒരുതുണ്ടു് നീട്ടിക്കൊണ്ടു പറഞ്ഞു, ''ആദ്യവരത്തുള്ള കാര്യമായ ഭാഗം ഇതുമാത്രമാണു്, ബോബു്.''

ആൻഡേഴ്സൻ കമ്പികൾക്കിടയിലൂടെ കൈനീട്ടി. അവൻ ആ ചെറിയതുണ്ടെടുത്തു വായിച്ചു.

''അതിവിളംബം നേരിട്ടില്ല. പെന്നി''

''ഈ പത്രം നടത്തിയ വൈദികമായ മത്സരത്തിൽ ടോം പെന്നിക്കു് ഒരു സമ്മാനം കിട്ടുമെന്നു വലിയ പ്രതീക്ഷയുണ്ടു്. സമ്മാനങ്ങൾ വേണ്ടതുനേരത്തെ നൽകപ്പെടുകയില്ലായിരിക്കാം എല്ലെതാണു് അവന്റെ ഏകഗതി.

പ്രസ്തുതമത്സരത്തിലെ ഉത്സാഹഭരിതരായ പങ്കാളികളിൽ ഒരുവനായ ടോം ഇപ്പോൾ സൈനികചാപ്പനായിരിക്കുന്ന ഫാ. ജോർജ്ജു് T. ഡൊന്നെല്ലിയാൽ സഭയിലേയ്ക്കു സ്വീകരിക്കപ്പെട്ടതിന്റെ ഒന്നാംവാർഷികം ആഘോഷിപ്പെട്ടതു ഡിസംബർ 21–ാം തീയതിയാണു്.''

വൈദ്യുതാഘാതമേറ്റുള്ള മരണം പ്രതീക്ഷിച്ചു് എഡിവില്ലിലുള്ള കെന്റക്കി സംസ്ഥാന ജയിലിലെ മരണമുറിയിൽ ഇ

പ്പോൾ കഴിഞ്ഞുകൂടുന്ന ടോം അവിടെനിന്നു എഴുതുകയാണു്: കുറച്ചു പണം ഉപയോഗിക്കുന്നതിനുള്ള സാവകാശം എനിക്കു തീർച്ചയായും ലഭിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു''

സമ്മാനം കിട്ടുവാനുള്ള സാവകാശം ലഭിക്കും. ആദ്യം ജനുവരി 1–ാം തീയതി നടത്തുവാനുദ്ദേശിച്ചിരുന്ന അവന്റെ വധം, അവന്റെ വക്കീലന്മാർ സമർപ്പിച്ച അപ്പീലിന്റെ ഫലമായി തീരെ കുറഞ്ഞാൽ രണ്ടുമാസത്തേയ്ക്കെങ്കിലും മാറ്റിവയ്ക്കും. അപ്പോഴേയ്ക്കും പണമായുള്ള വലിയ സമ്മാനങ്ങളെല്ലാം വിതരണം ചെയ്യപ്പെട്ടുകഴിയും.''

വേദപുസ്തകം മാറ്റിവയ്ക്കുവാൻ ഞങ്ങളെ ഉപദേശിച്ച നിവേദപുസ്തകസംബന്ധമായ മത്സരത്തിൽ എന്താണുചെയ്തതു? ഇതു് ഏതുപത്രത്തിൽനിന്നാണു്?''

''ഡെവനർ രജിസ്റ്ററിൽ നിന്നു്.''

''നിനക്കു് എത്ര സംഖ്യതയാണുള്ളതു്?''

''ഒന്നുമില്ല. ഞാൻ മറുപടിയെല്ലാം എഴുതി അയച്ചു. പക്ഷേ റാങ്കിൻ ജോലിത്തിരക്കിലായിരുന്നതുകൊണ്ടു് എന്റെ എഴുത്തുകളെല്ലാം യഥാസമയം പരിശോധിച്ചു് അയക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. എങ്കിലും ഞാൻ ജയിച്ചു.''

''എന്തിൽ?''

''നാടൊട്ടുക്കു കത്തോലിക്കസ്നേഹിതരെസമ്പാദിക്കുന്നതിൽ. ഈ അടുത്തകാലത്തു എനിക്കുവരുന്ന തപാൽഉരുപ്പടികളും നിരീക്ഷിച്ചോ?''

''ഉവ്വു്. അവ അങ്ങനെ കുന്നുപോലെ വന്നുചേരുന്നു.''

''ദിവസേന 20 മുതൽ 30 വരെ എഴുത്തുകളും; എല്ലാം ആശംസകളും നിറഞ്ഞവ.''

''അവ നിന്നെ എവിടെ എത്തിക്കും?''

''സ്വർഗ്ഗത്തിൽ, ബോബു്. കാരണം അവയെല്ലാം പ്രാർത്ഥനാനിർഭരങ്ങളായ ആശംസകളാണു്. അവരൊക്കെ എനിക്കുവേണ്ടി പ്രാർത്ഥിക്കുന്നുണ്ടു്. അവർ എനിക്കുവേണ്ടി ദിവ്യബലി അർപ്പി

ക്കുവാനും ഏർപ്പാട് ചെയ്യുന്നുണ്ട്. ഫാ. ബ്രയാനെ—അദ്ദേഹത്തെ നീ ഓർമ്മിക്കുന്നുണ്ടോ?''

''ഉവ്വ്''

''കൊള്ളാം. എനിക്കുവേണ്ടി 22—ാം തീയതി ഒരു പാട്ടുകർബാന ചൊല്ലുന്നതിനുള്ള തുക ഒരു ശ്രേഷ്ഠാത്മാവ് അദ്ദേഹത്തെ ഏല്പിച്ചു. വേറൊരാൾ 600 ദിവ്യബലിയിൽ എന്നെ അംശമാക്കാക്കി! എന്തിനധികം? ബോബ്, ക്രിസ്മസ്ദിനംഎനിക്കുവേണ്ടി 200 ൽപ്പരം കർബാന ചൊല്ലി. അതു് എന്നെ സംബന്ധിച്ചിടത്തോളം പണത്തെക്കാൾ അനേകമടങ്ങ് അഭികാമ്യമാണ്.''

''നല്ലകാര്യം, പെന്നി, അതാണ് നിനക്ക് അതേപ്പറ്റി തോന്നുന്നതു്? എന്നെപ്പറ്റി നിന്റെ മത്സരം തീർന്നോ?

''നിന്നെപറ്റിയോ''

''അതെ, എന്നെ രക്ഷിക്കുവാനുള്ള ആ കാര്യം നീ എഴുതിക്കഴിഞ്ഞോ?''

അവരുടെ സെല്ലുകളുടെ ഇടയിലുണ്ടായിരുന്ന ഇരുമ്പഴികളെ പെന്നിയുടെ വലിയ കരങ്ങൾ ബലമായിപ്പിടിച്ചു. ''ബോബ്'' പതറിയതും, എന്നാൽ മുറുക്കമുള്ളതുമായ താണശബ്ദത്തിൽ അവൻ മന്ത്രിച്ചു. ''ഞാൻ ചെയ്യേണ്ടതു ഞാൻ ചെയ്തു. നീ പത്രങ്ങൾ കണ്ടല്ലോ. നിനക്കു ഏതുവിധത്തിലും ലാഭമല്ലാതെ ഒരുവിധത്തിലും നഷ്ടമില്ല. എനിക്കൊന്നും ലഭിക്കുവാനില്ല. ഞാനതു ചെയ്തതു നിന്റെ ആത്മാവിനുവേണ്ടിയാണ്. ഇനി നിനക്കുവേണ്ടി നീ എന്താണ് ചെയ്യുവാൻപോകുന്നതു്? ഫാ. ലിബ്സ്, ഫാ. ജോർജിനെപ്പോലെയോ ഫാ. ബ്രയനെപ്പോലെയോ അല്ല. എങ്കിലും അദ്ദേഹത്തിനു നിന്നെ ജ്ഞാനസ്നാനപ്പെടുത്താൻ കഴിയും. ആകയാൽ ധൈര്യം അവലംബിച്ചു നിനക്കതെന്നെ നിനക്കുചെയ്യുക... ബുദ്ധിമാനായിരിക്കുക ...ഒരു വിഡ്ഢി ആകാതിരിക്കുക.....''

''കൊള്ളാം, കൊള്ളാം, ഉപദേശി; എന്റെ വണ്ടി ഞാൻ തന്നെ മാടിച്ചുകൊള്ളാം. ഞാൻ പറഞ്ഞിട്ടുണ്ടല്ലോ എന്റെ വ്യവസ്ഥകൾ എല്ലാം.''

"ബോബ്", സമയം അതിശീഘ്രം കടന്നുപോകുന്നു. ഞാൻ പോകുന്നതു് 22–ാം തീയതി എന്നു തീർച്ചപ്പെടുത്തിയിരിക്കയാണു്. അതിനു് ഇനി ഒരു മാസമില്ല. എന്റെ പ്രസ്താവനകാരണം നീ അന്നുപോകയില്ല. പക്ഷേ, ദൈവത്തെപ്രതി....."

കേട്ടോ മി. ഉപദേശി, മി. ആൻഡേഴ്സന്റെ കാര്യം മി. ആൻഡേഴ്സൻ തന്നെ നോക്കട്ടെ. നിന്റെ ആ സാധനം അവനു് നവജീവൻ നൽകുന്നെങ്കിൽ അവന്റെകാര്യം അസാമാന്യശ്രദ്ധയോടെ അവൻ നോക്കിക്കൊള്ളുമെന്നു നിനക്കു ഞാൻ ഉറപ്പു തരുന്നു.

പെന്നിയുടെ മുഖത്തിന്റെ ഇടത്തുവശത്തുള്ള വട്ടവു് അവന്റെ ദന്തനിരപോലെ കരുവാളിച്ചു. കമ്പികളിന്മേലുള്ള പിടിത്തത്തിന്റെ മുറുക്കംമൂലം അവന്റെ വിരൽമുട്ടുകൾ വിളറി. ആ തടിയൻ സഖാവിന്റെ അലസമനോഭാവം മാറ്റാൻ തന്റെ കൈനീട്ടി അവന്റെ ഭുജത്തിനൊരിടികൊടുക്കാൻ ടോം അപ്പോഴും എത്രകണ്ടശ്രമിച്ചു. അവന്റെ രക്തം തിളക്കുവേ, അനുകമ്പയുടെ ഒരു വേലിയേറ്റം അവനു അനുഭവപ്പെട്ടു. അഴികളിന്മേലുണ്ടായിരുന്ന അവന്റെ പിടിഅയച്ചു; കൂടുതൽ തിക്ഷ്ണമായി പ്രാർത്ഥിക്കുവാൻവേണ്ടി. ഇനിബോബിനെ ഇളക്കുവാൻ ദൈവത്തിനുമാത്രമേ സാധിക്കയുള്ളു.

"ആകട്ടെ," അവൻ ശാന്തമായി പറഞ്ഞു. "എനിക്കു പാടുള്ളതെല്ലാം ഞാൻ ചെയ്തു. മി. ആൻഡേഴ്സൻ മി. ആൻഡേഴ്സന്റെ കാര്യം അസാമാന്യവിധം നന്നായി നോക്കുമെന്നു ഞാൻപ്രതീക്ഷിക്കുന്നു; ഞാൻ പ്രാർത്ഥിക്കയും ചെയ്യും."

അടുത്ത ഏതാനും ദിവസത്തേയ്ക്കു പെന്നി അസാധാരണമാംവിധം നിശ്ശബ്ദനായിരുന്നു. അവൻ ചെയ്ത തിരുമാനത്തിന്റെ ഫലമായി പതുങ്ങലിലുണ്ടായ പ്രസിദ്ധീകരണവും അതിൽനിന്നു അവന്റെ സ്നേഹിതന്മാർക്കു ഉണ്ടായേക്കാവുന്ന പ്രതികരണവും അവനെ വിഷമിപ്പിച്ചു. അതിനുവിശദീകരണം കൊടുക്കേണ്ടതു് തന്റെ കടമയാണെന്നു് അവൻകണ്ടു. എങ്കിലും അതു് എങ്ങ

നെ നിർഭാഗ്യവതിയെന്നു അറിഞ്ഞുകൂടാ. തല്ക്കാലം അവനെവിശ്വസിക്കണമെന്നു് അവരോടു് ആവശ്യപ്പെടുകയും അവസാനം വിശദീകരണം വാങ്ങാനും ചെയ്യുകയുമാവാം. ഈ തീരുമാനത്തിനുശേഷം അവൻ സി. മേരിലോറൻസിയായിക്കു് ഇങ്ങനെ എഴുതി.

"..... അങ്ങു തീർച്ചയായും പത്രങ്ങളും കണ്ടുകാണും. അവയിലെ പ്രസ്താവനകളും ഉല്ലേഖനകളും എന്നെ സാമാന്യം അസ്വസ്ഥനാക്കിയിരിക്കയാണു്. ഭയപ്പെടുത്തി തീരെ ഹീനമായിട്ടു വിചാരിക്കരുതേ. അവ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതിൽ പകുതിമാത്രമേ വിശ്വസിക്കാവൂ. എന്റെ പ്രവർത്തനം മൂലം എനിക്കല്ലാതെ യാതൊരു ജീവിക്കും യാതൊരുപദ്രവവും ഉണ്ടാകയില്ലെന്നു് അങ്ങേയ്ക്കു ധൈര്യപ്പെടാം. അതു് ഇപ്പോൾ വിശദീകരിക്കാൻ സാധിക്കയില്ലാത്തവിധം വിഷമംപിടിച്ച കാര്യമാണു്. അതുകൊണ്ടു് അങ്ങു് എന്നെ വിശ്വസിക്കണമെന്നും ഞാൻ ഒരുതെറ്റും ചെയ്യാതിരിക്കത്തവിധം എന്നെ നയിക്കണമെന്നു് സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവിനോടു പ്രാർത്ഥിക്കണമെന്നും ഞാൻ ആഗ്രഹിക്കുന്നു....

സിസ്റ്റർ, എന്റെ മൃതദേഹംകൊണ്ടു് എന്തുചെയ്യണമെന്നാണു് ഞാൻ ഇഷ്ടപ്പെടുന്നതെന്നു് അറിയുവാൻ അമ്മയ്ക്കു് ആഗ്രഹമുണ്ടല്ലോ. ഇങ്ങനെ തുറന്നുപറഞ്ഞിട്ടില്ലെങ്കിലും അതാണു് അമ്മയുടെ ആശയം. അതുപറയുവാൻ എന്നാൽ സാദ്ധ്യമല്ല. വൈദ്യുതാഘാതമേറ്റു മരിക്കുന്ന ഒരാൾ എന്തുമാത്രം കരിഞ്ഞിരിക്കുമെന്നു് എനിക്കറിഞ്ഞുകൂടാ. വിരൂപനാക്കപ്പെട്ട എന്നെ അമ്മ കാണുവാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. എന്നാൽ കഴിവതു് അമ്മയോടു് അടുത്തുകിടക്കുവാൻ ഞാനാഗ്രഹിക്കുന്നു. ഇതു് അമ്മയെ അറിയിക്കുന്നതിനു്, ഒരുപക്ഷേ, വല്ലമാർഗ്ഗവും അങ്ങേയ്ക്കുണ്ടായിരിക്കാം. അങ്ങയോടു ചോദിക്കുവാനാണു് ഞാൻ അമ്മയോടു പറഞ്ഞിരിക്കുന്നതു് ഓ, സിസ്റ്റർ, അങ്ങയെക്കൂടാതെ ഞാൻ എന്തുചെയ്യുമെന്നു് എനിക്കറിഞ്ഞുകൂടാ.

ഫാ. ഡൊന്നെല്ലിയെ ലഭിക്കുവാൻ ഞാൻ ആവശ്യപ്പെട്ട

ന്നുണ്ട്. അക്കാര്യം ഞാൻ അദ്ദേഹത്തോടുപറഞ്ഞിട്ടുമുണ്ട്.

എന്നെ കുറ്റപ്പെടുത്തരുതേ എന്നു് അങ്ങു് എന്റെ മിത്രങ്ങളോടു്—അതായതു് സത്യം അറിയുവാൻ ആഗ്രഹിക്കുന്നവരോടു് പറയണമേ. പത്രവാർത്തകളിൽ എത്രമാത്രം സത്യമുണ്ടെന്നു അറിയത്തക്കവിധം അവർക്കു പത്രങ്ങളെപ്പറ്റി ജ്ഞാനമുണ്ടായിരിക്കുമല്ലോ.

അങ്ങയുടെ നല്ല പ്രാർത്ഥനകളിൽ എന്നെ സ്മരിക്കയും വേഗം എഴുത്തയക്കയും ചെയ്യണമേ....."

ജനുവരി 4—ാം തീയതി അവൻ സി. റോബർട്ടു് ആനിനു് എഴുതി. മറ്റാരെയുംകാൾ കൂട്ടുതലായി അവരെയാണു് അവൻ തന്റെ അസ്വസ്ഥത തുറന്നുകാണിച്ചതു്.

"അങ്ങേയ്ക്കു് എന്നിലുള്ള വിശ്വാസത്തിനു യാതൊരിളക്കവും വർത്തമാനപ്പത്രങ്ങൾ വരുത്തിയില്ലെന്നു കേൾക്കുന്നതിൽ എനിക്കു് അതിയായ സന്തോഷമുണ്ടു്. സിസ്റ്റർ, ഏതു തെമ്മാടിയിലും കുറെ നന്മയുണ്ടെന്നു വിശ്വസിക്കുന്ന സ്നേഹിതരുള്ളതു് വളരെ ആനന്ദാവഹമാണു്. യാതൊന്നും എന്റെ വിശ്വാസത്തെ ഉലയ്ക്കുകയോ എന്റെ ദൈവസ്നേഹത്തെ കുറയ്ക്കുകയോ ചെയ്തുയില്ലെന്നു് ഞാൻ അങ്ങേയ്ക്കു ഇപ്പോഴും എന്നേയ്ക്കും വാക്കുതരുന്നു. ചിലകാര്യങ്ങൾ മനസ്സിലാക്കാൻ പ്രയാസമാണു്, സിസ്റ്റർ. മാത്രമല്ല, അവയ്ക്കു സാധാരണമായി കൂട്ടുതൽ പ്രസിദ്ധിയും ലഭിക്കുന്നു. എന്നാലും ദൃഷ്ടിലാക്കില്ലാത്തിടത്തു കരുണാവാരിധിയായ നമ്മുടെ സ്വർഗ്ഗപിതാവു് തീർച്ചയായും നമ്മെ കുറ്റപ്പെടുത്തുകയില്ല. ദൈവത്തെപ്പറ്റി മാത്രമേ ഞാൻ ചിന്തിക്കുന്നുള്ളൂ."

ക്രിസ്മസ് ദിനത്തിൽ വി. കുർബാന ഉൾക്കൊള്ളുവാൻ സൗകര്യമില്ലാത്തതിനെപ്പറ്റി താൻ എത്രമാത്രം വ്യസനിക്കുന്നുവെന്നു പറഞ്ഞശേഷം അവൻ തുടർന്നു:

"ഇവിടെ ഞങ്ങളുടെകൂടെ ഒരച്ചനുണ്ടായിരുന്നെങ്കിൽ അതൊരു വലിയ അനുഗ്രഹമായിരുന്നേനെ. എന്റെ സ്വകീയമായ ഗ്രഹണശക്തിക്കതീതമായ പല കാര്യങ്ങളെപ്പറ്റിയും തീരുമാനമെ

ട്ടുക്കുവാൻ ഞാൻ നിർബ്ബന്ധനായിട്ടുണ്ട്. എങ്കിലും ഞാൻ എന്തു ചെയ്യുന്നുവെന്നോ എങ്ങിനെ ചെയ്യുന്നുവെന്നോ അല്ല, പ്രത്യുത എന്തുകൊണ്ടു ചെയ്യുന്നു എന്നാണു ദൈവം നോക്കുന്നതെന്നു ഞാൻ വിശ്വസിക്കുന്നു.

ഞാൻ ചെയ്യുന്നതോ മനുഷ്യവർഗ്ഗം മുഴുവനും ചെയ്യുന്നതോ സൃഷ്ടിജാലം മുഴുവൻ ചെയ്യുന്നതോ അഥവാ ചെയ്യുന്ന വിധമോ ദൈവത്തിനു ഒന്നുമല്ല. ദൈവം തന്റെ സൃഷ്ടിസാകല്യത്തിന്റെ സഹായം അവശ്യമാണെന്നു തിരുവുള്ളമായാൽ അങ്ങനെ ചെയ്യുവാൻ തനിക്കു കഴിയുമെന്നു് സുഷ്ടം. കാരണം, സഹായിക്കുന്നതിനുള്ള അവയുടെ കഴിവുപോലും ദൈവത്തിൽനിന്നു മാത്രമായിരിക്കുന്നതുപോലെ ആ കഴിവിനെ താങ്ങിനിർത്തുന്നതും അവിടുന്നുമാത്രമാണു്. അവിടുത്തെ സംരക്ഷണത്തിൻകീഴ്നാം ഇതു അപൂർവ്വമായിചെയ്യുന്നതു തനിക്കുതന്നെ പരിപൂർണ്ണമായിചെയ്യുവാൻ കഴിയും. പക്ഷേ, അതുവേണ്ട, അവിടുന്നു് അനുഗ്രഹിക്കുന്നു."

ഗഹനമായ കാര്യമാണു് താൻ കൈകാര്യം ചെയ്യുന്നതെന്ന ബോധം അവനുണ്ടായിരുന്നു. എങ്കിലും അടുത്തകാലത്തെ വായനമൂലം അവനു ധൈര്യം തോന്നി. അതുകയാൽ അവൻ എഴുതി.

"നാം ചെയ്യുന്ന ജോലിയും ചെയ്യുന്ന വിധവും അവിടുത്തേയ്ക്കു നിർവ്വഹിക്കുവുന്നവയാണു്. ആ ജോലിയെ അവിടുത്തേയ്ക്കായി പവിത്രീകരിക്കണമെന്നതാണു് അവിടുത്തെ വലിയ അഭിലാഷം. അവിടുന്നു മനുഷ്യമനസ്സിനെ ഒരിക്കലും നിർബ്ബന്ധിക്കാറില്ല. നന്മയോ തിന്മയോ തിരിഞ്ഞെടുക്കുന്നതിനുള്ള കഴിവു് എപ്പോഴും മനുഷ്യനുള്ളതാണു്. നമ്മുടെ പരിശ്രമങ്ങളെ സഹായിക്കുന്നതും പ്രകാശിപ്പിക്കുന്നതും ഉദ്ദീപിപ്പിക്കുന്നതും കൃപാവരമാണു്. നമ്മുടെ സകല പ്രവർത്തനങ്ങളിലും ദൈവവും നമ്മോടുകൂടി പ്രവർത്തിക്കുന്നു. നമ്മുടെ ഓരോ ക്രിയയും തുടങ്ങുന്നതും തുടരുന്നതും പൂർത്തിയാക്കുന്നതും അവിടുന്നാണു്. എന്നാലെങ്കിലും അപ്പോഴും ആ പ്രവൃത്തി നമ്മുടെ സ്വന്തമായ സ്വതന്ത്രതിരുമൽക്കാഴ്ചയാ

ണു". നമ്മുടെ ഹൃദയം എപ്പോഴും നമ്മുടെ സ്വന്തമാണു"; അതു കൊണ്ടാണു് അവിടന്നു് അതപ്രാശയോടെ അതു് ആഗ്രഹിക്കുന്നതും അതു് യാചിക്കുന്നതിനുവേണ്ടി സ്വയം താഴ്ത്തുന്നതും. "ദൈവം തന്റെ സ്വന്തമാനങ്ങൾകൊണ്ടു് നമ്മെ മുടിചൂടിക്കുന്നതു"' എന്നാണു് വിശുദ്ധ അഗസ്തീനോസു് ഭംഗിയായിപറയുന്നതു്. അവയെല്ലാം അവിടത്തെ സ്വന്തമാണു്. എന്നാലും ശ്രേയായ ഒരർത്ഥത്തിൽ അവ നമ്മുടേതുമാണു്. നാം അവിടത്തേയ്ക്കുവേണ്ടി എന്തുചെയ്യുവാൻ ആഗ്രഹിക്കുന്നുവെന്നു അവ വ്യക്തമാക്കുന്നു.

ഉടനെയോ കുറെക്കഴിഞ്ഞോ നാം ദൈവത്തിന്റെ ന്യായാസനത്തിൻമുമ്പിൽ നിൽക്കപ്പെടുമ്പോൾ നമ്മോടു ചോദിക്കുന്നതു് "നീ എന്തുചെയ്തു?" അഥവാ, "നീ എങ്ങനെചെയ്തു? എന്നായിരിക്കയില്ല; പ്രത്യുത, "എന്തുകൊണ്ടു് നീ അതുചെയ്തു?" എന്നുമാത്രമായിരിക്കും. "നിന്റെ അബോധങ്ങളിലൊക്കെ നിന്റെ ഉദ്ദേശം നല്ലതായിരുന്നോ? നീ വീണുപോയപ്പോഴെക്കെ നീ വീണ്ടും എഴുന്നേറ്റോ? നീയതു എനിക്കുവേണ്ടിയാണോ ചെയ്തതു"—ഹാ, സിസ്റ്റർ, അതാണു നമ്മുടെ വിനാഴിക!

നമുക്കതിനു മനസ്സുണ്ടെങ്കിൽ ദൈവത്തെ പ്രസാദിപ്പിക്കുന്നുണ്ടോയെന്നു് നിശ്ചയമില്ലാത്തവിധം അത്രക്കുഗ്രമായ കൊടുങ്കാറ്റോ അന്ധകാരമോ നമ്മുടെ ജീവിതത്തിൽ ഉണ്ടാകയില്ല. എന്തുകൊണ്ടെന്നാൽ അവിടത്തെ സന്തോഷിപ്പിക്കണമെന്ന ആഗ്രഹം തന്നെ അവിടത്തെ സന്തോഷിപ്പിക്കുകയാകുന്നു. സിസ്റ്റർ, ഞാനിതു് അങ്ങേയ്ക്കു് എഴുതുന്നതു് ഞാൻ ഒന്നും കണ്ണുമടച്ചു ചെയ്യിട്ടില്ലെന്നും പ്രത്യുത നന്മചെയ്യണമെന്ന ഏകലാക്കോടുകൂടിയും തിന്മചെയ്യണമെന്ന ലാക്കിന്റെ കണികപോലുമില്ലാതെയുമാണു് എല്ലാം ചെയ്തതെന്നും അങ്ങയെ അറിയിക്കുന്നതിനാണു്. ദൈവം എന്റെ ലാക്കനുസരിച്ചുഎന്നെ വിധിക്കുമെങ്കിൽ—അങ്ങനെചെയ്യുമെന്നു ഞാൻ പൂർണ്ണമായിശരണപ്പെടുന്നു—എനിക്കു യാതൊരു ഭയവുമില്ല...."

തനിക്കുവന്ന മറെറഴുത്തുകുറിപ്പുകൾക്കെല്ലാം ഈ എഴുത്തും സി.

റോബർട്ട് ആൻ, സി. മേരിലോറൻസിയായെകാണിച്ചു. അവർ അതുവായിച്ചു തീർന്നപ്പോൾ ആലോചനാപൂരസ്സരം പറഞ്ഞു: "ആ കൊച്ചനസമാധാനമില്ല" കൂടുതൽ ശാന്തമായും ആലോചനയോടുകൂടിയും അവർ തുടർന്നു: "അവൻ ആൻഡേഴ്സനെവേണ്ടി ചെയ്യുന്ന കാര്യത്തിൽ അവന്റെ ഉദ്ദേശം വളരെനല്ലതാണെന്നു് എനിക്കു നിശ്ചയമുണ്ടു്. എങ്കിലും സിസ്റ്റർ, അവൻ സന്ദേഹത്തിൽകഴിയുന്നതായിട്ടാണു് ഈ കത്തിൽനിന്നു ഞാൻ മനസ്സിലാക്കുന്നതു്. മരണത്തിനു് ഇനിരണ്ടാഴ്ചയേ ഉള്ളുതാനും! ഓ ഫാ. ഡൊനെല്ലി അവന്റെ അടുക്കൽ ഒന്നു ചെന്നിരുന്നെങ്കിൽ!"

ദീർഘശ്വാസങ്ങളും പ്രലപനങ്ങളും ഒരിക്കലും സി. മേരി ലോറൻസിയായുടെ സ്വഭാവത്തിലുള്ളതല്ല. അവർ വേഗം ഒരുകത്തെഴുതി. അതിനു്, ജനുവരി 7-ാംതീയതി, പെന്നിയിൽനിന്നുവന്ന മറുപടിയിൽനിന്നു് കാണാം അവർ മനുഷ്യമനസ്സിന്റേയും ഹൃദയത്തിന്റേയും കാര്യത്തിൽ വിദഗ്ദ്ധയാണെന്നു്.

ടോമിന്റെ മറുപടി.

"അങ്ങയുടെ എഴുത്തു ഇന്നുവന്നു. വർത്തമാനപ്പത്രങ്ങൾക്കു് അങ്ങയുടെ മനസ്സിനെ ദുഷിപ്പിക്കാൻ കഴികയില്ലെന്നു" — അതു ഞാൻ നേരത്തെ അറിയേണ്ടതായിരുന്നു—അറിയുവാൻ ഇടയായതു് എത്രമാരാശ്വാസമായിരുന്നെന്നു് അങ്ങേയ്ക്കു് അറിഞ്ഞുകൂടാ.

പുസ്തകങ്ങൾ അങ്ങേയ്ക്കു കിട്ടിയെന്നു കേൾക്കുന്നതിൽ സന്തോഷമുണ്ടു്. എനിക്കു വായിക്കാനൊന്നും ഇല്ലാത്തതിൽ വിഷമതയുണ്ടു്: എങ്കിലും സാരമില്ല. അങ്ങനെയായിട്ടു് ബുദ്ധികനാശം ആയിട്ടില്ല. മാത്രമല്ല, ഞാൻ സാമാന്യം നല്ല ജോലിത്തിരക്കിലുമാണു്. അങ്ങു് എന്നോടു പലപ്പോഴും പറഞ്ഞിട്ടുള്ളതുപോലെ ചിരാചു് ഒരിക്കലും ഉറങ്ങുന്നില്ല. അവൻ എപ്പോഴും അടുത്തുണ്ടു്. പക്ഷേ, അവൻ എതുരൂപത്തിൽവന്നാലും അവനെ തിരിച്ചറിയുവാൻകഴിയുമെന്നു ഞാൻ കരുതുന്നു.....

സിസ്റ്റർ, എനിക്കു വളരെ എഴുത്തുകൾ കിട്ടുന്നുണ്ടു്. അവയ്ക്കെല്ലാം മറുപടി അയക്കുക സാദ്ധ്യമല്ല. മിനസോട്ടായിൽനിന്നു"

മരു വനിത എനിയ്ക്കൊരു ക്രൂരിതരൂപം ഈയിടെ അയച്ചുതരും. അതു് അലബാമായിലെ ഫാ. പർസെലിൽനിന്നു ലഭിച്ച 'മോചനരൂപ'മാണു്. എന്റെ അന്തിമവിനാഴികയിൽ അതു ഞാൻ എന്റെ കൈകളിൽ പിടിച്ചുകൊള്ളും.....

അതെ, സിസ്റ്റർ മണിക്കൂർതോറും നമ്മുടെ ദിവ്യരക്ഷകനു വിരോധമായി ലോകം ചെയ്തുകൂട്ടുന്ന പാപങ്ങൾക്കു പരിഹാരമായും പരിപൂർണ്ണമായ സ്നേഹരൂപിയിലും എന്റെ സമസ്തവും ഞാൻ അവിടുത്തേയ്ക്കു കാഴ്ചവയ്ക്കുന്നു. എന്റെ അന്ത്യവിനാഴികയിൽ അങ്ങേയ്ക്കും എന്റെ എല്ലാമിത്രങ്ങൾക്കുമായി ഞാനൊരു പ്രത്യേകനിയോഗം വച്ചുകൊള്ളും; ആസമയത്തെ എന്റെ യാചന തിർച്ചയായും ദൈവം നിരസിക്കയില്ല. എന്നെ സംബന്ധിച്ചിടത്തോളം എനിക്കു് അപേക്ഷിക്കുവാനുള്ളതു് "അവിടുന്നു് എന്റെ ഉദ്ദേശത്തിലിയനുസരിച്ചു എന്നെ വിധിക്കയും എന്നോടു കരുണ കാണിക്കയും ചെയ്യണമേ എന്നുമാത്രമാണു്".

ഫാ. ഡൊന്നെല്ലിക്കു ഞാൻ നാളെ എഴുതുന്നുണ്ടു്. അദ്ദേഹം വരാതിരിക്കയില്ല.

ഞാൻ ഇതു നിത്തിയിട്ടു അല്പനേരം ഉറങ്ങട്ടെ. അടുത്ത എഴുത്തുവരെ "ഗുഡ്നൈറ്റ്".'' സ്വയം ബലിയായി അർപ്പിക്കപ്പെട്ട ആത്മാക്കളുടെലിസ്റ്റിൽ ഉൾപ്പെടുവാൻ ഞാൻ ഫാ. ലിബ്സിന്റെ അനുവാദം പ്രതിക്ഷിച്ചിരിക്കയാണു്. എന്റെ നിയോഗം ഓർമ്മിക്കണേ, സിസ്റ്റർ.....

P. S. സിസ്റ്ററിന്റെ രണ്ടു ലേഖനങ്ങൾ നിക്കി ബാക്കിയുള്ളവയെല്ലാം എന്റെ കൈവശമുണ്ടു്. അവ മടക്കിത്തരുന്നതിൽ വിരോധമുണ്ടോ? അവ നശിപ്പിക്കുവാൻ എനിക്കിഷ്ടമില്ല. അതു് മരണപത്രിക നശിപ്പിക്കുന്നതുപോലിരിക്കും....''

നിദ്രയ്ക്കുപോകുമെന്നുള്ള അവന്റെ ഉദ്ദേശത്തിനു മാറ്റം വരുത്തിയതു ഈ അന്തലേഖനമാണു്. സിസ്റ്ററിന്റെ ലേഖനമുണ്ടാക്കിയ ഉന്നതമനോഭാവത്തിൽ ആയിരിക്കവേ അവൻ അമ്മയ്ക്കു് ഈവിധം എഴുതി:

"....അങ്ങേയ്ക്ക് എത്രമാത്രം വിഷമതയുണ്ടെന്നു് എനിക്കറിയാം. വളരെ അധികം അമ്മകളോടു്, വളരെഅധികം ക്രിസ്തീയാനികളോടുചേർന്നു് ഞാൻ ദൈവത്തെ പ്രാർത്ഥിക്കുന്നു; അമ്മയ്ക്കു ശക്തിതരണമേ എന്നു്. അവിടുന്നു് അതു തരുമെന്നും എനിക്കറിയാം. എന്തുകൊണ്ടെന്നാൽ ദൈവം അമ്മയെ സഹായിച്ചില്ലായിരുന്നെങ്കിൽ അമ്മയ്ക്കു് ഇത്രദീർഘകാലം അതു താങ്ങുവാനാവില്ലായിരുന്നു .....

എന്റെ സ്നേഹിതരെല്ലാം- അവർ വളരെയുണ്ടു"– എന്നോടു പറയുന്നു, എന്റെ വേർപാടിനുശേഷവും അവർ അമ്മയെ വിസ്മരിക്കയില്ലെന്നു". അമ്മയ്ക്കു് ഉറപ്പുതരുവാൻ ഈ സജ്ജനങ്ങളുടെ പ്രാർത്ഥന അനർഘമായതാണു". എനിക്കു് അതറിയാം. കാരണം, അസാദ്ധ്യമെന്നു കാണപ്പെട്ട കാര്യങ്ങൾ അവർ എനിക്കു നേടിത്തന്നിട്ടുണ്ടു്.

അടുത്തതവണ അമ്മ ആസ്പത്രിയിൽ ചെല്ലുമ്പോൾ അമ്മയെ കപ്പേളയിൽ കൊണ്ടുപോകാൻ സിസ്റ്ററിനോടു പറയണം. പരിശുദ്ധ സ്ത്രീവാപാഥയുടെ നാലാംസ്ഥലത്തു ചെല്ലുമ്പോൾവ്യാകുലതയുടെ ഈദിവസങ്ങൾ വഹിക്കുവാൻ വേണ്ട ശക്തിയും ധൈര്യവും നേടിത്തരുവാൻ ആ അമ്മയോടു് അപേക്ഷിക്കുക. ദിവ്യജനനി അതുചെയ്യും. എന്തുകൊണ്ടെന്നാൽ അങ്ങയുടെ വ്യഥ മറ്റാരെയുംകാൾനന്നായി ആ അമ്മയ്ക്കു് അറിയാം....അനന്തരം ദിവ്യാംബികയുടെ മാധുര്യവും സ്നേഹവും നിറഞ്ഞ സമ്പൂർണ്ണസംരക്ഷണത്തിനുമായി കൃതജ്ഞത പ്രകാശിപ്പിക്കുക.

അമ്മേ, സ്വർഗ്ഗത്തിലെ സ്നേഹനിധിയായ ദൈവം നമ്മുടെ പിതാവാണെന്നതു് എത്രകണ്ടു നിശ്ചയമുള്ള കാര്യമാണോ അത്രകണ്ടു നിശ്ചയമുള്ളകാര്യമാണു നമ്മളെല്ലാവരും ആ അമ്മയുടെ മക്കളാണെന്നതു്. അവർ ക്രൂശിതനായ നമ്മുടെ രക്ഷകന്റെ അമ്മയാണു". അതുപോലെതന്നെ അവർ നമ്മുടെയും പ്രിയപ്പെട്ട മാതാവാണു". തന്റെ മകനെ സ്നേഹിക്കുന്നതിനു നമ്മെ സഹായിക്കുവാൻ അവർ എപ്പോഴും ആകാംക്ഷയുള്ളവളാണു". പ്രി. അമ്മേ,

മറ്റുള്ളവർ അമ്മയെ സ്നേഹിക്കുന്നതു് എനിക്കു പ്രിയങ്കരമായി രിക്കുന്നതുപോലെതന്നെ നമ്മിൽ ഈശ്വരയുടെ അമ്മയെ സ്നേഹി ക്കുന്നതു് അവിടുത്തേയ്ക്കു പ്രിയങ്കരമാണു്.

അങ്ങു് എന്നോടു ചോദിച്ച ചോദ്യം സംബന്ധിച്ചു്, ഞാൻ അങ്ങയോടു കള്ളം പറയുകയില്ല. അതുകൊണ്ടു് എന്റെ പ്രിയ അമ്മ എന്നെ വിശ്വസിക്കുക. എന്തെങ്കിലും ഭൂതോത്തരമാകട്ടെ സ്വാ ത്ഥതയാകട്ടെ എനിക്കില്ല....."

രാത്രി വളരെ വൈകിയെങ്കിലും അന്നു കിട്ടിയെന്നു് അവൻ പറഞ്ഞ 26 എഴുത്തുകളിൽ പ്രത്യേകമായ ഒന്നിനുകൂടി മറുപടി എഴുതാതെ ഉറങ്ങരുതെന്നു അവനുതോന്നി. ആ എഴുത്തു മറ്റുള്ളവ കളിൽനിന്നുള്ളതായിരുന്നു. വളരെ നല്ല ഒരു പ്രശംസയായി പ രിണമിച്ച ഒരു കുറിപ്പടിത്തോടെയാണു" അവൻ ആരംഭിച്ചതു". "ഞാൻ തെറ്റിപ്പോകുന്നുവെന്നു എനിക്കു തോന്നുമ്പോൾ" അവൻ എഴുതി, "ഞാൻ എന്റെ സിസ്റ്റേഴ്സിന്റെ കത്തുകളിൽനിന്നു് ഒരുപിടി എടുത്തു വായിക്കുവാൻ തുടങ്ങും. എളുപ്പത്തിൽ ഞാൻ പിശാചിനെ പരാജിതനാക്കുകയും നല്ല സമാധാനം അനുഭവി ക്കയും ചെയ്യുന്നു. അതെ, നിങ്ങളുടെ എഴുത്തുകൾ ചില ജ്ഞാന വായനയെക്കാൾ സഹായകമാണു".....നിങ്ങൾ ദൈവത്തോടു് ഇത്ര അടുത്തിരിക്കുന്നതുകൊണ്ടു് ചിലപ്പോൾ ഞാൻ നിങ്ങളോടു് അസൂയപ്പെടാറുണ്ടു്. എങ്കിലും ഒരുപക്ഷേ ഞാൻ ദൈവത്തെ വേഗം മർത്തിക്കുമെന്നും അപ്പോൾ നിങ്ങളെപ്പറ്റിയെല്ലാം അവിടു ത്തോടു പറയുവാൻ എനിക്കു കഴിയുമെന്നുള്ള വിചാരംകൊണ്ടു് ഞാൻ സ്വയം ആശ്വസിപ്പിക്കുന്നു. സിസ്റ്റേഴ്സ്, അതു് ജനുവരി 22-ാം തീയതിയായിരിക്കും. ഇത്തവണ എനിക്കു സാമാന്യം നിശ്ചയമുണ്ടു്".

തലയുയർത്താതെതന്നെ അവൻ വേറൊരു വിഷയത്തിലേക്കു കടന്നു. അതുമരണത്തെപ്പറ്റിയുള്ള ചിന്തപോലെ അവന്റെ ബോ ധത്തിന്റെ ഉപരിതലത്തിൽ സദാ ഉണ്ടായിരുന്ന മറ്റൊന്നാണു". "നി ങ്ങൾ വർത്തമാനപ്പത്രങ്ങൾ കാണാറില്ലെന്നു ഞാൻ പ്രതീക്ഷിക്കു

ന്നു" അവൻഎഴുതി,"കാരണം,ഇക്കഴിഞ്ഞ ഏതാനംദിവസങ്ങളിൽഎനിക്കുവളരെഅഹിതകരമായപ്രസിദ്ധി ലഭിച്ചുകൊണ്ടിരിക്കയാണു്. മാത്രമല്ല, താമസംവിനാ അതുകൂടുതൽ വഷളാകുമെന്നും എനിക്കറിയാം. ബഹുജനം എന്നെപറ്റിഎത്രയവിചാരിക്കുന്നുവെന്നതു സാരമില്ല. ഇപ്പോൾ ദൈവമാണു് എന്റെ വിധിയാളൻ."

ആചിന്ത അവന്റെ ഹൃദയത്തെ ഉന്മഥിപ്പിക്കയും കൂടുതൽ ആഹ്ലാദപ്രദമായ ഒരുസ്വരം അവന്റെ കർത്തവ്യത്തിലേക്കു വ്യാപിക്കയുംചെയ്തു. "അടുത്തപത്തുദിവസത്തേയ്ക്കു ഞാൻ വലിയ ജോലിത്തിരക്കിലായിരിക്കും," അവൻ അറിയിച്ചു, "എങ്കിലും ഞാൻ പോകുന്നതിനു് മുമ്പു് ഒരു ദീർഘലേഖനം അയക്കാം. അതിനിടയ്ക്കു നിങ്ങളുടെ നല്ലപ്രാർത്ഥനകളിൽ എനിക്കും സ്ഥാനമുണ്ടായിരിക്കട്ടെ.ഞാൻ എന്റെ ഓരോ സിസ്റ്ററിനേയും ദിവസേനമാമ്മിക്കുന്നുണ്ടെന്നു അവരോടെല്ലാവരോടുംപറയുക. മദർ, സിസ്റ്റേഴ്സ് എനിക്കു തുടർന്നെഴുതുവാൻ അങ്ങു് അനുവദിച്ചിരിക്കുന്നതിനു് അങ്ങേയ്ക്കുപകാരംപറയുവാൻ ഞാനാഗ്രഹിക്കുന്നു. അങ്ങേടയയ്ക്കു ദൈവം അങ്ങയെ സ്നേഹിക്കട്ടെ. തിരുനാമത്തിന്റെ മദർ മേരി, ലൂയിവില്ലിലെ മഗ്ദലേനകളെ,എന്നെടത്തേക്കുവാൻ അനുവദിച്ചു. ഞാൻ സ്വർഗ്ഗത്തിൽ ചെല്ലുമ്പോൾ എനിക്കുചെയ്യുവാനുള്ളതു്, നമ്മുടെ വലിയ സിസ്റ്റർ മേരിമഗ്ദലേനയെ തേടിപ്പിടിക്കയും അവരിൽനിന്നു ഒരു തവിട്ടുകപ്പായം യാചിക്കയുമാണു്. നല്ലവനായ ദിസ്മാസിനു് എന്നോടു അനുകമ്പതോന്നുമെന്നു് എനിക്കറിയാം. അവൻ സ്വർഗ്ഗംപോലും തട്ടിയെടുത്തല്ലോ."

അവൻ പതിവുപോലെ അവസാനിപ്പിച്ചു. "പ്രിയ മദർ, അങ്ങേയ്ക്കു് ഉപകാരം. പരിശുദ്ധ കുരിശിന്റെ വലതുവശത്തുള്ള അങ്ങേ വിനീത ദുഷ്ടപുത്രൻ....."

പത്രംമുഖേനയുള്ള പ്രസിദ്ധിയെപ്പറ്റി ടോം പറഞ്ഞതു് ശരിയായിരുന്നു. അതു കൂടുതൽ വഷളാകുകതന്നെചെയ്തു. ജനുവരി 6–ാം തീയതിയിലെ പ്രഭാതപത്രങ്ങൾ, കൊലപാതകസമയത്തു് ബഫോർഡ് സ്റ്റേവർട്ടു് അവന്റെ ജോലിയിൽ ഏർപ്പെട്ടിരി

ക്കയായിരുന്നുവെന്നതെളിയിക്കുന്ന ജോലിസമയം കുറിക്കുന്ന റിക്കാർഡ്കാർഡ് പ്രസിദ്ധപ്പെടുത്തി. ആവാർത്താശകലം അനേകരുടെ വായടിത്തത്തിനു മൂർച്ചകൂട്ടി. എന്നാൽ നിയമം അർഹിക്കുന്ന എല്ലാ പരിഗണനകളും അതിനു കൊടുക്കണമെന്നു് സമുദായത്തിലെ നിയമപട്ടക്കാർ പറഞ്ഞു. ഒരു "ശാശ്വതസാക്ഷ്യത്തിനു്" ജഡ്ജി ലൊറൈൻമിക്സ് ജനുവരി 11–ാം തീയതി ഉത്തരവിട്ടു. ബാങ്കിന്റെയും ടോമിന്റെയും പ്രസ്താവനകൾ സ്വീകരിക്കുന്നതിനു മാത്രമല്ല, ഹാബിയാസ് കോർപ്പസോ അഥവാ കോറാം നോബിസോ റിട്ടിനുള്ള നടപടികൾ ആരംഭിക്കുന്നതിനും അല്ലെങ്കിൽ ബോബിന്റെ ശിക്ഷാവിധി കള്ളസാക്ഷ്യത്തിന്മേൽ ഉണ്ടായതാണെന്നു വാദിക്കുന്നതിനും ഇതു് ആൻഡേഴ്സന്റെ വക്കീലന്മാരെ കഴിവുള്ളവരാക്കി. ആറുമാസംമുമ്പു് എലിയൊട്ടിന്റെ വക്കീൽ നടത്തിയ വാദത്തോടു് ഇതു് എത്രമാത്രം സാധർമ്മ്യമുള്ളതാണെന്നു ടോമും ബോബും മനസ്സിലാക്കിയിരുന്നു. അതെല്ലാം അവനുവേണ്ടി അവർ പ്രയോഗിച്ചു. ഒരുവേള.....

13 മാസങ്ങൾക്കു മുമ്പു് ജഡ്ജി ആഡംസ് നൽകിയ വിധി തീർപ്പു് അവസാനം പിളർക്കുന്നതിനുള്ള ആപ്പു് അടിച്ചിരിക്കയാണെന്നു് ലക്സിംഗ്ടനിലും ലൂയിവില്ലിലുമുള്ള പലരും വിചാരിച്ചു. നീതിയുടെ ഗതിയെ കാര്യമായി പ്രതിബന്ധപ്പെടുത്തുന്നതിനും ഒടുവിൽ ആൻഡേഴ്സനെ മോചിപ്പിക്കുന്നതിനും പര്യാപ്തമായ ഒട്ടേറെ സാങ്കേതികതകളും ഒഴിഞ്ഞുമാറലുകളും ദീർഘദർശനം ചെയ്യുവാൻ അവർക്കുകഴിഞ്ഞു. എന്നാൽ ഈ ഒടുവിലത്തെ നിക്കത്തിലെ ടോമിന്റെ ഉദ്ദേശമെന്തെന്നു വിശ്വസിക്കുവാൻ അവർക്കു് സാധിച്ചില്ല.

ജനുവരി 11–ാം തീയതി എഡിവില്ലിൽ വാർഡന്റെ ആപ്പീസിൽ വച്ചു സത്യവാങ്മൂലം എടുത്തു. എന്നാൽ അക്കാര്യമൊന്നും ജെസ്സിബുക്കാനൻ വലിയ രഹസ്യംകൊണ്ടു് ആപ്പീസാക്കി. അതുകൊണ്ടു പ്രസ്തുതമാസം 13–ാം തീയതി ലൂയിവില്ലിൽവച്ചു് അവർ മൊഴികൊടുക്കുന്നതായിരിക്കുമെന്നു മാത്രമേ അന്നത്തെ പ്രോ

തപത്രങ്ങൾക്കു പറയുവാൻ സാധിച്ചില്ല. പലരും വർദ്ധമാനമായ ജിജ്ഞാസയോടെ വ്യാഴാഴ്ചത്തെ പ്രഭാതപത്രം നോക്കിയിരുന്നു. അതുലഭിച്ചപ്പോൾ അവരൊക്കെ നിരാശരായി. കാരണം, വിചാരണയ്ക്കുമുമ്പ് ആൻഡേഴ്സൻചെയ്ത പ്രസ്താവനയിൽ, അവർ അനുമാനിച്ചതിലോ കുമ്പസ്സാരികളായ റിപ്പോർട്ടർമാർ ഉൾപ്പിച്ചതിലോ പോലീസ് വെളിപ്പെടുത്തിയ വസ്തുതകളിലോ ഉണ്ടായിരുന്നവയേക്കാൾ കൂടുതലായി ഒന്നുമില്ലായിരുന്നു. എന്നാൽ അതിസൂക്ഷ്മതയോടെ വകഞ്ഞുണ്ടാക്കിയതും കുശാഗ്രബുദ്ധിയോടും അതിയായ ക്ഷമയോടുകൂടിയവർക്കുമാത്രം കണ്ടുപിടിക്കാവുന്നതുമായ ഒരു കഥയാണ് ആൻഡേഴ്സന്റെ വക്കീലന്മാർക്കു പറയുവാനുണ്ടായിരുന്നതെന്നു് ആ പ്രസ്താവന കൂടുതൽ ശ്രദ്ധയോടെ വായിച്ചവർ കാണുകയുണ്ടായി. 1941 സെപ്തമ്പർ 27-ാം തീയതി മുതൽ തന്റെ അവസാനത്തെ സത്യവാങ്മൂലംവരെയുള്ള പെന്നിയുടെ ഓരോ പ്രധാനപ്പെട്ട വിചാരത്തിനും വചനത്തിനും, പ്രവൃത്തിക്കും ഒരുദ്ദേശ്യമുണ്ടായിരുന്നു. അതിലെല്ലാമുണ്ടായിരുന്ന ഏറ്റവും വലിയ കടലിലത, അതെല്ലാം നിഷേധിക്കാൻ സാധിക്കുമായിരുന്ന ഏകമനുഷ്യൻ മരിച്ചുപോയിരുന്നുവെന്നതിൽ അടങ്ങിയിരുന്നു. പെന്നി തന്റെ ആദ്യമൊഴിയോടു ഒട്ടിപ്പിടിച്ചു നിന്നതുപോലെ ഈ കഥയോടു ഒട്ടിനില്ക്കയാണെങ്കിൽ പ്രോസിക്യൂഷൻ വിസ്താരത്തിൽ അവനെ തെറ്റിപ്പിഴിയുമെന്നും നിയമജ്ഞന്മാർ തീരുമാനിച്ചു.

ആൻഡേഴ്സന്റെ വക്കീലന്മാരുടെ ഉറച്ചനിലപാടു പിറ്റേദിവസത്തെ പത്രങ്ങളിൽനിന്നു വ്യക്തമായി. എങ്ങനെയെന്നാൽ S. റഷ് നിക്കൻസൺ യുദ്ധസേവനത്തിനു പോകയാൽ ഫ്രാങ്കഫർട്ടിന്റെ (Jr.) സഹായിയായിട്ടുവന്ന ഹേർബർട്ട് മോൻസ്കി, റിപ്പോർട്ടർമാരോടു പറഞ്ഞു: പുതിയതെളിവു് കോടതി അവധിക്കു അടയ്ക്കുന്നതിനുമുമ്പ് ഹാജരാക്കണമെന്ന നിയമം അനുശാസിക്കുന്നതുകൊണ്ടു പുതിയവിചാരണയ്ക്കും ആൻഡേഴ്സനെമോചിപ്പിക്കുന്നതിനും സാങ്കേതികതടസ്സങ്ങൾ ഉന്നയിക്കുവാൻ സർക്കിട്ടുകോടതിക്കു കഴിയും. അങ്ങനെ വന്നാൽ ജൂറിയിൽ

കോടതിയേയോ അഥവാ, ഗവർണരേയോ സമീപിച്ചു" "വ്യ
വസ്ഥിതമായ കോടതിവഴി നിരപരാധിത്വം സ്ഥാപിക്കുന്നതി
നുവേണ്ടി" മുപ്പത്തുദിവസത്തേയ്ക്കു വിധിനടത്തൽ നിർത്തിവയ്ക്കുന്ന
തിനു വാദിക്കുവാൻ അവന്റെ വക്കീലന്മാർ ഉറച്ചിരിക്കയാണു". കെൻറക്കിസ്റ്റേയിറ്റിലെ പതിവും പാരമ്പര്യവുമനുസരിച്ചു ഗവർണർ മിക്കവാറും വിധിനടത്തൽ മാറ്റിവയ്ക്കുയില്ലെന്നും മോൻസ്ക്കി പറഞ്ഞു. അപ്പോൾ അദ്ദേഹവും കാഫിലും ഫെഡറൽ കോടതിയുടെ സഹായം തേടുന്നതാണു". ജനശ്രദ്ധയെ ആകർഷിക്കാൻവേണ്ടിയല്ലായിരുന്നു ഈ വക്കീലന്മാർ രണ്ടുപേരും പ്രസ്താവനചെയ്തതെന്നു ഒരാഴ്ച കഴിഞ്ഞപ്പോൾ വ്യക്തമായി. എങ്ങനെയെന്നാൽ പ്രതീക്ഷിച്ചതുപോലെ ആൻഡേഴ്സന്റെ വിധിനടത്തലിനു "സ്റ്റേ" കൊടുക്കാൻ ജഡ്ജി ചെസ്റ്റർ ആഡംസ് വിസമ്മതിച്ചു. കാരണം, അങ്ങനെയുള്ള അനുകൂല്യംനൽകുക എന്നതു് സർക്കീട്ടുകോടതിയുടെ അധികാരസീമയിൽ പെടുന്നതല്ലായിരുന്നു. "ആൻഡേഴ്സനുവേണ്ടി 25000 ഡോളറിന്റെ ഉടമ്പടി വക്കീലന്മാർ വയ്ക്കാതിരിക്കയും അവൻ പാപ്പരാണെന്നു വാദിക്കയും ചെയ്തപ്പോൾ ആഡംസ് "ഹാബിയാസ് കോർപ്പസ്" റിട്ടു് നിഷേധിച്ചു.

ഈ രണ്ടു തീരുമാനങ്ങൾക്കും എതിരായുള്ള അപ്പീൽ കെൻറക്കിലെ അപ്പീൽകോടതിയിൽ ജനുവരി 19-ാംതീയതി താൻ ബോധിപ്പിക്കുന്നതാണെന്നു" കാഫിൻ പ്രഖ്യാപിച്ചു. അനന്തരം അദ്ദേഹം "കോറാംനോബിസ്" റിട്ടിനുള്ള അപേക്ഷ സമർപ്പിച്ചു. അതൊരു പതിയ വാദമായിരുന്നതുകൊണ്ടു ജഡ്ജി ആഡംസ് വളരെ വിവേകപൂർവ്വം ഇതു പരിഗണനാധീനമാക്കി. അതോടെ കോടതി അടച്ചു. കോടതിയുടെ പതിവും പാരമ്പര്യവും അവഗണിച്ചുകൊണ്ടു് ഏതുകോടതിയും പുതിയവിചാരണ നടത്തേണ്ടതായ പുതിയതെളിവുകളുണ്ടുള്ളതെന്നു" റിപ്പോർട്ടർമാരോടു പറഞ്ഞുകൊണ്ടു കാഫിൻ തിരിച്ചുപോയി. ഈ പുതിയ സംഭവവികാസം വെറും കളിപ്പിക്കൽമാത്രമാണെന്നു താറടിക്കയും, ഒരു പാ

പ്പർ ഹർജിക്കാരനു കോറാംനോബീസോ അല്ലെങ്കിൽ ഹാബിയാസ് കോർപ്പസോ അനുവദിച്ചു വലിയവഴക്കമില്ലെന്നുപറകയും ചെയ്ത പ്രോസിക്യൂട്ടിംഗ് അറേറാർണി പാർക്കിന്റെ മേലുള്ള ഒരു കടന്നാക്രമണമായിരുന്ന ഇതു്.

കൊലപാതകസമയത്തു ലക്സിംഗ്ടണിലെ പോലീസ് വകുപ്പു കൊണ്ടിക്ലബ്ബിൽ കണ്ട സകലവിരലടയാളങ്ങളും രേഖരിക്കാനായിരുന്ന ആൻഡേഴ്സന്റെ വിജ്ഞംഭിതരായ വക്കീലന്മാരുടെ അടുത്ത നീക്കം. മാരിയൻ മൈലിയും തള്ളയും മരിച്ചുരാത്രിയിൽ സ്റ്റുവർഡ് ആ ക്ലബ്ബിലുണ്ടായിരുന്നുവെന്നതിനു് അനിഷേധ്യമായ തെളിവുകൊടുക്കുവാൻ സാധിക്കുമോ എന്നറിയുന്നതിനു് അയാളുടെ വിരലടയാളവുമായി താരതമ്യപ്പെടുത്തുവാൻ വേണ്ടിയാണു് തങ്ങൾ വിരലടയാളം ആവശ്യപ്പെടുന്നതെന്നു് അവർ അവകാശപ്പെട്ടു.

മൈലിഘാതകരുടെ വിരലടയാളങ്ങൾ കണ്ടില്ലെന്നും തന്മൂലം സ്റ്റുവർട്ടിനേറതുമായി തുലനപ്പെടുത്തുവാൻ തന്റെ കൈവശം ഒന്നുമില്ലെന്നു് അറിയിച്ചുകൊണ്ടു്, ഗൈ മെയുപ്പിൻ അവരുടെ നീക്കം തകർത്തു.

"കോറാം നോബിസ്" റിട്ടിനുള്ള കാഫിലിന്റെ അപേക്ഷ തിങ്കളാഴ്ചരാവിലെ ജഡ്ജി ആഡംസ് തള്ളി. അതിനുള്ള ന്യായം അങ്ങനെയുള്ള അപേക്ഷ സ്വീകരിക്കുന്നതിനുമുമ്പു്, കള്ളസാക്ഷ്യം തെളിവായി സ്വീകരിച്ച സമയത്തു് കള്ളസാക്ഷ്യമാണെന്നറിഞ്ഞിരിക്കേണ്ടതാണെന്നു് ഐക്യസംസ്ഥാനത്തെ പരമാധികാരകോടതി ഒരിക്കൽ തീരുമാനം ചെയ്തിട്ടുണ്ടു് എന്നതാണു്.

ചൊവ്വാഴ്ചരാവിലെ കെൻറക്കിലെ അപ്പീൽകോടതിമുമ്പാകെ "എറോർ കോറാം നോബിസ്" റിട്ടിനുവേണ്ടി കാഫിൽ വാദമാരംഭിച്ചു. ആഡംസിന്റെ എല്ലാ തീരുമാനങ്ങൾക്കും എതിരായി അപ്പീൽ ബോധിപ്പിക്കയും ബോബ് ആൻഡേഴ്സൻ ഇപ്പോൾ ജയിലിലടയ്ക്കപ്പെട്ടിരിക്കുന്നതു് അന്യായവും അനീതിയുമാണെന്നും അങ്ങനെ കെൻറക്കിസംസ്ഥാനാധികാരത്തിന്റെ പേരിൽ

അവന്റെ സ്വാതന്ത്ര്യത്തിനു കടിഞ്ഞാൺ ഇട്ടിരിക്കയാണെന്നും അദ്ദേഹം ഉന്നിപറയുകയും ചെയ്തു. എന്തുകൊണ്ടെന്നാൽ അവസാനവിനാഴികയിൽ കണ്ടുപിടിച്ച തെളിവു"—പെന്നിയുടെ പ്രസ്താവന—അവന്റെ നിരപരാധിത്വം മുഴുവനായും തെളിയിച്ചിരിക്കുന്നു.

കോടതി ഇതെല്ലാം ശ്രദ്ധാപൂർവ്വം കേട്ടു. ജഡ്ജിമാർ ചോദ്യങ്ങൾ ചോദിക്കയും ചർച്ചകൾ നടത്തുകയും അനന്തരം വിധി പ്രസ്താവിക്കയും ചെയ്തു. ആഡംസിന്റെ തീരുമാനത്തെ കോടതി മറികടന്നു", റോബർട്ട്" H. ഔൻഡേഴ്സന്റെ വിധി നടത്തൽ ജനുവരി 22–ാംനു-മുതൽ ഫെബ്രുവരി 26 വരെ നിർത്തിവച്ചു. കേസ് വീണ്ടുമൊരു വാദത്തിനായി ലക്സിംഗ്ടണിലേക്കു മാറ്റി. ഇതു കേട്ടപ്പോൾ കാഹിലിനു് സ്വന്തം ഇന്ദ്രിയങ്ങളെ വിശ്വസിക്കാൻ പ്രയാസമായിരുന്നു. കമ്മോൽസുകനായ ആ വക്കീൽ ആശ്ചര്യച്ചിടത്തോളം അല്ലെങ്കിലും അദ്ദേഹം പ്രതീക്ഷിച്ചതിലും കൂടുതലാണു്. മുൻതീരുമാനത്തെ കോടതി തള്ളിപ്പറഞ്ഞുകയില്ലെന്നും റോബർട്ട് H. ഔൻഡേഴ്സൺ ഒരു പുതിയവിചാരണ അനുവദിക്കുന്നില്ലെന്നും അവൻ പുനർവിചാരണയ്ക്കു് അർഹനാണോഅല്ലയോ എന്നു നിയമപരമായി തീരുമാനിക്കുന്നതിനുവേണ്ടി ഒരുഹിയറിംഗ് കൂടി നടത്തുവാൻ അനുവദിക്കുമാത്രമാണെന്നും കോടതിഅദ്ദേഹത്തെ വ്യക്തമായി അറിയിച്ചിരുന്നു.

"എറോർ കോറാം നോബിസ്" എന്നറിയപ്പെടുന്ന ഒരുവന്റെ കേസ് 'കിംങ്ങ്സ് ബഞ്ചിൽ' ബോധിപ്പിക്കുവാൻ ഇംഗ്ലണ്ടിലെപൊതുനിയമം അനുവദിക്കുന്നുണ്ടെന്നും, ഇങ്ങനെയുള്ള കേസുകളുടെ കാര്യം ഉൾക്കൊള്ളുന്ന ചട്ടങ്ങളില്ലാത്ത സംസ്ഥാനങ്ങളിലും ഈ പൊതുനിയമം പ്രയോഗിക്കാമെന്നും ജഡ്ജിമാർ വ്യക്തമാക്കി. ഔൻഡേഴ്സന്റേതുപോലുള്ള കേസുകളിൽ ഈ പുരാതനനിയമം പ്രയോഗിക്കാമെന്നും ജഡ്ജിമാർ കൂട്ടിച്ചേർത്തു. കാരണം, നിർദ്ദോഷിയാണെന്നു പുതിയ തെളിവുകാണിക്കുന്നുവെന്ന വാദം അന്ത്യവിനാഴികയിൽ പുറപ്പെടുവിക്കപ്പെട്ടു.

അങ്ങ" എഡിവില്ലിൽ ഇ വാർത്തമൂലം ആൻഡേഴ"സനിൽ
ആനന്ദവും പ്രത്യാശയും കുതിച്ചുകയറി. അവൻ ചിരിച്ചു. സ്റ്റെ
യിററിലെ എല്ലാ അഭിലാഷകരെയുംകാൾ പെന്നി കൂടുതൽ സമ
ർത്ഥനാണെന്ന കാരണത്തിന്മേൽ അവൻ തന്റെ പരിമിതമായ
രീതിയിൽ പെന്നിയെഅനുമോദിക്കയും അഭിനന്ദിക്കയുംചെയ്തു.

എന്നാൽ ടോമിനു" ഇതിൽ വലിയ താല്പര്യമില്ലായിരുന്നു.
പലവാരങ്ങളായിട്ടു" അവൻ തന്റെസ്നേഹിതരെപ്പററിയുള്ള ഉൽ
ക്കണ്ഠയും തന്നെപ്പററിയുള്ള ഉൽക്കണ്ഠകളും മദ്ധ്യേകിടന്ന തെളി
ച്ചിരികൊള്ളുകയായിരുന്നു. അവൻ മരണത്തെ മുമ്പിൽനിന്നു
അതിന്റെ നേരെനോക്കി. അവനിൽ താല്പര്യവും അവന്റെ മന
സാന്തരത്തിൽ വിശ്വാസവും കാണിച്ച ആളുകൾക്കു ധൈര്യം പ
കരുന്ന വാക്കുകൾ എഴുതുവാൻശ്രമിച്ചപ്പോൾ, ഈ സൃഷ്ടിയെ മുഴ
വനായും അവസാനമായും ആലിംഗനം ചെയ്യേണ്ടദിവസം അ
സഹ്യസ്ഥഭ്രജനകമായ വേഗതയിൽ അടുത്തുവരുന്നതു" അവൻ കണ്ടു"
അവൻ മിക്കപ്പോഴും അവന്റെ മേശയുടെ മുമ്പിലായിരുന്നെങ്കി
ലും അവൻ ആഗ്രഹിച്ചതിന്റെ പകുതിജോലി ചെയ്തിരുന്നില്ല.
അവന്റെ മുമ്പിൽകിടന്ന പ്രശ്നങ്ങളെപ്പററി ശാന്തമായിപഠി
ക്കുന്നതിനു" ഏതാനും വിനാഴികകളെടുത്തപ്പോഴെല്ലാം സമയ
ത്തിന്റെ മാററമില്ലാത്ത പോക്കിനെപ്പററി അവൻ അക്ഷമനാ
യിരുന്നു. അവനെഅലട്ടുന്നുകുന്നതിനുപോരുന്നവിധം അതുഅത്ര
കണ്ടുമന്ദഗതിയിലായിരുന്നു. ഈഅയുക്താഭാസം അവനിൽ അ
സാധാരണമായ ഒരു മന്ദഹാസമുളവാക്കി. ദൈവം അവനുനൽകി
യ സ്നേഹനിർഭരമായ ഹൃദയത്തിലേയ്ക്കു ഒന്നു ചൂഴിഞ്ഞുനോക്കുന്നതി
നു" അതു അവനെ സഹായിച്ചു. അവൻ പരലോകത്തിലേയ്ക്കു യാ
ത്രതിരിക്കുവാൻ ആകാംക്ഷയുള്ളവനായിരുന്നു. എങ്കിലും അവ
ന്റെ മിത്രങ്ങളിൽ ആർക്കെങ്കിലും ഭീതിയുണ്ടായിരുന്നിടത്തോളം
കാലം അവരെ വിട്ടുപിരിയുവാൻ അവനു മടിയായിരുന്നു. തന്റെ
ജീവിതം മിക്കവാറും അവസാനിച്ചിരിക്കുന്നുവെന്നു" അവൻ ഗ്രഹി
ച്ചുശേഷം അവന്റെ ജീവിതത്തിലേക്കു ആഭ്യന്തരകലഹമുണ്ടാക്കുന്ന മൂന്നും

അവനെ പ്രത്യേകമായ ഉൽക്കണ്ഠയ്ക്കു കാരണമായിരുന്നു. ജനുവരി 13–ാംതീയതി അവൻ സി. മേരിലോറൻസിയായിക്കു് എഴുതി.

"ഇപ്പോൾ എല്ലാറ്റിനെയും ആവരണം ചെയ്തിരിക്കുന്ന പരമരഹസ്യം സംബന്ധിച്ചു വാസ്തവത്തിൽ എനിക്കു വലിയ വിഷമതയുണ്ടു്. അതു സംബന്ധിച്ചു് അങ്ങേയ്ക്കു യാതൊരറിവും നൽകുവാൻ എനിക്കു കഴിവില്ലെന്നുള്ളതു് എന്റെ വിഷമതയെ വർദ്ധിപ്പിക്കുന്നു. കാരണം, ഞാൻ എത്രപറഞ്ഞാലും അതു് അങ്ങയുടെ ഭീതിയെ വർദ്ധിപ്പിക്കുകയേയുള്ള. ആകയാൽ ഏറ്റവും നല്ലതു് അങ്ങുപറയുന്നതുപോലെ മൗനംഭജിക്കുകയാണു്". സിസ്റ്റർ, അങ്ങു് അത്യധികമായ ക്ഷമയോടെ എന്നെ ആനയിച്ചു മാർഗ്ഗത്തിൽ എന്നെ നിലനിർത്തുന്നതിനും നയിക്കുന്നതിനും എന്നെ വിശ്വസിക്കുന്നതിനും അങ്ങേയ്ക്കു പ്രയാസമാണെങ്കിൽ അനന്തനന്മയായിരിക്കുന്ന ദൈവത്തെ വിശ്വസിക്കുക....ക്രമേണ അങ്ങേയ്ക്കു് എല്ലാം മനസ്സിലാകും. അതിനു് ഇനി അധികകാലം വേണ്ടിവരില്ല. പരമാർത്ഥംപറഞ്ഞാൽ, സിസ്റ്റർ, എനിക്കു വിട്ടുതരികയാണെങ്കിൽ അതു് ഈരാത്രിയിൽ നടക്കും. ഒരിടത്തും സമാധാനം കണ്ടെത്താൻ സാദ്ധ്യമല്ലാത്ത ഈലോകത്തെക്കൊണ്ടു ഞാൻ മടുത്തു.

ഇന്നുരാവിലെ ഫാ. ലിബർമാൻ ഇവിടെവന്നു; അതിൽ എനിക്കുവലിയ സന്തോഷമുണ്ടു്. കാരണം ഈകഴിഞ്ഞ ഒരുമാസം ഒരുവർഷംപോലെതോന്നി.

ഫാ. എവുജിനുമായി നേരിട്ടുസംസാരിക്കാൻ എനിക്കു സാധിക്കാഞ്ഞതിൽ സങ്കടമുണ്ടു്. അതു് എനിക്കൊരു നഷ്ടമാണു് — വലിയ നഷ്ടമാണെന്നു് എനിക്കറിയാം.

അന്തരത്തിൽ ഫാ. ഡൊനെല്ലി എന്നോടുകൂടി ഉണ്ടായിരിക്കുമോ എന്നു് എനിക്കറിഞ്ഞുകൂടാ. ഇതുവരെ അദ്ദേഹത്തിൽനിന്നു് ഒന്നും കേട്ടില്ല.

സിസ്റ്റർ, എന്റെ ആത്മാവിനെ രക്ഷിക്കുന്നകാര്യത്തിൽ അങ്ങു് എന്നെ വേണ്ടവിധം സഹായിച്ചില്ലെന്നു് ഭയപ്പെടുന്നു. ഒരു വിനാഴികനേരത്തേയ്ക്കുപോലും വിചാരിക്കരുതേ. പാതുങ്ങിം

എന്നെപ്പറ്റി എന്താണു പറയുന്നതെന്നു് അറിഞ്ഞുകൂടാ. കാരണം ഇപ്പോൾ ഞാൻ അവ വായിക്കാറില്ല. അവർ അടിച്ചുവിടുന്നതിനെ തടയുവാൻ എനിക്കു കഴിവില്ല. ഒരു കാര്യംമാത്രം ഞാൻ പ്രതീക്ഷിക്കുന്നു. അവസാനം സത്യംമുഴുവൻ വെളിക്കുവരുമ്പോൾ — അതു തീർച്ചയായും വരും — അതുമുഴുവൻ പ്രസിദ്ധപ്പെടുത്തുന്നതിനും അവർ ഇതുപോലെ താല്പര്യംകാണിക്കും. അതുകൊണ്ടു ക്ഷമയോടുകൂടിയിരിക്കുക; എന്റെ ആത്മാവിന്റെ അപകടസ്ഥിതി എനിക്കറിയാമെന്നു മാമ്മിക്കുക; എന്റെ ജീവന്റെ കാര്യം സാരമില്ല .....''

ഈ ഉറപ്പു കിട്ടുന്നതിനു് ഏതാനും ദിവസങ്ങൾക്കുമുമ്പു് അസ്വസ്ഥയായ ഈ സന്ന്യാസിനി, ജനുവരി 11-ാം തീയതി സി. റോബർട്ട ആനിനു് ടോം ധൃതിയിൽ എഴുതി അയച്ച കത്തു് വായിച്ചിരുന്നു.....ഈ ജയിൽപുള്ളി ദൈവത്തെ പ്രീണിപ്പിക്കുന്നതിനു പ്രയത്നിക്കുകയായിരുന്നെന്നു കാണിക്കുന്ന പല ഭാഗങ്ങളും അതിലുണ്ടായിരുന്നു. എന്നാൽ പ്രഥമഖണ്ഡികയിലെ ഒരു വരി, അവനു് ഇപ്പോഴും അവനെപ്പറ്റി നല്ല നിശ്ചയമില്ലെന്നു് അവർ വിചാരിക്കുന്നതിനിടയാക്കി. ടോം എഴുതിയിരുന്നു:

''എല്ലാം ഭദ്രമാണെന്നു് ഉറപ്പുതന്നതിനു് എന്റെ കൃതജ്ഞത. സിസ്റ്റർ, ഞാൻ വീണ്ടും പറയുന്നു, എന്നെ വേദനിപ്പിക്കാതിരിക്കുവാൻവേണ്ടി അങ്ങു് എന്നെ വിശ്വസിക്കണം. ഫാ. ഡൊനെല്ലി എന്നോടുകൂടിയുണ്ടായിരിക്കണമെന്നകാര്യത്തിൽ എനിക്കുള്ള വലിയ ഉത്കണ്ഠയ്ക്കു് ഒരു കാരണം അതാണു്. അതായതു, നിങ്ങളുടെ നല്ല അഭ്യുപനങ്ങൾ ഞാൻ നിഷ്ഫലമാക്കിയില്ലെന്നു നിങ്ങൾക്കു് ഉറപ്പു ലഭിക്കണം. അദ്ദേഹത്തെ ലഭിക്കുമോ എന്നു ഞാനിപ്പോൾ സംശയിക്കുന്നു. ഇതുസഹിതം അയക്കുന്ന കടലാസ്സുരുക്കുകളിൽനിന്നു കാണുന്നതുപോലെ അദ്ദേഹത്തിനും സ്വന്തമായ വിഷമതകളുണ്ടു്.''

ഉഭയനിശ്ചയവും ഇത്തരം ഉത്കണ്ഠയും തമ്മിൽ പൊരുത്തമില്ലല്ലോ എന്നു ആ പ്രായംചെന്ന സിസ്റ്റർ വിചാരിച്ചു.

ഫാ. ഡൊനെല്ലി മരണാസന്നനായ തന്റെ പിതാവിന്റെ പക്കലേക്ക് വിളിക്കപ്പെട്ടിരിക്കയാണെന്നു സിസ്റ്റർ ഗ്രഹിച്ചു. അദ്ദേഹം ജോർജ്ജിയായിൽ തിരിച്ചെത്തിയപ്പോൾ എഡിവില്ലിൽനിന്നുള്ള ആദ്യത്തെ രണ്ടെഴുത്തുകളും അത്യാശയോടെ തുറന്ന കാര്യം സിസ്റ്റർ അറിഞ്ഞിരുന്നില്ല. ആ വൈദികന്റെ പിതൃവിരഹത്തിലുള്ള സഹതാപം രേഖപ്പെടുത്തിയശേഷം ടോം എഴുതി:

"... ജനുവരി 22-ാം തിയതി ഞാനും പോകുമെന്നു അങ്ങയെ അറിയിച്ചുകൊള്ളുന്നു. പിതാവേ, ഭൂമിയിലെ അവസാനനാഴികകളിൽ അങ്ങു് എന്നോടുകൂടി ഉണ്ടായിരിക്കുവാൻ ആവശ്യപ്പെടണമെന്നു ഞാനാഗ്രഹിച്ചിരുന്നു. ഇപ്പോഴും എന്റെ ആഗ്രഹം അതാണു്. പക്ഷേ, ഇപ്പോൾ അതു് ആവശ്യപ്പെടാനുള്ള മനഃക്കരുത്തു് എനിക്കില്ല. അതുകൊണ്ടു് അതു് ഇങ്ങനെ ഭേദപ്പെടുത്താം. അതു് അതിരുകടന്നതല്ലാതിരിക്കയും അതിനാവശ്യമെങ്കിൽ എർപ്പാടുകൾചെയ്യുവാൻ അങ്ങേയ്ക്കു സാധിക്കുകയും ചെയ്യുമെങ്കിൽ അങ്ങു വരണമേ. അച്ചാ, ഇഷ്ടമുള്ളതു ചെയ്യുവാൻ അങ്ങേയ്ക്കു പൂർണ്ണസ്വാതന്ത്ര്യമുണ്ടു്. എനിക്കതു മനസ്സിലാക്കാൻ കഴിയും.....എന്നാൽ കഴിവതും വേഗം എന്നെ അറിയിക്കണമേ.

സംഗതികളുടെ ഇപ്പോഴത്തെ നിലപാടിൽ എന്റെ പോക്കിനെ തടസ്സപ്പെടുത്തുവാൻ ഒന്നും കാണുന്നില്ല. അക്കാര്യം അവസാനിക്കുന്നതിൽ എനിക്കു സന്തോഷമാണുള്ളതു്". പിതാവേ, എങ്കിലും, ഓ, അങ്ങയെ അന്ത്യലേഖനത്തിനും സ്നേഹമുള്ള ഒരുമുഖം ദർശിക്കുന്നതിനും ഞാൻ എന്തുമാത്രം ആഗ്രഹിക്കുന്നു. അടുത്ത കാലത്തു അവ വളരെ വിരളമായിരുന്നു. പിശാചു് എങ്ങനെ പ്രലോഭിപ്പിച്ചുകൊണ്ടിരിക്കുമെന്നു് അങ്ങേയ്ക്കു് അറിയാമല്ലോ. ഞാൻ അന്ത്യശ്വാസം വിടുന്നതുവരെ അവൻ അതു തുടരുമെന്നതോന്നുന്നു.

താമസിയാതെ ഫാ. ലിബ്"സ" ഇവിടെ വരും.....അതുകയാൽ അടുത്ത എഴുത്തുവരെ, "ദൈവം അനുഗ്രഹിക്കട്ടെ" എന്നാ

തീർച്ചയായി ആശംസിച്ചുകൊള്ളാം. പീഡകനും സഹിക്കുന്ന ദീ
വ്യരക്ഷകനും അവിടുത്തെ വ്യാകുലയായ മാതാവും അങ്ങയെഎ
ന്നും ആശ്വസിപ്പിക്കയും സംരക്ഷിക്കയും ചെയ്യട്ടെ. എന്റെ
പ്രാർത്ഥനകളിൽ ഞാൻ അങ്ങയെ സ്മരിക്കുന്നുണ്ടെന്നു് അങ്ങയ്ക്കു്
അറിയാമല്ലോ.

നമ്മുടെ കർത്താവിൽ അങ്ങേ
വിശ്വസ്തൻ....."

അച്ചൻ പഞ്ചാംഗംനോക്കി. ഒരുങ്ങുന്നതിനു് അദ്ദേഹത്തി
നു രണ്ടുദിവസം മാത്രമാണുണ്ടായിരുന്നതു്. ദ്രുതഗതിയിൽ കണ
ക്കു കൂട്ടി നടത്തിക്കൊണ്ടിരുന്നതിനിടയ്ക്കു് അദ്ദേഹം രണ്ടാമത്തെ
കത്തു തുറന്നു. അക്ഷരവടിവിൽനിന്നു് ടോം ധൃതിയിലും അസ്വ
സ്ഥതയിലുമാണെന്നു അദ്ദേഹം അനുമാനിച്ചു. ആ കത്തിന്റെ
തീയതി ജനുവരി 16 ആയിരുന്നു. അതിൽ വായിച്ചു :

"ബ. അച്ചാ, രണ്ടു വാക്കു മാത്രം. കഴിഞ്ഞതവണ ഞാനയ
ച്ച എഴുത്തിനെപ്പറ്റി വീണ്ടും വിചാരിച്ചപ്പോൾ, എല്ലാം അങ്ങ
യുടെ പൂർണ്ണസ്വാതന്ത്ര്യത്തിനു വിട്ടതന്നിരിക്കയാണെന്നു കണ്ടു.
അങ്ങു് അനാവശ്യമായ ദുഃഖത്തോടു് അടുത്തുതന്നെ ഇതു വരുന്നതു
കൊണ്ടു് അങ്ങയുടെ ദുഃഖം വർദ്ധിപ്പിക്കണ്ട എന്നു ഞാൻ കരുതി.
അങ്ങു് ഇവിടെ ഉണ്ടായിരിക്കുന്നതിലും അങ്ങേയ്ക്കു വേണ്ട സൗക
ര്യങ്ങൾ ഏർപ്പെടുത്തുന്നതിലും തനിക്കു സന്തോഷമേയുള്ളൂ എന്നു
ഫാ. ലിബ്"സ" എന്നോടു ഖണ്ഡിച്ചുപറഞ്ഞു. അങ്ങേയ്ക്കു വരു
വാൻ സാധിക്കുമെങ്കിൽ ബുധനാഴ്ച വരണമേ. അങ്ങു വിമാന
ത്തിൽ വരാൻപാടില്ലായ്കയില്ലെന്നു ഞാൻ അദ്ദേഹത്തെ അറിയി
ച്ചു. അതിരുകടന്ന ആഗ്രഹമായിരിക്കാം. എങ്കിലും, പഡുക്കായി
ൽ ഒരു വിമാനത്താവളമുണ്ട്".

വീണ്ടും, പ്രിയപ്പെട്ട പിതാവേ, വരുവാൻ അങ്ങേയ്ക്കു സാ
ധ്യമല്ലെങ്കിൽ, അഥവാ, അന്തിമവേളയ്ക്കു സാക്ഷ്യം വഹിക്കുവാൻ
അങ്ങേയ്ക്കു ആഗ്രഹമില്ലെങ്കിൽ – അതിനു് ഞാൻ അങ്ങയെ കുറ
പ്പെടുത്തുന്നില്ല – ഞാൻ അതു ശരിയായി മനസ്സിലാക്കിക്കൊ

ള്ളാം. അങ്ങു 1000 മൈൽ അകലെയോ അല്ലെങ്കിൽ ഭൂമിയുടെ അതിർത്തിയിലോ ആയിരുന്നാലും അങ്ങു് ആത്മനാ എന്നോടുകൂടിയുണ്ടായിരിക്കുമെന്നു് എനിക്കറിയാം.

ഒരുപക്ഷേ, വേറൊരാളിന്റെ ആത്മാവിനെ, അവനും ആ രാത്രിയിൽ പോകേണ്ടവനാണെങ്കിൽ, രക്ഷിക്കുന്നതിനു മറ്റാരെയുംകാൾ കൂടുതൽ അങ്ങേയ്ക്കു കഴിയും. അച്ഛാ, അവനു് അങ്ങിൽ വലിയവിശ്വാസമുണ്ടു്. അതൊരു വലിയസംഗതിയാണല്ലോ. ഫാ. ലിബു്സു് വിസ്മയാവഹനായ ഒരു കൊച്ചുപുരോഹിതനാണു്. എനിക്കു് അദ്ദേഹത്തോടു് അപാരമായ മതിപ്പുണ്ടു്. പക്ഷേ, അദ്ദേഹം ബോബിനെ ആകൃഷ്ടിക്കയോ അവന്റെ മനോവിശ്വാസം ആർജ്ജിക്കയോ ചെയ്തിട്ടില്ല.''

ഫാ. ജോർജ്ജു് "ബോബു്" എന്നു് എങ്ങിയശേഷം അന്നലേഖനത്തിലൂടെ കണ്ണോടിച്ചുകൊണ്ടു് വായിച്ചു "അച്ഛാ ചൊവ്വാഴ്ച കഴിഞ്ഞു് അങ്ങു കത്തയക്കേണ്ടാ; ടെലഗ്രാം അയക്കുകയാണെങ്കിൽ 'ഫാ. ലിബു്സു്, സെൻറ ഫ്രാൻസിസു് പാരിഷു്, പഡുക്കാ' എന്ന വിലാസത്തിൽ അയക്കണം''. ഒരു ഞെട്ടലോടെ അദ്ദേഹം തല ഉയർത്തിനോക്കി.

''ചൊവ്വാഴ്ച, ചൊവ്വാഴ്ച'' അദ്ദേഹം ഞരങ്ങി. "ചൊവ്വാഴ്ച കഴിഞ്ഞല്ലൊ. എങ്കിലും, മകനേ, ഞാൻ നിന്റെ പാർശ്വത്തിലെത്തും. അല്ലെങ്കിൽ അതിനുള്ള ഉദ്യമത്തിൽ മരിക്കും....''

ടോംപെന്നിയിൽനിന്നുള്ള അവസാനത്തെയെന്നു സി. മേരി ലോറൻസിയ കരുതിയ എഴുത്തു് ഇപ്രകാരമായിരുന്നു. ജഡ്ജി ആഡംസിന്റെ തീരുമാനങ്ങളെ കെൻറക്കിലെ അപ്പീൽ കോടതി അസ്ഥിരപ്പെടുത്തിയെന്ന ക്ഷോഭജനകമായ വാർത്തയ്ക്കുശേഷമാണു് ഈ കത്തുവന്നതു്. എന്നാൽ ആ നടപടി ടോമിന്റെ നിലപാടിനു് യാതൊരു വ്യത്യാസവും വരുത്തുകയില്ലെന്ന രീതിയിലായിരുന്നു അതിന്റെ പോക്കു്.

''ഫാ. ലിബു്സു് ബുധനാഴ്ച ഇവിടെ വന്നിരുന്നു. ഞാൻ പാപനിവേദനം നടത്തുകയും ദിവ്യകാരുണ്യം സ്വീകരിക്കയും

ചെയ്യ. അനുഗ്രഹിതമായ ഈ ആനുകൂല്യം വ്യാഴാഴ്ച ഉച്ചകഴിഞ്ഞു മൂന്നു മണിക്കു് എനിക്കു ലഭിക്കുന്നതാണു്. അതെല്ലാം കഴിഞ്ഞു് ഞാൻ അന്ത്യോപചാരം സ്വീകരിക്കും. ഫാ. ലിബു"സും ഫാ. തോംസനും തീർച്ചയായും ഇവിടെയുണ്ടായിരിക്കും ഫാ. തോംസൻ പഡുക്കായിലെ വി. ഫ്രാൻസീസ് ദെസാലസ് പുണ്യവാന്റെ ദേവാലയത്തിലെ വികാരിയാണു്. ഫാ. ലിബു"സ് അദ്ദേഹത്തിന്റെ അസിസ്റ്റൻറും. ഇതേവരെ ഫാ. ഡൊനെല്ലിയിൽനിന്നോ ഫാ. എവുജീനിൽനിന്നോ ഒന്നും കേട്ടില്ല."

ഫാ. ഡൊനെല്ലി വേഗം അവിടെച്ചെന്നുചേരണമേ എന്നു പ്രാർത്ഥിക്കുവാൻ സിസ്റ്റർ കണ്ണുകളെ എഴുത്തിൽനിന്നുയർത്തി. അടുത്തഖണ്ഡിക വായിച്ചപ്പോൾ സിസ്റ്റർ ശ്വാസംപിടിക്കയും, "ഹാ, അതുതന്നെ ഞാനും വിചാരിച്ചു" എന്നു് ഉദ്ഘോഷണംചെയ്കയും ചെയ്തു.

"സിസ്റ്റർ, ആൻഡേഴ്സൻ വ്യാഴാഴ്ച ജ്ഞാനസ്നാനം സ്വീകരിക്കുമെന്നു് എനിക്കു ഒരാശയമുണ്ടു്. ഈ ആത്മാവിനെ ദൈവത്തിനുനേടിക്കൊടുക്കുവാൻവേണ്ടി എന്റെ ആത്മാവുകൊണ്ടു ഞാൻ ഏതാണ്ടു് ചൂതാടുകയാണു ചെയ്തതു്. എല്ലാം ത്രോപ്പിയിൽ എത്തിച്ചേരുന്നതിനു പ്രാർത്ഥനവഴി എന്നെ സഹായിക്കുക."

അവർതലകുലുക്കിയശേഷം തുടർന്നുവായിച്ചു: "പ്രീ. സിസ്റ്റർ. അങ്ങേ കാരുണ്യാതിരേകത്തിനും ഭാഗ്യസാകല്യത്തിനും കൃതജ്ഞത പ്രകാശിപ്പിക്കുവാൻ ഞാൻ തുനിയുന്നില്ല. എന്റെ ആത്മരക്ഷ നിങ്ങളുടെ പുണ്യയോഗ്യതകളുടെ നേട്ടമായിരിക്കട്ടെ. ഈ നേട്ടത്തിൽ അങ്ങേയ്ക്കും സി. റോബർട്ട് ആനിനും വലിയ പങ്കുണ്ടെന്നു് എനിക്കു നിശ്ചയമുണ്ടു്. ഞാൻ തീർത്തും അയോഗ്യനെങ്കിലും ഞാൻ സ്വർഗ്ഗത്തിൽപോകുമെന്നു് എനിക്കു നല്ല ശരണമുണ്ടു്. യാതൊന്നിനും എന്നെ ദ്രോഹിക്കാൻ കഴിവില്ലാത്തനിലയിലാണു് ഞാനിപ്പോൾ. പിശാച് ഇപ്പോഴും മറവിൽ പതിയിരുപ്പുണ്ടു്. എന്നാൽ അവനു് എന്നിൽനിന്നു കിട്ടാവുന്നതെല്ലാം കിട്ടിക്കഴിഞ്ഞിരുന്നു.

സിസ്റ്റർ, ഞാൻ പിരിയുന്നതിനുമുമ്പു വീണ്ടും എഴുതിക്കൊള്ളാം. മാത്രമല്ല. ഒരുവരി സിസ്റ്ററിനു എഴുതുവാൻ ഞാൻ ഫാ. ഡൊനെല്ലിയെ അറിയിക്കും. അടുത്ത എഴുത്തുവരെ എന്റെ പ്രാർത്ഥനകളും സർവ്വവിധമംഗളാശംസകളും ഉണ്ടായിരിക്കുമെന്നു ഉറപ്പുതരുന്നു. അങ്ങേ തീക്ഷ്ണമായ പ്രാർത്ഥനകളിൽ എന്നെയും ഓർമ്മിക്കണമേ. ചൊവ്വാഴ്ചയ്ക്കുശേഷം എനിക്കു എഴുതേണ്ട. അതിവിടെ വരുന്നതിനുമുമ്പുഞാൻ സ്വാത്തിലെത്തും."

ഫാ. ഡൊനെല്ലിക്കു ടോം എഴുതിയ ദിവസംതന്നെ—ജനുവരി 17—ാംതീയതി—ഫാ. ബ്രയൻ" അവൻ അയച്ചകത്തു", ലക്സിംഗ്ടനിൽനിന്നു 1000 മൈൽ പടിഞ്ഞാറുവെച്ചു അദ്ദേഹം വായിക്കുകയായിരുന്നു. അതിൽ ഒരു ഖണ്ഡിക ആ പാഷനിസ്റ്റ് യുവവൈദികനിൽ വ്യസനത്തിന്റെ വേലിയേറ്റമുളവാക്കി.

"പിതാവേ, എനിക്കുവേണ്ടിയുള്ള ആ ദിവ്യബലി അങ്ങു 21—ാംതീയതി അർപ്പിക്കണമേ. എന്റെ അന്തിമരാത്രിയിൽ എന്നോടുകൂടി മൂന്നു സന്ദർശകർ ഉണ്ടായിരിക്കുന്നതിനു" അനുവദിച്ചിട്ടുണ്ടു"....എനിക്കു മതോപദേശം നൽകിയ ഫാ. ഡൊനെല്ലിയെ ഞാൻ ക്ഷണിക്കുന്നുണ്ടു". ഫാ. ലിബ"സ" തീർച്ചയായും ഇവിടെ ഉണ്ടായിരിക്കും. പിതാവേ, അങ്ങും എന്റെടുത്തുണ്ടായിരുന്നെങ്കിൽ എനിക്കുഞാൻ ആഗ്രഹിക്കുന്നു. അങ്ങു" നൽകിയിട്ടുള്ളതിൽ കൂടുതൽ ധൈര്യം മറ്റാരും എനിക്കുനൽകിയിട്ടില്ല. എന്റെ അടുക്കൽ ഉണ്ടായിരിക്കുന്നതു" ആരായിരുന്നാലും, അങ്ങേയ്ക്കു" എല്ലാം എഴുതുവാൻ, അതും വിശദമായി എഴുതുവാൻ—ഞാൻ അദ്ദേഹത്തോടു" ആവശ്യപ്പെട്ടു. എന്റെ നിത്യത്വം ഞാൻ എവിടെചെലവഴിക്കുമെന്നു" അതിൽനിന്നു നിർണ്ണയിക്കുവാൻ അങ്ങേയ്ക്കുസാധിക്കും"

"എനിക്കു സാമാന്യംനല്ല നിശ്ചയമുണ്ടു" ടോം" ആ വൈദികൻ തന്നോടുതന്നെപറഞ്ഞു.

"എനിക്കു സംശയത്തിന്റെ നിഴൽപോലുമില്ല. കാരണം എന്റെ തെറ്റുകളെപ്പറ്റി എനിക്കു എല്ലുമാത്രം സങ്കടമുണ്ടെന്നാ

ദൈവത്തിനുമാത്രമെ അറിഞ്ഞുകൂടൂ. വി. ദിസ്മാനിനെപ്പോലെ ഞാൻ സ്വർഗ്ഗംമോഷ്ടിക്കുകയാണെന്നു എനിക്കറിയാം. കണ്ടോ, അച്ഛാ, എന്റെ ഹൃദയത്തിൽ ഇപ്പോഴും മോഷണപ്രകൃതിയുണ്ട്. എന്നാൽ ഇപ്പോൾ തുടങ്ങി നരകത്തിൽനിന്നു് ആത്മാക്കളെ തട്ടിയെടുക്കുന്നതിനു് ഞാനതുപയോഗിക്കും. തീർച്ചയായും ദൈവത്തിനതു് പ്രീതികരമായിരിക്കും, ഇല്ലെ. അച്ഛാ?"

"വാസ്തവമാണ"; വാസ്തവമാണു",് അച്ഛൻ പറഞ്ഞു. ദൈവം ഈ മനുഷ്യന്റെ ആത്മാവിൽചെയ്ത അത്ഭുതത്തിനു് അവിടത്തേയ്ക്കു് അദ്ദേഹം നിഷ്കളങ്കമായി കൃതജ്ഞത പ്രകാശിപ്പിച്ചു.

എതാണ്ടു് ആ സമയം അദ്ദേഹത്തിന്റെ പാഷനിസ്റ്റു് സഹോദരനായ ഫാ. എവുജിൻ നിഷ്കളങ്കമായി നന്ദിപ്രകടിപ്പിക്കുകയായിരുന്നു. കാരണം ജനുവരി 16–ാം തീയതി അവൻ അയച്ച എഴുത്തിൽ അദ്ദേഹം ഇങ്ങനെ വായിച്ചു.

"ഈ ലോകത്തോടുള്ള വിരക്തി എന്നിൽ ദൈനംദിനം വർദ്ധിച്ചുവരികയാണു"....ഞാൻ പോകുന്നതിനുമുമ്പു് അങ്ങയെ കാണുവാൻ അതിയായി ആഗ്രഹിക്കുന്നു. എങ്കിലും അങ്ങു വരണമെന്നു ഞാൻ ആവശ്യപ്പെടുന്നില്ല. എന്തുകൊണ്ടെന്നാൽ അതു് അത്യാനന്ദകരമായിരിക്കയില്ലെന്നു് എനിക്കു തോന്നുന്നു. ആകയാൽ അങ്ങയുടെ നല്ല പ്രാർത്ഥനകൾക്കും അങ്ങു എനിക്കുവേണ്ടി ഏർപ്പാടു ചെയ്തിട്ടുള്ളവയ്ക്കും വേണ്ടി എന്റെ കൃതജ്ഞത.

ഫാ. ലിബ്വിസും ഫാ. തോംസനും ഫാ. ഡൊണെല്ലിയും വരുമെന്നാണു് എന്റെ ധാരണ. എല്ലാം അവസാനിച്ചശേഷം, അച്ഛാ, അങ്ങെയ്ക്കു് എഴുതണമെന്നു് അവരിൽ ഒരാളെ ഞാൻ ഓർമ്മിപ്പിക്കാം.

ബെത്ലഹേംഗുഹയിൽ ഉണ്ണിയേശുവോ, വൃദ്ധനും പ്രിയപ്പെട്ടവനുമായ വി. ജറോമിനു പ്രത്യക്ഷപ്പെട്ടപ്പോഴും, അദ്ദേഹം പറഞ്ഞു. "അങ്ങെയ്ക്കു സമർപ്പിക്കുവാൻ എന്റെ പാപങ്ങളല്ലാതെ മറ്റൊന്നും എനിക്കില്ല.'' ഈശോ പ്രതിവചിച്ചു: ''ജറോം നിന്റെ പാപങ്ങളും എനിക്കു തരിക." എനിക്കും എന്റെ പാപ

ങ്ങളും സ്നേഹവുമല്ലാതെ വേറൊന്നും കാണ്മാനില്ല. എങ്കിലും പിതാവേ, ഈ ലോകത്തെയും അവിടുത്തെ മാതാവിനേയും ഞാൻ എത്രയധികം സ്നേഹിക്കുന്നു! അതുപോലെതന്നെ പാവപ്പെട്ട വി. ദിസ്മാസിനേയും. അവൻ പുറംതള്ളപ്പെട്ടവനായിരിക്കാമെങ്കിലും നിത്യപിതാവിന്റെ പരിശുദ്ധങ്ങളിൽ ഇരുന്നുകൊണ്ട് അവൻ ആത്മാക്കളെ സൂത്രത്തിൽ പിടിച്ചെടുക്കുന്നു. ചുരുക്കമായിട്ടുമാത്രമേ അവൻ രംഗത്തിറങ്ങി കളിക്കാറുള്ളു. എന്നാൽ അങ്ങനെയുള്ള സന്ദർഭങ്ങളിൽ ഒരാളെയെങ്കിലും വീട്ടിലെത്തിക്കുന്നു. ദിസ്മാസിനെപ്പോലെ ഞാനും സ്വർഗ്ഗം കവർന്നെടുക്കുകയാണെന്നു" എന്നോട് പലരും പറഞ്ഞിട്ടുണ്ട്. തന്മൂലം കുറെ ആത്മാക്കളെ നരകത്തിൽനിന്നു തട്ടിയെടുത്തതിനു" അവനെ സഹായിക്കുവാൻ അവൻ എന്നെ അനുവദിക്കുമായിരിക്കും."

"നമസ്കാരം" എന്നു ഞാൻ പറയുന്നില്ല. എന്നാൽ അടുത്ത കൂടിക്കാഴ്ചവരെ ചിലപ്പോഴെല്ലാം എന്നെ ഓർമ്മിക്കണമേ. ഞാൻ അങ്ങയെ മറക്കുകയില്ല.

കർത്താവിലും ദിവ്യാംബികയിലും അങ്ങേ വിശ്വസ്തൻ.....

P. S. അച്ചാ, ചൊവ്വാഴ്ചയ്ക്കുശേഷം ഒന്നും അയക്കേണ്ടാ. ഞാൻ വെള്ളിയാഴ്ച രാവിലെ ഒരുമണിക്കു പോകും."

ഇപ്പോഴും മിക്കവാറും ദിവസേന അവൻ അമ്മയ്ക്കു" എഴുതാറുണ്ടായിരുന്നു. എല്ലാ എഴുത്തുകളിലും എന്താണു" ഒരേ ആശയമാണുണ്ടായിരുന്നതു": മിത്രങ്ങളുടെ വിശ്വാസത്തിനു തൈര്യക്കുറവു വിടുവിച്ചതിൽ ഖേദം; പൂർണ്ണമായ വിശദീകരണംവഴി അവർക്കു" ആശ്വാസം പകരുന്നതിനുള്ള കഴിവില്ലായ്മയിൽ കൂടുതൽ ഖേദം; അവനിൽ വിശ്വാസം അർപ്പിക്കുന്നതിനുള്ള അപേക്ഷ; അവന്റെ നിത്യരക്ഷയെപ്പറ്റിയുള്ള ഉറപ്പു" ആദിയായവ. ജനുവരി 12-ാം തീയതി അവൻ ഇപ്രകാരം എഴുതി:

"..... അല്പനേരത്തേയ്ക്കു" എനിക്കു" ഇമ്മാതിരിയുള്ള തോന്നിക്കുന്ന ഏകസംഗതി, അങ്ങേ മാധുര്യമേറിയ അധരങ്ങളിൽനിന്നു" "ഞാൻ മനസ്സിലാക്കുന്നു" എന്നു" ഇനിമേൽ എനിക്കു കേൾക്കു

വാൻ സാധിക്കില്ലല്ലോ എന്നതാണ". എന്റെ വാത്സല്യനിധി യേ, അങ്ങേ ടോമിനെ കിടക്കപിടിച്ചിട്ടില്ലെന്നു" ഓമ്മിക്കണമേ. വേറൊരാൾക്കുവേണ്ടി എന്റെ ആത്മാവിനെ നാശശിക്ഷയിൽ നിപതിപ്പിക്കുവാൻ എനിക്കു യാതൊരുദ്ദേശവുമുണ്ടായിരുന്നില്ല; ഉണ്ടായിരിക്കയുമില്ല ....."

18–ാം തീയതി കൂടുതൽ ആനന്ദവാനായിട്ടാണ" ആരംഭിച്ചതു".

"എന്റെ തങ്കമേ, അങ്ങേ എഴുത്തു ഇന്നുവന്നു. വളരെ സന്തോഷം. ദൈവം അമ്മയ്ക്കുതന്ന ധൈര്യത്തിനും ശക്തിക്കും ഞാൻ ദൈവത്തോട്" അതിവ കൃതജ്ഞനാണ". എനിക്കു വളരെ സുഖം തോന്നുന്നുണ്ടു"." അനന്തരം വളരെ ധീരമായി അവൻ കൂട്ടിച്ചേർത്തു. "അതേ, അമ്മേ, അങ്ങു" ഇവിടെവരാത്തതു" എന്തുകൊണ്ടാണെന്നു ഞാൻ മനസ്സിലാക്കുന്നു. വരുന്നതു", നമുക്കു രണ്ടുപേർക്കും കൂടുതൽ ക്ലേശകരമായിരിക്കും. മാത്രമല്ല, ഞാൻ കാണപ്പെട്ടിരുന്നതുപോലെ അങ്ങു" എന്നെ ഓമ്മിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു." അവൻ ഉപസംഹരിച്ചു: "എന്റെ തങ്കക്കുടമേ, നാളെവരെ "ഗുഡ്" നൈറ്റ്"."

എങ്കിലും പൊവ്വാഴ്ച രാത്രിയിൽ ടോം എഴുതിയില്ല. അവനു് അതു സാദ്ധ്യമല്ലായിരുന്നു. ബുധനാഴ്ച, അതിരാവിലെ അതെല്ലാം അവൻ അമ്മയെ അറിയിച്ചു.

"വിശേഷങ്ങളൊന്നും ഞാൻ അറിയിക്കുന്നതിനുമുമ്പുതന്നെ അമ്മ അറിയുമെന്നു" ഞാനാഗ്രഹിക്കുന്നു. തന്മൂലം വിശദാംശങ്ങളിലേയ്ക്കു ഞാൻ കടക്കേണ്ട ആവശ്യമില്ലല്ലോ. ഇന്നലെ രാത്രിയിൽ വാർഡൻ, മി. ബുക്കാനൻ, എന്റെ സെല്ലിൽ വന്നുപറഞ്ഞു, 22–ാം തീയതിയിലേയ്ക്കു" ഇനി ഞാൻ ഒരുക്കങ്ങളൊന്നും ചെയ്യേണ്ടതില്ലെന്നു". എന്തുകൊണ്ടെന്നാൽ ഞാനും ബാക്സ്റ്ററും തെളിവുകൊടുക്കുന്നതിനുവേണ്ടി കോമൺവെൽത്തു ഞങ്ങൾക്കായിട്ടു" ഒരു "സ്റ്റേ" ആവശ്യപ്പെട്ടിരിക്കയാണ". അടുത്ത ആഴ്ചയിൽ ഒരുദിവസമെങ്കിലും ഞങ്ങൾ ലക്സിംഗ്ടണിൽ ആയിരിക്കുമെന്നു" അ

ഭേഹം പറഞ്ഞു. ആകയാൽ പത്രം നോക്കിക്കൊള്ളണം അതു എ
തു ദിവസമാണെന്നു" എനിക്കറിഞ്ഞുകൂടാ. എന്നാൽ അതു" ഒന്നി
ൽ കൂടുതലായിരിക്കയില്ലെന്നു" ഞാൻ വിചാരിക്കുന്നു.

പത്രം കാണാറില്ലാത്ത ആളുകളെ എങ്ങനെയാണു" അറിയി
ക്കേണ്ടതെന്നോർത്തു ഞാൻ രാത്രി മുഴുവൻ ഉറക്കമിളച്ചു. ജോർജ്ജി
യായുടെ ഉൾപ്രദേശത്തുനിന്നു ഫാ. ഡൊനെല്ലി ഇങ്ങോട്ടു പറക
ുന്നുണ്ടു". ഹാ, കൊള്ളാം. ഒരു നല്ല സന്ദർശനം തങ്ങൾക്കും രണ്ടാൾ
ക്കും ഗുണപ്രദമായിരിക്കും.

ഇന്നു രാവിലത്തെ തപാലിൽ ഇതു" അയക്കുന്നതിനുവേണ്ടി
ഞാൻ ചുരുക്കുന്നു. ഇപ്പോൾ മണി അഞ്ചായി.

നല്ലവരായ സിസ്റ്റേഴ്സ്" അങ്ങേയ്ക്കു" അയച്ച ക്ഷണത്തെപ്പ
റി അവർ എനിക്കു" എഴുതി. അമ്മേ, എത്ര അധികം ഞാൻ അ
വരെ അറിയുന്നുവോ അത്രയധികം ഞാൻ അവരെ സ്നേഹിക്കയും,
ഇവിടെ ഈ ഉഷ്ണമായ ലോകത്തിൽ മാലാഖമാരുണ്ടെന്നു" അത്ര
അധികം ഞാൻ ബോധവാനാകയും ചെയ്യുന്നു.

തങ്കമേ, എന്റെ മുത്തുസിസ്റ്റേഴ്സിൽ രാവിലെ അയച്ചുതരേണ്ടതു
ഞാൻ അങ്ങേയ്ക്കയയ്ക്കുന്നു. തലയുയർത്തിപ്പിടിച്ചു നടക്കുന്നതിനെക്കു
റിച്ചു" അവിടെ പറയുന്നതു ശ്രദ്ധിക്കുക. അമ്മേ, മംഗലേനകളിൽ
ഓരോരുത്തരും അത്രപിയിൽ അമ്മയുടെ കൂടെയുണ്ടു". മാത്രമല്ല,
നമുക്കു രണ്ടുപേർക്കുംവേണ്ടി തിക്കുള്ളമായി പ്രാർത്ഥിക്കുന്നുമുണ്ടു".
പഞ്ചാത്താപവിവശരുടെ പ്രാർത്ഥനകൾ മേഘങ്ങൾ തുളച്ചുകയ
റുമെന്നു" അറിയാമല്ലോ...."

തന്റെ മകനെ വീണ്ടും കാണുന്നതിനെപ്പറ്റിയുള്ള വിചാ
രത്തിൽ അവളുടെ കവിൾത്തടങ്ങളിലൂടെ ബാഷ്പകണങ്ങൾ പ്രവ
ഹിക്കുകയാൽ, കുറെ താമസിച്ചാണു അവൾ മറോഎഴുത്തിലേക്കു"
തിരിഞ്ഞതു". ഒടുവിൽ ഒരു തുണ്ടുകടലാസു" തുറന്നു അവൾ വായി
ച്ചു.

"പ്രീ. സഹോദരാ,

മഹനമായ ആദ്ധ്യാത്മികചിന്തകൾ നിറഞ്ഞ നിന്റെ എഴു

ത്തു ഞങ്ങളെ ക്ഷേമിനിർഭരാക്കുകയും നീ ദൈവത്തോടു വളരെ അടുത്തിരിക്കുന്നുവെന്ന പ്രതീതി ഞങ്ങളിൽ ഉളവാക്കുകയുംചെയ്തു. നീ വീട്ടിലേയ്ക്കു പോയി എന്നു കേൾക്കുന്നതു" എനിക്കു പ്രദാനംചെയ്യുന്നിടത്തോളം ആനന്ദം, നീ വിമുക്തനാക്കപ്പെട്ടിരിക്കുന്നുവെന്നു കേൾക്കുന്നതുമൂലം എനിക്കുണ്ടായില്ല. കാരണം, നീ ഇതുപോലെനന്നായി ഇനി ഒരിക്കലും ഒരുങ്ങിയിരിക്കയില്ലെന്നു ഞാൻ പറയുന്നു.

എങ്ങനെ ആയാലും നാമെല്ലാവരും ഒരുദിവസം മരിക്കേണ്ടവരാണു". ആ മരണത്തിന്റെ വേദന മണിക്കൂറുകൾ ദീർഘിച്ചെന്നുവരാം. എന്നാൽ നിന്റേതു" ദൈവാനുഗ്രഹത്താൽ വേഗം അവസാനിക്കും. നീ ദൈവഹിതത്തോടു പൂർണ്ണമായി യോജിക്കുന്നതുകൊണ്ടും നിന്റെ ജീവനെ അങ്ങേയ്ക്കു സന്തോഷസമേതം സമർപ്പിച്ചിരിക്കുന്നതുകൊണ്ടും നിന്റെ ആത്മാവിനു ശുദ്ധീകരണസ്ഥലം ഉണ്ടായിരിക്കുന്നതല്ലെന്നു" എനിക്കു തോന്നുന്നു.

നിന്റെ വിശ്വാസം വിസ്മയനീയമാണു". നിന്റെ വത്സലമാതാവിനു" തല ഉയർത്തിപ്പിടിച്ചു നടക്കാം. കാരണം, ദൈവത്തെപ്പറ്റി നിനക്കുള്ളതുപോലുള്ള മനോഹരചിന്തകളുള്ളവരോ, സ്നേഹിതന്റെ പക്കലേക്കു തിരിച്ചുപോകുന്നതുപോലെ മരണത്തെ ഭയരഹിതമായി വീക്ഷിക്കുന്നവരോ ആയ മക്കൾ അധികം അമ്മമാർക്കും ഇല്ല."

മിസ്സിസ്" പെന്നി തന്റെ കണ്ണുനീർ തുടച്ചുകളഞ്ഞു" സാവധാനം തല ഉയർത്തിനോക്കി. തന്റെ മകന്റെമേൽ ചൊരിഞ്ഞ എല്ലാ അനുഗ്രഹങ്ങൾക്കും വിശിഷ്യ, ഇതുയേറെ സന്ന്യാസിനികളുടെയും വൈദികന്മാരുടെയും മൈത്രിക്കുവേണ്ടി, അവർ നിസ്സ്വാർത്ഥമായി ദൈവത്തിനു കൃതജ്ഞത പറഞ്ഞു.

ഈ മണിക്കൂറിൽ തന്നെയാണു" ഒരു ഗാർഡ്" വന്നു" ഒരു സന്ദർശകൻ വന്നിരിക്കുന്നുവെന്നു പെന്നിയെ അറിയിച്ചതു". ദേഷ്യത്തിന്റെ ലാഞ്ഛന മുഖത്തു ദൃശ്യമാക്കിക്കൊണ്ടാണു" അവൻ തല പൊക്കിയതു". അവനു വളരെ അധികം എഴുത്തുകൾ എഴുതുവാനു

ണ്ടായിരുന്നു. മാത്രമല്ല, വക്കീലന്മാരും, റിപ്പോർട്ടർമാരും, ഉപദേശിമാരും ജയിലിലെ ചില അധികാരികളുംമൂലം അവൻ ക്ഷീണിതനും അല്പം അക്ഷമനുമായിരുന്നു. അവനെ മരണനിരയിലെ സെല്ലിൽനിന്നു", അവൻ എഡിവില്ലിൽനിന്നു വന്നപ്പോൾ ആദ്യം താമസിച്ച ഭിത്തിയിലെ ദ്വാരത്തിലേക്കുമാറ്റി. ഇതിനുകാരണം പെന്നിയെയും ആൻഡേഴ"സനെയും തമ്മിൽ വേർപെടുത്തണമെന്നുള്ള സ്റ്റെയിറ" പെൽഫെയർകമ്മീഷണർ, W.A. ഹ്രോസ്റ്റിന്റെ പ്രത്യേകകല്പനയാണു".

"അതു" ആരാണു", ഇപ്പോൾ?" അല്പം ഈർഷ്യയോടെ ടോം അന്വേഷിച്ചു.

"നിന്റെ ഒരു സ്നേഹിതൻ.'"

"ഈ ദൂരമെല്ലാം കടന്നു ഇവിടെ വരാവുന്ന ഒരു സ്നേഹിതനും എനിക്കില്ല."

"നിശ്ചയമാണോ?" ലോലമായ ചിരിയോടെ ഗാർഡ" ചോദിച്ചു. "നടപ്പാതയിലൂടെ താഴോട്ടു നോക്കിക്കേ? "

ടോം സെല്ലിന്റെ കവാടത്തിനു സമീപമായിരുന്നു. സിമൻറുനടപ്പാത കൺകോണിലൂടെ അവനു കാണാമായിരുന്നു. ഉയരമുള്ള ഒരു കാക്കി വസ്ത്രധാരി അവന്റെ അടുക്കലേക്കു വരുന്നതു" കാണാറായി. ഒരു ചെറിയ ചതുരത്തിന്റെ വിടവു" അവന്റെ വീക്ഷണത്തെ തടസ്സപ്പെടുത്തിയതുകൊണ്ടു" അവന്റെ സെല്ലിനെ ലക്ഷ്യമാക്കി നടന്നുവന്ന രംഗിയായി ചീകിമിനുക്കിയ ആ ഉദ്യോഗസ്ഥനെ തിരിച്ചറിയുവാൻ അവനുസാധിച്ചില്ല. നാവികരുടെപോലുള്ള തൊപ്പിമാറുകയും ആ വെളുത്ത മുഖത്തുനിന്നുംസ്റ്റഫപുഞ്ചിരി പൊട്ടിപുറപ്പെടുകയും ചെയ്തശേഷമെ, "ഫാ. ജോജ്ജ"" എന്നു ടോം നിശ്ചയിച്ചുള്ളു.

താഴിൽ ഒരു താക്കോൽ തിരിഞ്ഞു, പൂട്ടും പിമ്പോട്ടു നീങ്ങി; വാതിൽ തുറന്നുമലച്ചു. ഫാ. ഡൊന്നെല്ലി ടോമിനെ ആലിംഗനം ചെയ്തുകൊണ്ടു പറഞ്ഞു: "കൊള്ളാം, ഞാൻ എന്റെ ജീവനെ ആപകടത്തിലാക്കിയതു വെറുതെ ആണെന്നു തോന്നുന്നു. പറക്കാൻ

ഈയിടെ അനുവാദം കിട്ടിയ ഒരു കേഡറാണ് എന്നെ പഡുക്കായിലെത്തിച്ചതു". എന്തൊരു പറക്കലായിരുന്നു! എന്തൊരു പറക്കൽ! എന്നാൽ ഇപ്പോൾ കേൾക്കുന്നതു് മോക്ഷത്തിലേക്കുപോകുന്നതിനു പകരം നീ ലക്സിംഗ്ടണിലേക്കാണ് പോകുന്നതെന്നു".

"കഴിഞ്ഞതിന്റെ മുമ്പിലത്തെ രാത്രിയിൽ വാർഡൻ എനിക്കുതന്ന ഉഃഖവാർത്തയാണതു". "

"ഉഃഖവാർത്തയോ?"

"തീർച്ച. ഞാൻ എല്ലാം ഒരുങ്ങിയതായിരുന്നു. എന്റെ കരങ്ങളും നക്ഷത്രങ്ങളെ ഏതാണ്ടു് സ്പർശിക്കത്തക്കവിധം അടുത്തെത്തിയതായിരുന്നു. എന്നാൽ ഇപ്പോൾ..... അവട്ടെ. ശോഭനമായ വശത്തേക്കു നോക്കാം. വിചാരണയ്ക്കുശേഷം എന്റെ അമ്മയെയും പ്രിയ സിസ്റ്റേഴ്സിനേയും കാണാമല്ലോ."

വൈദികൻ കസേരയിൽ ഇരുന്നു കാലിന്മേൽ കാലു കയറ്റിവച്ചു: "എടോ ഈ വിചാരണയൊക്കെ എന്തിനുവേണ്ടിയാണു".?

"ഓ ഫാദർ, അങ്ങു് ഇതെല്ലാം അറിഞ്ഞെന്നാണ് ഞാൻ വിചാരിച്ചിരുന്നതു". കൊള്ളാം, ഉപയോഗത്തുനുമായ എന്റെ ഈ പഴകിയ ജീവിതംകൊണ്ടു് വല്ലനന്മയും ചെയ്യേക്കാം. അച്ഛാ, പോകാൻ ഞാൻ ഒരുക്കമാണ്. ബോബിനു ഒരുക്കമില്ല. അവനെയും അവൻവഴി ഒരു വേള പലരെയും രക്ഷിക്കാമെന്നു് ഞാൻ വിചാരിച്ചു."

"പക്ഷേ, ടോം, നീ കൂട്ടിൽ നില്ക്കുമ്പോൾ ഈ കഥ ശരിയാണെന്നു സത്യം ചെയ്യണമല്ലോ."

"ഉവ്വ്.. "അവൻ നിന്നു. "സത്യം ചെയ്യണം, അല്ലേ, അങ്ങു് ആ പദം മനഃപൂർവ്വം ഉപയോഗിച്ചതാണ്. അല്ലേ, അച്ഛാ? അങ്ങയെയും അങ്ങേ രീതികളെയും എനിക്കു് അറിയാം. സത്യം ചെയ്യുന്നതിൽ എനിക്കിപ്പോൾ തെറ്റു കാണും...വേഗമാകട്ടെ, ഫാ. ജോർജ്ജ്, സമയം അധികമില്ല. അങ്ങേയ്ക്കു കഥ മുഴുവൻ അറിയാമല്ലോ....."

ആ വൈദികൻ ഒരു കെട്ട സിഗററു് തന്റെ ശിഷ്യന്റെ നേരെ നീട്ടി. അനന്തരം അദ്ദേഹം തനിക്കായിട്ടു് ഒരു ചുരുട്ട കത്തിച്ചു് വാസനയുള്ള ധൂമപടലം വലിച്ചുവിട്ടുകൊണ്ടു പറഞ്ഞു: "അതെ, ടോം, എല്ലാം അറിയാമെന്നു് ഞാൻ വിശ്വസിക്കുന്നു. അവസാനത്തെ വിശദാംശം വരെ എനിക്കറിയാം. നിന്റെ മനസ്സിലും ഹൃദയത്തിലും എന്തു നടന്നിരുന്നുവെന്നും എന്തു നടക്കുന്നുവെന്നും ഇപ്പോൾ എനിക്കറിയാം. ബോബിനെ രക്ഷിക്കണമെന്നു് നിനക്കു് ആഗ്രഹമുണ്ടു് ഇല്ലേ?"

"അവന്റെ ആത്മാവിനെ, അച്ഛാ, അവന്റെ ആത്മാവിനെ."

"അതൊരു നല്ല കാര്യമാണു്, ടോം. പക്ഷേ നിനക്കു് അറിയാമല്ലോ, രണ്ടു തെറ്റുകൾ കൂടിയാൽ ഒരു ശരി ആകയില്ലെന്നു്." ടോമിന്റെ മനഃസ്ഥിതിയെപ്പററി പത്രങ്ങളിൽ കണ്ടതു മുതൽ അതിന്റെ പിന്നിൽ എന്തോ തലതിരിഞ്ഞ ലാക്കുണ്ടായിരിക്കുമെന്നു് അദ്ദേഹം അത്ഭുതപ്പെട്ട. സംരംഭത്തിനു് ഈ പ്രചോദനം നൽകിയതു "ടോമിന്റെ മസ്തിഷ്ക"മല്ലാ ഹൃദയമാണെന്നും നിശ്ചയമുണ്ടായിരുന്നതുകൊണ്ടു് അവന്റെ ഹൃദയത്തെ സ്പർശിക്കുവാൻ അദ്ദേഹം പ്ലാൻ ചെയ്തിരുന്നു. പക്ഷേ ഇപ്പോൾ അദ്ദേഹം അവന്റെ ബുദ്ധിയോടാണു് ന്യായവാദം നടത്തിയതു്. ആത്മാർത്ഥത തുളുമ്പുന്ന നയനങ്ങളോടുകൂടിയ ബന്ദിയെ അദ്ദേഹം സൂക്ഷിച്ചു വീക്ഷിച്ചു. പക്ഷേ അവയിൽ ചിന്താദ്യോതകമായ പ്രകാശം കണ്ടില്ല.

"തീർച്ചയായും, ഇല്ല," സാമാന്യം ധൃതിയിൽ ടോം പ്രതിവചിച്ചു. "എന്നാൽ ഈ കേസിലുള്ള തെറ്റുകളുടെ ബാഹുല്യംമൂലം യാതൊന്നും ശരിയാണെന്നു തോന്നുന്നില്ല."

ഇതു മതിയാകയില്ലെന്നു ഫാ. ജോർജ്ജു് വിചാരിച്ചു. സാങ്കേതികതകളെപ്പററിയുള്ള വാദപ്രതിവാദങ്ങളിലേയ്ക്കു് അദ്ദേഹം കടക്കേണ്ടതില്ല. താൻ ഒരു സ്ത്രീയേയും വധിച്ചിട്ടില്ലെന്നു തെളിയിക്കപ്പെട്ടിരുന്നുവെന്നുവെന്ന വസ്തുതയെ ടോം മുറുകെ പിടിച്ചിരുന്നുവെന്നു് അച്ചൻ ഗ്രഹിച്ചു. ധാർമ്മികമായ കുററം തന്നിലു

ണ്ടെന്നു വസ്തുത ഒരു കൊല്ലം മുമ്പു അവൻ സമ്മതിച്ചതാണു". എങ്കിലും സംവേഗങ്ങളെപ്പറ്റി തിരിച്ചും മറിച്ചും പറയുവാൻ മനുഷ്യമനസ്സിനുള്ള പ്രവണതയും അദ്ദേഹം അറിഞ്ഞിരുന്നു. അദ്ദേഹം നിലപാടു മാറ്റി. "ടോം, ദൈവം നിന്നോടു എത്രയോ നല്ലവനായിരുന്നു."

"ഓ, അച്ഛാ, നല്ലവൻ എന്ന പദം അതിനു തികച്ചും അപര്യാപ്തമാണു"."

"അങ്ങനെ ദ്രോഹിക്കുവാൻ നിനക്കു മനസ്സില്ലല്ലോ?"

"ഒരിക്കലുമില്ല."

"കള്ളസത്യം ഗൗരവമേറിയ ഒരു പാപമാണു", ടോം."

"പക്ഷേ, ഞാൻ ഒരു കള്ളസത്യവും ചെയ്തില്ല, അച്ഛാ."

"ഇതുവരെ, ഇല്ല, ടോം. എന്നാൽ നീ ലക്ഷ്മിംഗ്ടണിൽചെല്ലുമ്പോൾ....."

ആ ജയിൽപുള്ളി താൻ ഇരുന്നിരുന്ന മേശമേൽനിന്നു ചാടി എണീറ്റു. അഴകേറിയ ഒരു ചുരുൾ തലമുടി പുറകോട്ടു തള്ളി മാറ്റി. മുഖത്തിന്റെ ഒരു വശത്തുണ്ടായിരുന്ന നീണ്ടപോട്ടു തിരുമ്മിക്കൊണ്ടു് ചൊടിപ്പിക്കുന്ന വിധം മന്ത്രിച്ചു. "ഓ, പിതാവേ, അങ്ങു വന്നതു് എനിക്കു് എന്തൊരു ഭാഗ്യം. ഞാൻ ഒരിക്കലും വിചാരിച്ചിരുന്നില്ല..... ഞാൻ ഒരിക്കലും അറിഞ്ഞിരുന്നില്ല...; ഇപ്പോൾ എനിക്കു മനസ്സിലാകുന്നു, അച്ഛാ, ഞാനിപ്പോൾ മനസ്സിലാക്കുന്നു. ആരംഭംമുതൽ ഈകാര്യത്തിൽ എനിക്കു ഇത്രകണ്ടു അസുഖം തോന്നിയതിന്റെ കാരണം ഇപ്പോൾ ഞാൻ ഗ്രഹിക്കുന്നു." യാചനാരൂപത്തിൽ അവൻ ഇരുകരങ്ങളും നീട്ടി. "അതൊരു ചെറിയ കാണയാണെന്നേ ഞാൻ വിചാരിച്ചുള്ളൂ. അങ്ങനെ ബോബിനെ രക്ഷിക്കുന്നതിൽ ഒരു പാപവുമില്ലെന്നു ഞാൻ കരുതി. എന്നാൽ ഇപ്പോൾ! ഇപ്പോൾ!...." അനന്തരം നിവർന്നു നിന്നുകൊണ്ടു് അവൻ അച്ഛന്റെ മുഖത്തുനോക്കി ചോദിച്ചു: "ഞാൻ എന്താണു ചെയ്യേണ്ടതു"? ഇപ്പോൾതന്നെ വാർഡനെ വിളിച്ചു സത്യം മൂടിവെയ്ക്കട്ടെയോ? ഞാൻ പിരിയുന്ന

തിനുമുമ്പു" എന്തായാലും അതു ചെയ്യുന്നതിനാണു ഞാൻ ഉദ്ദേശി ച്ചിരുന്നതു"...."

"അതു ധൃതി വേണ്ടാ. ടോം." നാം ഇതിനെപ്പറ്റി അവധാ ഡം ചിന്തിക്കണം. വളരെ ആളുകൾ ഇതുമായി ബന്ധപ്പെട്ടിരി ക്കുന്നതുകൊണ്ടു ധൃതിയിൽ ഒരു തീരുമാനം എടുക്കാൻ പാടില്ല. ബോബ" നിന്നെക്കൊണ്ടു മുതലെടുക്കുകയാണ"....."

"അവനു ഞാൻ മുഖേന ആയുസ്സോ പുനർവിചാരണയോ സിദ്ധിച്ചാൽ അവൻ ജ്ഞാനസ്നാനം സ്വീകരിച്ചുകൊള്ളാമെന്നു" ഒന്നിലധികം പ്രാവശ്യം പറഞ്ഞിട്ടുണ്ടു"!"

"ടോം നീ ഇപ്പോൾ വാർഡനെ വരുത്തുകയും ലക്സിംടണി ലെ വിചാരണ വേണ്ടെന്നു വയ"പിക്കയും ഞാൻ ഇവിടെ വന്നി രുന്നെന്നു" ബോബ" അറിയുകയും ചെയ്താൽ അവൻ നിന്നെയും എന്നെയും കത്തോലിക്കാസഭ മുഴുവനെയും വെറുക്കുമെന്നു നീ കാ ണുന്നില്ലേ?"

"അവൻ വെറുക്കട്ടെ, അച്ചാ, ബോബ" ആൻഡേഴ"സനുവേ ണ്ടിയോ ഭൂമിയിലുള്ള മറ്റാർക്കെങ്കിലും വേണ്ടിയോ ഞാൻ ദൈ വത്തെ ഉപദ്രവിക്കാൻ പോകുന്നില്ല...."

"നീ ഇപ്പോൾ തോന്നിയതു പറയുകയാണു". എന്നാൽ ഇല യ്ക്കും മുള്ളിനും കേടുകൂടാതെ നമുക്കു ഈ വിഷമസന്ധി തരണം ചെയ്യാമോ എന്നു നോക്കാം. ലക്സിംഗ"ടണിലെ ഈ വിചാരണ എന്നത്തേയ്ക്കാണു നിശ്ചയിച്ചിരിക്കുന്നതു"?"

"എനിക്കു കൃത്യമായിട്ടു" അറിഞ്ഞുകൂടാ. അടുത്ത ആഴ്ചയിൽ ഒരു ദിവസമാണു"."

"മ"", കൊള്ളാം... തിങ്കളാഴ്ചയോ അഥവാ ഞായറാഴ്ചരാത്രി യാകുന്നതുവരെയോ വാർഡനോടു പറയാതിരിക്കുന്നതല്ലേ നല്ലതു"? നിന്റെ ഏറുപറച്ചിലും എന്റെ സന്ദർശനവും തമ്മിൽ ജനങ്ങൾ ബന്ധിപ്പിക്കാതിരിക്കത്തക്കവിധം അവ പരസ്പരം അകന്നിരിക്ക ണം. ടോം, നീ അച്ഛനോടു, സത്യം പറയുക. എന്തുകൊണ്ടാ ണു" നീ ഈ കള്ളക്കഥ നിർമ്മിച്ചതെന്നു" അച്ഛനെ അറിയിക്ക

ക. പിന്നെ അദ്ദേഹത്തിനു് ഇഷ്ടമുള്ളതു് അദ്ദേഹം ചെയ്യട്ടെ.''

''അതിനേക്കാൾ നല്ല ഒരഭിപ്രായം എനിക്കുണ്ടു്'' അച്ഛൻ ഉന്മേഷഭരിതനായി പെന്നി പറഞ്ഞു. ''കേൾക്കു. ഇക്കാര്യം ഇങ്ങനെയങ്ങു നടക്കട്ടെ. സത്യം മുഴുവൻ ഞാൻ വാർഡനോടു പറയുക. എന്നാൽ ഞാൻ മരിച്ചശേഷമേ അതു പുറത്തു വിടുകയുള്ളുവെന്നു് അദ്ദേഹത്തെക്കൊണ്ടു സത്യം ചെയ്യിക്കുക.

"നിന്റെ ലാക്കു് എന്താണു്. ഇതു് എങ്ങനെയാണു് കൂടുതൽ നല്ല അഭിപ്രായമാകുന്നതു്?''

"അങ്ങേയ്ക്കു മനസ്സിലായില്ലേ? വിചാരണയുടെ ഇണം ബോബിനു ലഭിക്കും. ഈ കുഴപ്പത്തിൽനിന്നു് അവനു വല്ലതും നേടിക്കൊടുക്കാൻ അവന്റെ വക്കീലന്മാർക്കു കഴിഞ്ഞെയ്യും. അവർക്കു് അതു സാധിക്കുന്നെങ്കിൽ ബോബിനു് അതുയ്യും നല്ലതു്. അവർക്കു സാധിക്കുന്നില്ലെങ്കിൽ, എനിക്കു പാടുള്ളതെല്ലാം ഞാൻ ചെയ്യുന്നുണ്ടു്.

"മ്''!'' എന്നുമാത്രമായിരുന്നു അച്ഛനിൽനിന്നുണ്ടായ പ്രതികരണം. "നാം ഒരു കുഴഞ്ഞ പ്രശ്നത്തിലാണു് ടോം. നീ അതു പിൻവലിക്കാൻ പോകയാണോ?

"തീർച്ച''

"നീ കള്ളസത്യം ചെയ്യുവാൻ പോകുന്നില്ല!''

''ഒരിക്കലുമില്ല''

ബോബിനു സംശയം ജനിപ്പിക്കാതെയും അവനെ പ്രതിയോഗിയാക്കാതെയും നമുക്കു് അതു രണ്ടും ചെയ്യുകതോ?''

"എന്നുതോന്നുന്നു. ഞാൻ വാർഡനോടു സത്യം പറയുകയും ലക്സ്ലിംഗ്ടനെ പോകാതിരിക്കയും ചെയ്യുക.

''അംഹം'' ആ വൈദികൻ വീണ്ടുമൂളി. ചുരുട്ടവലിച്ചു. പുക വിട്ടുകൊണ്ടു് പറഞ്ഞു. ''ടോം നിനക്കു ഫാദറാകാതിരിക്കുവാൻ സാധിക്കുമോ എന്നു് ഞാൻ സംശയിക്കുന്നു. എന്നാൽ നീ പോകുകയുമതൊന്നുംപറയാതിരിക്കയും ചെയ്യാമോ?''

"എന്താണു് അങ്ങു് ഉദ്ദേശിക്കുന്നതു്?''

"ടോം, നീ മറുപടികൊടുക്കാതിരുന്നാൽ നീ കള്ളം പറയാതിരിക്കും"

"അതു ശരി"

"നിനക്കു" അതുചെയ്യുവാൻ പറ്റുമോ? നിന്നെ സാക്ഷിക്കൂട്ടിൽ നിർത്തും. അതിനുശേഷം ആരു എന്തു ചോദിച്ചാലും മറുപടി കൊടുക്കാതിരിക്കാൻ നിനക്കു കഴിയുമോ?"

"അപ്പോൾ കോർട്ടലക്ഷ്യത്തിൻറെ കാര്യമോ?

"അതേപ്പറ്റി വിഷമിക്കേണ്ട ടോം. യാതൊരുത്തനും നിന്നെ കുറ്റം ഏറ്റുപറയേണ്ടതില്ലെന്നുള്ളതു" അംഗീകൃത നിയമമാണു". നിൻറെ ആ നിലപാടു നിയമാനുസൃതമായ അവകാശത്തിന്മേൽ അധിഷ്ഠിതമാണു". അല്ലാതെ കേവലം സാങ്കേതികത്വമൊന്നുമല്ല. അങ്ങനെ ചെയ്യാമോ?"

"മിണ്ടാതെന്നു" അർത്ഥം? അതു" എളുപ്പമാണു"."

"നല്ല കാര്യം. ഞാൻ ഇവിടെനിന്നുപോയശേഷം ഏതാനും ദിവസങ്ങൾ കഴിയുമ്പോൾ നീ ബുക്കാനൻറെ അടുക്കൽച്ചെന്നു യഥാർത്ഥകഥ മുഴുവൻ പറയുക. നിൻറെ മരണശേഷം മാത്രം അതു വെളിപ്പെടുത്തുവാൻ അദ്ദേഹത്തിനു" അനുവാദം നൽകുക. അപ്പോൾ റാങ്കിനും ലേഡിയും കൂടിയുണ്ടായിരിക്കുന്നതു കൊള്ളാം. അതിനെ യഥാർത്ഥത്തിൽ നിയമപരവും, ഔദ്യോഗികവും എന്നു യസ്സർശകവും ആക്കുക. അനന്തരം ലക്സിംഗ്ടണിലേയ്ക്കു യാത്രതിരിക്കുക; എന്നാൽ ഒന്നും പറയരുതു". അങ്ങനെ നീ ദൈവത്തെ ഉപദ്രവിക്കാതിരിക്കും. കാരണം, നീ സത്യം പറയുകയും മനുഷ്യനെ ദ്രോഹിക്കാതിരിക്കയും ചെയ്യും. എന്തുകൊണ്ടെന്നാൽ നീ നിൻറെ അവകാശത്തിന്മേൽമാത്രമാണു നിലയുറപ്പിക്കുന്നതു". നിന്നാൽ സാദ്ധ്യമായ സാവകാശംമുഴുവനും ബോബിനു കൊടുക്കുന്നതായിരിക്കും. നിനക്കോ? നിനക്കു നിൻറെ അമ്മയെയും കന്യാസ്ത്രീകളെയും കാണുവാൻ കഴിയും. അക്കാര്യം പ്രൈസ്" നോക്കിക്കൊള്ളും."

ആ ജയിൽപ്പുള്ളി ആ വൈദികൻറെ കസേരയുടെ അടുത്തു

ചെന്നു" ഒരുകരം അദ്ദേഹത്തിന്റെ തോളിൽവച്ചു", വളരെ സ്നേഹമസൃണമായി പറഞ്ഞു. "ഹാ, എന്റെ അച്ഛാ, അങ്ങയെ എന്റെ അടുക്കൽ അയച്ചതിൽ ദൈവം എത്രയോ നല്ലവനാണു" ഞാൻ പിശാചിന്റെ പിടിയിലായിരുന്നു, എങ്കിലും അതു ഞാൻ അറിഞ്ഞിരുന്നില്ല."

അദ്ധ്യായം 12

ദൈവത്തിന്റെ തൃക്കൈകളിലേക്കു്

ഫാ. ഡൊനെല്ലിയുടെ വിമാനം താവളത്തിൽനിന്നും കഷ്ടിച്ചു പുറപ്പെട്ടതേയുള്ളൂ, അപ്പോഴേത്തന്നെ ടോം സി ലോറൻസിയായ്ക്കു് എഴുതുകയായി.

"ഏറ്റവും ആനന്ദം നൽകിയ ഒരു സന്ദർശകൻ ഇപ്പോൾ എനിക്കു് ഉണ്ടായിരുന്നു — ഫാ. ഡൊനെല്ലി. അദ്ദേഹം സമസ്തവും വിശദമായി അങ്ങേയ്ക്കു് എഴുതുമെന്നു" എനിക്കു വാക്കുതന്നിട്ടുണ്ടു". അതുകൊണ്ടു് എനിക്കിപ്പോൾ വളരെ വളരെ സുഖംതോന്നുന്നു.

സിസ്റ്റർ, ഈ "സ്റ്റേ" എന്നെ വാസ്തവത്തിൽ കുണ്ഠിതപ്പെടുത്തുകയാണു ചെയ്യുന്നതു". കാരണം അതിൽനിന്നു" എന്തെങ്കിലും നന്മ വരുമെന്നു" ഞാൻ വിചാരിക്കുന്നില്ല. എല്ലാം ഒരുങ്ങിയതായിരുന്നു. ഇനി ഞാൻ അതെല്ലാം ആവർത്തിക്കേണ്ടിയിരിക്കുന്നുവല്ലോ. ഓ, കൊള്ളാം, ഞാൻ ആവലതിപ്പെടുകയില്ല. സകലത്തിനും ഞാൻ കൃതജ്ഞനാണു". സന്തോഷത്തിലെന്നതുപോലെ സങ്കടത്തിലും മന്ദഹസിക്കുന്നതിനും ദൈവത്തിനു നന്ദി പ്രകടിപ്പിക്കുന്നതിനും എനിക്കു കഴിയും. എത്രയാലും കുറേ കാലദൈർഘ്യത്തിന്റെ കാര്യമേയുള്ളൂ. ഒരു മാസം മാത്രം. എനിക്കും ഞാൻ സ്നേഹിക്കുന്നവർക്കുംവേണ്ടി കൂടുതൽ പുണ്യയോഗ്യത സമ്പാദിക്കുന്നതിനു" അതു് എനിക്കു നാലാഴ്ചകൂടി തരും.

സിസ്റ്റർ, അങ്ങു മറിച്ചുപറയുന്നെങ്കിലും എനിക്കറിയാം, അങ്ങു കുറേ അസ്വസ്ഥയാണെന്നു". അങ്ങനെ തുടരുന്നതിനു"

അങ്ങേയ്ക്ക് തക്ക ന്യായമുണ്ടായിരുന്നെന്നു ഞാൻ ഇപ്പോൾ സമ്മതിക്കുന്നു. പക്ഷേ അതു് എന്റെ അജ്ഞതകൊണ്ടു വന്നതാണു്. അതുകൊണ്ടാണു് ഫാ. ഡൊനെല്ലിയെ കാണുവാൻ ഞാൻ അത്ര കണ്ടു് ആവശ്യപ്പെട്ടതു്. അദ്ദേഹം സംഗതികളെല്ലാം ഭംഗിയായി മനസ്സിലാക്കുകയും രണ്ടുമിനിറ്റുകൊണ്ടു് എന്നെ ഉപദേശിക്കുകയും ചെയ്തു.....

ഇപ്പോൾ കാര്യങ്ങളെല്ലാം നേരേയാക്കുകയും ഞാൻ ഇന്നു രാവിലത്തേക്കാൾ ബുദ്ധിമാനായിത്തീരുകയും ചെയ്തിരിക്കുന്നു. മാത്രമല്ല ദൈവത്തെയും, ഫാ. ഡൊനെല്ലിയേയും, അങ്ങയെയും മുമ്പത്തേക്കാൾ കൂടുതൽ ഞാൻ സ്നേഹിക്കുന്നു. ഫാ, സിസ്റ്റർ. അദ്ദേഹത്തെപ്പോലെ വേറൊരുവൻ ഒരിക്കലും ഉണ്ടായിരിക്കുകയില്ല. അദ്ദേഹം വിളംബംവിനാ, വിദേശസേവനത്തിനു പോകുന്നതാണു്.

സിസ്റ്റർ, ഓമ്മിക്കണമേ, ഞാനൊന്നു വേച്ചതേയുള്ളൂ; വീണില്ല."

അവൻ ഈ എഴുത്തിനു ഒപ്പുവച്ചതേയുള്ളൂ. അപ്പോഴേയ്ക്കും ഭീമാകാരനായ ജയിൽവാർഡൻ നടപ്പാതയിലൂടെ നടന്നുവന്നു. "ടോം, ഞാൻ നിനക്കൊരു സദ്വാർത്തയുമായാണുവരുന്നതു്", അദ്ദേഹം ഉന്മേഷത്തോടെ പറഞ്ഞു. "അടുത്ത തിങ്കളാഴ്ച അതിരാവിലെ നമ്മൾ നിന്റെ സ്വദേശത്തേയ്ക്കു പോകുന്നതായിരിക്കും."

"ഞാൻ വിചാരിച്ചു എന്റെ ശാശ്വതഭവനത്തിലേയ്ക്കു"— സ്വർഗ്ഗത്തിലേയ്ക്കു"— ഈ രാത്രിയിൽ പോകുന്നതായിരിക്കുമെന്നു"! നേരത്തെ ചെയ്ത തീരുമാനം അവർ പാലിച്ചിരുന്നെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുകയാണു്.

"സന്തോഷിക്കൂ ടോം, നിനക്കു നിന്റെ അമ്മയെ കാണുവാൻ കഴിയുമല്ലോ."

"മി. ബ്ലൂക്നൻ, ആ യാത്ര തുടങ്ങുന്നതിനുമുമ്പു് എനിക്കു് അങ്ങയെക്കുറിച്ചു കാണണം. വളരെ പ്രധാനപ്പെട്ട ഒരു കാര്യം അങ്ങയോടു പറയുവാനുണ്ടു്."

ബന്ദിയുടെ ഗൗരവം നിറഞ്ഞ ശബ്ദവും ആത്മാർത്ഥത നിറ

ഞ്ഞ നോട്ടവും ആ വാർഡനെ അവഗാഢം സ്പർശിച്ചു.

"ഇപ്പോൾ ഓഫീസിലേക്കു വരുന്നോ" അദ്ദേഹം സ്നേഹപൂരസ്സരം ചോദിച്ചു.

"ഇല്ല. അതു ശനിയാഴ്ചയോ, ഞായറാഴ്ചയോ ആയിക്കൊള്ളട്ടെ. ക്യാപ്റ്റൻ റാങ്കിനും അങ്ങയുടെകൂടെ ഉണ്ടായിരുന്നകൊള്ളട്ടെ."

"പ്രധാനപ്പെട്ട കാര്യമാണെന്നു തോന്നുന്നല്ലോ."

"അതേ—വളരെ."

"കൊള്ളാം, ടോം; ഞാൻ ക്യാപ്റ്റനെക്കണ്ടു സമയം നിശ്ചയിക്കാം. ലക്സിംഗ്ടണിലേക്കുള്ള യാത്രയെപ്പറ്റി അറിയുവാൻ നിനക്കു താല്പര്യം കാണുമെന്നു വിചാരിച്ചു."

അദ്ദേഹം അല്പാതെ മറ്റാരും അടുത്തില്ലെന്നു നിശ്ചയപ്പെടുത്തുവാൻ പെന്നി നടപ്പാതയിലൂടെ താഴോട്ടു നോക്കി. അനന്തരം ഏതാണ്ടു മന്ത്രിക്കുന്നതുപോലെ അവൻ പറഞ്ഞു. "മി. ബുക്കാനൻ, എന്നെ ലക്സിംഗ്ടണിലേക്കു കൊണ്ടുപോകുന്നതുകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടാകുകയില്ല; എനിക്കു ഒന്നും പറയുവാനുണ്ടായിരിക്കുകയില്ല." തടിച്ച കണ്ണുകളുടെ പിന്നിലെ മുഴുത്ത മിഴികളിൽ ആശ്ചര്യം സ്ഫുരിക്കുന്നതു കണ്ടപ്പോൾ അവൻ തുടർന്നു. "ഈ കേസിനെപ്പറ്റി എനിക്കു പറയുവാനുള്ളതെല്ലാം ഞാൻ പരസ്യമായി പറഞ്ഞുകഴിഞ്ഞു. എന്നാൽ അങ്ങയോടു പലതും രഹസ്യത്തിൽ പറയുവാനുണ്ട്. അതുകൊണ്ടാണ് എന്നെ ലക്സിംഗ്ടണിൽ കൊണ്ടുപോകുന്നതു വ്യർത്ഥമായിരിക്കുന്നതു". അവർ എന്നെ സാക്ഷിക്കൂട്ടിൽ നിർത്തുകയാണെങ്കിൽ അവർക്കു യാതൊരു ഗുണവും അതുകൊണ്ടു കിട്ടുകയില്ല."

"ആവട്ടെ, എന്തായാലും നമുക്കു നല്ലൊരു സവാരി കഴിക്കാമല്ലോ. നിനക്കു അതിനോടു എതിർപ്പില്ലെന്നു പ്രതീക്ഷിക്കുന്നു. നീ ആഗ്രഹിക്കുന്ന കൂടിക്കാഴ്ചയ്ക്കുള്ള സമയം ഞാൻ പിന്നീടു അറിയിച്ചുകൊള്ളാം."

ഫാ. ജോർജ്ജു നിർദ്ദേശിച്ച പ്ലാൻ അനുസരിച്ചുള്ള ആദ്യ

ചുവട്ടിൽ എടുത്തുകഴിഞ്ഞതുകൊണ്ടു് ടോമിനു കൂടുതൽ സ്വസ്ഥത തോന്നി. അവൻ തന്റെ മേശയിലേക്കു തിരിഞ്ഞു", താൻ ആ രാത്രിയിൽ മരിക്കുകയില്ലെന്നുള്ള ടെലഗ്രാം ഉത്സാഹപൂർവ്വം പലർക്കും എഴുതി. രണ്ടുതിയിൽ ഈ കമ്പികം അയച്ചപ്പോൾ ഈ ജയിൽപ്പുള്ളിയുടെ വിളറിയ നീലക്കണ്ണുകളിൽ കണ്ണുനീർ വന്നതു് എന്തുകൊണ്ടാണെന്നോ, അല്ലെങ്കിൽ അവന്റെ പരന്ന മേലധരങ്ങൾ വിറച്ചതിന്റെ കാരണം എന്തെന്നോ വളരെച്ചുരുക്കം മനുഷ്യരേ മനസ്സിലാക്കുകയുള്ളൂ. എങ്കിലും അവൻ അന്നു് സി. റോബർട്ടു് ആനിനു് അയച്ച എഴുത്തിൽനിന്നു് നമുക്കു് അതു ഏതാണ്ടു ഗ്രഹിക്കുവാൻ കഴിയും.

"എന്റെ ജീവിതം ഒരു മാസത്തേയ്ക്കുകൂടി സഹിക്കാമെന്നു് അങ്ങു കരുതുന്നുവോ?....."

ഫാ. ഡൊനെല്ലി ഇവിടെ ആയിരുന്നതിനെപ്പറ്റി ഞാൻ വിശദമായി സി. മേരി ലോറൻസിയായിക്കു് എഴുതിയിട്ടുണ്ടു്. അതുകയാൽ നപ്പുമെക്സിക്കോയിലെ വാട്ടർഫ്ലോയിൽനിന്നു് വന്ന മനോഹരമായ കത്തുകളെപ്പറ്റി അങ്ങയോടു വിശദമായിപ്പറയാം. അങ്ങേ സോദരി ആൻറിത്തയോടുകൂടി നാലുപേർ എഴുതി. ആ നാലു സിസ്റ്റേഴ്സും എനിക്കുവേണ്ടി ഇന്നു് അർദ്ധരാത്രിയിൽ ഉണർന്നിരുന്നു പ്രാർത്ഥിക്കുന്നുണ്ടു്". അല്ലയോ സിസ്റ്റർ, അക്കാര്യം സംബന്ധിച്ചു ഞാൻ വളരെ വ്യാകുലപ്പെടുന്നു. അവരെല്ലാം ഭാഗ്യവതികളായിത്തീരും. അവരെ എഴുതി അറിയിക്കുവാൻ എനിക്കു വൈകുപ്പാണു്". അതുകയാൽ, എനിക്കു ചെയ്യാവുന്നതിൽ ഉത്തമമായിട്ടുള്ളതു്, മുട്ടിന്മേൽനിന്നു് അവരോടുകൂടി പ്രാർത്ഥിക്കുകയായിരിക്കും; അല്ലേ? അവരുടെ പ്രാർത്ഥനകൾ നഷ്ടപ്പെടുകയില്ലെന്നു് എനിക്കറിയാം.

നിങ്ങൾ അറിഞ്ഞിരിക്കുന്നതുപോലെ എന്റെ പ്രിയപ്പെട്ട, പൂജ്യമാതാവു് ഇവിടെ വന്നില്ല. അടുത്ത ആഗ്സ്റ്റയിൽ ഞങ്ങളെ ലക്സിംഗ്ടണിൽ വീണ്ടും കൊണ്ടുവരുമ്പോൾ ഒരുപക്ഷേ, നിങ്ങൾ എല്ലാവരെയും കാണുവാൻ എനിക്കു സാധിച്ചേക്കാം.

നേരം പാതിരായോടടുക്കുന്നു. അതുകയാൽ ഞാൻ "ഗുഡ് നൈറ്റ്" പറഞ്ഞുകൊള്ളട്ടെ. സിസ്റ്റർ, ഞാൻ ഇപ്പോഴും എന്റെ നിത്യവേലത്തോട് അടുക്കുകയല്ലല്ലോ. ഞാൻ എത്ര പണിപ്പെട്ടിട്ടും, കുറച്ചു ഇച്ഛാഭംഗം ഇപ്പോഴും എനിക്കു തോന്നുന്നുണ്ട്. സിസ്റ്റർ, എനിക്കുവേണ്ടിയുള്ള പ്രാർത്ഥന തുടരുകയും, എന്റെ പ്രാർത്ഥനകളെപ്പറ്റി ഉറപ്പായിരിക്കുകയും ചെയ്യുക. രണ്ടാഴ്ചയായിട്ട് എന്റെ പരിശ്രമങ്ങളെ ഞാൻ ഇരട്ടിച്ചിട്ടുണ്ട്"; അതു തുടരുവാനും ഞാൻ യത്നിക്കും."

ആ "അല്പം ഇച്ഛാഭംഗം" രാവിലെയും അവനിൽ അവശേഷിച്ചിരുന്നു. എങ്കിലും ഇതാണ് അതുളവാക്കിയത്.

ജനുവരി 22, 1943.

പ്രിയപ്പെട്ട മദർസെൻറ്റക്ലയർ, എന്റെ സി. മഗ്ദലേനാകും,

എന്റെ ഹിതാനുസാരം മുമ്പോട്ടനീങ്ങുക മിക്കവാറും അസാദ്ധ്യമെന്നുതോന്നുന്നു. എങ്കിലും അടുത്തതവണ ഞാൻ കൂടുതൽ ഭാഗ്യവാനായിരിക്കുമെന്നു പ്രതീക്ഷിക്കുന്നു, മദറേ സഹോദരിമാരേ, തീർച്ചയായും നിങ്ങളുടെ ജീവിതത്തിൽ ഒരിക്കലെങ്കിലും വല്ലസ്ഥലത്തുംപോകുവാൻ നിങ്ങൾവേണ്ടപോലെ ഒരുങ്ങുകയും ഒട്ടുകും ഗോഗോയരാകയുംചെയ്യിട്ടുണ്ടായിരിക്കുമല്ലോ. ഒരുചെറിയ ഇച്ഛാഭംഗം പോലും എത്രമാത്രം വിഷമിപ്പിക്കുമെന്നു നിങ്ങൾക്കറിയാം. എന്നാൽ, ആസ്ഥലം വി. പൗലോസിന്റെ മനോഹരവർണ്ണനയനുസരിച്ച് "കണ്ണുകാണാത്തതും, കാതുകേൾക്കാത്തതും മനുഷ്യഹൃദയത്തിൽ പ്രവേശിക്കുവാൻ സാദ്ധ്യമല്ലാത്തതുമായ സംഗതികൾ ദൈവം തന്നെ സ്നേഹിക്കുന്നവർക്കായി ഒരുക്കിയിരിക്കുന്ന ഇടമാണെങ്കിൽ ആ ഇച്ഛാഭംഗം എന്തായിരിക്കുമെന്നു സങ്കല്പിച്ചുകൊള്ളുക.

പ്രിയമദറേ, സഹോദരിമാരെ, ഒരുകസേരയിലിരുന്നു എത്തിവലിഞ്ഞു നക്ഷത്രങ്ങളെത്തൊടുവാനുള്ള സന്ദർഭംവളരെപേർക്കു സിദ്ധിക്കാത്തൊന്നാണ്. സംശയമെന്നേ ചിലർക്കതുലഭിച്ചിട്ടുണ്ട്. അവർദൈവകാരുണ്യത്തിന്റെ അത്ഭുതങ്ങളാണ്. എന്റെ ഭൂതകാലം എത്രതന്നെയായിരുന്നാലും, ദൈവം പറഞ്ഞിട്ടുണ്ട് "നി

ന്റെപാപങ്ങൾ കടംചുവപ്പുപോലിരുന്നാലും ഞാൻ അവയെവെൺമഞ്ഞുപോലെ ധവളമാക്കും" ഉപവിഅസംഖ്യം പാപങ്ങളെ ആച്ഛാദനംചെയ്യുന്ന ഉപവിയുടെ അർത്ഥം ദൈവസ്നേഹമെന്നും സ്നേഹത്തിന്റെ ദൈവമെന്നും ആണു". ആ സ്നേഹം എന്റെ ഹൃദയത്തിലുള്ളതുകൊണ്ടു" എനിക്കു പരിശുദ്ധിയുടെ സത്തയുണ്ടെന്നു" എനിക്കറിയാം.

ഒരു പരിഹാസ്യചോദ്യം ഒരിക്കൽ ചോദിക്കുകയുണ്ടായി "നരകത്തിൽനിന്നു" എന്തെങ്കിലുംനന്മവരുമോ?" ഇവിടെ എഡിവില്ലിൽ നിത്യതയ്ക്കുള്ളിൽ ഏറ്റവുംഅടുത്തുള്ളമുറിയെപ്പറ്റി ഒരുപക്ഷേ ചിലർ അഥവാ പലർ അതേചോദ്യം ഉന്നയിച്ചേക്കാം. മറുപടിയും ആനുപാതികമായി അതുതന്നെയാണു". അല്ലയോ മദറേ, സഹോദരിമാരേ, ഞാൻഎത്ര അയോഗ്യനാണെന്നു" എനിക്കു" നല്ലതുപോലെഅറിയാം. പുണ്യയോഗ്യതയായി എനിക്കു സൽകൃത്യങ്ങളാകുന്ന ലൗകികധനമില്ല. എനിക്കു" എന്റെ പാപങ്ങളും എന്റെ സ്നേഹവുമേ കാഴ്ചവെയ്ക്കുവാനുള്ള. എന്നാൽപ്രിയപ്പെട്ട വ്യക്തനായ വി. ജറോംപറഞ്ഞതും തനിക്കു തന്റെ പാപങ്ങളല്ലാതെ മറ്റൊന്നുമില്ലെന്നാണു". എങ്കിലും ഈശോഅരുൾചെയ്തു "ജറോം എനിക്കു നിന്റെ പാപങ്ങളും തരിക" എന്നാണല്ലോ.

ആകാശത്തുനിന്നുനിപതിച്ചദ്രാവകമുത്തായ മഴത്തുള്ളിയുടെ കഥപോലെയാണു എന്റെനിലപാടു. അതു" ഓടയിൽവീഴുകയും ചെളിയിൽചേരുകയും അതിന്റെ ഉജ്ജ്വലമായ തിളക്കംനഷ്ടപ്പെടുകയുംചെയ്തു. എന്നാൽ അതാ ഒരു സൂര്യകിരണം അതിനെകണ്ടുപിടിക്കുകയും ചുംബിക്കുകയുംചെയ്തിട്ടു" ആകാശത്തേയ്ക്കുകൊണ്ടുപോകുന്നു. അവിടെ ആകാശത്തിന്റെ തണുത്തപ്രഭയിൽ അതു" നിർമ്മലമായ ധവളഹിമാംശുമായി രൂപാന്തരപ്പെടുന്നു. മദറേ, സിസ്റ്റേഴ്സേ, എന്നെസംബന്ധിച്ചിടത്തോളം ആസൂര്യകിരണം ദൈവസ്നേഹമായിരുന്നു. ആചിത്രംഒന്നുവ്യത്യാസപ്പെടുത്തുവാനും പരിഷ്കരിക്കുവാനും നിങ്ങൾ അനുവദിക്കുകയാണെങ്കിൽ ഞാൻപറയും ഞാൻ കേവലം നിരാലംബനായിത്തീർന്നിരിക്കുയാണെന്നു". അതു

കൊണ്ടാണ്" എന്റെ ഭക്തയായ മദറേ, സഹോദരിമാരേ, എനിക്ക വലിയ ഇച്ഛാഭംഗംതോന്നുന്നതു".

എങ്കിലും ഞാൻ ഗോൾയനല്ല. എന്റെ തീയതി വീണ്ടും ഫെബ്രുവരി 26, എന്നു നിശ്ചയിച്ചിരിക്കുകയാണു". ഒരുപക്ഷേ, അടുത്ത ഏതാനും ആഴ്ചകളിൽ ഏതാനും ചെറിയ കരുണപ്രവൃത്തികളോ, അല്ലെങ്കിൽ ദൈവത്തിനു പ്രിയങ്കരമായ മറേറ വല്ലതുമോ, ചെയ്യുവാൻ എനിക്കു കഴിഞ്ഞേക്കാം.....

മദർ, എന്റെ ടെലഗ്രാം യഥാസമയം അങ്ങേയ്ക്കു കിട്ടിയെന്നു ഞാൻ പ്രതീക്ഷിക്കുന്നു. യഥാസമയം അറിയിക്കുവാൻ എനിക്കു കഴിയാഞ്ഞവരും ഞാൻ പോയെന്നു കരുതുന്നവരുമായി അയിരക്കണക്കിനു ആളുകളുണ്ടു". അവരുടെ പ്രാർത്ഥനകളും എനിക്കുവേണ്ടി അർപ്പിക്കപ്പെടുന്ന ദിവ്യബലികളും സ്വീകരിക്കണമെന്നും ഞാൻ കൂട്ടുതൽ യോഗ്യതയുള്ളവനായിത്തീരുന്നതിനുവേണ്ടി അവയെല്ലാം എന്റെ ഐഹികബന്ധാഗാരത്തിലെ മുതൽക്കൂട്ടിനോടു ചേർക്കണമെന്നും ഞാൻ നമ്മുടെ നല്ല ദൈവത്തോടു വളരെയധികം നേരം അപേക്ഷിച്ചു....."

21-ാം തീയതിയിലെ ടെലഗ്രാം ഡെട്രോയിറ്റിലെ ശാന്തമായ സന്ന്യാസഭവനത്തിൽ അസ്വസ്ഥതയും ഇച്ഛാഭംഗവും ഉളവാക്കി. 22-ാം തീയതിയിലെ നിണ്ട കത്തു ആ സന്ന്യാസഭവനത്തിൽ വായിക്കുന്നതിനുമുമ്പുതന്നെ എഡിവില്ലിലെ കരിങ്കൽതുരുങ്കിലെ ഡെപ്യൂട്ടിവാർഡനായ പോർട്ടർ ബി. ലേഡിയെ ടോം വിളിച്ചു. അതു 23-ാം തീയതി രാത്രിയായിരുന്നു.

"എന്നെ ഇന്നു കാണുന്നതിനെപ്പറ്റി മി. ബ്ലക്കാനൻ വല്ലതും പറഞ്ഞോ" ജയിൽപ്പുള്ളി ചോദിച്ചു.

"എന്നോടൊന്നും പറഞ്ഞില്ല, ടോം, എന്താ?"

"എനിക്കു പ്രധാനപ്പെട്ട ഒരു കാര്യം അദ്ദേഹത്തോടു പറയുവാനുണ്ടായിരുന്നു. സമയം അറിയിക്കാമെന്നു" അദ്ദേഹം പറഞ്ഞിരുന്നു. അദ്ദേഹം ഇതിനു ചെയ്യിരുന്നെങ്കിൽ നന്നായിരുന്നേനെ."

"ഞാൻ അദ്ദേഹത്തിന്റെ ഓഫീസിലേക്കു പോകയാണു". ഇ

ക്കാര്യം അദ്ദേഹത്തെ ഓർമ്മിപ്പിക്കാം."

അഞ്ചുമിനിറ്റു കഴിഞ്ഞു ഡെപ്യൂട്ടി തിരിച്ചുവന്നു" വാതിൽ തുറന്നു. "വാർഡൻ ഒരുങ്ങിയിരിക്കുകയാണു". ടോം, നമുക്കു പോകാം."

അവന്റെ നയനങ്ങളിലെ പ്രകാശവും ശബ്ദത്തിന്റെ ദൃഢതയുംമുതൽ അവന്റെ മുഴത്തകൈകളുടെ ആംഗ്യങ്ങൾവരെയുള്ള സകലത്തിലുംനിന്നു" സത്യസന്ധത വ്യക്തമായിരുന്ന ഒരു ബന്ദിയുടെ — പരമാർത്ഥതയും വിനയവും നിറഞ്ഞ ഒരു ബന്ദിയുടെ — വാക്കുകൾ അടുത്ത ഒന്നരമണിക്കൂർനേരത്തേയ്ക്കു" മൂന്നുപേർ ശ്രദ്ധിച്ചുകൊണ്ടിരുന്നു.

വാർഡൻ ഏതാനും ചോദ്യങ്ങൾ ചോദിക്കയും അവയ്ക്കു" സംശയരഹിതവും നേരിട്ടുള്ളതുമായ മറുപടി നൽകപ്പെടുകയും ചെയ്തു. അവസാനം അദ്ദേഹം പറഞ്ഞു, "കൊള്ളാം, ടോം, ആകയാൽ നീ മരിച്ചുകഴിയുന്നതുവരെ ഞാൻ ഇതിലൊന്നും പ്രസിദ്ധപ്പെടുത്തരുതല്ലോ?"

"അതു ശരി, ഞാൻ കസേരയിലായിരിക്കുമ്പോൾ, എനിക്കു വല്ലതും പറയുവാനുണ്ടോ എന്ന പതിവുള്ള ചോദ്യം നിങ്ങൾ ചോദിക്കുമല്ലോ..... അപ്പോൾ അധികമൊന്നും പറയുവാൻ എനിക്കിഷ്ടമില്ല..... എനിക്കു അപ്പോൾ പ്രാർത്ഥിക്കണം..... അതുകൊണ്ടാണു", അങ്ങയോടു" ഞാൻ ഇപ്പോൾ പറയുന്നതു". അന്ത്യരാത്രിയിൽ അങ്ങു" ആ ചോദ്യം എന്നോടു ചോദിക്കുമ്പോൾ ഞാൻ ഇതു മാത്രം പറയും, 'ഞാൻ അങ്ങയോടു പറഞ്ഞിട്ടുള്ളതു പ്രസിദ്ധപ്പെടുത്തുക."

"കൊള്ളാം, കുഞ്ഞേ, എന്നാൽ ഞാൻ ഇതെല്ലാം ഒന്നു രേഖപ്പെടുത്തുന്നതുവരെ നീ അവിടെ നിൽക്കു. നിങ്ങൾ രണ്ടുപേരും സാക്ഷികളായിരിക്കണം."

ലേഡിയും റാങ്കിനും തലകുലുക്കി.

രണ്ടുദിവസത്തിനുശേഷം പെന്നി ലക്സിംഗ്ടണിലെത്തി. മൂന്നുദിവസം കഴിഞ്ഞപ്പോൾ അവൻ സാക്ഷിക്കൂട്ടിൽ പ്രവേശി

ച്ചു. "ടോംപെന്നി ഈ കേസ്സിൽ അസംഖ്യം കളവു പറഞ്ഞിട്ടുണ്ടു്. അവൻ പറഞ്ഞതിൽ എന്താണു് വിശ്വസിക്കേണ്ടതെന്നു് ഒരുവനും അറിഞ്ഞുകൂടാ" എന്നു പറഞ്ഞുകൊണ്ടു് ആൻഡേഴ്സൻ സാക്ഷിക്കൂട്ടു് വിട്ടിറങ്ങിയ പുറകേയാണു് ടോം കൂട്ടിൽ പ്രവേശിച്ചതു്.

വട്ടമുഖത്തോടുകൂടിയ ഉയരമുള്ള ജയിൽപ്പുള്ളി പതിന്നാലു മാസങ്ങൾക്കുമുമ്പു് ഈ സാക്ഷിക്കൂട്ടിൽ നിന്നപ്പോഴത്തേക്കാൾ കൂടുതൽ വൃത്തിയുള്ളവനും അതിലുമധികം കരുണാർദ്രനുമായി കാണപ്പെട്ടു. അവന്റെ ഭാവത്തിൽവന്ന മാറ്റം സ്പഷ്ടമായിരുന്നെങ്കിലും, അവന്റെ എടുപ്പിലും, മട്ടിലും, സൌമ്യതയും അനുകമ്പയും സ്ഫുരിക്കുന്നുണ്ടായിരുന്നെങ്കിലും, ടോം പെന്നി കൂട്ടിൽ കയറിയപ്പോൾ ദൃഢചിത്തനെങ്കിലും അസ്വസ്ഥനാണെന്നു എല്ലാവർക്കും കാണാമായിരുന്നു.

കാഫിൽ ആണു് അവനെ ആദ്യം ചോദ്യം ചെയ്തതു്. താൻ പരസ്പരവിരുദ്ധങ്ങളായ പ്രസ്താവനകൾ ചെയ്യുന്നു് ടോം ഉടൻ സമ്മതിച്ചു. പക്ഷെ ഏതു പ്രസ്താവനയാണു് ശരിയെന്നു് ചോദിച്ചപ്പോൾ മറുപടി നൽകുവാൻ വിസമ്മതിച്ചുകൊണ്ടു് അവൻ കച്ചേരിയെ ഞെട്ടിച്ചു. ജഡ്ജ് ആഡംസ്, ആശ്ചര്യത്താൽ തലതിരിക്കുകയും പുരികം ഉയർത്തുകയും ചെയ്തു. ഫ്രാങ്ക് കാഫിൽ കണ്ണുരുട്ടുകയും അസ്വസ്ഥതയിലും സന്താപത്താലും ഇളിക്കുകയും ചെയ്യുന്നതു കണ്ടപ്പോൾ, പ്രോസിക്യൂട്ടിംഗ് അറോർണി പാർക്കിന്റെ മുഖത്തു് മന്ദഹാസത്തിന്റെ നേരിയ നിഴൽ വീണു.

വക്കീൽ ആട്ടത്ത ചോദ്യം തൊട്ടുതുവിട്ടന്നതിനു മുൻപു് വളരെ ശാന്തമായും എന്നാൽ സുദൃഢമായും ടോം പറഞ്ഞു. "ഈ കേസ്സു് സംബന്ധിച്ചു" എനിക്കു പറയുവാനുള്ളതെല്ലാം ഞാൻ പറഞ്ഞുകഴിഞ്ഞു. എഡിവിൽ വിട്ടന്നതിനുമുമ്പേ ഞാനതു വ്യക്തമാക്കി."

"എങ്കിലും നീ എഡിവിൽവിട്ടന്നതിനുമുമ്പു് കൊട്ടത്തമൊ

ഴിയിൽ സത്യം വെളിപ്പെട്ടത്തിയോ എന്നു പറയൂ.''

ടോം സാക്ഷിക്കൂട്ടിൽ അല്പം ചലിച്ചെങ്കിലും ശാന്തമായി പ്രത്യുത്തരിച്ചു. ''എനിക്കു ഒന്നും പറയുവാനില്ല''

കാഫിൽനിന്നു. അനന്തരം ജഡ്ജിയുടെ നേരെ തിരിയുകയും പത്തുമിനിറ്റു വിശ്രമത്തിനു അപേക്ഷിക്കുകയും ചെയ്തു. അപേക്ഷ അനുവദിക്കപ്പെട്ടു. പക്ഷെ ആ വിശ്രമംകൊണ്ടു് യാതൊരു പ്രയോജനവുമുണ്ടായില്ല. കാഫിൽ ചോദ്യങ്ങൾകൊണ്ടു് അവനു് എരിവുകൂട്ടിയെങ്കിലും ആ ജയിൽപുള്ളിയുടെ ഏകമറുപടി ശാന്തമായ ''എനിക്കൊന്നും പറയാനില്ല'' മാത്രമായിരുന്നു. പ്രകോപനത്തിലും പരിപൂർണ്ണപരാജയത്താൽ അവസാനം വക്കീൽ ജഡ്ജിയുടെ അഭയമർത്ഥിച്ചു.

ജഡ്ജി ആഡംസ്, സാക്ഷിയുടെ നേരെ തിരിഞ്ഞു ''നീ നിന്റെ മൂലികാവകാശത്തിന്മേലല്ല നിലയുറപ്പിച്ചിരിക്കുന്നതെങ്കിൽ ചോദ്യങ്ങൾക്കു ഉത്തരംനൽകേണ്ടതു നിന്റെ കടമയാണു്.''

തന്റെ മൂലികാവകാശങ്ങൾ എന്തൊക്കെയാണു് ടോം അറിഞ്ഞിരുന്നില്ല. അതെപ്പറ്റി ഫാ. ജോർജ്ജ് ചിലതു പറഞ്ഞെന്നു് അവൻ ഓർമ്മിച്ചു. പക്ഷെ അതെന്താണെന്നു് ഓർമ്മിക്കുവാൻ അവനു കഴിഞ്ഞില്ല. അവന്റെ സംസാരം അവന്റെ കുറ്റം തെളിയിക്കുന്നതാണെങ്കിൽ, സംസാരിക്കാനുള്ള അവകാശത്തെയാണു് ജഡ്ജി സൂചിപ്പിച്ചതെന്നു് അവനു മനസ്സിലായില്ല. അവൻ ജഡ്ജിയുടെ നേരെ നോക്കികൊണ്ടു പറഞ്ഞു. ''മറുപടി പറയുവാൻ ഞാൻ വിസമ്മതിക്കുന്നു.''

കാഫിൽ നിരാശയിൽ ആണ്ടു. സ്റ്റേറ്റിനുവേണ്ടി വിസ്താരം പാർക്കു് ഏറെറടുത്തു. സാക്ഷിക്കൂട്ടിൽനിന്നുമനുഷ്യനെതിരായി ചോദിച്ച ചോദ്യങ്ങൾക്കെല്ലാം ലഭിച്ച ഏക മറുപടി ''ഞാൻ പറയുകയില്ല'' എന്ന മാത്രമായിരുന്നു. ടോം അനുകൂലമായ ഒരു മറുപടി കൊടുത്തു. അതു് ''മൈലികേസു സംബന്ധിച്ചു'' വിശ്വസനീയമായ സാക്ഷ്യം നൽകുവാൻ നീ വിസമ്മതിക്കുന്നുവോ?'' എന്നുള്ള കോടതിയുടെ ചോദ്യത്തിനായിരുന്നു. ''ഞാൻവിസമ്മതിക്കുന്നു''

അവൻ അതുമുറിച്ചു പറഞ്ഞു. കച്ചേരിയിൽ ഉണ്ടായിരുന്ന എല്ലാവർക്കും മനസ്സിലായി അവൻ അതു മന:പൂർവ്വം പറഞ്ഞതാണെന്നു്.

കേസിന്റെ വാദം ഒരാഴ്ച ദീർഘിച്ചു. കാരണം സാധാരണ അവഗണിക്കുമായിരുന്ന പല സാക്ഷ്യങ്ങളും വളരെ വിവേകപൂർവ്വം ജഡ്ജി ആഡംസ് സ്വീകരിച്ചു. ടോം മൂന്നാമതവണ കൂട്ടിലേക്കു വിളിക്കപ്പെട്ടകയും ഒരിക്കലെങ്കിലും മൊഴികൊടുക്കുവാൻ അവനോടു അപേക്ഷിക്കുകയും ചെയ്തു. നാലുപ്രാവശ്യം അവൻ പ്രതീക്ഷപ്പെട്ടെങ്കിലും, ആദ്യവിചാരണയിൽ ലങ്സിംഗ്ടണിൽവച്ചു് കൊടുത്ത മൊഴിയാണോ, ഈയിട എഡിവില്ലിൽവച്ചു് ചെയ്ത പ്രസ്താവനയാണോ, ശരി എന്നു് ആർക്കും അറിയുവാൻ കഴിഞ്ഞില്ല.

ഹിയറിങ്ങിനെക്കാൾ ശ്രമകരമായ കാര്യം ടോമിനുണ്ടായിരുന്നു. അവൻ ലങ്സിംഗ്ടണിൽവന്നയുടൻ അമ്മക്കു് ഒരു കുറിപ്പയച്ചു. കേസിന്റെ ഹിയറിംഗു കഴിഞ്ഞാലുടൻ ജയിലിൽചെന്നു് അവനെ സന്ദർശിക്കുന്നതിനുള്ള അനുവാദം ജഡ്ജി ആഡംസിനെ, കണ്ടു വാങ്ങണമെന്നു് അതിൽ ആവശ്യപ്പെട്ടിരുന്നു. ജനുവരി 27–ാം തീയതി കോടതിയിലെ ആദ്യവിചാരണക്കുശേഷം അവന്റെ കുറിപ്പിനുള്ള മറുപടി അവനെ കാത്തുകിടക്കുന്നതായി കണ്ടു. ഉടൻതന്നെ ഇരുന്നു് അവൻ അമ്മക്കു എഴുതി.

"അമ്മക്കു് എപ്പോഴും എന്നെ കാണാമെന്നു് മി. ആഡംസു്, വക്കീലിനെ അറിയിക്കുന്നതാണെന്നു് അദ്ദേഹം പറഞ്ഞു. ഞാൻ തിരിച്ചുപോകുന്നതിനുമുമ്പു് അമ്മയെ കാണുവാൻ എനിക്കു സാധിക്കുമെന്നതു മിക്കവാറും തീർച്ചയാണു്. കാരണം ജഡ്ജി നിരസിച്ചാൽപോലും വാർഡൻ ആ ആനുകൂല്യം എനിക്കു നൽകും.

എന്റെ പരസ്പരവിരുദ്ധങ്ങളായ പ്രസ്താവനകളും സംബന്ധിച്ചു് യാതൊന്നും അങ്ങയെ വിഷമിപ്പിക്കാതിരിക്കട്ടെ. ഞാൻ എന്താണു് ചെയ്തതെന്നു് എനിക്കു നന്നായിട്ടറിയാം. അതു് എന്നെ അല്പംപോലും അസ്വസ്ഥനാക്കുന്നുമില്ല.

അമ്മ സിസ്സേഴ്സിനെ കണ്ടോ? ഞാൻ അവർക്കു എഴുതേണ്ടതായിരുന്നു. പക്ഷെ, അറിയിക്കത്തക്കതായി ഇപ്പോൾ അധികമൊന്നുമില്ല. അതുകൊണ്ടു് ഈ കാര്യം അവസാനിക്കുന്നതുവരെ ഞാൻ കാത്തിരിക്കാം. ഫാ. ബ്രിയനെയും കാണുവാൻ എനിക്കാഗ്രഹമുണ്ടു്. പക്ഷെ, അതുമുടക്കുന്ന ഒച്ചപ്പാടു ഞാൻ ഭയപ്പെടുന്നു. അതുസംബന്ധിച്ചു ഈ രാത്രിയിൽ ഞാൻ സിസ്സേഴ്സിനു് മറു കുറിപ്പു എഴുതിയേക്കാം.

അമ്മേ, അമ്മയുടെ ആരോഗ്യസ്ഥിതി ശ്രദ്ധിക്കയും ദയവു ചെയ്തു് വിഷമിക്കാതിരിക്കാൻ ശ്രമിക്കുകയും ചെയ്യണമേ.....”

ഫെബ്രുവരി 1–ാം തീയതി ഉച്ചകഴിഞ്ഞു് അവൻ അമ്മയെ കണ്ടു. അമ്മ വന്നപ്പോൾ സിസ്സേഴ്സും മേരി ലോറൻസിയായും റോബർട്ടും ആനും, ടോമിനോടുകൂടി സന്ദർശനമുറിയിലുണ്ടായിരുന്നു. മിസ്സസു് പെന്നി, അന്നാരാവിലെ അവർ പാകപ്പെടുത്തിയ ഒരു വലിയ അപ്പവും കൊണ്ടുവന്നിരിരുന്നു. ഒരു പഞ്ചിരിയോടെ സി. മേരി ലോറൻസിയാ അതു വാങ്ങി മുറിക്കുവിറച്ചുകൊണ്ടിരുന്ന ടോമിന്റെ നേരെ തല ആട്ടി. ദൈവത്തിനു് തന്റെ സൃഷ്ടിയോടുള്ള സ്നേഹത്തോടു് സാധർമ്മ്യം വഹിക്കുന്ന സ്നേഹം ഉൾക്കൊള്ളുന്നതായി ആലിംഗനം കണ്ടപ്പോൾ കണ്ണുകളിൽ നിറഞ്ഞ ബാഷ്പം തുടച്ചുകളയുവാൻ സി. റോബർട്ടാൻ പെട്ടെന്നു് പുറംതിരിയുകയും തന്റെ തുവാല എടുക്കുവാൻ തുടങ്ങുകയും ചെയ്തു.

സിസ്സേഴ്സുവളരെച്ചുരുക്കത്തോടെ പിൻവാങ്ങി. അതു യാത്രാവന്ദനം ഇരുകൂട്ടർക്കും എളുപ്പമുള്ളതാക്കിതീർത്തു. സിസ്സേഴ്സു് ഒരുമണിക്കൂറിലധികം പെന്നിയോടൊന്നിച്ചു് ചെലവഴിച്ചു. അവന്റെ ഭാവവും മനഃസ്ഥിതിയും അവരെ ആനന്ദിപ്പിച്ചു. ടോം, തന്റെ പരസ്പരവിരുദ്ധമായ പ്രസ്താവനകൾ അവർക്കു വിശദീകരിച്ചുകൊടുത്തു. ആ പ്രസ്താവനചെയ്യുവാൻ അവൻ പ്രേരിതനായതു് അവന്റെ അജ്ഞതകൊണ്ടും മരണത്തിനുമുമ്പു പാട്ടുള്ളിടത്തോളം നന്മചെയ്യണമെന്നുള്ള ഉൽക്കണ്ഠകൊണ്ടുമായിരുന്നെന്നു് അവർക്കു ബോദ്ധ്യമായി. അവൻ ചിരിച്ചുകൊണ്ടുപറഞ്ഞു. “തിന്മയിൽനി

ന്നു" ദൈവം ഇപ്പോഴും നന്മയുള്ളവാക്കുന്നുവെന്നതിനുള്ള തെളിവു" ഉവിടെയുണ്ടു" ഞാൻഅതുയും വിഡ്ഢിയല്ലായിരുന്നെങ്കിൽ നിങ്ങളെ ഒരിക്കലും വീണ്ടുംകാണുകയില്ലായിരുന്നു."

"നീകാണുമെന്നു" പ്രവചിച്ചിരുന്നല്ലോ, ടോം ഞങ്ങൾ എഡിവില്ലിൽവന്നു" നിന്നെസന്ദർശിച്ചപ്പോൾ....ഓർമ്മിക്കുന്നില്ലേ?

"അതിനെ ഒരുവികലതഎന്നുവിളിക്കുക, സി. റോബർട്ടഅൻ. കാരണം, ഞാനൊരു ദീർഘദർശിയാ, ദീർഘദർശിയുടെ മകനോഅല്ല"

പ്രായംകൂടിയസിസ്റ്റർ–സി. മേരിലോറൻസിയാ–തന്റെറ വെട്ടിത്തുറന്ന രീതിയിൽചോദിച്ചു. "ടോം നിനക്കുമരിക്കുവാൻ ഭയമാണോ"?

അവന്റെറതല പുറകോട്ടുവെട്ടിക്കുകയും കണ്ണുകൾമിഴിക്കുയും അവയുടെതിളക്കം അവന്റെറ വാക്കുകളുടെ സത്യാവസ്ഥയെ ദൃഢീകരിക്കുകയുംചെയ്യുവേ, അവൻപറഞ്ഞു. "ഭയമോ?" അവൻഇരിക്കേണ്ടിയിരുന്ന കസേര, വൈദ്യുതകസേര ആയിരുന്നെങ്കിൽ സന്തോഷസമേതം ഇപ്പോൾത്തന്നെ ഞാനതിൽ ഇരിക്കും. നമ്മുടെ കർത്താവുമരിച്ചപ്പോൾ അവിടുത്തേക്കുണ്ടായിരുന്ന പ്രായമാണു" എനിക്കിപ്പോൾഉള്ളതെന്നവസ്തുത എന്നെ അത്യധികം ആനന്ദിപ്പിക്കുന്നു. എന്നോടുള്ള അവിടുത്തെ വാത്സല്യത്തിനു വേറൊരുദാഹരണം. നിങ്ങൾ പറയുന്നതുപോലെ ഞാൻ വഷളാക്കപ്പെട്ടിരിക്കയാണു". അവിടുന്നു" എന്റെറ ജീവനെ ഒരുബലിയായി സ്വീകരിക്കുമെന്നു" ഞാൻ പ്രതീക്ഷിക്കുന്നു."

"ആർക്കുവേണ്ടിയാണു", ടോം"

"ബോബിനുവേണ്ടി, അതുപോലെ മറ്റാർക്കുംവേണ്ടിയും"

അമ്മയുമായുള്ള ബോർഡാട" അതുഎളുപ്പമായിരുന്നില്ല. താൻ ദൈവത്തെകൈകളിലേക്കു" നേരിട്ടുപോകയാണെന്നു" തനിക്കനിശ്ചയമുണ്ടെന്നു"ടോം അമ്മക്കു" ഉറപ്പുകൊടുത്തില്ലായിരുന്നെങ്കിൽ അമ്മയുടെ ആലിംഗനത്തിൽനിന്നും അവളുടെ കൈകൾ ഒരിക്കലും അയയുകയില്ലായിരുന്നു.

പിറ്റെദിവസം അതിരാവിലെ പെന്നിയും ബാക്കസ്റ്റനും എഡിവില്ലിലേക്കു യാത്രതിരിച്ചു. കോടതിയുടെതീരുമാനം അറിയുവാൻ ആൻഡേഴ്സൻ അവിടെ താമസിച്ചു. ആ രാത്രിയിൽടോം അമ്മയ്ക്കു് എഴുതി.

"ഉച്ചകഴിഞ്ഞു് 2. 45നു് സസുഖം എഡിവില്ലിൽഎത്തി. ലക്സിംഗ്ടണിൽനിന്നും രാവിലെ 7. 07നു് പുറപ്പെട്ട- യാത്രക്കുപറ്റിയ വേറൊരു മനോഹരദിനം! ഉല്ലാസപ്രദമായ ഒരു സവാരിയും, അമ്മച്ചി, ദൈവനന്മയ്ക്കു് വേറൊരുതെളിവു്.

ഇന്നലെ അമ്മ പോയഉടൻതന്നെ ടൊമി വരികയും ഒരു മണിക്കൂർ താമസിക്കുകയും ചെയ്തു. എല്ലാവരെയും കണ്ടുവാൻ കഴിഞ്ഞതിൽ എനിക്കു വലിയ സന്തോഷമുണ്ടു്. ടൊമി ഒരു പെട്ടി മധുരസാധനങ്ങളും കൊണ്ടുവന്നിരുന്നു. അതുകൊണ്ടുപോരാൻ വാർഡൻ എന്നെ അനുവദിച്ചു. ഇങ്ങോട്ടുപോന്നവഴിക്കു ഞാനതു തിന്നുകയും കഴിഞ്ഞരാത്രിയിൽ അമ്മതന്ന അപ്പവും തിന്നു. അമ്മേ, അതു വളരെ രുചികരമായിരുന്നു."

മുമ്പോട്ടും പിമ്പോട്ടുമുള്ള നീണ്ടയാത്ര, സാക്ഷിക്കൂട്ടിലെ വിഷമതപിടിച്ചതും ആകുലത നിറഞ്ഞതുമായ ദിവസങ്ങളും; അവൻ വളരെ അഗാധമായി സ്നേഹിക്കുന്നവരുമായുള്ള കൂടിക്കാഴ്ചയും വേർപാടുമൂലമുണ്ടായ വികാരത്തള്ളലുകളും, ഇവ ടോമിനെ തളർത്തിക്കളഞ്ഞു. എങ്കിലും ഒരു രാത്രിയിലെ ഉറക്കവും സമയത്തിന്റെ അടിയന്തിരസ്വഭാവവും അവനെ അടുത്തദിവസം തന്റെ മേശയിലേക്കു കൊണ്ടുവരികയും ഉത്സാഹഭരിതനായി പ്രവർത്തകനും എഴുന്നതിൽ ഏർപ്പെടുകയും ചെയ്തു. അവനു ജീവിക്കുവാൻ മൂന്നാഴ്ച മാത്രമേശേഷിച്ചിരുന്നുള്ളു. സ്നേഹിതർക്കു് അവന്റെ സ്ഥിതിയെപ്പറ്റി ഉറപ്പു കൊടുക്കുകയും ദുർഗ്രഹമായ നിലപാടിനെ കഴിയുന്നത്ര വിശദീകരിക്കയുംചെയ്യണമായിരുന്നു. അവൻ ഫാ. ബ്രിയന്റെ പക്കലേക്കാണു് ആദ്യമെ തിരിഞ്ഞതു്. അവന്റെ വിശദീകരണം അത്ര വ്യക്തമല്ലായിരുന്നു. എങ്കിലും ആ യുവസന്ന്യാസി സന്തോഷസമേതം വായിച്ചു.

"അടുത്ത ബുധനാഴ്ച ഫാ. ലിബ്സ് ഇവിടെവരും. കാത്തിരിക്കുവാൻ എനിക്കു പ്രയാസം അച്ചാ, എന്റെ തെറ്റുകൾക്കു് അദ്ദേഹത്തെ കുറ്റപ്പെടുത്തരുതു്. സംഗതി ഞാൻ അദ്ദേഹത്തിനു് വ്യക്തമാക്കികൊടുത്തില്ല. അതുകൊണ്ടാണു് ഞാൻ ഫാ. ഡൊനെല്ലിയെ ആവശ്യപ്പെട്ടതു്. അദ്ദേഹം എല്ലാം അറിഞ്ഞിരുന്നു."

ഒരു വാശാനന്തരം അവസാനിച്ച വിശദീകരണമാണു് അവൻ ഫാ. എവുജിനു് അയച്ചതു്.

"അച്ചാ, എല്ലാ കാര്യങ്ങളെപ്പറ്റിയും ഫാ. ലിബ്സു അറിയുമെന്നു് അങ്ങു് വിശ്വസിക്കുക. ഞാനൊന്നും തെറ്റി, എങ്കിലും വിനയില്ല. എനിക്കു ഉദ്ദേശമില്ലായിരുന്നെന്നും എന്റെ അത്മനിയന്ത്രണമാണു് അതു വ്യക്തമാക്കികൊടുക്കാതിരുന്നതു് എന്റെ കുറ്റമാണെന്നും ഞാൻ പറയുമ്പോൾ അതു പരമാർത്ഥമാണെന്നു്, അച്ചാ, അങ്ങേക്കു് അറിയാമെന്നു് ഞാൻ വിചാരിക്കുന്നു. അച്ചാ, മനഃപൂർവ്വം ദൈവത്തെ ഉപദ്രവിക്കുവാൻ പാടില്ലാത്തവിധം ഞാൻ ദൈവത്തെ അത്യധികം സ്നേഹിക്കയും വന്നുപോയ വയെപ്പറ്റി പാട്ടള്ളിടത്തോളം ഖേദിക്കയും അക്കാര്യം ദിവസത്തിൽ വളരെ വളരെപ്രാവശ്യം അറിയിക്കയും ചെയ്യുന്നു.

..... അതു് ഉണ്ടാക്കിയ ഒച്ചപ്പാടിനെയും അങ്ങേക്കും മറ്റുള്ളവർക്കും അതുവരുത്തിക്കൂട്ടിയ ശല്യത്തെയും കുറിച്ചു് എനിക്കു സങ്കടമുണ്ടു്. അങ്ങു് എന്നോടു് ക്ഷമിക്കുമെന്നും എനിക്കുവേണ്ടി തുടർന്നു പ്രാർത്ഥിക്കുമെന്നും എനിക്കറിയാം..... ഇഷ്ടമുള്ളപ്പോൾ എഴുതുക. 26-ാം തീയതി ഇവിടെവരാൻ സാധ്യതയുണ്ടെങ്കിൽ അങ്ങനെ എനിക്കാവശ്യമുണ്ടെന്നു് ഓർമ്മിക്കുക."

ഫെബ്രുവരി 4-ാം തീയതി അവൻ ഒരു പൂർണ്ണവിശദീകരണം ഫാ. ഡൊനെല്ലിക്കു് ടേർണർഹിൽഡിലേക്കു് അയച്ചു. അതിൽ ഒരുഭാഗം.

"പ്രി. ബ. അച്ചാ,

ലക്കു്സിംഗടണിൽനിന്നും ചൊവ്വാഴ്ച തിരിച്ചുവന്നു. ബോബിന്റെ കേസിന്റെ തീരുമാനമറിഞ്ഞശേഷം എഴുതാമെന്നാകരു

തീ കാത്തിരുന്നു. ഇന്നലെ ജഡ്ജ് ആഡംസ് അവനു പുതിയ വിചാരണ നിഷേധിക്കയാണുണ്ടായതു്. ഇനി അവർ എന്തുചെയ്യുമെന്നു് അറിഞ്ഞുകൂടാ: എന്തുചെയ്യാലും എന്റെ നിലപാടിനു് വ്യത്യാസമുണ്ടാകയില്ലെന്നു് അങ്ങേക്കു് ഉറപ്പായിരിക്കാം.....

അച്ഛാ, ദയവുചെയ്തു് എന്നിലല്ലാതെ മറ്റാരിലും കുറ്റം ആരോപിക്കരുതേ. എന്റെ നിലപാടു് ഞാൻ ശരിയായി ഫാ. ലിബ്സിനു വിശദീകരിച്ചുകൊടുത്തില്ല. അദ്ദേഹത്തിനു് അറിയാമായിരുന്നതിൽ കൂടുതൽ അദ്ദേഹം അറിഞ്ഞിരുന്നെന്നു് ഞാൻ ധരിച്ചുവച്ചു. ബുധനാഴ്ച ഫാ. ലിബ്സു ഇവിടെ വരും. അതെക്കുറിച്ചെല്ലാം അന്നു് അങ്ങയെ ഞാൻ അറിയിച്ചുകൊള്ളാം.

എന്റെ അമ്മയെയും സഹോദരികളെയും സഹോദരന്മാരെയും കാണുവാൻ എനിക്കു് അനുവാദം ലഭിച്ചു. സുകൃതിനികളായ കന്യാസ്ത്രീകളും തിങ്കളാഴ്ച ഒരു മണിക്കൂർ എന്നോടുകൂടിയുണ്ടായിരുന്നു. അച്ഛാ, അവരെ കാണുവാനിടയായതിൽ ഞാൻ അതിവകൃതജ്ഞനാണു്. പരസ്പരവിരുദ്ധമായ പ്രസ്താവനകളെപ്പറ്റി,സ്വാഭാവികമായി അവർ വളരെ അസ്വസ്ഥരായിരുന്നു. ഫാ. ലിബ്സിനെക്കണ്ടു് കാര്യങ്ങളും അദ്ദേഹവുമായി ശരിപ്പെടുത്തുന്നതുവരെ എനിക്കു സ്വസ്ഥത തോന്നുകയില്ല.

....അങ്ങേ അഭ്യുപനങ്ങൾക്കു കടകവിരുദ്ധമായ ഒരു പ്രവൃത്തി ഞാൻ മനഃപൂർവ്വം ചെയ്യുമല്ലോ എന്ന വിചാരം അങ്ങയെ വേദനിപ്പിച്ചെന്നു് എനിക്കറിയാം. അച്ഛാ, അതുമൂലം ഞാൻ വിഷമിച്ചു. അതിനുവേണ്ടി ഇവിടെവച്ചു ഞാൻ സഹിക്കണം. ഞാൻ ആവലാതി പറയുകയില്ല. അങ്ങനെയൊന്നു് ഇനി ഒരിക്കലും ഉണ്ടാകയില്ലെന്നു് അങ്ങേക്കു് ധൈര്യമായിരിക്കാം.....

ടോം ക്ഷീണിച്ചിരുന്നതിനാൽ പേന മാറ്റിവയ്ക്കാമെന്നു് കരുതി. അപ്പോഴും ഓവൻസ് ബൊറൊ തപാൽമുദ്രയോടുകൂടിയ ഒരു കത്തു കണ്ടു. അവനു കയ്യക്ഷരം മനസ്സിലാകയാൽ അവൻ പുഞ്ചിരിതൂകി. അവനു് എഴുത്തയയ്ക്കുവാൻ ഫാ. ബ്രയൻ ആവശ്യപ്പെട്ടിരുന്ന ഉർസലിയൻ സന്ന്യാസിനി, സി. ഫ്രാൻസിസ്കാ

യിൽനിന്നായിരുന്നു അതു". അവൻ എത്രയധികം ക്ഷീണിതനും പ്രലോഭിതനും ആയിരുന്നെങ്കിലും അവർക്കു എഴുതുക തന്നെ വേണം. ലോകം മുഴുവൻ കള്ളനെന്നു വിളിച്ചിരുന്ന മനുഷ്യനിൽ സ്പഷ്ടമായ വിശ്വാസത്തോടും പെട്ടന്നും അവർ മറുപടി അയച്ചതു കൊണ്ടു് അവരെപ്പറ്റിയുള്ള സ്മരണ അവനെ ഉന്മേഷവാനാക്കി. അവരുടെ ജ്വലിയായ രീതിയും ക്രിസ്തുവിശ്വാസവും തമാശയുടെ ബാഹുല്യതയും മൂലം അവർക്കു് എഴുതുകയെന്നതു് നേരമ്പോക്കായിരുന്നു. അവരുടെ ഏറ്റവും ഒടുവിലത്തെ എഴുത്തു വായിച്ചപ്പോൾ അവർക്കു കാര്യമായതു വല്ലതും എഴുതണമെന്നു് അവനു തോന്നി. അവൻ ജയിലിലെ കടലാസും പേനയും ഉപയോഗിച്ചെഴുതി.

"പ്രി. സി. മേരി ഫ്രാൻസിസ്സും,

ഞാൻ ഇന്നലെ ഉച്ചകഴിഞ്ഞു് ഇവിടെ വന്നുചേരുകയും ഇന്നുരാവിലെ സിസ്റ്ററിന്റെ എഴുത്തു കിട്ടുകയും ചെയ്തു. പ്രി. സിസ്റ്റർ, അങ്ങേക്കു എന്നിലുള്ള വിസ്മയനീയമായ വിശ്വാസം, അങ്ങു് അറിയുന്നതിനേക്കാൾ കൂടുതലായി ഞാൻ വിലമതിക്കുന്നുവെന്നു് അറിയിക്കുവാൻ ഞാനാഗ്രഹിക്കുന്നു.....

വർത്തമാനപ്പത്രങ്ങൾ എന്റെ പരസ്യരവിരുദ്ധങ്ങളായ പ്രസ്താവനകൾ പ്രസിദ്ധീകരിച്ചുകൊണ്ടു് അങ്ങയെയും എന്റെ എല്ലാ സ്നേഹിതരെയും എന്നെ തന്നെയും ശല്യപ്പെടുത്തി. എന്റെ കുമ്പസാരക്കാരൻ സത്യം മുഴുവൻ ശ്രദ്ധിക്കയും പിശകൊന്നുമില്ലെന്നു് ഇപ്പോൾ എനിക്കു ഉറപ്പുതരികയും ചെയ്തിട്ടുണ്ടെന്നു് അറിയുവാൻ സിസ്റ്ററിനു് അവകാശമുണ്ടെന്നു് എനിക്കു നിശ്ചയമുണ്ടു്. ഞാൻ ഒന്നുകൂടി പറഞ്ഞുകൊള്ളട്ടെ. ഞാൻ തെന്നി എങ്കിലും വീണില്ല. എന്റെ ആത്മാവിനു് യാതൊരു കോട്ടവും സംഭവിച്ചില്ല. ദൈവം തൃപ്തനാണു്. ഞാൻ സൗഭാഗ്യവാനും. പിശാചു് ഉഗ്രമായ കോപത്തിലാണു്. എല്ലാം ഭേമത്തേ—അവൻ—പിശാചു്—ഒരു നല്ല ചങ്ങാതിയല്ല. അങ്ങു പറയുന്നതുപോലെ പലവേഷത്തിലും രൂപത്തിലും പ്രത്യക്ഷപ്പെടുന്നപലനാമധാരിയുമാണവൻ.

ഓ, ഒരുകാര്യം: കഴിഞ്ഞ തിങ്കളാഴ്ച കച്ചേരി കഴിഞ്ഞു", ഉച്ചക്കശേഷവും വൈകുന്നേരവും എനിക്കു ധാരാളം സന്ദർശകരുണ്ടായിരുന്നു. സിസ്റ്റേഴ്സ് റോബർട്ട് ആനും മേരി ലോറൻസിയായും ഒന്നരമണിക്കൂർനേരം ജയിലിൽ ചിലവഴിച്ചു. അതു കഴിഞ്ഞു എന്റെ അമ്മയും സഹോദരികളും സഹോദരന്മാരും രണ്ടു അനന്തിരവരും മറെറ പലരും വന്നു. അങ്ങേക്ക സി. റോബർട്ടനെ എഴുതും. ഓ, എന്തുകൊണ്ടു എല്ലാവർക്കും നിങ്ങടെ സിസ്റ്റേഴ്സിനെപ്പോലെ ആയിക്കൂടാ! അങ്ങിനെ ആയിരുന്നെങ്കിൽ എല്ലാവരും എല്ലാവരെയും സ്നേഹിക്കുമായിരുന്നു. ഈ യുദ്ധമെല്ലാം ഉണ്ടാകുകയില്ലായിരുന്നു. ആളുകടെ കള്ളം പറയുകയോ, വഞ്ചിക്കുകയോ, മോഷ്ടിക്കുകയോ, കുത്തിക്കവരുകയോ, കൊല്ലുകയോ, ചെയ്യുവാൻ ഇഷ്ടപ്പെടുകയോ അഥവാ മതിയുകയോ ഇല്ലായിരുന്നു.

അടുത്തതവണവരെ, അങ്ങയെ സകല പ്രവൃത്തനങ്ങളിലും സഹായിക്കണമെന്നു ഞാൻ മാതാവിനോടു അപേക്ഷിക്കുന്നതായിരിക്കും. ആകയാൽ അങ്ങു പരാജയപ്പെടുകയില്ല. കാരണം മാതാവു എന്റെ അപേക്ഷ ഒരിക്കലും നിരസിച്ചിട്ടില്ല. എന്നെ ഓർമ്മിക്കുവാൻ മറക്കരുതെ."

കുത്താവിലും മാതാവിലും അങ്ങേ വിശ്വസ്തമിത്രം.....

പുനർവിചാരണ അനുവദിക്കപ്പെടുകയാൽ ആൻഡേഴ്സൺ ലക്സിംഗ്ടണിൽനിന്നു മടങ്ങിവന്നുവെന്ന വാർത്ത വെള്ളിയാഴ്ച കുറെ രാത്രിയായപ്പോഴേയ്ക്കു ജയിലിലെങ്ങും വ്യാപിച്ചു. പെന്നി അപ്പോഴും നടപ്പാതയിലായിരുന്നതുകൊണ്ടു ബോബിനെ കണ്ടില്ല. എങ്കിലും അവനു ലഭിച്ച റിപ്പോർട്ടുമൂലം അവൻ ചെകിടിലുണ്ടായിരുന്ന വട്ടവിൽ തട്ടുവാൻ തുടങ്ങി. (അതു വലിയ വികാരത്തള്ളലോടും അഗാധചിന്തയോടുംകൂടി ഉണ്ടാകാവുള്ള ഒരു ചേഷ്ടയാണു"). പെന്നിയെയും, വൈദികന്മാരെയും, കത്തോലിക്കാധർമ്മസംഹിതമുഴുവനെയും ആൻഡേഴ്സൺ അതിനിന്ദിതമായി ശപിക്കയായിരുന്നെന്നു റിപ്പോർട്ടുണ്ടായിരുന്നു.

ആ വിചാരങ്ങളും വികാരങ്ങളും പുറത്തുവിടുന്നതിനു പെ

ന്നി കണ്ട മാർഗ്ഗം സി. റോബർട്ടച്ചനിനു് എഴുതുക എന്നതായിരുന്നു.

"ബോബു് ഈ രാത്രിയിൽ തിരിച്ചുവന്നു. ഞാൻ ഇപ്പോഴും അവനിൽനിന്നു ഒഴിഞ്ഞുമാറിയാണു് കഴിയുന്നതു്. ഒരുപക്ഷേ, അതാണു് ഏറ്റവും നല്ലതു്. എനിക്കിവിടെ സൗഖ്യമാണു്. ആരും എന്നെ ശല്യപ്പെടുത്താനില്ല. ഞാനും ഈശോയും മാത്രം. എന്റെ തെറ്റിനെപ്പറ്റി എനിക്കു് എപ്പോഴും ഓർമ്മയുണ്ടെന്നു് ഞാൻ മിക്കപ്പോഴും അവിടുത്തോടു പറയുന്നുണ്ടെന്നുള്ളതിൽ സിസ്റ്ററിനു സന്ദേഹം വേണ്ട. സിസ്റ്റർ, എന്നെ ഇഹത്തിൽവച്ചു ശിക്ഷിക്കുവാൻ അവിടുത്തോടു് അപേക്ഷിക്കുക. സിസ്റ്റർ, അങ്ങു പറഞ്ഞതു ഞാൻ കേട്ടിരുന്നെങ്കിൽ ഇതു് ഒരിക്കലും സംഭവിക്കയില്ലായിരുന്നു. എന്നാൽ..... അവിടുത്തെ മാർഗ്ഗം മാത്രമാണു് ശരിയായ മാർഗ്ഗമെന്നു് അതു് എന്നെ പഠിപ്പിച്ചു. അല്പസത്യമെന്നു് ഒന്നില്ലെന്നും ഞാൻ പഠിച്ചു. അതെല്ലാം ദൈവത്തിനു വേണ്ടി. അല്ലെങ്കിൽ പൂജ്യം!

തിങ്കളാഴ്ച ടാരത്തിലേയ്ക്കു് ഇഴഞ്ഞുകയറുവാൻ സിസ്റ്റർ അനുവദിപ്പെട്ടുവല്ലോ ഞാൻ അതിനു അർഹനാണു്. അതുകൊണ്ടു് എനിക്കതിൽ അത്ഭുതമില്ല. ഞാൻ വളരെ തീഷ്ണമായി പ്രാർത്ഥിക്കുന്നുണ്ടു്. അതിനാൽ അവൻ വിദ്വേഷിയാകയില്ല. അവൻ എന്നെപ്പറ്റി എന്തു വിചാരിക്കുന്നു എന്നു് ഞാൻ വകവയ്ക്കുന്നില്ല. അവസാനം അവന്റെ ആത്മാവിനെ രക്ഷിക്കാമെങ്കിൽ അവന്റെ ഉഗ്രകോപം വഹിക്കുവാൻ വാസ്തവത്തിൽ എനിക്കു സന്തോഷമാണു്.

എനിക്കു വേഗം എഴുത്തയക്കണമേ. ഞാൻ ഇപ്പോൾ നിർത്തിയിട്ടു ജപമാല ചൊല്ലട്ടെ. അതേ സിസ്റ്റർ, ഞാൻ അതുകൂടെ കൊണ്ടുപോകും. അമ്മ വേണ്ടതു ചെയ്തുകഴിയുമ്പോൾ അമ്മയ്ക്കു് കൊന്തകൊടുക്കുന്ന കാര്യം സിസ്റ്റർ ഏറ്റുകൊള്ളണം കേട്ടോ. ഒരു ദിവസം അമ്മയ്ക്കു് ഒരുക്കമുണ്ടായിരിക്കുമെന്നു് എനിക്കു് അറിയാം....."

പിറേദിവസം രാവിലെ അടുത്ത സെല്ലിലെ തടവുകാരി ലൊരുവൻ ടോമിന്റെ പേരു വിളിക്കുന്നതു് അവൻ കേട്ടു. രണ്ടു ഡോർട്ടി സഹോദരന്മാർ, ഡോണും അലക്സും, ജീവപര്യന്തം ജയിലിലാണെന്നു് അവൻ അറിഞ്ഞിരുന്നു. ഈ തടിയന്മാരുപിള്ളേരെ അവൻ ഇഷ്ടപ്പെട്ടു. ഫാ. ബ്രയന്റെ മിഷൻമുതൽ ഇവർ മതപഠനത്തിലായിരുന്നെന്നു കേട്ടപ്പോൾ താൻ മിത്രങ്ങളുടെ അടുത്താണെന്നു ടോമിനു തോന്നി. അവരുടെ സംബോധനത്തിനു് ആവുന്നത്ര സന്തോഷത്തോടെ അവൻ മറുപടി കൊടുത്തു.

ഡോൺ വിളിച്ചു പറഞ്ഞു, "ഞാൻ ഇന്നത്തെ പത്രത്തിലൂടെ ഒന്നു കണ്ണോടിച്ചു. കുറ്റം അർഹിക്കുന്നിടത്തുതന്നെയാണു് ജഡ്ജു് അതു ചുമത്തിയിരിക്കുന്നതു്."

"എവിടെയാണു് അതു്", ഡോൺ" വല്ലാനമായ താല്പര്യത്തോടെ ടോം ആരാഞ്ഞു.

"ആൻഡേഴ്സന്റെ തോളിൽ തന്നെ."

"അതെങ്ങനെ?"

"ആദ്യവിചാരണയിൽതന്നെ ആൻഡേഴ്സണു് സാക്ഷിക്കൂട്ടിൽവച്ചു് നിന്റെ സാക്ഷ്യം നിഷേധിക്കാമായിരുന്നു; നിഷേധിയ്ക്കേണ്ടിയിരുന്ന എന്നാണു് ജഡ്ജു് പറയുന്നതു്. പക്ഷെ അവൻ അതു ചെയ്തില്ല. അതുകൊണ്ടു ജഡ്ജു് പറയുന്നതു് അവന്റെ ഇപ്പോഴത്തെ പ്രവൃത്തി തികച്ചും അവിശ്വസനീയമെന്നാണു്. അതു ശരിയുമാണു്. അതുകൊണ്ടു് ആൻഡേഴ്സന്റെ മുഖമടപ്പു് നീ വകവയ്ക്കേണ്ടാ, ടോം. അവനുവേണ്ടി നിനക്കു പാടുള്ളതെല്ലാം നീ ചെയ്തു."

"ഉപകാരം, ഡോൺ, ന്യൂസിനുവേണ്ടി മാത്രമല്ല, പ്രോത്സാഹനത്തിനുവേണ്ടിക്കൂടി."

ടോം ധരിച്ചതിലും കൂടുതൽ പ്രോത്സാഹജനകമായി അതു തോന്നി. ജനുവരി 21-നുശേഷമുള്ള അവന്റെ എഴുത്തുകളിൽ വച്ചു് ഏറ്റവും കുതൂഹലമായ ഒന്നു എഴുതുമ്പോൾ മനസ്ഥിതി അവനിലുളവായി. മദർ സെന്റ് ക്ലാരയ്ക്കും അവരുടെ മഠത്തിലേക്കും

മായി എഴുതപ്പെട്ട ആ കത്തിൽ അവന്റെ ഏറ്റവും ആധുനിക മായ ചില അനുഭവങ്ങൾ ഉൾക്കൊള്ളിച്ചിരുന്നു.

"കഴിഞ്ഞ ആഴ്ചയിൽ ഞാൻ ലക്സിംഗ്ടണിലെ ജയിലിലായിരുന്നപ്പോൾ എന്നോടുകൂടി 2 ചിനരും, 5 മെക്സിക്കോക്കാരും, 1 ഗ്രീക്കും, 1 കനേഡിയനും, 2 അമേരിക്കരും ലോക്കപ്പിലുണ്ടായിരുന്നു. എന്റെ സന്തോഷമോ തമാശയോ അഥവാ എങ്ങിനെ എനിക്കു ഉറങ്ങുവാൻ കഴിഞ്ഞുവെന്നോ അവർക്കു മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. എനിക്കായി ഒരു സെൽ ഒരുക്കപ്പെട്ടിരുന്നു. എന്നോടു സംസാരിക്കരുതെന്നും, എനിക്കു് കത്തി, ബ്ലെയിഡ് ആദിയായവ നല്കരുതെന്നും അവർക്കു് ആജ്ഞയുണ്ടായിരുന്നു. ആ രാത്രിയിൽ ഒരു മുക്കുടിയനെ കൊണ്ടുവന്നു് എന്റെ മുറിയിലിട്ടു പൂട്ടി. കിടക്കാൻ ഒരുങ്ങിയപ്പോൾ എന്റെ പോക്കറ്റിൽനിന്നു ചിലസാധനങ്ങൾ ഞാൻ എടുത്തു നിരത്തിവച്ചു. സാമാന്യംപെട്ടെന്നു് അവൻ ചോദിച്ചു "ആ കൊച്ചു പേഴ്സിലുള്ളതു് എന്തോന്നാ?" അതു് സി. മേരി ഹോളിനെയിം, ക്രിസ്റ്റിനു് എനിക്കു അയച്ചുതന്നതായിരുന്നു. ഞാൻ ആ പേഴ്സു് അവന്റെ കയ്യിൽ കൊടുത്തു. അവൻ അതു തുറന്നു ജപമാല വെളിയിലെടുത്തു സൂക്ഷിച്ചുനോക്കി. ശ്ലീഹാ രണ്ടു മുഴത്ത കണ്ണുനീർത്തുള്ളികൾ അവന്റെ കവിൾത്തടങ്ങളിലൂടെ ഉരുണ്ടുവീണു. അപ്പോൾ ഞാൻ അവനോടൊന്നും പറഞ്ഞില്ല. എങ്കിലും എന്റെ ആയുസ്സിൽ ആദ്യമായിട്ടാണു് കണ്ണുനീർ കണ്ടു ഞാൻ സന്തോഷിക്കുന്നതു് എന്ന വസ്തുതയെപ്പറ്റി ഞാൻ ബോധവാനായിരുന്നു. പിന്നീടു കുറെനേരം ഞങ്ങൾ സംഭാഷണം നടത്തി. അവന്റെ മുറങ്ങലിന്റേയും തുറങ്ങലിന്റേയും ഇടയിലൂടെ ഞാൻ ഗ്രഹിച്ചു അവൻ പള്ളിയിൽ പോകയോ കുമ്പസാരിയ്ക്കയോ ചെയ്തിട്ടു എകദേശം ആറുകൊല്ലമായെന്നു്. അടുത്ത പ്രഭാതത്തിൽ അവർ അവനെ, യു.എസ്സി.ലെ ആരോഗ്യരക്ഷാവകുപ്പിലയ്ക്കു കൊണ്ടുപോയി. അവൻ പിരിഞ്ഞുപോകവേ, ഞാൻ ചോദിച്ചു: "ഫ്രാങ്കു്, നീ അവിടെ ചെല്ലുമ്പോൾ എന്തുചെയ്യും?" അവൻ പറഞ്ഞു. "ടോം,

ഞാൻ ആദ്യം ചെയ്യുന്നതു് ഒരു അച്ചനെ തേടി കുമ്പസാരിക്കുക എന്നതായിരിക്കും.....''

ടോം തുടർന്നെഴുതി.

"പിന്നീടു്", ഭയങ്കരമായി ശപിച്ചുകൊണ്ടിരുന്ന ഒരു കൊച്ചുനെ എന്റെകൂടെ ആക്കി. ആ സാധുകൊച്ചനു് എഴുതുവാനൊ വായിക്കുവാനൊ അറിഞ്ഞുകൂടായിരുന്നു. എങ്ങിനെയോ ഞാൻ അവന്റെ വിശ്വാസം ആർജ്ജിച്ചു. പ്രീ. മദറേ, സിസ്റ്റേഴ്സേ, ഞാൻ അവിടെ ആയിരുന്ന ഒടുവിലത്തെ മൂന്നുദിവസങ്ങളിൽ ഒരിക്കലെങ്കിലും അവൻ ചീത്തവാക്കു് പറയുന്നതായി കേട്ടില്ല.....

അവസാനദിവസം കച്ചേരി കഴിഞ്ഞപ്പോൾ എന്റെ പ്രിയപ്പെട്ടവരിൽ പലരേയും കാണുവാൻ എനിക്കു് അനുവാദം ലഭിച്ചു..... വൃദ്ധയായ എന്റെ പ്രിയമാതാവിനെ കൈകളിൽ പിടിച്ചു യാത്രാവന്ദനരൂപത്തിൽ ചുംബിച്ചപ്പോൾ — ഒരുവേള അവസാനമായിട്ടു്— അവർ ചോദിച്ചു, ''അഞ്ചു മുകളിൽനിന്നു് നിനക്കു് എന്നെ കാണുവാൻ കഴിയുമോ?'' ഞാൻ മറുപടികൊടുത്തു. "പ്രിയ അമ്മേ, സ്വർഗ്ഗത്തിൽ അമ്മ എന്നോടൊന്നിക്കുന്നതുവരെ എന്റെ കണ്ണുകൾ ഒരിക്കലും അമ്മയെ വിട്ടകലുകയില്ല." ഞാൻ അവരെ പിരിഞ്ഞപ്പോൾ അമ്മയുടെ ഹൃദയം തകർന്നെങ്കിലും അവർ ആനന്ദവതിയായിരുന്നു.....

ഞാൻ ഇതുവരെ "ഞാൻ ഞാൻ എന്റെ എന്റെ" എന്നു പറഞ്ഞു പറഞ്ഞു് സുഹൃത്തുക്കൾക്കുള്ള അഭിവാദനസന്ദേശങ്ങൾ അയയ്ക്കുവാൻ സ്ഥലമില്ലാതെയായി. എങ്കിലും "എന്റെ പ്രതിധ്വനിയോടു പറയണം യാത്രാമദ്ധ്യേ ഞാൻ ബുക്കാനനായി പരിചയപ്പെടുകയും ഒരു രഹസ്യം ഗ്രഹിക്കയും ചെയ്തുവെന്നു". അദ്ദേഹം ഒരു യുവതിയിൽ അനുരക്തനായെങ്കിലും അവൾ ഒരു സന്ന്യാസിനി ആകയാണു ചെയ്തതു്. ഞാൻ പറഞ്ഞു, ''എന്നാൽ അവൾ ബുദ്ധിമതി ആയിരുന്നിരിക്കണം.'' "അതെങ്ങനെ?'' അദ്ദേഹം ജിജ്ഞാസയോടെ ചോദിച്ചു. ഞാൻ മറുപടികൊടുത്തു. "അവളുടെ തെരഞ്ഞെടുപ്പിൽനിന്നു" ഞാൻ അനുമാനിച്ചതാണു". ഈ

രാക്ഷസനായ J. B. വാസ്തവത്തിൽ ഒരു തടിയനാണു".

ഇപ്പോൾ ദിവസങ്ങൾ പറക്കുകയായിരുന്നു. പകൽ മിക്ക വാറും മുഴുവൻതന്നെയും, രാത്രിയിൽ അധികസമയവും ടോം മേശയ്ക്കുമുമ്പിലിരുന്നു് എഴുതുകയായിരുന്നെങ്കിലും അവനെഴുതിത്തീർക്കേണ്ട എഴുത്തുകൾക്കു് സമയം പോരാ എന്നു തോന്നി. പക്ഷെ മറെറാരിടത്തും എന്നതിനേക്കാൾ ഇവിടെ ദൈവത്തിൻെറ തൃക്കരം കൂടുതൽ പ്രത്യക്ഷമായിരുന്നു. ഈ കത്തിടപാടുകൾ—അവൻെറ അമ്മക്കു്, കന്യാസ്ത്രീകൾക്കു്, പുരോഹിതർക്കു്—ഈ ഫതഭോഗ്യൻെറ മനസ്സിനെ സാക്ഷാത്തായ യാഥാർത്ഥ്യത്തിലേയ്ക്കു്, അവസാനചക്രവാളത്തിനപ്പുറം—ആരേറ നാമകരണം ചെയ്യുന്നതുപോലെ സാക്ഷാൽ "ദൈവനായ അദൃശ്യനിലേയ്ക്കു്" അവൻെറ മനസ്സു് പൂർണ്ണമായി കേന്ദ്രീകരിക്കയായിരുന്നു.

ഫെബ്രുവരി 5–ാം തീയതി അവൻ സി. റോബർട്ടു് ആനിനു അയച്ച എഴുത്തിൽ അപേക്ഷിക്കണമെന്നു ആവശ്യപ്പെട്ടിരുന്ന സംഗതി സാധിതപ്രായമായെന്നു അവനു തോന്നി. കാരണം ആ മാസം 10–ാം തീയതി അവൻ എഴുതി; "സിസ്റ്റർ, മാറിക്കിട്ടുവാൻ ഞാൻ വളരെ പണിപ്പെട്ട കാര്യം വന്നു ഒടുവിച്ചുകഴിഞ്ഞു. ബോബിനു് ഫാ. ലിബു് സിനോടു വലിയ വിരോധമാണു്. ഇന്നു് അവനെ കാണുവാൻ ചെല്ലുണ്ടെന്നു അവൻ അദ്ദേഹത്തെ അറിയിച്ചിട്ടുണ്ടു്. എനിക്കു സങ്കടമുണ്ടു്. അതു വാസ്തവത്തിൽ എന്നെ വേദനിപ്പിക്കുന്നു. അതു് അച്ചനെയും വേദനിപ്പിച്ചു..... ഒരു പക്ഷെ, കത്തുമുഖേന സഹായിയ്ക്കുവാൻ അങ്ങേയ്ക്കു കഴിഞ്ഞേയ്ക്കും. സിസ്റ്റർ, കാര്യം പറയുകയാകട്ടെ, അങ്ങേയ്ക്കു് എന്തെങ്കിലും അറിയാമെന്നു സൂചിപ്പിക്കുകയാകട്ടെ ചെയ്യരുതു്. ബോബിനോടു തുറന്നു സംസാരിക്കുന്നതിനു്, ഞാൻ അച്ചനോടു പറഞ്ഞിട്ടുള്ളതെന്തും വെളിപ്പെടുത്തുവാൻ അദ്ദേഹത്തിനു് അനുവാദംകൊടുത്തിട്ടുണ്ടു്. ബോബു് അദ്ദേഹത്തെ കാണുവാൻ വേഗം—വളരെ വേഗം—ആവശ്യപ്പെട്ടുമെന്നാണു് വ്യക്തിപരമായ എൻെറ പ്രതീക്ഷ. ഞാൻ ആശിക്കുന്നു. ആശിക്കുന്നു വീണ്ടും ആശിക്കുന്നു....."

നടപ്പാതയിലുള്ള ഒരു തിയിലെ ചെറിയ സിമൻറ ബാര ത്തിൽ കിടന്ന മനുഷ്യന്റെ മനോവേദനയുള്ള കാരണം ആൻ ഡേഴ്സന്റെ വിദ്വേഷം മാത്രമായിരുന്നില്ല. ലക്സിംഗ്ടണിൽ നിന്നുള്ള എഴുത്തുകളിൽനിന്നു് അമ്മയ്ക്കു സുഖമില്ലെന്നു മനസ്സി ലായി. ലിങ്കന്റെ ജന്മദിനം അവൻ എഴുതി; "ഓ, അമ്മയുടെ വേ ദനകളും നോവുകളും ദൈവം എനിക്കു തന്നിരുന്നെങ്കിൽ എനിക്കു് എന്തു സന്തോഷമായിരുന്നേനെ."

ഫെബ്രുവരി 16–ാം തീയതി ഫാ. ബ്രയൻ അയച്ച എഴു ത്തിൽ ടോം വേദനിക്കുന്ന തന്റെ ഹൃദയം അല്പമൊന്നു തുറന്നു കാണിച്ചു. "അച്ചാ, അങ്ങയുടെ പ്രിയപ്പെട്ട മാതാപിതാക്കന്മാ രെ സന്ദർശിക്കുവാൻ അങ്ങയ്ക്കു് കഴിയുമെന്നറിയുന്നതിൽ ഞാൻ സന്തോഷിക്കുന്നു. നമുക്കു് അവർ നഷ്ടപ്പെട്ടുന്നതുവരെയൊ അല്ലെ ങ്കിൽ അവരെ എത്ര കഠിനമായി ദ്രോഹിക്കുവാൻ കഴിയുമെന്നു് പൂർണ്ണഅറിവുണ്ടാകുന്നതുവരെയൊ, നാം അവരെ വിലമതിക്കാ റില്ല."

ആൻഡേഴ്സന്റെ വക്കീലന്മാർ വീണ്ടും എഡിവില്ലിൽ വന്നെന്നും അവനെ വാർഡന്റെമുറിയിലേയ്ക്കു് വിളിപ്പിച്ചെന്നും, ലൂയിവില്ലിൽവച്ചു് ബുധനാഴ്ച ഫെഡറൽ കോർട്ടു് ജഡ്ജി മില്ലറി ന്റെ മുമ്പാകെ ബോബിനു് ഒരു ഹിയറിംഗ്കൂടിയുണ്ടായിരിക്ക മെന്നു് പറഞ്ഞുവെന്നും, ഫെബ്രുവരി 21–ാം തീയതി സി. മേരി ലോറൻസിയായിക്കു് ടോം എഴുതിയിരുന്നു. "എന്നാൽ എനിക്കു് അവരോടു് ഒന്നും പറയാനില്ലാതിരുന്നതുകൊണ്ടു് എന്നെ വീണ്ടും വിളിക്കുകയില്ല. എന്നെ ആ കൊടുംയാതനയിൽനിന്നു് ഒഴിവാ ക്കിയതിനു് ഞാൻ ദൈവത്തിനു് നന്ദിപറയുന്നു. പിശാചു് വീണ്ടും എന്നെ ശല്യപ്പെടുത്തുമെന്നു് ഞാൻ വിചാരിക്കുന്നില്ല, എങ്കിലും ഞാൻ കരുതലോടെയിരിക്കണം." ഉപസംഹരിച്ചുകൊ ണ്ടു് അവൻ എഴുതി "ഫാ. ഡൊനെല്ലിക്കു് ഇന്നു് ഒരെഴുത്തയ യ്ക്കണം. അതേ, സിസ്റ്റർ....അദ്ദേഹം എനിക്കു് എന്തായിരുന്നെന്നു് പറയുവാൻ പടമില്ല."

ടോം ഉടൻതന്നെ തന്റെ ഉദ്ദേശം നടപ്പിലാക്കി. അവൻ അദ്ദേഹത്തിനെഴുതിയ എഴുത്തു് ഇങ്ങനെ ഉപസംഹരിച്ചു. "ബോബു് തന്റെ ആൾ ഇപ്പോഴും ഉപേക്ഷിച്ചിട്ടില്ല. എന്നെ സംബന്ധിച്ചിടത്തോളം ഇപ്പോഴും ഫെബ്രുവരി 26 തന്നെ ... ... അങ്ങേയ്ക്കു് വന്നുപറയുവാൻ സാധിക്കുമെന്നാണു് എന്റെ പ്രതീക്ഷ. എങ്കിലും അതു് സാദ്ധ്യമല്ലെങ്കിൽ, കൊള്ളാം, അവിടുന്നു് ഇപ്പോൾ സൈന്യത്തിലാണല്ലൊ."

എങ്കിലും ടോമിനു് വലിയ പ്രതീക്ഷയുണ്ടായിരുന്നു. ഫാ: ജോർജ്ജു് ഇക്കാര്യത്തിൽ ആദ്യം ഇടപെട്ടപ്പോൾ ലക്സിംഗ്ടണിലെ ശ്രീക്ഷവിമർശനത്തെപ്പറ്റിയൊ ഈ ബന്ധിക്കു് ഉപദേശം കൊടുക്കുന്നതിനു് കൊവിങ്ങ്ടണും ഫയിറ്റ്കെണ്ടിജയിലിനും ഇടയ്ക്കുള്ള 100 മൈൽ ആഴ്ചയിൽ രണ്ടുമൂന്നു പ്രാവശ്യം യാത്ര ചെയ്യുന്നതിനെപ്പറ്റിയൊ, നവമായി ജ്ഞാനസ്നാനം സ്വീകരിച്ചവന്റെ നിലനില്പിനുവേണ്ടി ആഴ്ചതോറും എഡിവില്ലിനും അദ്ദേഹത്തിന്റെ പള്ളിമുറ്റത്തും ഇടയിലുള്ള 600 മൈൽ വളഞ്ഞതും ക്ഷീണിപ്പിക്കുന്നതുമായ യാത്ര ചെയ്യുന്നതു സംബന്ധിച്ചൊ ഒന്നും വിചാരിച്ചിരുന്നില്ല. ടോം മരിക്കുമെന്നു പറഞ്ഞദിവസം അവന്റെ അടുത്തെത്തുന്നതിനുവേണ്ടി തീത്തും പരിചയമില്ലാതിരുന്ന ഒരു കേഡറിനോടുകൂടി ജോർജ്ജിയായിൽനിന്നു പറന്നപ്പോൾ തന്റെ ജീവാപായത്തെപ്പറ്റി ഒന്നും ഗൌനിച്ചില്ല. അകയാൽ താൻ തന്റെ സെല്ലിൽനിന്നു് ഇറങ്ങി ഏകകസേരമാത്രമുള്ള മുറിയിലേക്കുള്ള അവസാനത്തെ ഏതാനും ചുവടുകൾ വെയ്ക്കുമ്പോൾ തന്റെ വിശ്വസ്തമിത്രം തന്നോടുകൂടി ഉണ്ടായിരിക്കുമെന്നു് വിശ്വസിക്കാൻ അവനു് ന്യായമുണ്ടായിരുന്നു.

അതുകൊണ്ടു് ഫെബ്രുവരി 23-ാം തീയതി ചൊവ്വാഴ്ച ടേർണർഹിൽഡിൽ നിന്നുവന്ന ലക്കോട്ടു് ടോം അത്യാശയോടെ തുറന്നു. വലിയ പ്രതീക്ഷയോടെ അവൻ എഴുത്തു് വിടർത്തിയെങ്കിലും ആദ്യവാചകത്തോടെ അവൻ ഇരുന്നുപോകയും അവനിൽനിന്നു് ഇച്ഛാഭംഗത്തിന്റെ ഞരക്കം പൊട്ടിപുറപ്പെടുകയും

ചെയ്യു.

പ്രി. ടോം,

ഈ മാസങ്ങൾക്കെല്ലാംശേഷം ഞാൻ നിന്നെ ഇപ്പോൾകാണുവാൻ പോകയാണു". എഡിവില്ലിൽ വരുവാൻ ഞാൻ പ്ലാൻ ഇട്ടിരുന്നു. എന്നാൽ ഇവിടുത്തെ ചുറ്റുപാടുകൾ സ്ഥലംവിടുവാൻ എന്നെ അനുവദിക്കുന്നില്ല. നിനക്കു" ഇതു മനസ്സിലാക്കാൻ കഴിയുമെന്നു" എനിക്കുറപ്പുണ്ടു".

എങ്കിലും ടോം, എന്റെ ഹൃദയാന്തർഭാഗത്തിൽ എനിക്കു" ഒരു ശുഭാപ്തിവിശ്വാസമുണ്ടു". സ്വർഗ്ഗീയാനന്ദം അനുഭവിക്കുമെന്നു" എനിക്കു" നിശ്ചയമുള്ള ഒരാൾ നീ ആണു"..... എന്തൊരാനന്ദമാണു" നിന്നെ പ്രതീക്ഷിച്ചിരിക്കുന്നതു" ടോം!

നമ്മുടെ രക്ഷകനെ നീ അഭിമുഖം ദർശിക്കുമ്പോൾ എന്നെ വിസ്മരിക്കരുതേ. നമുക്കെല്ലാവർക്കും സഹായം ആവശ്യമുണ്ടെന്നോർ നിന്റെ സ്വാധീനശക്തി മഹത്തായിരിക്കുമെന്നും ഓർമ്മിക്കുക. എനിക്കു" പലതും നേടിത്തരുവാൻ നിനക്കു"കഴിയും കന്നിവും സഹായവും പ്രകടിപ്പിച്ചിട്ടുള്ളവരെ വിസ്മരിക്കരുതു". അവർ നിന്നെ മറക്കുകയില്ലെന്നുള്ള കാര്യത്തിൽ ഉറപ്പായിരിക്കുക.

ഞാൻ ബോബിനു" എഴുതുന്നുണ്ടു"...കഴിഞ്ഞ ആഴ്ചയിൽ ഞാൻ എഴുതിയിരുന്നു. എങ്കിലും മറുപടി കിട്ടിയില്ല. അവനോടു" സംസാരിക്കുവാൻ കഴിയുമായിരുന്നെങ്കിൽ, അവൻ വേണ്ടതു"ചെയ്യുമെന്നു" എനിക്കറിയാം; പക്ഷെ ഇപ്പോഴതു" അസാദ്ധ്യമായി കാണപ്പെടുന്നു. ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കുമെന്നു" എനിക്കു" നിശ്ചയമുണ്ടു".

ടോം ഒരിക്കൽ ഞാൻ നിന്റെ അമ്മയെ കാണുകയും അവരെ ഗ്രഹിക്കണമെന്നു" നീ അഭിലഷിക്കുന്നതായിട്ടെനിക്കു" അറിയാവുന്ന കാര്യത്തെക്കുറിച്ചു" സംസാരിക്കുകയും ചെയ്യും; അതായതു" നീ ഇപ്പോൾ ദൈവത്തിന്റെ സ്നേഹത്തിലാണെന്നും, തീർച്ചയായും അവിടുത്തെ തിരഞ്ഞെടുക്കപ്പെട്ട ആത്മാക്കളിൽ ഒരുവനാണെന്നും. ഈ കഴിഞ്ഞ ഒരു കൊല്ലം നീ അനുഭവിച്ചതു", ദൈവം

അവളെ വിളിക്കുന്നതിനു മുമ്പു് അവർ ആസന്നമാകുന്നതിനുള്ള കുപാവരം അവർക്കു് ലഭിക്കുമാറാകട്ടെ.

ഞാൻ "നമസ്കാരം" പറയുവാൻ പോകയാണു്, ടോം. നിന്റെ മാതൃക എനിക്കു് അനർഘമായതായിരുന്നു. നിന്നെ ഞാൻ ഒരിക്കലും മറക്കുകയില്ല. ഞാൻ എപ്പോഴും നിനക്കുവേണ്ടി പ്രാർത്ഥിക്കുമെങ്കിലും നിനക്കു് ഒരിക്കലും എന്റെ പ്രാർത്ഥന ആവശ്യമില്ലായിരിക്കുമെന്നു് എനിക്കു് അറിയാം. സ്വർഗ്ഗം നീ തന്നെയാണു് സമ്പാദിച്ചതു്. ഞാൻ അതിനുള്ള സന്ദർഭം ഉണ്ടാക്കിത്തന്നെന്നു മാത്രം.....

വ്യാഴാഴ്ചരാത്രിയിൽ അരുപിയിൽ ഞാൻ നിന്നോടുകൂടി ഉണ്ടായിരിക്കും. ദൈവം നിന്നെ എപ്പോഴും സ്നേഹിക്കട്ടെ, ടോം

നാം സ്വർഗ്ഗത്തിൽവച്ചു കാണുന്നതുവരെ,
പിതാവു്.

ദൈവം ടോംപെന്നിയിൽനിന്നു് ആവശ്യപ്പെട്ട അവസാനത്തെ ബലിയായിരുന്നു അതു്. ഒരുപക്ഷെ മഹത്തമവും ഏറ്റവും ഉപകാരപ്രദവുമായതു്. ഈ ജയിൽപ്പുള്ളി തന്റെ അമ്മയെയും തന്റെ സഹോദരിസഹോദരന്മാരേയും, നസ്രസിലെ രണ്ടു കന്യാസ്ത്രീകളെയും ഈ ഭൂമിയിൽവച്ചു് അവസാനമായി കണ്ടുകഴിഞ്ഞു. ഇപ്പോൾ അവനാനസ്സിലായി ആരാധനയൊഴിച്ചുള്ള എതു ബഹുമാനത്തിനും അർഹതയുള്ളവനെന്നു് അവൻ ഏറ്റുപറഞ്ഞിട്ടുള്ള ആളിനെ കഴിഞ്ഞപ്രാവശ്യം കണ്ടതും അവസാനത്തേതായിരുന്നെന്നു്. ക്രിസ്തു കാൽവരിയിലെന്നതുപോലെ അവനും ഇപ്പോൾ നഗ്നനായി.....അല്ലസമയത്തേയ്ക്കു് അവൻ വിചാരിച്ചു, താൻ കുട്ടത്തിൽ നഗ്നനും പരിതൃക്തനുമാണെന്നു്; കാരണം ക്രിസ്തു കുരിശിൽനിന്നു് കീഴ്പ്പോട്ടുനോക്കിയപ്പോൾ അവിടത്തെ അമ്മയേയും, യോഹന്നാനേയും, മഗ്ദലേനയേയും, കേതസ്ത്രീകളേയുംകണ്ടു. പക്ഷെ അവൻഉടൻ സ്വയംനിയന്ത്രിച്ചു. അല്ല; അവൻതനിയെ അല്ല; കാരണം ദൈവം അവന്റെ മേലേപോലെ സ്വർഗ്ഗവും അവന്റെ ഏകയസ്സന്ദനംപോലെ അടുത്തുമാണു്; ഭൂമിയിലുള്ള എ

തുയാഥാർത്ഥ്യത്തെയുംകാൾ യഥാർത്ഥവുമണേ". അവൻ ആഎഴുത്തു് മേശപ്പുറത്തുവിടർത്തിവച്ചിട്ട തന്റെവലിയ വലത്തുകൈ ചുരുട്ടിയിടിച്ചുകൊണ്ടുപറഞ്ഞു. "നാഥാ, അതാണ"ങ്ങു് ഇഷ്ടപ്പെട്ടന്നതെങ്കിൽ അതാണ"ന്റെയിഷ്ടവും. ഫാ. ജോർജ്ജ"ിനിക്കുചെയ്ത എല്ലാഉപകാരങ്ങൾക്കുമായി അദ്ദേഹത്തെ അനുഗ്രഹിക്കണമേ."

ആ പരിതൃാഗപ്രകരണത്തോടുകൂടി ടോംപെന്നിയുടെ ശിഷ്ടായുസ്സിൽ പിന്നിട്ട" ഒരിക്കലും നഷ്ടപ്പെടാതിരുന്ന ആത്മസമാധാനം അവനുകൈവരുകയുണ്ടായി. അവനുണ്ടായ സകലതിരിച്ചടികളെയും ശുദ്ധീകരണത്തിന്റെഭാഗമായി അവൻ സ്വീകരിക്കയും ശുദ്ധീകരിക്കപ്പെട്ടന്ന ആത്മാക്കൾ എത്രഭാഗ്യവാന്മാരായിരിക്കുമെന്നു" ഇപ്പോൾ അവൻകാണുകയുംചെയ്തു.

അവന്റെ വിചാരങ്ങൾ മിക്കപ്പോഴും ലക്സിംഗ്ടണിലായിരുന്നു. എന്നാൽ തന്റെ അമ്മയെ ആശ്ലേഷോദം സി. മേരിലോറൻസിയായും റോബർട്ട് ആനും, സന്ദർശിക്കുന്നുണ്ടെന്നും ഇഷ്ടമുള്ളപ്പോഴൊക്കെ ആശ്രമപരി സന്ദർശിക്കുന്നതിനു" അമ്മയെ അനുവദിച്ചിട്ടുണ്ടെന്നും, ടോമി, അവൻ വിവാഹം കഴിക്കേണ്ടിയിരുന്നവളെന്നു ഇപ്പോൾ അവൻ മനസ്സിലാക്കിയ ആ പെൺകുട്ടി, പ്രതിദിനം അമ്മയെ ചെന്നുകണ്ടോ ഫോണിൽകൂടിയോ ആശ്വസിപ്പിക്കുന്നുണ്ടെന്നും, അവന്റെ കാര്യത്തെപ്പറ്റി വക്കീൽമാരുമായി ആലോചിക്കുന്നുണ്ടെന്നും, ജഡ്ജിമാർക്ക" എഴുതുകയാണെന്നും പ്രൈസ്സിനെ സന്ദർശിച്ചുകൊണ്ടിരിക്കുന്നുവെന്നും, ശവപ്പറമ്പുകൂടി സന്ദർശിക്കുവാൻ പ്ലാൻ ഇട്ടുന്നുണ്ടെന്നും, എത്രയെത്രപുരോഹിതരിൽനിന്നും കന്യാസ്ത്രീകളിൽനിന്നും അനുകമ്പാലുക്കളായ അൽമേനികളിൽനിന്നും 383 സെന്റ്സ്റ്റീറിൽ എഴുത്തുകൾ എത്തുന്നുണ്ടെന്നും മറ്റും തുടരെകിട്ടിയ എഴുത്തുകളിൽനിന്നു" വായിച്ചറിഞ്ഞപ്പോൾ ടോം ഗ്രഹിച്ചു; ദൈവവും അവിടത്തെ ഭാഗ്യവതിയായ അമ്മയും അവന്റെ പ്രാർത്ഥനകൾ, അവൻ ചോദിക്കുവാൻ ധൈര്യപ്പെടാത്ത ഒരളവിൽത്തന്നെസാധിച്ചുകൊടുക്ക

ന്നുണ്ടെന്നോ". വിധിനടത്തൽതീയതിയിലുള്ള ഒരാഗ്രഹമുണ്ടു" അവൻ എഴുതി.

"പ്രീ. അമ്മേ, അമ്മയെ ഇവിടെകൊണ്ടുവരുവാൻ മി. ഡേവീസിനോടു് എനിക്കു ആവശ്യപ്പെടാം. പക്ഷെ എന്നെപ്പറ്റി കാര്യമായി കരുതുന്ന ആരെയെങ്കിലും ഇവിടെവച്ചുകാണുകയെന്ന വിചാരമേ എനിക്കു സഹിക്കുവയ്യ.....

ദൈവം തന്റെ അനന്തകരുണാനത്താൽ എനിക്കായി ഒരുക്കിയിരിക്കുന്നതെല്ലാം ഞാൻ സന്തോഷസമേതം സ്വീകരിക്കുന്നുവെന്നമ്മ ധരിക്കണം.... പരിപൂർണ്ണ പരിതൃാഗത്തിൽ പിടിച്ചു നില്ക്കുക എളുപ്പമല്ല. എന്നാൽ അടുത്തകാലത്തു" ഞാൻ ആശ്ചര്യപ്പെടാറുണ്ടു" ജീവിച്ചിരിക്കുവാൻ ആഗ്രഹിക്കുന്നതിനല്ലേ മരിക്കുവാൻ ആഗ്രഹിക്കുന്നതിനേക്കാൾ കൂടുതൽ നിശ്ചയദാർഢ്യവും ധൈര്യവും ആവശ്യമെന്നു". ഇവിടംവരെ തുടരുന്നതിനു" ദൈവം എനിക്കു കൃപാവരംനൽകി. അമ്മേ, ഞാൻ അവിടുത്തെ സ്നേഹിക്കുന്നകാലത്തോളം അവിടുന്നു" അതു തുടരുമെന്നു" എനിക്കറിയാം. ആകയാൽ എന്തുസംഭവിച്ചാലും ഞാൻ അവിടുത്തേക്കു എതിരായിപിറുപിറുക്കയില്ല. അവിടുത്തെ തിരുവിഷ്ടംപോലെയാകട്ടെ എന്നുമാത്രമെ ഞാൻ അപേക്ഷിക്കുന്നുള്ളു.....

എന്നെ യഥാർത്ഥമായി സ്നേഹിക്കയും ഞാൻ മരിക്കുന്നതിനെ വെറുക്കുകയും ചെയ്യുന്നവരെപ്പറ്റി വിചാരിക്കുന്ന വിനാഴികകൾ മാത്രമാണു" എനിക്കു ദുഃഖകരമായവ. അവർ വിഷമിക്കയും ദുഃഖിക്കയും ചെയ്യുകയില്ലെന്നു" എനിക്കു ഉറപ്പായിരിക്കാൻ കഴിയുമായിരുന്നെങ്കിൽ ഈ ഭൂമുഖത്തുള്ള എന്റെ അന്ത്യവിനാഴിക എറ്റവും സൗഭാഗ്യകരമെന്നു ഞാൻ പറയും.

ടോമിന്റെ ആയുസ്സിലെ അവസാനവാരത്തിലാണു" അവൻ മാനുഷികഭാഷയുടെ പരിമിതി മനസ്സിലാക്കിയതു". ആരുടെ സിരകളിൽനിന്നു" അവന്റെ ഹൃദയം അതിന്റെ രക്തം സ്വീകരിച്ചുവോ, ആ ആളിനെ, ആ ഹൃദയം ഒന്നു താനാകാനിക്കുവാൻ ഉദ്യമിച്ചപ്പോഴാണു" അതു" സംഭവിച്ചതു". എങ്കിലും അവൻ

അവസാനത്തെ ആഴ്ച ആരംഭിച്ചതു" ഈവിധമാണു".

"അമ്മേ, അമ്മയെ ആശ്ചര്യപ്പെടുത്തത്തക്കവിധം അമ്മക്കു നൽകുവാൻ ഞാൻ ടോമിയോടു് ആവശ്യപ്പെട്ടിരുന്ന ചെറിയ സമ്മാനം ഇഷ്ടപ്പെട്ടോ? രണ്ടെണ്ണം തയാറാക്കുവാൻ ഞാൻ പറയാനിരുന്നതാണു". പക്ഷെ ഒന്നു മറച്ചുവക്കുക എന്നതിലേക്കു കൂടുതൽ എളുപ്പമാണെന്നു് എനിക്കു ബോദ്ധ്യമായതുകൊണ്ടു് എന്റെ പ്ലാൻ ഭേദപ്പെടുത്തി. കണ്ടോ, അമ്മയെ എനിക്കു നന്നായിട്ടറിയാം.....

എന്റെ പടംവരച്ചു കിട്ടണമെന്നും അതുവഴി അമ്മക്കു് അപ്രതീക്ഷിതമായ ആനന്ദം നൽകണമെന്നും ടോമിക്കു് ആഗ്രഹമുണ്ടായിരുന്നു. പക്ഷെ, ഇവിടെ അതു വരക്കുക സാദ്ധ്യമല്ല. അമ്മയെപ്പറ്റിയും ടോമിയെപ്പറ്റിയും എനിക്കതിൽ കണ്ണിതമുണ്ടു്. ആ പെൺകുട്ടിക്കു" എന്നിലുള്ള താല്പര്യം കേവലം സഹതാപത്തേക്കാൾ കൂടുതലാണെന്നു" അമ്മയോടു് ഞാൻ പറയണമെന്നില്ലല്ലോ. ടോം അവളെ സ്നേഹിച്ചിരുന്നെന്നു" -- പല കൊല്ലങ്ങളായി സ്നേഹിച്ചിരുന്നെന്നു"-അമ്മക്കു" വല്ലപ്പോഴും അവളോടു് പറയാമെങ്കിൽ. അതു അവളുടെ ഹൃദയഭാരം കുറെ ലഘൂകരിക്കുമെന്നു" എനിക്കുതോന്നുന്നു.

വത്സലനിധിയെ, മരപടി അയക്കുവാൻ കഴിയുന്ന അവസാനത്തെ എഴുത്താണിതെന്നു" ഞാൻ കരുതുന്നു. ആ മരപടി ചൊവ്വാഴ്ച രാത്രിയിലെ തപാലിലെങ്കിലും അയക്കണം. അല്ലെങ്കിൽ എനിക്കതു" കിട്ടുകയില്ല. എന്നാലും അതെച്ചൊല്ലി അമ്മ വിഷമിക്കരുതു". കാരണം അമ്മ പറയുവാനാഗ്രഹിക്കുന്ന കാര്യങ്ങളെല്ലാം എനിക്കറിയാം. അതുകയാൽ എന്തെങ്കിലും പറയാതെ പോയതിനെക്കുറിച്ചു" ഒരിക്കലും വിഷമിക്കരുതു".....""

അടുത്തദിവസംതന്നെ അവൻ അവർക്കു" ഒരു "മാതൃദിനക്കാർഡു"" അയച്ചുകൊടുത്തു. സാക്കു"സെൻററിലെ ഒരു തോഗിണിയായ റജീൻ അംഗർ അയച്ചുകൊടുത്തതായിരുന്നു അതു". വേദപുസ്തകസംബന്ധമായ മത്സരത്തെപ്പററിയുള്ള ലേഖനം "രജിസ്റ്റ

റിൽ'' വന്നപ്പോൾ മുതൽ റജിൻ അംഗർക്കു് ടോമുമായി കത്തിടപാടുകൾ ഉണ്ടായിരുന്നു. കാർഡിന്റെ മടക്കുകളിൽ ഒരു ഡോളർ നോട്ടും, ആ നോട്ടും, കാർഡും സമ്മാനമായി അമ്മയ്ക്കയച്ചുകൊടുക്കുന്നതിനു് ടോമിനുള്ള ഒരു കുറിപ്പുമുണ്ടായിരുന്നതു് മിസ്സസ്സു് പെന്നി കണ്ടു. അവസാനമായി വിലപിക്കുന്നവർക്കുള്ള മോൺസിഞ്ഞോർ ബൊഗാർഡിന്റെ ഉത്തേജനകമായ സന്ദേശമുള്ള ഒരു കുറിപ്പും ഉണ്ടായിരുന്നു. മിസ്സസ്സു് പെന്നി ടോമിനെ അവസാനമായി ആശ്ലേഷിച്ചപ്പോൾ അവൾ ചോദിച്ച കാര്യത്തെപ്പറ്റി ഉന്നിപ്പറയുന്നതായിരുന്നു ആ സന്ദേശം ''പല ആളുകളുടെയും ഭീമവും ഖേദകരവുമായ തെറ്റു'', മോൺസിഞ്ഞോർ പറയുകയാണു്, ''മരണം നമ്മിൽനിന്നു എടുക്കുന്നവർ നമ്മെ വിട്ടുപോകുന്നു എന്നു സങ്കല്പിക്കുന്നതാണു്. അവർ വിട്ടുപോകുന്നില്ല. അവർ നമ്മോടുകൂടിയുണ്ടു്. എവിടെ അന്ധകാരത്തിലോ? ഓ അല്ല! അന്ധകാരത്തിലിരിക്കുന്നതു് നമ്മളാണു്. നാം അവരെ കാണുന്നില്ല. പക്ഷേ, അവർ നമ്മെ കാണുന്നുണ്ടു്. മഹത്വംകൊണ്ടു ശോഭായമാനമായ അവരുടെ നയനങ്ങൾ, ബാഷ്പംകൊണ്ടു നിറഞ്ഞിരിക്കുന്ന നമ്മുടെ നയനങ്ങളിന്മേൽ പതിപ്പിച്ചിരിക്കയാണു്''

ടോം ജീവിച്ചിരിക്കെ അമ്മയ്ക്കു കിട്ടാവുന്ന അന്തിമലേഖനം അവൻ ബുധനാഴ്ച രാവിലെ എഴുതി.

''ഇപ്പോൾ ഒരുകത്തു്'' എഴുതുന്നു. വീണ്ടും നാളെ രാത്രിയിൽ എഴുതാം. ഇന്നു് സിസ്റ്റേഴ്സിൽനിന്നു് ഒരെഴുത്തുകിട്ടി. ഇന്നുരാത്രിയിൽ മറുപടി അയയ്ക്കും. എന്തുകൊണ്ടെന്നാൽ നാളെ രാത്രിയിൽ എന്റെ മനസ്സു് ആവുന്നിടത്തോളം സ്വച്ഛമായിരിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഞാൻ എന്താണു ചെയ്യുവാൻ പോകുന്നതെന്നു് അമ്മയോടു പറയാം. എന്റെ എല്ലാ സഹോദരന്മാർക്കും സഹോദരികൾക്കും എഴുതുകയെന്നതു് വളരെ വേദനാജനകമാണു്. അതുകൊണ്ടു ഞാൻ ഒരെഴുത്തു അമ്മയ്ക്കു അയയ്ക്കാൻ ഉദ്ദേശിക്കുകയാണു്, അതു് ഒന്നുകിൽ അമ്മ അവരെ വായിച്ചു കേൾപ്പിക്കുക. അല്ലെങ്കിൽ അവർതന്നെ അതു വായിച്ചുകൊള്ളട്ടെ. എല്ലാ

വരും ഒരുമിച്ചുണ്ടായിരിക്കുമെന്ന എനിക്ക നിശ്ചയമുണ്ട്".

അമ്മ എത്തിച്ചുകൊടുക്കേണ്ടതായ ചില സന്ദേശങ്ങൾ വിശദീകരിച്ചശേഷം അവൻ ഉപസംഹരിച്ചു. "സ്നേഹാകരമേ, തല്ക്ഷണം നമസ്കാരം. തല ഉയർത്തിപ്പിടിക്കുക. തങ്കമേ, ഓമ്മിക്കുക.....സ്വർഗ്ഗത്തിലുള്ള എന്റെ ഭവനത്തിലേക്ക് ഞാൻ പോകയാണ്", അവിടെ അമ്മയുടെ വരവിനെ കാത്തിരിക്കുവാൻ."

ഇഹത്തിലെ അവന്റെ ഉപാന്ത്യലേഖനത്തിനു മുപ്പുവച്ചതു പോലെതന്നെ അവൻ ഇതിനും ഒപ്പുവച്ചു.

അദ്ധ്യായം 13

ഭൂമിയിലെ അന്ത്യദിനം

25-ാം തീയതി രാവിലെ പൊന്നി എണീറ്റു. ഭൂമിയിലെ അവന്റെ അവസാനദിവസം അവനു ജോലിചെയ്തുതീർക്കുവാനുണ്ടായിരുന്നു. എങ്കിലും അവന്റെ പ്രഥമചിന്ത ആരാധനയിലേയ്ക്കാണ തിരിഞ്ഞതു". ആ തണുത്ത, ഇരുളടഞ്ഞ സെല്ലിൽ മുട്ടിന്മേൽ നിന്നുകൊണ്ടു" പുളിക്കാത്ത മാവുകൊണ്ടുണ്ടാക്കപ്പെട്ട ചെറിയ വൃത്താകാരമായ വെളുത്ത ഒരു അപ്പഷെണത്തെ സ്നേഹപൂർവ്വം അവൻ വീക്ഷിച്ചു. ദിവ്യബലിക്കാവശ്യമുള്ള അപ്പം തയാറാക്കുക എന്നതു തന്റെ കർത്തവ്യമാക്കിയിരുന്ന ഡെടോയിറ്റു" ആശ്രമത്തിലെ വൃദ്ധസന്ന്യാസിനിയായിരുന്ന സി. ജർമ്മൂട്ട മരിയേന കുറെ ദിവസങ്ങൾക്കുമുമ്പു" അയച്ചുതന്നതായിരുന്നു അതു". ആ സമയം അതു കേവലം ലോലമായ ഗോതമ്പപ്പക്ഷണം മാത്രമാണെന്നു" അവൻ അറിഞ്ഞിരുന്നു. എന്നാൽ പിന്നീടനേകം മണിക്കൂറുകൾക്കുള്ളിൽ ആ രൂപത്തിൻകീഴ്", ലോകരക്ഷകന്റെ കരതലത്തിൽ വഹിക്കുന്ന നാഥന്റെ ശരീരവും രക്തവും ആത്മാവും ദൈവത്വവും അടങ്ങിയിരിക്കുമെന്നും അവൻ മനസ്സിലാക്കിയിരുന്നു.

അ അപ്പം കിട്ടിയ ദിവസം അവൻ സി. റോബർട്ട് "അനി
ന" എഴുതിയതു് ഓർമ്മിച്ചപ്പോൾ അവന്റെ നയനങ്ങൾ നിറഞ്ഞു.
"എന്റെ അവസാനദിവ്യകാരുണ്യസ്വീകരണത്തിനുള്ള
"ഓസ്തി" സി. സെൻറ ജർത്രൂദിന്റെ മഠത്തിലേക്കു അയച്ചു
തന്നിരിക്കുന്നു. അതുകൊണ്ടു പ്രീ. സിസ്റ്റർ, ഒരുവിധത്തിൽ പറ
ഞ്ഞാൽ ദിവ്യരക്ഷകന്റെ തിരുശരീരം എന്നോടുകൂടി ഇന്നു സെല്ലി
ലുണ്ടു". ഫാ. ലിബ"സ" അതിനെ എന്റെ ഹൃദയത്തിന്റെ ജീവ
നാഥനാക്കിത്തീർക്കുന്ന 25–ാം തീയതി ഞാൻ പാർത്തിരിക്കയാ
ണു". ദയവുചെയ്തു" ഇതു സി. മേരി ലോറൻസിയായോടല്ലാതെ
മറ്റാരോടും പറയരുതു". സി. സെൻറ ജർത്രൂദ" അതു ചെയ്തതു"
അവരുടെ കുമ്പസാരക്കാരന്റെയും മാധ്യസ്ഥയുടെയും അനുവാദ
ത്തോടുകൂടെയാകയാൽ അതിൽ ഒരു തെറ്റുമില്ലെന്നു" എനിക്കു നി
ശ്ചയമുണ്ടു". എനിക്കുള്ള അവസാനഓസ്തി ആ സിസ്റ്ററാണുണ്ടാ
ക്കിയതെന്നു" അറിയുന്നതിലുള്ള അവരുടെ ആനന്ദം നഷ്ടപ്പെട്ട
ത്തുവാൻ എനിക്കു സാദ്ധ്യമല്ലെന്നു" അറിയാമല്ലോ. ദൈവവുമാ
യുള്ള എന്റെ അനർഘമായ ഐക്യത്തിലെ ഒരു വിനാഴികപോ
ലും ഞാൻ നഷ്ടപ്പെട്ടുത്തുകയില്ലെന്നു വിശ്വസിച്ചുകൊള്ളുക."

ടോം ഉദ്ദേശിച്ചിരുന്ന എഴുത്തുകൾ ആരംഭിക്കുന്നതിനുമുമ്പു"
അവൻ അമ്മയ്ക്കായി ഒരുക്കിവച്ചിരുന്ന പെട്ടിയിലേയ്ക്കു" ഒന്നുകൂടി
നോക്കി. ചില ചെരിപ്പുകളും, ഷർട്ടും, കാൽച്ചട്ടയും ഏറാവും
അടിയിലും അതുകഴിഞ്ഞു" അവന്റെ നിക്ഷേപമായിരുന്ന പുസ്ത
കങ്ങളും, ലഘുലേഖകളും, വിശുദ്ധ കാർഡുകളും, കന്യാസ്ത്രീകളി
ലും അച്ചന്മാരിലും നിന്നും വന്ന അമൂല്യലേഖനങ്ങ
ളും അടുക്കിയിരുന്നു. പെട്ടിയിൽ വയ്യേണ്ടതെല്ലാംവെച്ചുകഴിഞ്ഞ
ന്നു നിശ്ചയപ്പെട്ടുത്തുവാൻ അവൻ ആ സെല്ലിലൂടെ ഒന്നു കണ്ണോ
ടിച്ചു. അനന്തരം വലിയ ഒരുതാഴം കടലാസ്സെടുത്തു പെട്ടിയുടെ
മുകളിൽവച്ചു" അളന്നു" അവന്റെ മേശയുടെ അറ്റംകൊണ്ടു കീറി
പെട്ടിയിൽ ഇറക്കി. അതിനുശേഷം അമ്മയ്ക്കുള്ള അന്ത്യസന്ദേശം
തടിച്ച വലിയ അക്ഷരങ്ങളിൽ അവൻ എഴുതി

വാൽസല്യം നിറഞ്ഞ അമ്മേ, നമസ്കാരം.
ഞാൻ അങ്ങയെ സ്നേഹിക്കുന്നു
അങ്ങയെ സ്വർഗ്ഗത്തിൽ പ്രതീക്ഷിച്ചിരിക്കയും ചെയ്യും.
അങ്ങേ സ്വന്തം ടോം.

അവനതു മേശമായി പെട്ടിയിൽ നിക്ഷേപിച്ചശേഷം പെട്ടി അടച്ചു് ഒരുവശത്തേയ്ക്കു മാറ്റിവച്ചു. അവന്റെ ഐഹികജീവിതത്തിലെ അവസാനദിവസത്തെ ആദ്യഘട്ടം അവസാനിച്ചു. രാത്രിയിരുന്ന ജോലിയിലേയ്ക്കു് അവൻ തിരിയുകയാണു്. തലേരാത്രിയിൽ അവൻ തുടങ്ങിവച്ച എഴുത്തു—സി. ഫ്രാൻസിസ്കായിക്കുള്ളതു്—വായിച്ചു. അതിൽ അവന്റെ സോക്കർസെൻറർ മിത്രമായ റെജിൻ അംഗരെപ്പറ്റിയാണു് സിസ്റ്ററിനോടു പറഞ്ഞിരുന്നതു്. അംഗർക്കു് എന്തെങ്കിലും വിഷമത നേരിട്ടാൽ സിസ്റ്ററിനെ അറിയിക്കണമെന്നും, താമസമെന്യേ രാജ്യത്തുള്ള മറങ്ങളിലും ആസ്ത്രേലിയൻ പത്രികകളിലും പകരം അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതാണെന്നും പറഞ്ഞിരുന്നു. മന്ദഹസിച്ചുകൊണ്ടു് അവൻ തുടർന്നെഴുതി.

"എന്തിനു് ആ രഹസ്യത്തിനെല്ലാം പോകുന്നു? നിങ്ങളുടെ പ്രാർത്ഥന ഞാൻ സ്വീകരിക്കുന്നു് തുടരുവാൻ നിങ്ങൾ എന്നെ അങ്ങോട്ടു് അയയ്ക്കുകയല്ലേ ചെയ്യുന്നതു്"? ഒരുപക്ഷേ ഈ എഴുത്തവിടെ കിട്ടുന്നതിനുമുമ്പേ ഞാൻ നിങ്ങളുടെ ദിവ്യസ്നേഹിതനെ കണ്ടുകഴിയും. അവിടത്തോടു് നിങ്ങളെപ്പറ്റി പറയാനുള്ളതെല്ലാം പറഞ്ഞുകഴിയുമ്പോൾ,—കൊള്ളാം, എന്നു സംവേദിക്കുമെന്നു കണ്ടുകൊള്ളുക. ദിവ്യജനനിയോടു് എനിക്കു പറയാനുള്ളതിനെപ്പറ്റി ഞാനൊന്നും പറയുന്നില്ല.

സിസ്റ്റർ, അങ്ങേയ്ക്കു് ഇപ്പോൾ കാമുകർ മാമ്മോദീസായിൽ കൈമാറുന്ന പ്രേമാംഗുലിയത്തെപ്പറ്റി ഏതാണ്ടു് അറിവുണ്ടെന്നു് അറിയുന്നതിൽ എനിക്കു സന്തോഷമുണ്ടു്. ഞാൻ അതേപ്പറ്റി പറയുവാൻ ഉദ്ദേശിച്ചിരുന്നു. പക്ഷേ.... മാനസാന്തരപ്പെട്ടവർക്കു് ഒരു പ്രത്യേക സമ്മാനമുണ്ടെന്നു് അറിയാമല്ലോ. എന്നാൽ നിങ്ങളുടേതുപോലുള്ളവർക്കു്! കൊള്ളാം, തമാശ പറകയല്ല, നിങ്ങൾക്കു മി

ക്കുവാനും ഒരു പ്രത്യേകസിംഹാസനം ലഭിക്കും.

ഓമ്മയ്ക്കായി എന്തെങ്കിലും അങ്ങു് ആവശ്യപ്പെടുന്നതിനു മുമ്പേ ഒന്നു് അയച്ചുതരുന്നതിനെപ്പറ്റി ചിന്തിക്കുവാനുള്ള ഔദ്ധത്യം എനിക്കുണ്ടായി എന്നു ഞാൻ ഏറ്റുപറയുന്നു. എന്നാൽ എന്തു് അയച്ചുതരണമെന്നുള്ളതു് സംബന്ധിച്ചു ഞാനിപ്പോൾ വിഷമസന്ധിയിലാണു്. എന്റെ മിക്ക പുസ്തകങ്ങളും പ്രാർത്ഥനപുസ്തകങ്ങളും എന്റെ കൈയ്യൊപ്പോടുകൂടെ അവതന്നവർക്കുതന്നെ തിരിച്ചയച്ചു. അങ്ങു് എനിക്കു സമ്മാനിച്ച മനോഹരമായ ചെറിയ ലോഹക്കുരിശുരൂപം ഇപ്പോൾ കിടക്കുന്നിടത്തുതന്നെ കിടക്കും; എന്റെ കഴുത്തിലുള്ള ഉത്തരീയച്ചെയിനിന്മേൽ. ആ കുരിശുരൂപത്തോടുകൂടി എന്റെ കൊന്തയും എന്റെ കയ്യിലുണ്ടായിരിക്കും. ഈ സാഹചര്യത്തിൽ സാധനത്തിന്റെ വില അടണ്ടാമാകയാൽ ഞാൻ അങ്ങേയ്ക്കു ലോഹംകൊണ്ടുള്ള ഒരു ചെറിയ റോസപ്പൂവാണു് അയക്കുന്നതു്. ഡെട്രായിറ്റിലെ "നല്ല ഇടയൻ" മഠത്തിലെ സി. സെൻറ് ക്ലേർ എനിക്കായിട്ടു പ്രത്യേകം ഉണ്ടാക്കിയ ബാഡ്ജോടു് ഘടിപ്പിച്ചിട്ടുള്ള, തിരുഹൃദയവും കന്മലമാതാവുംകൂടിയുള്ള വി. ചെറുപുഷ്പത്തിന്റെ മെഡലാണതു് .....

സിസ്റ്റർ, ഞാനിപ്പോൾ യാത്രാവന്ദനം പറയുന്നില്ല. അങ്ങു് പ്രശംസ ഇഷ്ടപ്പെടുന്നില്ലല്ലോ. അതുകയാൽ മറുപടി പറയുവാൻ അങ്ങേയ്ക്കു സന്മനസ്സുമില്ലാത്ത ഈ നല്ല സന്ദർഭംകൊണ്ടു ഞാൻ മുതലെടുക്കുന്നില്ല. എങ്കിലും ഒന്നു ഞാൻ പറയുന്നു: പരസ്യസമരവിരുദ്ധവും ഓമനപ്പുഞ്ചിരിയും നഷ്ടപ്പെടുത്തരുതു്. ഞാൻ അങ്ങു് മുകളിൽ ഒരിക്കൽ അങ്ങയെ കാണുകയില്ലെങ്കിൽ, എന്റെ കാൽമേസും ചെറിപ്പും പറന്നായം വയ്ക്കും, ഞാനായിരിക്കും അവിടെ ഇല്ലാതിരിക്കുന്നതു്. എല്ലാ സജ്ജനങ്ങൾക്കും അവരുടെ നല്ല പ്രാർത്ഥനകൾക്കായി കൃതജ്ഞത പറയുക."

അവൻ ഇതിനു ഒപ്പുവച്ചതോടെ വാതിലിൽ കാലൊച്ചകേട്ടു കതകിന്റെ നീണ്ട ബന്ധം പിൻപോട്ടു തള്ളപ്പെടുകയും കതകു തുറക്കപ്പെടുകയും ചെയ്യുന്നതു അവൻ കണ്ടു. അതു വാർഡനായിരുന്നു.

"ഇഡ്"മോർണിംഗ്" ടോം. ജോലിത്തിരക്കിലാണെന്നു തോന്നുന്നല്ലോ."

"അതെ, മി. ബുക്കാനൻ. ഞാൻ ഇന്നു ചെയ്യുതീർക്കേണ്ടതെല്ലാം ചെയ്തുതീർത്തു എന്നു വരികയില്ല."

"ടോം, നീ മരിക്കുന്നതിനുമുമ്പു് നിനക്കു് എന്തെങ്കിലും പറയാനുണ്ടോ?"

"കേസു സംബന്ധിച്ചു് യാതൊന്നുമില്ല, മി. ബുക്കാനൻ. എന്നാൽ അങ്ങേയ്ക്കും ഈ ജയിലിലെ എല്ലാ അധികാരികൾക്കും നന്ദി പ്രകടിപ്പിക്കേണ്ട ആവശ്യമുണ്ടു്. നിങ്ങളെല്ലാവരും വളരെ ദയാലുക്കളായിരുന്നു."

"ഉപകാരം ടോം. നീ ഒരു നല്ല കൊച്ചനായിരുന്നു. നിന്നെ ഇന്നു് ആരും അലട്ടാതിരിക്കുന്നതിനു ഞാൻ പരമാവധി ശ്രമിക്കാം. ഒഴിച്ചുവയ്ക്കാൻ വഹിയാത്ത ചില കാര്യങ്ങളുണ്ടു്. ഒന്നാമതായി നിന്റെ മുടിവെട്ടിക്കണം. ഇപ്പോൾ ചോദിച്ചു ചോദ്യം ചോദിക്കുന്നതിനു ഞാൻ രണ്ടുതവണകൂടി വരണം. പാടുള്ളതെല്ലാം നീ അവിടെ ഇരുന്നു ചെയ്തുതീർക്കുക. പിന്നെ കണ്ടുകൊള്ളാം, ടോം."

ടോം അവിടെ ഇരുന്നു ഫാ. ബ്രയനു് എഴുതി:

"അങ്ങയുടെ കഴിഞ്ഞതവണത്തെ കത്തിനു് എന്തുകൊണ്ടു ഞാൻ മറുപടി അയച്ചില്ല എന്നു് അങ്ങു് തീർച്ചയായും ആശ്ചര്യപ്പെട്ടുണ്ടു്. വീണ്ടും അങ്ങു് എഴുത്തുകുത്യനേരത്തെ അതു് അവിടെ കിട്ടുകയില്ലെന്നു് ഞാൻ അറിഞ്ഞതുകൊണ്ടു് സെക്കേരം പോലെ എഴുതാമെന്നു കരുതി.

എനിക്കു സുഖമാണു് അച്ചാ. വൈവിധ്യത്തിനുവേണ്ടി അങ്ങേ കത്തിൽനിന്നു ചില വാചകങ്ങൾ ഞാൻ ഉപയോഗിക്കാം. ദൈവസ്നേഹം ആവോളമായി എന്റെ ഹൃദയത്തിൽ പതിഞ്ഞിരിക്കുകൊണ്ടു് "അപ്രതിഹത"മായതിനെപ്പറ്റിയുള്ള അറിവു് അതിനെ സ്വീകാര്യമാക്കിത്തീർക്കുന്നു, അതേ, ആനന്ദകരമാക്കിത്തീർക്കുന്നു, ഒരു ക്ഷമാപൂർവ്വി എനിക്കു കൈവന്നുതിയിട്ടുണ്ടു്.

ദൈവത്തോടുള്ള എന്റെ സ്നേഹം ജീവിതത്തോടുള്ളതിനേക്കാൾ ശക്തിമത്താണു". ഞാൻ അന്വേഷിക്കുന്നതു് ദൈവികാശ്വാസമല്ല, ആശ്വാസദായകനായ ദൈവത്തെയാണു"; ദാനത്തെയല്ല, ദാതാവിനെയാണു".

ഞങ്ങളൊക്കെ പ്രതീക്ഷിച്ചതുപോലെ ബോബ് കോടതിയിൽനിന്നു തിരിച്ചെത്തിയതു തിരസ്കൃതനായിട്ടാണു". ഇനി അവനുവേണ്ടി ഒന്നും ചെയ്യുവാൻ സാദ്ധ്യമല്ലാത്തതിനാൽ ഞാൻ ഖേദിക്കുന്നു ബാപ്റ്റിസ്റ്റ് സഭയിൽനിന്നു ജ്ഞാനസ്നാനം സ്വീകരിക്കുവാനാണു് അവൻ അവസാനമായി തീരുമാനിച്ചിരിക്കുന്നതെന്നു തോന്നുന്നു. എങ്കിലും ഞാൻ നിരാശനാകുന്നില്ല. അങ്ങയെപ്പറ്റി ഞാൻ എന്തു വിചാരിക്കുന്നെന്നും അങ്ങു എനിക്കുവേണ്ടി ചെയ്ത എല്ലാ കാര്യങ്ങൾക്കുമായി ഞാൻ എത്രമാത്രം കൃതജ്ഞനാണെന്നും അങ്ങേയ്ക്കു് അറിയാമെന്നു് കരുതുന്നു. അങ്ങേയ്ക്കു വേണ്ടതു കൃതജ്ഞത പ്രകടിപ്പിക്കുവാൻ എനിക്കു കഴിവില്ല; അതുകൊണ്ടു് എനിക്കു പകരം ദൈവം അതു ചെയ്തുകൊള്ളും. എന്റെ സൗഭാഗ്യത്തിൽ അങ്ങയെ ഞാൻ വിസ്മരിക്കയില്ല, അച്ചാ. അതേപ്പറ്റി തെല്ലും സംശയിക്കേണ്ടാ. അവിടന്നു് എനിക്കു നേടിത്തന്ന മറ്റു മിത്രങ്ങളെപ്പറ്റിയും–അവരെപ്പോലുള്ളവരെയാണു് ഇന്നു ലോകത്തിനു കൂടുതൽ ആവശ്യം–ഇതുതന്നെയാണു് എനിക്കു പറയുവാനുള്ളതു്".

ഞാൻ യാത്രാവന്ദനം പറയേണ്ട സമയം ഇതാ വന്നുകഴിഞ്ഞു. പ്രോത്സാഹജനകമായ അങ്ങേ വിസ്മയനീയ ലേഖനങ്ങളും അങ്ങേ മൈത്രിയും ഞാൻ ആസ്വദിച്ചു. അങ്ങേ പരിശ്രമങ്ങൾ പാഴായില്ല. അങ്ങേ വേല പൂർത്തിയാക്കപ്പെട്ട കഴിയുമ്പോൾ അങ്ങേയ്ക്കു ലഭിക്കുന്ന സമ്മാനം കണ്ടാനന്ദിക്കുവാൻ ഞാൻ അവിടെയുണ്ടായിരിക്കും. ദൈവം അങ്ങയെ ശാന്തമായി വീട്ടിലേയ്ക്കു വിളിക്കും. ഓ, ആ കൂടിക്കാഴ്ചയുടെ സ്വർഗ്ഗീയമാധുര്യം! ഓ, അങ്ങു വരുന്നതു കാണുന്നതിലുള്ള ആനന്ദം! അച്ചാ, ആ നാൾവരെ ദൈവം അങ്ങയെയും അങ്ങേ പ്രേമഭാജനങ്ങളെയും അനുഗ്രഹിക്കട്ടെ..."

ഇതു തീർത്തുകഴിഞ്ഞപ്പോൾ, ഫാ. ബ്രയനെപ്പറ്റി വിചാരിച്ചപ്പോഴൊക്കെയും അവന്റെ ചിന്തയിൽപൊന്തിവന്ന വേറൊരാളിന്റെ പക്കലേയ്ക്കു് അവൻ തിരിഞ്ഞു: ആ എഴുത്തിലെ ഒരു ഭാഗം:

പ്രീ. ഫാ. എവുജിൻ,

ഇക്കഴിഞ്ഞ ഏതാനും ദിവസങ്ങളിൽ എനിക്കു ശ്വാസംവിടാൻപോലും സമയമില്ലായിരുന്നുവെന്നു പറഞ്ഞാൽ അതു നിരർത്ഥകമെന്നു തോന്നാം.....

അച്ചാ, പ്രോത്സാഹനവും ഉപദേശവും നിറഞ്ഞ അങ്ങേ ആശ്ചര്യകരമായ ലേഖനങ്ങൾ വഴി അങ്ങു് എന്നെ സഹായിച്ചുവെന്നറിയുന്നതു് അങ്ങേയ്ക്കു കുറെയെങ്കിലും ആശ്വാസപ്രദമായിരിക്കുമല്ലൊ. അവയില്ലായിരുന്നുവെങ്കിൽ ആ മഹാൽ"ളീഹായോടുകൂടി "ഞാനൊരു നല്ല യുദ്ധംചെയ്തു; ഞാൻ വിശ്വാസം സംരക്ഷിച്ചു" എന്നു പറയുവാൻ സാധിക്കില്ലായിരുന്നു.

സൌകര്യം ലഭിക്കുന്നെങ്കിൽ, എന്റെ വാത്സല്യനിർഭരമായ ആദരങ്ങൾ വി. നല്ല ഇടയൻ മഠത്തിലെ സി. മഗ്ദലേനകുംക്ഷം മദർ ഹോളിനെയിമിനും നൽകേണമെ.

മനോഹരമായ ഒരു ചെറിയ പ്രാർത്ഥനാപുസ്തകം അങ്ങേയ്ക്കു് അയച്ചുതരുവാൻ ഞാൺ ഏർപ്പാടുചെയ്തുകൊള്ളാം. എനിയ്ക്കു് അതു വളരെ പ്രയോജനകരമായിരുന്നു.

അവസാനമായി യാത്രപറയുന്നതിനുള്ള സമയം വന്നിരിക്കുന്നു. എങ്കിലും ഞാനതു പറയുന്നില്ല. പകരം പറയുന്നു: നാം "സ്വർഗ്ഗത്തിൽവച്ചു കാണുന്നതുവരെ."

പ്രാതൽ കൊണ്ടുവന്ന അവൻ അതു വേണ്ടെന്നു കാണിച്ചു. "ഇന്നുവേണ്ട", ഒരു കാരണം, അതിനു സമയമില്ല. യഥാർത്ഥ കാരണം, "വെളുത്ത ചെറിയ ഗോതമ്പു് അപ്പം" വസ്തുതോം ചെയ്യുന്നതിനു ഫാ. ലിബ"സ" കൊണ്ടുപോയിരുന്നു എന്നതായിരുന്നു.

എന്നാൽ അടുത്ത തടസ്സപ്പെടുത്തലിനു് അവൻ വഴങ്ങേതാ

യി വന്നു. അതിനു കാരണക്കാരൻ ജയിൽക്ഷുരകനായിരുന്നു. കന്യാസ്ത്രീകൾ പറഞ്ഞതുപോലെ വേറൊരു വ്യാഴാഴ്ച, രാത്രിയിൽ ക്രിസ്തുവിനു സംഭവിച്ചതിനെപ്പറ്റി അവൻ വിചാരിച്ചു. അവർ അവിടത്തെ മുടി വെട്ടിയില്ല; പക്ഷേ ഒരു മുഹൂർത്തിരിടം അവിടത്തെ ശിരസ്സിൽ അവർ അണിയിച്ചു. തന്റെ കുതികയുടെ കീഴിലുണ്ടായിരുന്ന ഈ മനുഷ്യന്റെ ശാന്തതകണ്ടു ക്ഷുരകൻ വിസ്മയിച്ചു. മുടിവെട്ടുകഴിഞ്ഞപ്പോൾ അവൻ പുഞ്ചിരിക്കുകയും പ്രസന്നവദനനായി നന്ദിപറയുകയും ചെയ്തതോടെ ക്ഷുരകന്റെ ആശ്ചര്യം വർദ്ധിക്കുകയും ചെയ്തു.

ഉച്ചകഴിഞ്ഞയുടൻ പതിവുള്ള ചോദ്യവുമായി മി. ബ്ലൂക്കനൻ വന്നു. ടോം മറുപടിപറയാൻ കൂട്ടാക്കിയില്ല. അവൻ ആ തടിയന്റെ നേരെ പുഞ്ചിരിതൂകി. ജസ് പറഞ്ഞു. "ടോം ഇതാ ഒരാൾ: നീ ഈ ആളിനോട് സംസാരിക്കണമെന്നു ഞാനാഗ്രഹിക്കുന്നു. ഇയാൾ കുരിശിയിൽ നിന്നാണവരുന്നതു". ഉച്ചഭക്ഷണത്തിനു നിനക്കിഷ്ടമുള്ളതു് എന്തും തരാം: മാംസം പൊരിച്ചതോ, ഉരുളക്കിഴങ്ങു വറുത്തതോ, കോഴിക്കുഞ്ഞു പൂഴുങ്ങിയതോ....."

"എനിക്കു ഒന്നും നിർബന്ധമില്ല. മി. ബ്ലൂക്കനൻ..... മാംസം പൊരിച്ചതായിക്കൊള്ളട്ടെ.... ....."

"ഉരുളക്കിഴങ്ങോ, തക്കാളിക്ക അരിഞ്ഞതോ, വെണ്ണയോ, ചൂടുള്ള ബിസ്ക്കറോ, കട്ടപ്പുളിയോ, സിഗറോ, എന്തുവേണമെങ്കിലും ആവാം."

"കേമമാണെന്നു തോന്നുന്നില്ലാ, ഇതെല്ലാം മനസ്സിലായോ, വെയിറർ?" ആ മനുഷ്യൻ സുസ്മേരവദനനായി പുഞ്ചിരിച്ചുകൊണ്ടു തലകുലുക്കിയപ്പോൾ ടോം പറഞ്ഞു. "കഷ്ടം, നിനക്കൊരു നല്ല സമ്മാനം തരാൻ എനിക്കു പറ്റുകയില്ലല്ലോ. എന്റെ പക്കലുണ്ടായിരുന്ന അവസാനത്തെ പൈസാപോലും ഞാൻ മിസ്സസ് പെന്നിഫ്യൂ വീട്ടിലേയ്ക്കു" അയച്ചുകഴിഞ്ഞു."

"കൊള്ളാം, ടോം," വാർഡൻ പറഞ്ഞു. അനന്തരം ചിരി

ച്ചുകൊണ്ടുനിന്ന ഗാർഡിനോടുകൂടി അദ്ദേഹം സ്ഥലംവിട്ടു.

ടോം തന്റെ ലിസ്റ്റ് നോക്കി. നേരം വെളുത്തതിനുശേഷം പലതും അടയാളപ്പെടുത്തി. എങ്കിലും ഏറ്റവും പ്രധാനപ്പെട്ടവ അവശേഷിച്ചിരിക്കുന്നതായി കണ്ടു — അമ്മയ്ക്കും, ഫാ ഡൊനെല്ലിക്കും, ഡെട്രോയിറ്റിലെ മദ്യലോകത്തിനും, സിസ്റ്റേഴ്സ് മേരി ലോറൻസിയായ്ക്കും റോബർട്ട് ആനിനും അയക്കേണ്ടവ. അവൻ വീണ്ടും മേശമേൽ കുനിഞ്ഞിരുന്നു. ഏറ്റവും പ്രയാസമുള്ളതു് എഴുതിത്തീർക്കുവാൻ നിശ്ചയിച്ചു് അവൻ തുടങ്ങി. "എന്റെ വാത്സല്യം നിറഞ്ഞ അമ്മേ, സ്വന്തക്കാരെ," അനന്തരം സംശയസ്ഥിതിയിൽ അവൻ പേന കടലാസിന്റെ മുകളിൽ പിടിച്ചു. അമ്മയ്ക്കും സഹോദരിസഹോദരന്മാർക്കുമുള്ള അവന്റെ അവസാനവാക്കുകളും എന്തായിരിക്കണം? ആശയങ്ങളും ഒന്നിനു പുറകെ ഒന്നായി തള്ളിക്കേറിവന്നുകൊണ്ടു് അവൻ അവിടെ ഇരുന്നു. അവസാനം വാതായനത്തിങ്കലുണ്ടായ ഒരു തട്ടൽമൂലം അവൻ ഞെട്ടി എണീറ്റു.

"ഫാ. ലിബ്സ് വരുന്നുണ്ടു്," ഒരു ഗാർഡ് പറഞ്ഞു. അനന്തരം എല്ലാ സെല്ലുകളെയും ബന്ധിക്കുന്ന നിണ്ഡബന്ധം മാറ്റുവാൻ അയാൾ നടപ്പാതയിലൂടെ ശീഘ്രം നടന്നു.

ടോം മുട്ടിന്മേൽ വീണു. അച്ചൻ നിശ്ശബ്ദനായി അകത്തേയ്ക്കു വന്നു. അദ്ദേഹം ഒരു ചെറിയ ചെപ്പു തുറന്നു. ചെറുതായ അപ്പം ത്താര സജ്ജമാക്കി. രണ്ടു തിരികൾ കൊളുത്തി. അനന്തരം പ്രാർത്ഥിക്കുവാൻ തുടങ്ങി. തല അഴമായി താഴ്ത്തിക്കൊണ്ടു ടോം അപ്പോഴും മുട്ടിന്മേലായിരുന്നു. ആ പരിപാവനവിനാഴികകളിൽ അവന്റെ മനസ്സിൽ തിങ്ങിക്കൂടിയ വിചാരങ്ങൾ ദൈവത്തിനു മാത്രമേ അറിഞ്ഞുകൂടൂ. എങ്കിലും "കൃദാശയ്ക്കുടത്ത വിധം" അവന്റെ ഹൃദയത്തിൽ സന്നിഹിതനായിരുന്ന ക്രിസ്തുവുമായി ആത്മസല്ലാപത്തിനുശേഷം അവൻ എഴുതിയ പ്രഥമലേഖനത്തിൽ സൂചിപ്പിച്ചതുപോലെ, ഭൂമിയിലായിരിക്കുമ്പോൾ ഒരുവനു സ്വർഗ്ഗത്തോടു് എന്തുകണ്ടു് അടുക്കുമോ അതുകണ്ടു് അവൻ അടുത്തിരു

ന്നു. അവന്റെ തിരുപ്പാഠേയമായിരിക്കേണ്ട ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനുമുമ്പു് അവൻ എഴുതുവാൻ തുടങ്ങിയ എഴുത്തായിരുന്നു അതു്.

ഫെബ്രുവരി 25, 1943.

"എന്റെ വാത്സല്യം നിറഞ്ഞ അമ്മേ, സ്വന്തക്കാരേ,

ഞാൻ ദൈവത്തിന്റെ ആശ്വാസമല്ല അന്വേഷിച്ചതു്. പ്രത്യുത, ആശ്വാസത്തിന്റെ ദൈവത്തെയാണു് അന്വേഷിച്ചതു്.

അകയാൽ പ്രിയ അമ്മേ, സഹോദരീസഹോദരന്മാരേ, ഓ ശുദ്ധമരണത്തിനുള്ള കൃപാവരം എനിക്കു നൽകിയതിനു് എന്റെ ഹൃദയത്തിൽ എഴുന്നള്ളിയിരിക്കുന്ന നല്ല ദൈവത്തിനു് നിങ്ങൾ നന്ദി, അതെ അനന്തമായ നന്ദി, പ്രകടിപ്പിക്കണമെന്നു ഞാൻ കേണപേക്ഷിക്കുന്നു.

നിങ്ങൾ തല ഉയർത്തിപ്പിടിക്കുക.....

ഞാൻ നിങ്ങളെ സൂക്ഷിച്ചുകൊണ്ടും നിങ്ങൾക്കു സ്വാഗതമരുളുവാൻ നോക്കിക്കൊണ്ടുമിരിക്കും. എന്നെ ലജ്ജിപ്പിക്കരുതേ. ഞാൻ ഉത്തമനാകയില്ല; എന്തുകൊണ്ടെന്നാൽ എന്റെ ഹൃദയം അകൃകണ്ടു നിറഞ്ഞിരിക്കയാണു്.

പ്രിയപ്പെട്ടവരേ, നിങ്ങളെ എല്ലാവരെയും ഞാൻ സ്നേഹിക്കുന്നുവെന്നു് ഓർമ്മിക്കുക.

ദൈവം നിങ്ങളെ കാത്തുകൊള്ളുകയും അനുഗ്രഹിക്കയും ചെയ്യട്ടെ! ടോം."

അവസാനത്തെ ആശ്ചര്യചിഹ്നത്തോടെ അവൻ പിൻവാങ്ങിയിരുന്നു നിശ്ശബ്ദമായി കരഞ്ഞു. അവനെ അന്വേഷിച്ചുകൊണ്ടുവന്നവർ ഈ നിലയിലാണു് അവനെ കണ്ടതു്. അവർ സെല്ലിൽ പ്രവേശിച്ചപ്പോൾ അവൻ കണ്ണുകൾ തുടയ്ക്കുകയും വിഷാദത്തോടെ മന്ദഹസിക്കുകയും ചെയ്തു. "സ്നേഹിതരേ, ഉപകാരം." സാമാന്യം സന്തോഷത്തോടെ അവൻ പറഞ്ഞു. "നിങ്ങൾ കൊണ്ടുവന്നിരിക്കുന്നതു നന്നായി കഴിക്കാമെന്നു കരുതുന്നു." സമയം

ഉച്ചകഴിഞ്ഞു നാലുമണിയോടടുത്തിരുന്നു. ടോം പ്രഭാതത്തിനു മുമ്പേ എണീറ്റതാണു്. . . .

അവൻ കാപ്പിയോടുകൂടി ആസ്വദിക്കാൻ ഒരു സിഗററു് കത്തിച്ചു. അപ്പോഴേയ്ക്കും വാർഡൻ വീണ്ടും വന്നു.

"നന്നായി ഉണ്ടോ ടോം?"

"ഇതാ അതിനുള്ള തെളിവു്", മി. ബുക്കാനൻ" മിക്കവാറും കാലിയായിരുന്ന ഒരു പാത്രം കാണിച്ചുകൊണ്ടു് ടോം മറുപടി നൽകി.

"അതൊരു മിതമായ ഭക്ഷണംമാത്രം എന്നു ഞാൻ പറയും ടോം. നന്നാവിരുന്നോ?

"ഒന്നാംതരം."

"കൊള്ളാം. ഇതാ നിന്നോടു രണ്ടുവാക്കു സംസാരിക്കാൻ ആഗ്രഹിക്കുന്ന ഒരാൾ വെളിയിൽ നില്ക്കുന്നു.',

"അതു" ആരാണു്?"

"ഒരു റിപ്പോർട്ടർ."

ബുക്കാനൻ പിന്നിട്ട വിശേഷിപ്പിച്ചതുപോലെ കോപത്തിന്റെയും അക്ഷമയുടെയും ലാഞ്ഛനയോടുകൂടെ ടോം അധരങ്ങൾ അമർത്തുകയും തല കുലുക്കുകയും ചെയ്തു.

"മി. ബുക്കാനൻ, അങ്ങയെപ്രതി ഞാൻ അയാളെ കാണാം. പക്ഷേ, എനിക്കു യാതൊന്നും പറയുവാനുണ്ടായിരിക്കയില്ല."

അവൻ സെല്ലിന്റെ വാതിലിനു സമീപം ചെന്നു. ലൂയിവില്ലിലെ "കറിയർ ജേർനലി"ന്റെ സ്റ്റാഫ് റിപ്പോർട്ടർ മി. ബ്രൂസ് ടേബിളിനെ കണ്ടു. അഭിവാദനങ്ങൾക്കുശേഷം ടേബിൾ തന്റെ ആഗമനോദ്ദേശ്യത്തെപ്പറ്റിയും, താഴെ മരണനിരയിലുള്ള മി. ആൻഡേഴ്സനെയും ബാക്സ്റ്ററെയും കണ്ടു സംസാരിച്ചതിനെപ്പറ്റിയും പറഞ്ഞപ്പോൾ ടോം ഉപചാരവിധിപ്രകാരം ശ്രദ്ധിച്ചു. ടേബിൾ വിവരണം അവസാനിപ്പിച്ചശേഷം, "ഇനി നിനക്കു് എന്താണു ലോകത്തോടു പറയുവാനുള്ളതു", ടോം," എന്നാ

ചോദിച്ചുകൊണ്ടു കടലാസും പെൻസിലുമെടുത്തു തയാറായി നിന്നു. ടോം ശാന്തമായി പറഞ്ഞു: ''മി. ടേബിൾ, എനിക്കു പറയുവാനുള്ളതെല്ലാം ഞാൻ പറഞ്ഞു കഴിഞ്ഞു.''

"കൊള്ളാം, ടോം. നീ പറഞ്ഞ കഥകളിൽ ഏതാണു ശരിയെന്നു് കാത്തുനില്ക്കുന്ന ലോകത്തെ അറിയിക്കുമോ?''

കട്ടപിടിച്ച നിശ്ശബ്ദതയിൽ പെന്നി റിപ്പോർട്ടരുടെ നേരെ തുറിച്ചുനോക്കി.

അതു വളരെ അസഹനീയമായിത്തീരുന്നതിനുമുമ്പേ ബുക്കാനൻ ടേബിളിനെവിളിക്കുകയും ''നമുക്കു പോകാം മി. ബ്രൂസ്, ടോമിനു ചില പ്രധാനപ്പെട്ട ജോലികൾ ചെയ്യുവാനുണ്ടു്'' എന്നു പറഞ്ഞുകൊണ്ടു നടക്കുകയും ചെയ്തു.

അതു വാസ്തവമായിരുന്നു. ആ ബങ്കിന്റെ മേശയുടെ അടുക്കലേയ്ക്കു തിരിച്ചുചെന്നു തന്റെ അന്ത്യശാസനമെന്നു് അവൻ പറഞ്ഞ രേഖ പരിശോധിക്കുവാൻ തുടങ്ങി. അവൻ ഓരോ വാചകവും സൂക്ഷിച്ചു വായിച്ചു. അവസാനം, തൃപ്തിയായെന്നു തോന്നിയപ്പോൾ അവൻ മൂന്നു പ്രതികളും മാറിമാറിച്ചു; ഓരോന്നും ആർക്കാണെന്നു മനസ്സാ നിർണ്ണയിച്ചുകൊണ്ടു്.

അടുത്ത നടപടിയും നേരിട്ടതു് ആറുമണിക്കാണു്. അപ്പോൾ വാർഡൻ വീണ്ടും വന്നു. ഇത്തവണ ചോദ്യം ചോദിക്കുന്നതിനായിരുന്നില്ല, പ്രതിപത്തി, മരണവാറണ്ടു വായിക്കുന്നതിനായിരുന്നു. ടോം അക്ഷോഭ്യനായി ശ്രദ്ധിച്ചു. ബുക്കാനൻ അവസാനിപ്പിച്ചപ്പോൾ ടോം പറഞ്ഞു: "ഉപകാരം; ദൈവചിന്തം നിറവേറട്ടെ. ഞാൻ ഒരുക്കമാണു്".

മണി ഏഴായി. ശേഷിച്ചിരിക്കുന്ന മണിക്കൂറുകൾ കൊലയ്ക്കു വിധിക്കപ്പെട്ടിരിക്കുന്ന ഈ ആളിനോടുകൂടി ചിലവഴിക്കുവാൻ ഫാ. ലിബ്സ് അപ്പോൾ ആ സെല്ലിലേയ്ക്കു വന്നു. കുറെ സമയം അവർ വർത്തമാനം പറഞ്ഞു. പോകുവാൻ താൻ പൂർണ്ണമായി ഒരുങ്ങിയിരിക്കയാണെന്നും തന്റെ മനസ്സിനെ ധൈര്യപ്പെടുത്തുന്നതായിട്ടു് ഒന്നുമില്ലെന്നും തന്റെ ഏതയാശത്തിൽനിന്നു സകലരോടും ക്ഷാ

മിച്ചെന്നും മൂന്നു കത്തുകൾകൂടി എഴുതിയാൽ തനിക്കു സന്തോഷമായിരിക്കുമെന്നും ടോം അച്ഛനോടു കട്ടായം പറഞ്ഞു.

"നല്ല കാര്യം, ടോം. നീ കത്തുകൾ എഴുതുന്നതിനിടയ്ക്കു" നിനക്കുവേണ്ടി ഞാൻ കാനോനികപ്രാർത്ഥന ചൊല്ലട്ടെ."

"അതിവിശിഷ്ടം!" പെന്നി ഉത്സാഹഭരിതനായി ആശ്ചര്യം കൂറി. "എനിക്കു് ഈ മൂന്നു് എഴുത്തുകൾ തീർക്കണമെന്നേയുള്ളു. അവ ഭ്രമുഖത്തുള്ള എന്റെ ഉറ്റമിത്രങ്ങൾക്കാണു്".

ആദ്യത്തേതു് ഫാ. ഡൊനെല്ലിക്കായിരുന്നു. അതു് എട്ടു മണിക്കു് ആരംഭിച്ചു.

"അച്ഛാ, അങ്ങയെ ഞാൻ ഭയങ്കരമാംവിധം അവഗണിച്ചുകളഞ്ഞു. അങ്ങു് ഈ രാത്രിയിൽ ഇവിടെയുണ്ടായിരിക്കുമെന്നു് ഞാൻ വിചാരിക്കയും അങ്ങയെപ്പറ്റിയുള്ള എന്റെ മതിപ്പു് നേരിട്ടു് അറിയിക്കാമെന്നു് ഞാൻ കരുതുകയും ചെയ്തിരുന്നു. പക്ഷേ ദൈവം അന്യഥാ നിശ്ചയിച്ചിരിക്കയാണെന്നു തോന്നുന്നു. അതുകൊണ്ടു് ഇതെഴുതുന്നു. എനിക്കു പറയുവാനുള്ളതെല്ലാം എങ്ങനെ എഴുതുവാൻ കഴിയും? അച്ഛാ, ദൈവം എന്റെ ആത്മാവിൽ പ്രവർത്തിച്ച അത്ഭുതത്തെപ്പറ്റി ഞാൻ അങ്ങയെ അറിയിക്കാതിരുന്നതൊഴിച്ചു് അങ്ങിൽനിന്നു മറച്ചുവച്ച ഒരു രഹസ്യവും എനിക്കില്ല.

അച്ഛാ ഞാനിതു ചുരുക്കേണ്ടതായിവന്നിരിക്കുന്നുവെന്നു തോന്നുന്നു. ഇതിനിടയ്ക്കു ഞാൻ പലതവണ തടസ്സപ്പെടുത്തപ്പെട്ടു. എന്റെ ശ്രദ്ധ ഏകാഗ്രമാക്കുവാൻ ഞാൻ കഴിവില്ലാത്തവനായിത്തീരുവാൻ പോകയാണെന്നു തോന്നുന്നു.

ഇതു പൂരിപ്പിക്കുവാൻ ഞാൻ ഫാ. ലിബ"സിനോടു" ആവശ്യപ്പെട്ടു. എനിക്കുവേണ്ടി ദൈവം അങ്ങേയ്ക്കു കൃതജ്ഞത പ്രകാശിപ്പിക്കട്ടെ. വെറുംവാക്കുകൾ അർത്ഥമില്ലാത്തവയായി കാണപ്പെട്ടേയ്ക്കാം. എന്നാൽ പ്രശംസ അർഹിക്കുന്നിടത്തു ദൈവം അതു കൊടുത്തുകൊള്ളും. ഈ കാര്യത്തിൽ അങ്ങേയ്ക്കുള്ളതു് വലുതായിരിക്കുമെന്നു ദൃഢമായി വിശ്വസിക്കാം. എന്റെ സൗഭാഗ്യത്തിൽ അങ്ങയെ ഞാൻ വിസ്മരിക്കുകയില്ല. നല്ല ജോലി തുടരുക. മാധുര്യ

മേറിയ ഒരു ദിവസം ദൈവം എല്ലാം ശരിപ്പെടുത്തുമെന്നു് നമുക്കു് അറിയാമല്ലോ. സി. അഡലെയിഡിനു് എന്റെ അഭിവാദനങ്ങൾ നൽകിയാലും. അവരുടെ മനോഹരമായ കത്തിനു മറുപടി അയക്കുവാൻ എനിക്കു സാദ്ധ്യമല്ല. അച്ഛൻ ഇനി അഞ്ചുമണിക്കൂർ മാത്രം. അതു കഴിയുമ്പോൾ സകല മാലാഖമാരോടും പരിശുദ്ധന്മാരോടുംകൂടി നമ്മുടെ നാഥനെയും നമ്മുടെ അമ്മയെയും ഞാൻ കാണും. അങ്ങയുടെ കുടുംബത്തെക്കൊണ്ടു് ഞാൻ വാതുകെട്ടാം, അങ്ങയെപ്പറ്റിയും സംസാരമുണ്ടാകും.

വീണ്ടും നാം കാണുന്നതുവരെ,

എന്റെ സ്നേഹവും ആർദ്രതയേറിയ ആലിംഗനങ്ങളും. നമ്മുടെ നാഥനിലും നാഥയിലും വിശ്വസ്തൻ,

ടോം.

എന്റെ മരണപത്രത്തിന്റെ ഒരു പ്രതിയും ഇതോടൊന്നിച്ചു് അയക്കുന്നു. ഫാ. ലിബ"സ" അങ്ങേയ്ക്കു" എഴുതും. "മിസ"ഫാ" ആണു" രഹസ്യപദം."

ധൃതം വേറൊരു താൾ എടുത്തു് അവൻ മദർ ക്ലേറിനും മറ്റുള്ളവർക്കും എഴുതി:

പ്രീ. മദറേ, സിസ്റ്റേഴ"സേ,

ഇന്നലത്തെ നിങ്ങളുടെ മനോഹരമായ കത്തുകൾക്കു ഞാൻ നന്ദി പറയുന്നു. ഒരു കുറിപ്പു എഴുതുവാനേ എനിക്കു സമയമുള്ളൂ, എങ്കിലും അവസാനത്തെ വാക്കു" എന്റേതായിരിക്കണമെന്നു" എനിക്കു നിർബന്ധമുണ്ടു". ഇതിൽ ഞാൻ എന്താണു" പെണ്ണുങ്ങളെപ്പോലെയാണു": അല്ലേ?

പ്രിയ മദറേ, സിസ്റ്റേഴ"സേ, നിങ്ങൾ എനിക്കു നഷ്ടപ്പെട്ടെന്നു പറയാവുന്നതല്ല. എന്തുകൊണ്ടെന്നാൽ ഞാൻ പോകുന്നിടത്തു് ആരുടെയെങ്കിലും അസാന്നിദ്ധ്യം അനുഭവപ്പെടാൻ ഇടയില്ലാത്ത വിധം അത്രക്കു ഞാൻ സന്തോഷരഹിതനും ഉത്സാഹവാനമായിരിക്കും. എങ്കിലും നിങ്ങളുടെ ബൂട്ട്"സു" ഞാൻ പന്തയംവയ്ക്കും; എന്റെ ആനന്ദാധിക്യത്തിൽ നിങ്ങളെ ഞാൻ വിസ്മരിക്കയില്ല;

എന്നെ ഭരമേല്പിച്ച ഓരോ സന്ദേശവും ഞാൻ കൊടുത്തേല്പിക്കുമെ
ന്ന കാര്യത്തിൽ എന്നെ വിശ്വസിക്കുക.

നിങ്ങളുടെ പ്രാർത്ഥനയുടെ ഫലം ഈ കഴിഞ്ഞമാസങ്ങളിൽ
എനിക്കു" അനുഭവപ്പെട്ടു. അല്ലെങ്കിൽ ഇക്കാര്യം ഇത്ര ശാന്തമായി
അഭിമുഖീകരിക്കുന്നതിനുള്ള ധൈര്യത്തോടെ ഇവിടെ ഇരിക്കുവാൻ
എനിക്കു" എങ്ങനെ സാധിച്ചു? ഞാൻ ഉന്മേഷവാനാണു". അവ
സാനംവരെ അങ്ങനെയായിരിക്കുമെന്നു" ഉറപ്പുമുണ്ടു". പ്രി. മദർ,
പ്രി. സിസ്റ്റേഴ്സ്", ഇനി ഞാൻ നിൽക്കട്ടെ. അച്ചൻ എത്ര വി
നാഴികയിലും ഇവിടെ വന്നെയ്യാം.

ആകയാൽ ദൈവം നിങ്ങളെ നിത്യഭവനത്തിൽ കൊണ്ടുവ
രുന്നതുവരെ ഞാൻ നിങ്ങളെ കാത്തിരിക്കും. ഓ നിങ്ങളും വരുന്നതു
കാണുന്നതിലുള്ള ആനന്ദം!

നമ്മുടെ പീഡിതനായ രക്ഷകനും ദുഃഖിതയായ മാതാവും
നിങ്ങളെ രാവും പകലും അനുഗ്രഹിക്കയും സംരക്ഷിക്കയും ചെയ്യു
ട്ടെ. ഞാൻ നിങ്ങളെ പ്രതീക്ഷിക്കയും കാത്തിരിക്കയും ചെയ്യുക
മാത്രമല്ല, പരമമായ പുണ്യപൂർണ്ണത പ്രാപിക്കുന്നതിനുവേണ്ട പ്ര
സാദവരം യാചിച്ചുകൊണ്ടിരിക്കയും ചെയ്യും.

നമ്മുടെ കർത്താവിലും മാതാവിലും നിങ്ങളുടെ സ്നേഹമുള്ള
മകനും സഹോദരനും; തോമസ്"പെന്നി.

വി. കുരിശിന്റെ വലത്തുവശത്തുനിന്നു".

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ."

ഇതിനു" മുപ്പുവച്ചതോടെ അവനു" ഒരു കണ്ണിതം തോന്നി.
ഒരു പൊതുവായ എഴുത്തിനേക്കാൾ കൂടുതൽ അർഹിക്കുന്ന ഒരു
വ്യക്തിമാത്രമേലേനയുണ്ടായിരുന്നു. ടോം ഫാ. ലിബ്"സിനോടു സമയം
ചോദിച്ചു. മണി 9-30 ആയെന്നു കേട്ടപ്പോൾ അവൻ പറഞ്ഞു:
"എനിക്കു" അതു തീർക്കാം" ഉടൻതന്നെ സി. സെൻറ ജർത്രൂദി
ന്റെ മാത്രമേലേനയുള്ള അവന്റെ അവസാനത്തെ എഴുത്തു" ആരം
ഭിച്ചു:

പ്രിയ സിസ്റ്റർ.

സമയം കടന്നുപോകാൻ അനുവദിച്ചതുകൊണ്ടു ഒരു എഴുത്തിനു വേണ്ടതു സമയം എനിക്കില്ല. എങ്കിലും അങ്ങേയ്ക്കു ഒരു സന്ദേശം തരാതെ പിരിഞ്ഞുപോകുക എന്നുള്ള ചിന്തപോലുമല്ല.

എന്റെ ക്രൂരിതരൂപവും ഉത്തരീയവും ഞാൻ അങ്ങേയ്ക്കു അയക്കുന്നു. ഞാൻ ദിവ്യകാരുണ്യം ആദ്യമായി ഉപയോഗിച്ചതു മുതൽ ഞാനതു ധരിച്ചുകൊണ്ടാണിരുന്നതു". എന്റെ അവസാനത്തെതിനും—അതും അങ്ങേ പാവനകരങ്ങളാൽ ഒരുക്കിയതാണു"—അതു സാക്ഷ്യംവഹിച്ചെന്നു" അറിഞ്ഞാലും. നമ്മുടെ കൊച്ചുരഹസ്യം അങ്ങേയ്ക്കു പാലിക്കപ്പെടുമെന്നു ധൈര്യമായിരിക്കുക. സ്നേഹമുള്ളതും മൃദുലമായതുമായ ഒരു സോദരിഹൃദയത്തിനു മാത്രമേ അങ്ങനെയുള്ള കാര്യങ്ങളെപ്പറ്റി ചിന്തിക്കുവാൻ പറ്റൂ.... നാം സ്വർഗ്ഗത്തുവച്ചു കാണുന്നതുവരെ ഞാൻ അങ്ങേയ്ക്കായി അനുഗ്രഹങ്ങളും യാചിച്ചുകൊണ്ടിരിക്കും. അങ്ങയുടെ ദൗത്യമെല്ലാം ഞാൻ നിർവഹിച്ചുകൊള്ളാം. അതേപ്പറ്റി സംശയിക്കേണ്ട ..... ദൈവം അങ്ങയെ സദാ അനുഗ്രഹിക്കട്ടെ!

നമ്മുടെ നാഥനിലും നാഥയിലും,

തോമസ് പെന്നി."

ടോമിനു് ഒരു കത്തുകൂടി എഴുതുവാനുണ്ടായിരുന്നു. എന്നാൽ അതു തുടങ്ങുന്നതിനുമുമ്പു് ആ സിമൻറ് ഇടനാഴിയുടെ പേരിനു നിദാനമായ യാത്രയ്ക്കു് അവനെ കൊണ്ടുപോകാൻ ഗാർഡ് വന്നു. അവർ അവന്റെ ഒടുവിലത്തെ നടപ്പിനു് അവനെ കൊണ്ടുപോയി. മരണനിരയിലേയ്ക്കു് ഇറങ്ങിച്ചെന്നപ്പോൾ ആൻഡ്രൂ സൻ ശാപവാക്കുകൊണ്ടാണു് അവനെ അഭിവാദ്യംചെയ്തതു്. അതിനു്, "ഛോഃ, ദൈവം നിന്നെ അനുഗ്രഹിക്കുകയും സഹായിക്കുകയും ചെയ്യട്ടെ" എന്ന ശാന്തമായി മറുപടി നൽകിയശേഷം ടോം തനിക്കുള്ള സെല്ലിലേയ്ക്കു പോയി.

"ടോം, എന്തെങ്കിലും ആവശ്യമുണ്ടോ?" ദയാപുരസ്സരം ഒരു ഗാർഡ് അന്വേഷിച്ചു.

"ഉവ്വു". ഒരുതാൾ കടലാസും പേനാനിറയെ മഷിയും."

മഷി തീർന്നിരുന്ന ഫൌണ്ടൻ പേനയുമായി ഗാർഡ് ശീഘ്രം നടന്നു. അപ്പോഴും ഫാ. ലിബ്"സ് ടോമുമായി സംസാരിച്ചുകൊണ്ടിരുന്നു. താമസംവിനാ മരിക്കുവാനിരുന്ന ആ മനുഷ്യന്റെ ശാന്തതകണ്ട് അദ്ദേഹം ആന്തരികമായി ആശ്ചര്യപ്പെട്ടു. ഗാർഡ് മടങ്ങിവന്നയുടൻ ടോം ഇരുന്ന് എഴുതി:

"പ്രിയപ്പെട്ട സി. മേരിലോറൻസിയാ, സി. റോബർട്ട് ആൻ, പ്രി. സിസ്റ്റേഴ്സ് ഇപ്പോൾ സമയം 11–20 ആയിരിക്കുന്നു. ഞാൻ അധികമൊന്നും എഴുതുന്നില്ല. അടുത്തുവരുന്ന അന്ത്യം ശാന്തമായി പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന എന്റെ ഏടയത്തിലെ ആനന്ദം അവാച്യമാണ്. അപ്പോൾമാത്രം പ്രി. സിസ്റ്റേഴ്സ്, എന്റെ ജീവിതം ആരംഭിക്കും.

കുറെക്കഴിഞ്ഞ് ഫാ. ലിബ്"സ് നിങ്ങൾക്ക് എഴുതുകയും എല്ലാം അറിയിക്കുകയും ചെയ്യും. എനിക്കു മോക്ഷം ലഭിക്കുമെന്നു നിശ്ചയമുണ്ട്. സിസ്റ്റേഴ്സ്, എന്റെ സൗഭാഗ്യത്തിൽ നിങ്ങളെ ഞാൻ വിസ്മരിക്കയില്ല. അതേപ്പറ്റി ധൈര്യമായിരിക്കുക. നിങ്ങളുടെ സകല സേവനങ്ങൾക്കും ഞാൻ കൃതജ്ഞനാണ്. അധികം താമസിയാതെ അവയിൽ ചിലതു ഞാൻ തിരിച്ചു തന്നുകൊള്ളാം.

ആകയാൽ അങ്ങുമകളിൽവച്ചു നാം കാണുന്നതുവരെ ഞാൻ നിങ്ങളെ നോക്കുകയും കാത്തിരിക്കുകയും ചെയ്യും മിസ്സസ് കാമ്പ് ബെല്ലിനു നന്ദിപറയുക. ദൈവം അവരുടെ ഉദാരതയെ അനുഗ്രഹിക്കട്ടെ.

പലതും ചെയ്യുവാൻ എനിക്കു കഴിയുമെന്നു എനിക്കു വലിയ പ്രതീക്ഷയുണ്ട്.

നമ്മുടെ പരിശുദ്ധ അമ്മയുടെ സംരക്ഷണത്തിൽ ദൈവം നിങ്ങളെ കാത്തു സൂക്ഷിക്കയും അനുഗ്രഹിക്കയും ചെയ്യട്ടെ.

സ്നേഹം നിറഞ്ഞ കൃതജ്ഞതയോടെ,

ടോം പെന്നി."

അതുമടക്കിക്കഴിഞ്ഞപ്പോൾ അവൻ തല ഉയർത്തിനോക്കിക്കൊണ്ടു പറഞ്ഞു: "കൊള്ളാം, അച്ചാ, ദൈവകരങ്ങളിലേയ്ക്കു

പോകുവാൻ ഞാൻ ഇപ്പോൾ തയാറാണു".''

അപ്പോൾ പന്ത്രണ്ടിനു മുന്നു മിനിറ്റുകൂടിയെ ഉണ്ടായിരുന്നുള്ള.

മുന്നു മിനിറ്റു കഴിഞ്ഞപ്പോൾ ആഘോഷജനകമായ ആരംഭത്തോടെ മരണഘോഷം സജീവമായിത്തീർന്നു. ഇടനാഴിയിലെമ്പാർഡുകളുടെ സംഖ്യവർദ്ധിച്ചു. ജയിലിലെ വിദ്വേഷക്കാരിലിരുപതുപേർ പരക്കം പാഞ്ഞുനടന്നു, ഭയജനകമായ ഉന്മത്തമൂല്യം ഭീകരമായിത്തീർന്ന ഒരു കസേരമാത്രമുണ്ടായിരുന്ന 20 അടി സമചതുര മുറിയിലെ വൈദ്യുതപരിശോധനഅവസാനമായി നടത്തുവാൻ.

ഈ മുറിയുടെ നേരെ എതിർവശത്തുള്ള നാലു സെല്ലുകളിൽ തങ്ങളുടെ ജീവിതഘടികാരത്തിൽ ഏതാനും മണിക്കൂറുകൾ മാത്രം ശേഷിച്ചിരുന്ന—അവ ശിഷ്ടം വീതംകൊണ്ടിരുന്ന—നാലു മനുഷ്യർ ഉണ്ടായിരുന്നു. പന്ത്രണ്ടുമണി ആയപ്പോഴേയ്ക്കു് എല്ലാം ഒരുക്കിക്കഴിഞ്ഞു. ഗാർഡുകളുടെ കാൽപെരുമാറ്റം കൊണ്ടുള്ള ശബ്ദംമാത്രമേ കേൾക്കാമായിരുന്നുള്ളൂ. ആ നിശ്ശബ്ദത ഭഞ്ജിച്ചതു് ടെൻറ ഒരു പഴയ ഹർമോണിയത്തിൽ ഒരു ഗീതം ആലപിക്കയും ബാക്സ്റ്റർ വിറയ്ക്കുന്ന നേരിയ സ്വരത്തിൽ പാട്ടു പാടുകയും ചെയ്യുമ്പോഴാണു്. ഈ തടസ്സത്തെ ആൻഡേഴ്സൻ ശപിച്ചു; പെന്നി അതു് അറിഞ്ഞതേയില്ല.

ഘടികാരത്തിന്റെ നിണ്ട സൂചി അലംഘനീയമായി മുമ്പോട്ടുനീങ്ങവേ ബാക്സ്റ്ററും ആൻഡേഴ്സനും തങ്ങളുടെസിരാവ്യൂഹങ്ങൾ സൂക്ഷ്മമായിവലിച്ചു. ഒരുമണിക്കൂറോളംപ്രാർത്ഥനയിലിരുന്ന ടോം കൂടുതൽ പ്രശാന്തനായി കാണപ്പെട്ടു.

ഒരു മണിക്കു രണ്ടുമിനിറ്റുള്ളപ്പോൾ ഭീമാകാരനായ ബുക്കാനൻ രണ്ടു ഡസനിലധികം ആളുകളെ—ഏതാനും റിപ്പോർട്ടർമാർ, ഒരു ഡോക്ടർ, കുറെ മതോപദേശകർ, കൂടുതൽ ഗാർഡുകൾ എന്നിവരെ—മരണഘോഷത്തിലേയ്ക്കു് ആനയിച്ചു ചാരനിറമുള്ള ആ മുറിയിലെ നിർദ്ദിഷ്ടസ്ഥാനങ്ങളിൽനില്ക്കുവാൻ വാർഡൻ നിർദ്ദേശിച്ചുകൊണ്ടു് അടയാളം കൊടുത്തപ്പോൾ സാധാരണ വായാടികളായ

ഈ മനുഷ്യരെയും അതേ ഭീകരനിശ്ശബ്ദത ബാധിച്ചു. ഓരോരുത്തർക്കും ആ ശൂന്യമായ കസേര ആയസ്ഥാനശക്തിയായിരുന്നു. അപ്രതിഹതമായി അതവരെ അതിലേയ്ക്കു വലിച്ചടുപ്പിക്കയും ബലപ്രയോഗംകൊണ്ടുമാത്രം അവർ അതിൽനിന്നു് അകന്നുനില്ക്കുകയും ചെയ്തു. ഇതുപോലെ സാക്ഷികൾ അവിടെ തിങ്ങിക്കൂടിയിരുന്നെങ്കിലും ഭയാകുലമായ ഒരു ശൂന്യതകൊണ്ടു് ആ മുറിമുറ്റിനിൽക്കുന്നതുപോലെ തോന്നി. ഒരുമണി അടിച്ചു ചെകിടടയ്ക്കുന്ന ആകാംക്ഷ ആ സംഘത്തെ തിരിച്ചു. ഈ ഭൂമിയിലെ തങ്ങളുടെ അവസാനത്തെ ഏതാനും കാലടികൾ ഏതുവാതലിലൂടെ കുറച്ചുള്ളികൾ വയ്ക്കേണ്ടിയിരുന്നുവോ ആ വാതലിനുമേൽ ഓരോരുത്തരുടെയും ദൃഷ്ടി പതിച്ചു.

ഒരുമണികഴിഞ്ഞു് ഒരു മിനിറ്റായപ്പോൾ ആൻഡേഴ്സന്റെ കനത്തരൂപം ആ വാതിൽ നിറച്ചു. അതിലൂടെ അവൻ മുമ്പോട്ടുനീങ്ങി. അവൻ അസ്വസ്ഥമായി കുറെ ചോക്കലെറ്റ് ചവച്ചപ്പോൾ സ്പഷ്ടമായ ഒരുപ്രാകൃതത്തിൽ മണികൾ ശക്തിയായി അടിച്ചുകൊണ്ടിരുന്നു. ഒഴിഞ്ഞുകിടന്ന കസേരയിലേയ്ക്കു് ഇടം ബൈന്ദിഞ്ഞെളിഞ്ഞുനടന്നടുത്തു. അപ്പോൾ അവൻ ടോം പെന്നിയുടെമേൽ ചൊരിഞ്ഞ കണ്ണീർക്കണം ആ മുറിയിലെങ്ങും മുഴങ്ങി. അവൻ കസേരയിൽ ഇരുന്നപ്പോൾ ദേഷ്യത്തോടെ സിഗറു് വലിച്ചുവിട്ടു. എന്നിട്ടു് ഒരു പരിഹാസപുഞ്ചിരിയോടെ, അവിടെ കൂടിയിരുന്നവരുടെമേൽ നോക്കിക്കൊണ്ടു് അവൻ അതു ദൂരെ എറിഞ്ഞു. ഏറ്റവും ലജ്ജാഹീനമായ ധൈര്യാഭാസം! ബന്ധിക്കുന്നതിനു് അവൻ സ്വകരങ്ങൾവച്ചുകൊടുത്തപ്പോൾ വാർഡൻ പതിവുള്ള ചോദ്യം ചോദിച്ചു. ആൻഡേഴ്സൻ തന്റെവായിലുണ്ടായിരുന്ന ബാക്കി തുപ്പിക്കളഞ്ഞിട്ടുപ്രതിവചിച്ചു: "മാന്യരേ, എനിക്കു പറയുവാനുള്ളതു് എന്നിൽ ആരോപിക്കപ്പെട്ടിരിക്കുന്ന കാര്യത്തിൽഞാൻ നിർദ്ദോഷിയാണെന്നമാത്രമാണു്." കറുത്ത മുഖാവരണം അവന്റെ ശിരസ്സിനുമുകളിലൂടെ ഇറങ്ങി. ഒരു ബാപ്റ്റിസ്റ്റ് മതോപദേശി ചില പ്രാർത്ഥനകൾ ആരംഭിച്ചതോടെ, ബോബ് ത

ന്റെ പാദരക്ഷകൾ തൊഴിച്ചുമാറ്റി. വിദ്വേഷകക്ഷിയുടെ വൃക്ഷമായ രണ്ടു് ആഘാതങ്ങൾ അവന്റെ ശരീരത്തിൽ ഏറ്റു. ബോബു് ആൻഡേഴ്സൻ മരിച്ചുകഴിഞ്ഞു.

മണി ഒന്നുകഴിഞ്ഞു 14 മിനിറ്റായപ്പോൾ വേറൊരാൾ ചാരനിറമുള്ള ആ മുറിയിലേയ്ക്കു നടന്നുവന്നു. അതു നല്ല ഉയരമുള്ള ടോം പെന്നിയായിരുന്നു. അവൻ തന്റെ കരങ്ങൾ പുറകിൽ പിടിച്ചിരുന്നു. അഴകുള്ള കറുത്തശിരസ്സു് അനുചിന്തനപ്രാർത്ഥനയാൽ കുനിഞ്ഞിരുന്നു. ശാന്തമായ ഗാംഭീര്യത്തിന്റെ തേജസ്സു് അവനിൽ ശോഭ വീശി. അതു്, വീർപ്പുമുട്ടിക്കുന്ന നിശ്ചലതയിൽ തിങ്ങിക്കൂടിനിന്നിരുന്ന ആ മുപ്പതുപേരെയും ആവരണം ചെയ്തു. ഭീതിയുടെ വിസ്മയാവഹമായ അഭാവത്തോടെ ടോം കസേരയിൽ ഇരുന്നു. അനന്തരം തന്റെ കരങ്ങൾ, ബന്ധിക്കുന്നതിനുമുമ്പുള്ള രീതിയിൽ വളരെ ആലോചനാപൂർവ്വം, വച്ചുകൊടുത്തു.

"ടോം," തടിയനായ ബുക്കാനൻ ചോദിച്ചു. "നിനക്കു് എന്തെങ്കിലും പറയുവാനുണ്ടോ?"

"ഉണ്ടു്" ടോമിന്റെ മുഴക്കമുള്ള പുരുഷശബ്ദം കേൾക്കാറായി, "പ്രസിദ്ധപ്പെടുത്തുവാൻ ഞാൻ അങ്ങയോടു് ആവശ്യപ്പെട്ടിരുന്നതു് രാവിലെ പ്രസിദ്ധപ്പെടുത്തുക."

അറുപതുനയനങ്ങൾ വാർഡന്റെ നേരെ തിരിഞ്ഞു. ബുക്കാനൻ ശാന്തമായിതുടർന്നു: "നീഎന്നോടു പറഞ്ഞതു സത്യമാണല്ലോ? അതു ഞാൻ പരസ്യപ്പെടുത്തുവാൻ നീ ആഗ്രഹിക്കുകയും ചെയ്യുന്നുവല്ലോ?"

"അതുശരി."

ടോമിനു കൂട്ടത്തിൽ പറയുവാൻ കഴിയുന്നതിനുംമുമ്പു് കറുത്ത മുഖംമൂടി അവന്റെ തലയ്ക്കുമേൽ വീണു. മരിക്കുന്നവർക്കുവേണ്ടിയുള്ള പ്രാർത്ഥന ഫാ. ലിബർമാൻ ആരംഭിച്ചു. മുഖംമൂടിയ ആ കറുത്ത ആവരണത്തിനു പിമ്പിൽനിന്നു ടോം പ്രതീക്ഷിക്കുന്നതുപോലെ കാണപ്പെട്ടു. അവന്റെ ശിരസ്സിന്റെ നിലപാടിൽനിന്നും അവൻ ഏകാഗ്രതയോടെ ശ്രദ്ധിക്കുകയായിരുന്നെന്നു സ്പഷ്ടം

മായിരുന്നു. അനന്തരം അവന്റെ ശരീരം നാലുപ്രാവശ്യം കുടയുന്നതായി കാണപ്പെട്ടു. കസേരയിൽ ഇരുന്ന രൂപത്തെ ഒരു ഡാക്ടർ സമീപിച്ചു് ഹൃദയസ്പന്ദനപരിശോധയന്ത്രം ഉപയോഗിച്ചു പരിശോധിച്ചുശേഷം ഒരു തലകുലുക്കത്തോടെ ബുക്കാനന്റെ നേരെ തിരിഞ്ഞു

"ടോം പെന്നി മരിച്ചുകഴിഞ്ഞു," വാർഡൻ പറഞ്ഞു.

"അതിനു നാലു 'ഷോക്കു' വേണ്ടിവന്നു" അപ്പോൾ മണി 1–22 സൂക്ഷ്മമായിരുന്നു.

ഉപസംഹാരം

മരിച്ചവർ ജീവിക്കുന്നു—മാത്രമല്ല പ്രവർത്തിക്കുന്നു

റിപ്പോർട്ടർമാർ അവസാനത്തെവധശിക്ഷ നിരീക്ഷിച്ചതു് വളരെ അസ്വസ്ഥതയോടെയായിരുന്നു. റെയിമണ്ടു് സ്റ്റീറർ (ബാങ്കർ) പത്രക്കാർക്കു ഒരാകർഷണവസ്തുവായിരുന്നില്ല. ഇപ്പോൾ ഒട്ടുമല്ലായിരുന്നു. പ്രധാനപ്പെട്ടരണ്ടുപേരും രംഗത്തുനിന്നു മാറ്റപ്പെട്ടതുകൊണ്ടും, കഴിഞ്ഞ പതിനാലുമാസങ്ങളിലായി വളരെയധികം എഴുതുന്നതിനു് അവർക്കു് വിഷയമായിരുന്ന ആളിൽനിന്നു് ബുക്കാനനു് ഒരു പ്രസ്താവന ലഭിച്ചിട്ടുണ്ടെന്നു് അറിഞ്ഞതുകൊണ്ടും ഈരംഗം അവസാനിക്കുവാൻ അവർ അക്ഷമരായിരുന്നു. എങ്കിലും വാർഡനാകട്ടെ, ഡോക്ടറാകട്ടെ യാതൊരു ധൃതിയും കാണിച്ചില്ല. കുറേസമ്മതം നടത്തിയ ആ മദ്ധ്യാസക്തൻ മുറിയിലേയ്ക്കു് ആനീതനായി. പതിവുള്ള ചോദ്യങ്ങൾ വാർഡൻ ചോദിച്ചു. ക്രമപ്രകാരം കസേരയിൽ ഇരുത്തി ബന്ധിച്ചു. ലേഖകന്മാരിൽ ചിലർ വാതിലിലേയ്ക്കു നീങ്ങി. പക്ഷേ ഒരു നോട്ടംകൊണ്ടു ബുക്കാനൻ അതുതടഞ്ഞു. ഒരു പ്രോട്ടസ്റ്റന്റു പാർസൻ പ്രാർത്ഥിക്കുവാൻതുടങ്ങി. രണ്ടുകത്തോലിക്കാവൈദികന്മാർ —ഫാ: ലിബ"സും അദ്ദേഹം വരുത്തിയ ഏർലിംഗ"ടണിലെ ഫാ:

ബഹുമിക്കിയും- മുഖംമൂടിയിരുന്ന ആമനുഷ്യന്റെനേരെ കൂരിൽടെ യാളം കൊടുക്കുന്നതുകണ്ടു. അടയാളംനൽകപ്പെട്ടകയും കവർത്തമൂ ടുപടംധരിച്ച ശിംസ്സിനതാഴെയുള്ള കുശശാരും രണ്ടുതവണ പ്രച ണ്ഡമായി കൂലുങ്ങുകയുംചെയ്തു. ഡോക്ടർമരണവേദിയെ സമീപിച്ച പ്പോൾ ഒരുറിപ്പോർട്ടർ പരുപരുത്തശബ്ദത്തിൽപൊടുപൊടുക്കയു ണ്ടായി: ''അവന്റെകഥകഴിഞ്ഞു. നമുക്കുപോകാം.'' രണ്ടുമണിയാ വാൻ കാൽമണിക്കൂർഉള്ളപ്പോൾഎല്ലാവരും മുറ്റംവിലങ്ങി വാർ ഡന്റെ ഓഫീസിൽ തിങ്ങിക്കൂടി. എന്നാൽ ബുക്കാനൻഅവരുടെ ക്ഷമയെപരീക്ഷിക്കുന്നതക്കവിധം അത്രക്കുസാവധാനത്തിലും ആ ലോചനാപൂർവ്വവുമാണ് നീങ്ങിയതു. എങ്കിലുംഉപവിഷ്ടനായി ക്കഴിഞ്ഞപ്പോൾ അദ്ദേഹം സാമാന്യം വേഗംസംസാരിച്ചു. ജനുവ രി 11-ാംതീയതിയാണ് പെന്നിതന്റെ ദീർഘമായ പ്രസ്താവന മൂലം ആൻഡേഴ്സനെ കുറ്റവിമുക്തനാക്കിയതെന്നു അവരെ അ നുസ്മരിപ്പിച്ചുകൊണ്ടാണ് അദ്ദേഹം ആരംഭിച്ചതു. പത്രറിപ്പോർ ട്ടർമാർക്കു് അനുസ്മരിപ്പിക്കലുകൾ ആവശ്യമില്ലെന്നു് അവരുടെ അസ്വസ്ഥമായ ശിരഃകമ്പം അറിയിച്ചു. ''അതേ'', ബുക്കാനൻപ റഞ്ഞു. ''പെന്നിമരിക്കേണ്ട ദിവസമായ ജനുവരി 22-ാംതീയതി വേറൊരുകൂടിക്കാഴ്ചയുണ്ട്'' അവൻ എന്നോടപേക്ഷിച്ചു. ഞാനതു് 22-ാംതീയതി അനുവദിച്ചു.....

''അതു് അവസാനത്തെ ഹിയറിംഗിനു് അവർ ലക്സിംഗ്ടണിനു പോയതിന്റെ തലേദിവസമായിരുന്നു.'' ഒരു റിപ്പോർട്ടർപറഞ്ഞു.

ശരിയാണു്, വാർഡൻസമ്മതിച്ചു. അനന്തരംതുടർന്നുപറഞ്ഞു. രണ്ടാഴ്ചമുമ്പു് ടോംചെയ്യുന്നിടത്തുവെച്ചുമൂലം അവൻ സ്വന്തം ആത്മാവുകൊണ്ടു ചൂതാടുകയാണുചെയ്തതെന്നു സമ്മതിച്ചെന്നും അപ്പോൾ സത്യംവെളിപ്പെടുത്തിക്കൊണ്ടു് ആ നിലപാടുകഴിയുന്നതു ശരിപ്പെടുത്താൻ ആഗ്രഹിച്ചെന്നുംമറ്റും.

''സത്യംഎന്താണു്'' അക്ഷമനായ ഒരു റിപ്പോർട്ടർ ഇടയ്ക്കുകയറിചോദിച്ചു.

ബുക്കാനൻ അക്ഷോഭ്യനായി അവനെനോക്കിക്കൊണ്ടുപറഞ്ഞു. "ബോബ്" ആൻഡേഴ്സൻ അവന്റെകൂടെ ലക്സിംഗ്ടണിൽ ഉണ്ടായിരുന്നെന്നും അപഹരണത്തിലും കൊലപാതകത്തിലും പങ്കാളിയായിരുന്നെന്നും."

മിക്ക പത്രക്കാർക്കും അതു മതിയായിരുന്നു. അവർ മുറിയിൽ നിന്നു ചാടി എറവും അടുത്തുള്ള ടെലഫോണിലേയ്ക്കും, കമ്പി ആഫീസിലേയ്ക്കും ഓടി. ബാക്കിയുള്ളവർ ടോമിന്റെ വിശദമായ ഏറുപറച്ചിൽ കേട്ടു. ബാക്സ്റ്റർ എങ്ങനെ ഈ അപകടോപായത്തിനു രൂപം കൊടുത്തെന്നും, എങ്ങനെ ആൻഡേഴ്സൻ തോക്കുകൾ സമ്പാദിക്കുകയും ആദ്യം വെടിവയ്ക്കുകയും ചെയ്യുവെന്നും എങ്ങനെ ഇരുട്ടിൽ ടോം തട്ടിത്തടഞ്ഞു ഇടപ്പെട്ടെന്നും, അവന്റെ തോക്കിന്റെ നിറയൊഴിച്ചുകൊണ്ട് അവൻ എങ്ങിനെ എഴുന്നേറെന്നും ഈ ഏറുപറച്ചിലിൽ പുതുതായി ഒന്നും ഇല്ലായിരുന്നു. എന്നാൽ അതു് ആദ്യത്തെലക്സിംഗ്ടൺ വിചാരണയിൽ പറഞ്ഞവയെ സ്ഥിരീകരിക്കുകയും ബഫോർഡു സ്റ്റുവർട്ടിന്റെമേൽ നടത്തിയ ആരോപണത്തെ നിർമ്മാർജ്ജനംചെയ്യുകയും ചെയ്തു മുടന്തനായ മദ്യവില്പനക്കാരനെ ഈ കേസ്സിൽ കുടുക്കുന്നതിനുള്ള തന്ത്രത്തിനു് അവർ രൂപം കൊടുത്തതു് 1942 ആരംഭത്തിൽലക്സിംഗ്ടണിൽ വച്ചായിരുന്നെന്നു് പെന്നി വാർഡനോടു പറഞ്ഞിരുന്നു. ബുക്കാനന്റെഅസിസ്റ്റന്റന്മാരിൽ ഒരുവനായ പോർട്ടർ ബി. ലേഡിഇടയ്ക്കു കയറി പറഞ്ഞു. "സ്റ്റുവർട്ടു് മരിച്ചുവെന്നു് അപ്പോഴും ആൻഡേഴ്സനു് അറിയാമായിരുന്നെന്നു് ടോം പറഞ്ഞുവല്ലോ"

വാർഡന്റെ കഥനം അവസാനിച്ചപ്പോൾ ഒരു റിപ്പോർട്ടർ ചോദിച്ചു "ആ മൃതശരീരത്തെ എന്തുചെയ്യുവാൻ പോകയാണു്?"

ബുക്കാനൻ ഉടൻ ഉത്തരംനൽകി. "ആൻഡേഴ്സന്റേതു് ലൂയിവില്ലിലേയ്ക്കു പോകും. പെന്നിയുടേതും ബാക്സ്റ്ററുടേതും ലക്സിംഗ്ടണിലേയ്ക്കും.

അവസാനവാചകത്തിൽ വാർഡൻ ഗോപനംചെയ്ത ഉപ

വി അദ്ദേഹം അറിഞ്ഞില്ല. അന്ത്യംവരെയും അതിനപ്പുറവും വി ശ്വസ്തയായിരുന്ന സി മേരിലോറൻസിയ മിസ്സസ് പെന്നിയോ ട് സൂചിപ്പിച്ചിരുന്ന ടോമിനെ ജയിൽപറമ്പിൽ അടക്കുവാൻ സ്റ്റെയിറിനു് അവർ അനുവാദം കൊടുത്തേക്കണമെന്നു്. ശവമ ടക്കുന്നവർ ആവശ്യപ്പെട്ടന്ന ഫീസിനേയും മിസ്സസ് പെന്നിയു ടെ കോശസ്ഥിതിയെയും പററി ബുദ്ധിമതിയായ ആ വൃദ്ധസന്ന്യാ സിനിക്കു് കുറേയെല്ലാം അറിയാമായിരുന്നു. എന്നാൽ ആ തള്ള യുടെ നയനങ്ങൾ ബാഷ്പംകൊണ്ടു നിറഞ്ഞതോടെ സി. മേരി ലോറൻസിയ തീരുമാനം എടുത്തുകഴിഞ്ഞു.

ലക്സിംഗ്ടണിലെ ഒരു ശവസംസ്കാരനിർവഹകനായ മി: കെർ അടുത്തപ്രാവശ്യം സെൻറ് ജോസഫ്സ് ഹോസ്പിറലിൽ വന്നപ്പോൾ, ഗൗരവം സ്ഫുരിക്കുന്ന മുഖത്തോടുകൂടിയ സി: മേരി ലോറൻസിയ അയാളെ മാററി നിറുത്തിക്കൊണ്ടു് ഉപവിയെപ്പ ററി കുറേ അധികം സംസാരിച്ചു. അയാൾ കേട്ടതിൻെറ ആധി കൃംമൂലം സുസ്മേരവദനനായി കൂടിക്കാഴ്ച അവസാനിപ്പിച്ചുകൊ ണ്ടു പറഞ്ഞു. "സിസ്റ്റർ, ഇനി അതേച്ചൊല്ലി വിഷമിക്കേണ്ട. സംസ്കരിക്കുന്നതിനു വേണ്ടപോലെ ഒരുക്കി പ്രേതം കൊണ്ടുവരു കയും സംസ്കരിക്കുന്നതുവരെ എൻെറ കാഴ്ചമുറിയിൽ വച്ചിരിക്ക കയും ചെയ്യും. അതു് എവിടെ എപ്പോൾ ആയിരിക്കുമെന്നു അങ്ങേയ്ക്കു വല്ല അറിവുമുണ്ടോ?" ഇതു് സിസ്റ്ററിനു മന്ദഹസിക്കുന്ന തിനു് അവസരമായിരുന്നു. "ഒരു രഹസ്യം പാലിക്കുവാൻ കഴി യുമോ?" സിസ്റ്റർ ചോദിച്ചു. "കഴിയും."

"പെന്നിയെ സെൻറുപോൾ പള്ളിയിൽ സംസ്കരിച്ചുകൊ ള്ളും. അവനുവേണ്ടി ഒരു കർബ്ബനാ ഉണ്ടായിരിക്കും. വെഞ്ച രിച്ച സ്ഥലത്തു അവൻ കിടക്കുകയുംചെയ്യും. വികാരിയച്ചൻ ഫാ: മാക്കെന്നാ എല്ലാം ഏർപ്പാടുചെയ്തിട്ടുണ്ടു്. സ്ഥലംഹിൻക്ലെ സ്റ്റിലാണു്."

മി: കെർ കൂടുതൽ വികസിതമായ പുഞ്ചിരിതൂകി. "ഫാ: മാ ക്കെന്നാ എല്ലാം ഏർപ്പാടുചെയ്യുന്നുണ്ടോ പറഞ്ഞതു്? സിസ്റ്റർ

മേരി ലോറൻസിയാസ്സ്" അതിൽ പങ്കില്ലായിരുന്നെന്നു സത്യംചെയ്യാൻ ഒരുക്കമാണോ?"

അങ്ങനെ ടോംപെന്നി ലക്സിംഗ്ടണിൽ തിരിച്ചുവന്നു. സംസ്കാരച്ചടങ്ങു് അർത്ഥോദരഹിതമായിരുന്നു. കറേസ്സാംകൂട്ടികളും അയിരുന്ന ഗായകസംഘം. വിശ്വസ്തരായ സി: റോബർട്ട്" ആനി നോട്ടം രണ്ടുകൂട്ടുകാരോടുംചേർന്ന മിസ്സസ്" പെന്നിയും അവളുടെ കൊച്ചുകുടുംബവും ഉണ്ടായിരുന്നു. 26-ാംതീയതി വെളുക്കുന്നതുവരെ സി മേരി ലോറൻസിയാ പെന്നിയുടെയടുത്തു ഉറക്കമിളച്ചിരുന്നതുകൊണ്ടു് ശവസംസ്കാരത്തിൽ സംബന്ധിക്കുവാൻ വഹിയാത്തവണ്ണം വികാരത്തള്ളൽമൂലം തീരെ സുഖംഹിതയായിത്തീർന്നിരുന്നു. തന്മൂലം മാനസാന്തരത്തിനുശേഷം പരിപൂർണ്ണമായി ദൈവത്തിങ്കലേയ്ക്കു തിരിഞ്ഞ ഈ മനുഷ്യനു കൊടുക്കുവാൻ അർഹമെന്നു ഫാ: മാക്കെന്നെ കരുതിയ ഹൃദയസ്പൃക്കായ പ്രശംസകളും അവർക്കുകേൾക്കുവാൻ കഴിഞ്ഞില്ല. "ഓരോമരണവും ഓരോ ഉത്ഥാനമാണെന്നു" ദൈവത്തിന്റെ പുരോഹിതൻ പറഞ്ഞതുകേട്ടപ്പോൾ കണ്ണീരിലൂടെ മന്ദഹാസംപൊഴിച്ച ആത്മഭർത്താവു നൽകപ്പെട്ട ഹൃദ്യമായ ആശ്വാസവും സിസ്റ്ററിനു നഷ്ടപ്പെട്ടു.

ഇതേഫലം പുറപ്പെടുവിച്ച വേറൊരുസന്ദേശം ദൈവത്തിന്റെ വേറൊരു പുരോഹിതനിൽനിന്നു" പിറേറദിവസം മിസ്സസ്" പെന്നിക്കുലഭിച്ചു. അതു് 1943 ഫെബ്രുവരി 27-ാം തീയതി പഡുക്കായിൽനിന്നയച്ച എഴുത്തിലായിരുന്നു.

"പ്രീ. മിസ്സസ്" പെന്നി,

ഇതുവരെ ഞാൻ എഴുതാതിരുന്ന ഒരുകാര്യം ഇപ്പോൾ എഴുതുവാൻപോകയാണു". തന്റെ മകൻമൂലം വളരെയധികം സഹിക്കേണ്ടിവന്ന ഒരു അമ്മയോടു് എന്താണുപറയേണ്ടതെന്നോ എവിടംമുതൽ തുടങ്ങണമെന്നോ എനിക്കറിഞ്ഞുകൂടാ. എങ്കിലും എല്ലാക്കാര്യങ്ങളും പരിശുദ്ധാത്മാവു ധാരാളം അവകാശമുണ്ടെന്നു കാണുന്നു. പെന്നി ഒരിക്കൽ എന്നോടുപറഞ്ഞു "അച്ചാ, ഞാൻ ഈ കുഴപ്പത്തിൽചെന്നു ചാടിയില്ലായിരുന്നെങ്കിൽ,

ഞാൻ സ്വർഗ്ഗത്തിൽപോകുമായിരുന്നെന്നു ഞാൻ വിശ്വസിക്കുന്നില്ല" എന്നു".

എന്തിന് നിന്നും ധാരാളം നന്മ കൈവരുത്തുവാൻദൈവത്തിനുകഴിയുമെന്നു" നിങ്ങൾക്കു" അറിയാമല്ലോ. കൂടുതൽ മനോഹരമായ ഒരുമരണം ഞാൻ കണ്ടിട്ടുണ്ടെന്നോ, ഇനികാണുമെന്നോ കരുതുന്നില്ല. ഉറപ്പുപറയുന്നതിനുള്ള നമ്മുടെകഴിവുവച്ചുനോക്കിയാൽ ഒരുവല്ലകത്തോലിക്കൻ മരിക്കേണ്ടതുപോലെയാണു" അവൻ മരിച്ചതു". ദൈവികകാര്യങ്ങളെപ്പറ്റിയുള്ള അനുചിതനാശ്രുപിയിലാണു" അവന്റെ അവസാനമണിക്കൂറുകളും ചിലവുചെയ്തതു". അവന്റേതുപോലുള്ള പരമാർത്ഥമായ പശ്ചാത്താപം മുമ്പൊരിക്കലും ഞാൻകണ്ടിട്ടില്ല. അവൻ നിങ്ങൾക്കു വരുത്തിക്കൂട്ടിയ ഹൃദയവ്യഥയെപ്പറ്റി അവനു പ്രത്യേകം സങ്കടമുണ്ടായിരുന്നു. നിങ്ങൾക്കു ഇ" എഴുത്തു എഴുതണമെന്നും അവൻ എങ്ങനെ മരിച്ചെന്നു നിങ്ങളോടു പറയണമെന്നും അവൻ എന്നോടു ആവശ്യപ്പെട്ടിരുന്നു.

ടോംഒരു അത്ഭുതവ്യക്തിയായിരുന്നു; അവന്റെ മരണം ആത്മാക്കൾക്കു എത്രമാത്രം നന്മചെയ്യുമെന്നു ദൈവത്തിനു മാത്രമേ അറിഞ്ഞുകൂടൂ. നിങ്ങളുടെ സമയം വരുന്നതിനുമുമ്പു" നിങ്ങളും കത്തോലിക്കാ വിശ്വാസം സ്വീകരിക്കുമെന്നു അവൻ പൂർണ്ണമായി വിശ്വസിക്കുന്നെന്നും എന്നോടു പറഞ്ഞു. ഇതിനുവേണ്ടി അവൻ ധാരാളം പ്രാർത്ഥിച്ചു. എന്തുകൊണ്ടെന്നാൽ അവന്റെ വിശ്വാസവും കൂദാശകളും അവനു പ്രദാനം ചെയ്ത എല്ലാ ആശ്വാസങ്ങളും സന്തോഷങ്ങളും അവന്റെ അമ്മയ്ക്കും ഉണ്ടായിരിക്കണമെന്നു" അവൻ അഭിലഷിച്ചു.

മിസ്സസ്" പെന്നി, നിങ്ങളുടെ ഹൃദയത്തിലെ മുറിവുകളെ വീണ്ടും പഴുക്കിയതിനു ഞാൻ ക്ഷമാപണം ചെയ്യുന്നു. നിങ്ങളുടെ മകനെപ്പറ്റി പറയണമെന്നേ ഞാൻ ആഗ്രഹിച്ചുള്ളൂ. കാരണം ഞാൻ കണ്ടുമുട്ടിയിട്ടുള്ളതിൽ ഏറ്റവും പരിശുദ്ധരായ ആത്മാക്കളിൽ ഒരുവനായിരുന്നു അവൻ. അവന്റെ വിശ്വാസം ഒരു

ശിഷ്യവിന്റേതുപോലെ സരളമായിരുന്നു. "ഇവനിൽ ഒരുവനെപ്പോലെ നീ ആകുന്നില്ലെങ്കിൽ നീ സ്വർഗ്ഗരാജ്യത്തു പ്രവേശിക്കയില്ല" എന്നു നമ്മുടെ ദിവ്യനാഥൻ പറഞ്ഞിട്ടുണ്ടെന്നു് നിങ്ങൾക്കു് അറിയാമല്ലോ. അവൻ തയ്യാറായിരുന്നു. ഞാൻ അവനോടു പറഞ്ഞതുപോലെ, അവനെപ്പോലെ നന്നായി ഒരുങ്ങിയിരിക്കുമെന്നു ശരണപ്പെടുവാൻ മാത്രമേ എനിക്കു കഴിയൂ.

നിങ്ങളുടെ വിഷമതകളിൽ ദൈവം തന്റെ വിശിഷ്ടാനുഗ്രഹങ്ങൾ നിങ്ങളുടെമേൽ ചൊരിയട്ടെ. ഇതു വിശിഷ്ടനായ മകനെ—പരിശുദ്ധനായ ഈ മനുഷ്യനെ—പ്രതി ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ എന്നും ഞാൻ ആശംസിച്ചുകൊള്ളുന്നു.

വിശ്വസ്തൻ,

തോമസ് ലിബ്സ്

ചാപ്ലൈൻ, എഡിവിൽ."

P. S. ടോമിനുവേണ്ടി ഞാൻ കർത്താവോടു ചൊല്ലി. അവനെയും നിങ്ങളെയും എന്റെ പ്രാർത്ഥനകളിൽ ഞാൻ ഓർമ്മിച്ചുകൊള്ളാം.

ചാപ്ലൈൻ തന്റെ വാഗ്ദാനാനുസാരം കന്യാസ്ത്രീകളേയും വിവരം അറിയിച്ചു. അവർക്കുള്ള കത്തിൽ അദ്ദേഹം കൂടുതൽസംക്ഷിപ്തനായിരുന്നു. അദ്ദേഹം എഴുതിയ വരികൾക്കിടയിലൂടെ മാത്രമല്ല വാക്കുകൾക്കിടയിലൂടെപോലും വായിക്കുവാൻ കഴിവുള്ളവരായിരുന്ന സിസ്റ്റേഴ്സിനു് ആ എഴുത്തിന്റെ ഹൃസ്വത തന്നെ വാഗ്വിതമായിരുന്നു. അദ്ദേഹം എഴുതി.

സിസ്റ്റേഴ്സ് മേരിലോറൻസിയായിക്കും റോബർട്ട് ആന്നിനും,

പ്രി: സിസ്റ്റേഴ്സ്,

'താൻ ഒരു കത്തോലിക്കൻ മരിക്കേണ്ടതുപോലെ മരിച്ചുവെന്നു' ടോം പെന്നിയുടെ ആവശ്യപ്രകാരം ഞാൻ നിങ്ങളെ അറിയിക്കുന്നു. റോബർട്ട് ആൻഡേഴ്സൻ മനുഷ്യരീതിയിൽ പറഞ്ഞാൽ പശ്ചാത്താപമില്ലാതെ മരിച്ചുവെന്നാണതോന്നുന്നതു്. എന്നാൽ ദൈവകരുണയിൽവെച്ചു് അയാളു പശ്ചാത്താപപ്പെട്ടായിരി

ക്കാം നമുക്ക് അറിഞ്ഞുകൂടല്ലോ.

നിങ്ങൾ രണ്ടുപേർക്കുംകൂടി ഒരു കത്തെഴുതിയാൽ മതിയെന്നും മി. പെന്നി പറഞ്ഞു. കാരണം, എങ്ങനെ ആണെങ്കിലും നിങ്ങൾ അതു കൈമാറുമല്ലോ.

വിശ്വസ്തൻ,
തോമസ് ലിബ്സ്,
ചാപ്ലൈൻ, എഡിവിൽ.

ഈരംഗംകൂടുതൽ ശാന്തമായി അവലോകനംചെയ്യുവാൻ പിറേറാഷ്ച്ചയിൽ ചാപ്ലൈനു സാധിച്ചു. അദ്ദേഹത്തിന്റെ പുനഃപരിശോധനം കൂടുതൽ സമുക്കായ ഒരു ചിത്രം പ്രദാനംചെയ്തു. മാർച്ച് 8-ാംതീയതി അദ്ദേഹം ഫാ. ബ്രൂയനു് എഴുതി.

"ടോം എങ്ങനെ വിധിനടത്തൽ സ്വീകരിച്ചുവെന്നു് അറിയുവാൻ അങ്ങേയ്ക്കു് ആഗ്രഹമുണ്ടെന്നു് എനിക്കറിയാം. കൊള്ളാം; ഇതാ എന്താനും വസ്തുകൾ. വ്യാഴാഴ്ച ഉച്ചകഴിഞ്ഞു ഞാൻ അവന്റെ മുറിയിൽചെന്നു് അവനു വി: കുർബ്ബാന കൊടുത്തു. ഇതു് ഏകദേശം 3-30 നു് ആയിരുന്നു.....ഡിന്നറിനുശേഷം ഞങ്ങൾ മരണനിലയിലേയ്ക്കു തിരിച്ചുചെന്നു.....ഞാൻ..... ഫാ. ബഹമിക്കിനേയും കൂടെ കൊണ്ടുപോയിരുന്നു. കാരണം ആൻഡേഴ്സനു് എന്നോടും പെന്നിയോടും പിണക്കമായിരുന്നതുകൊണ്ടു് അവനു വല്ല നന്മയും ചെയ്യുവാൻ അദ്ദേഹത്തിനു കഴിഞ്ഞേക്കുമെന്നു ഞാൻ വിചാരിച്ചു..... ....ബന്ധികൾ മരിക്കേണ്ട സമയം വന്നപ്പോൾ ആൻഡേഴ്സൻ മുമ്പിൽ പ്രവേശിച്ചു: ടോംപെന്നിയെ ശപിച്ചു; വായിൽ സിഗററു് ഉണ്ടായിരുന്നു; നമ്മുടെ കാഴ്ചയിൽ പശ്ചാത്താപരഹിതനായി മരിച്ചു. ഫാ. ബഹമിക്കു് അവനുവേണ്ടി വളരെ പണിപ്പെട്ടു. പക്ഷെ ഫലിച്ചില്ല.

അടുത്തതു ടോം പെന്നി ആയിരുന്നു. പാർസൻസ്ചോലും അവൻ മരിച്ചപ്പോഴത്തെ ധ്യാനനിമഗ്നതയെപ്പറ്റി പറയുകയുണ്ടായി. കൈകൾ പുറകിൽ പിടിച്ചും കിഴ്പോട്ടു നോക്കിയു

മാണ്" അവൻ പ്രവേശിച്ചതു". അവനെ കസേരയിൽ ബന്ധിച്ചപ്പോൾ അവനു് എന്തെങ്കിലും പറയുവാനുണ്ടോ എന്നു വാർഡൻ ചോദിച്ചു. അതിനു് ടോം മറുപടി കൊടുത്തു; "പരസ്യപ്പെടുത്തുവാൻ ഞാൻ അങ്ങയോടു പറഞ്ഞതു് രാവിലെ പ്രസിദ്ധപ്പെടുത്തുക." (അതുകൊലക്കുറ്റത്തിൽ ആൻഡേഴ്സനുള്ള പങ്കിനെ പരാമർശിച്ചായിരുന്നു). അപ്പോൾ ഞാൻ പ്രാർത്ഥന ആരംഭിച്ചു. വിധി നടത്തലിനുശേഷം ഫാ. ബഹമിക്കു് സൈത്തെണ്ണുപാടിക്കുകയും ഞാൻ സോപാധികമായി ടോമിനു് അന്ത്യലേപനം കൊടുക്കുകയും ചെയ്തു.

മൂവരിൽ ഒരുവനായ ബാക്സ്റ്റർ "ഞാൻ ഈശോയുടെ അടുക്കലേയ്ക്കു പോകയാണു്", എന്നു പറഞ്ഞുകൊണ്ടു പോയി. ഉപദേശി പ്രാർത്ഥിച്ചപ്പോൾ ഞാനും ഫാ. ബഹമിക്കിയും മരിക്കുന്നവർക്കുവേണ്ടിയുള്ള പ്രാർത്ഥനകൾ ചൊല്ലുകയും അവനു സോപാധികം പാപമോചനം നൽകുകയും ചെയ്തു.

ഒടുവിലത്തെ ആളും പോയിക്കഴിഞ്ഞപ്പോൾ അവിടം വിട്ടുവാൻ ഞാനും ഫാ. ബഹമിക്കിയും ഒട്ടും താമസിച്ചില്ല. ഞങ്ങൾ ഫാ. ബഹമിക്കിയുടെ ഏർലിംഗ്ടണിലെ വസതിയിലേയ്ക്കു് പുറപ്പെട്ടുകയും രാവിലെ 4 മണിക്കു് അവിടെ എത്തിച്ചേരുകയും ചെയ്തു. എന്റെ ആയുസ്സിൽ ഉണ്ടായിട്ടുള്ളതിലേയ്ക്കും വിഷമമേറിയ ദിവസമായിരുന്നു അതു്. അതുപോലൊന്നു് ഇനി ഒരിക്കലും ഉണ്ടാകയില്ലെന്നുഞാൻ ശരണപ്പെടുന്നു. അവിടെ സന്നിഹിതരായിരുന്ന പ്രോട്ടസ്റ്റന്റു് പാതിരിമാരിൽ ഒരാൾക്കു് എന്നും രാവിലെ 11 മണിക്കു് റേഡിയോ പ്രോഷ്ണമുണ്ടെന്നു് അറിയാമായിരുന്നതുകൊണ്ടു് അദ്ദേഹത്തിനു പറയുവാനുള്ളതു കേൾക്കുവാൻവേണ്ടി ഞാൻ നേരത്തേ എണീറ്റു. അച്ചന്മാർക്കും, കന്യാസ്ത്രീകൾക്കും അല്മേനി സാധാരണ നരകമാണു കൊടുക്കാറുള്ളതു്—പക്ഷേ അന്നു് അദ്ദേഹം അതുചെയ്തില്ല. മാത്രമല്ല "പെന്നി മരിച്ചപ്പോൾ മാലാഖാമാർ പാട്ടുപാടുന്നതും വീണ വായിക്കുന്നതും ഞാൻകേട്ടു" എന്നുവരെ പറഞ്ഞു. നിർഭാഗ്യവശാൽ എന്റെ കാതുകൾക്കു്

അതു അത്ര സൂക്ഷ്മമായി കേൾക്കുവാൻ കഴിഞ്ഞില്ല. എങ്കിലും അവൻ (ടോം) ആശ്ചര്യകരമായ ഒരു കത്തോലിക്കാമരണമാണു മരിച്ചതു"....."

കുറേ ദിവസങ്ങൾക്കുശേഷം ഫാ: ബ്രയൻ ധ്യതിയിൽ ഒരു കുറിപ്പു് സി. ഫ്രാൻസിസ്സായിക്കു് എഴുതുകയായിരുന്നു. ടോം അദ്ദേഹത്തിനയച്ച ഒടുവിലത്തെ എഴുത്തു് ആ സിസ്റ്റർ കാണണമെന്നു അദ്ദേഹം അതിയായി അഭിലഷിച്ചു. ഒന്നുകൂടി ചിന്തിച്ചശേഷം അദ്ദേഹം എഴുതി. "എനിക്കു ഒടുവിൽ കിട്ടിയ പല എഴുത്തുകളും സിസ്റ്റർ വായിച്ചെന്നു തോന്നുന്നില്ല — അവയുടെ പകർപ്പു കിട്ടുകയാണെങ്കിൽ ഞാൻ ഇതോടൊന്നിച്ചു അവ അയയ്ക്കാം. — അവയിൽ ഒന്നു് — അവൻ ലക്സിംഗ്ടണിൽനിന്നു മടങ്ങിവന്നശേഷം എഴുതിയതു" സിസ്റ്ററിനു വളരെ പ്രിയങ്കരമായിരിക്കും.

അദ്ദേഹം കടലാസ്സിന്റെ മുമ്പിൽ എത്രനാം നിമിഷങ്ങൾ ഇരുന്നശേഷം ഉള്ള സത്യം എഴുതി "വളരെ മനോഹരമായ ഒരു കഥ അവസാനിച്ചു .....നമ്മിൽ ചിലർക്കെല്ലാം സ്വർഗ്ഗത്തിൽ ഒരു സ്നേഹിതനെ സിദ്ധിച്ചെന്നും ഞാൻ കരുതുന്നു. ആ ടോം അവന്റെ ചെറുപ്പകാലത്തു് ഒരു മൂഷികനായിരുന്നുവെന്നതു് അനിഷേധ്യമാണു്. എന്നാൽ അതു കൃപാവരത്തിന്റെ പ്രവർത്തനമാറ്റം വരുത്തുവാൻ കഴിയുന്നതേയുള്ളൂ. അതും എത്തൊരു പ്രവർത്തനമായിരുന്നു! അവനെ ആദ്യം കണ്ടനാൾമുതൽ ഇതേവരെ അവന്റെ ആത്മാർത്ഥതയെ സംശയിക്കുന്നതിനു" എനിക്കു യാതൊരു ന്യായവും കാണാൻ കഴിഞ്ഞിട്ടില്ല സിസ്റ്ററിന്റെ ദയകാരണം അവനു സിസ്റ്ററിനോടുള്ള കൃതജ്ഞത, ജീവിതത്തിലെ ചില വിഷമസന്ധികളെ തരണംചെയ്യുന്നതിനു" ഇടയാക്കും."

അദ്ദേഹത്തിന്റെ ലേഖനം ഇരുട്ടടി ആയപ്പോൾ എഡിവിൽ തപാൽമുദ്രയോടുകൂടിയ ഒരു എഴുത്തു് അദ്ദേഹത്തിനു നല്കപ്പെട്ടു. വർദ്ധമാനമായ ജിജ്ഞാസയോടെ അദ്ദേഹം അതു തുറന്നു വായിച്ചു. "പ്രിയ അച്ചാ"

അങ്ങയുടെ സ്വാശ്രയാർഹവും ഏറ്റം കരുണനിറഞ്ഞതുമായ

എഴുത്തു കിട്ടിയ കാര്യം അറിയിക്കുവാൻ ഞാൻ ഈ സന്ദർഭം ഉപയോഗിക്കുന്നതിനു് ആഗ്രഹിക്കുന്നു. ഈ ദിവസങ്ങളിലെല്ലാം ഞങ്ങൾ അങ്ങയെ പ്രതീക്ഷിച്ചിരുന്നു. പക്ഷേ എന്നു വയ്മെന്നു് അറിഞ്ഞുകൂടായിരുന്നു. കുറേനാൾ മുമ്പു് ടോംപെന്നി പറഞ്ഞിരുന്ന ഞങ്ങൾക്കു രണ്ടുവരി എഴുതുവാൻ അങ്ങയോടാവശ്യപ്പെട്ടിട്ടുണ്ടായിരുന്നെന്നു്".

അച്ഛാ,

ടോമിനു് അങ്ങയെപ്പറ്റി എത്ര മതിപ്പായിരുന്നെന്നോ. അങ്ങയുടെ ആനന്ദപ്രദമായ കത്തുകളിൽ ഒന്നു് കിട്ടിയദിവസം ഒരു ദിവസം അവൻ പറഞ്ഞു. "കുട്ടികാരേ, ഇതാ, ഒരു യഥാർത്ഥ മനുഷ്യൻ." സ്വാഭാവികമായി ഞങ്ങൾ അവനോടു യോജിച്ചു. കാരണം മിഷൻകാലത്തു നമ്മുടെ കൂടിക്കാഴ്ചകൾ ഹ്രസ്വമായിരുന്നെങ്കിലും അങ്ങു ഞങ്ങളെ നേടിക്കഴിഞ്ഞിരുന്നു. ഞങ്ങൾ ടോമിന്റെ അടുത്ത സെല്ലിലാണു് കിടന്നതു്. അവൻ എപ്പോഴും ആനന്ദരോമാഞ്ചം തമാശക്കാരനുമായി കാണപ്പെട്ട അവനെ മരണവേനലിലേയ്ക്കു് ഇറക്കിക്കൊണ്ടുപോയ സായാഹ്നമാണു് ആദ്യമായി അവൻ ഗൗരവക്കാരനായി കാണപ്പെട്ടതു്. അവൻ ഞങ്ങളുടെ സെല്ലിന്റെ മുമ്പിൽ നിന്നിട്ടു പറഞ്ഞു. "കുട്ടികാരേ, ഞാൻ വിടവാങ്ങുന്നു." എന്റെ കണ്ണുനീർ മൂലം എനിക്കു അവനെ കാണാൻ പ്രയാസമായിരുന്നു. എനിക്കു ഇതു മാത്രമേ പറയാൻ കഴിഞ്ഞുള്ളൂ. "ടോം ദൈവം നിന്നെ അനുഗ്രഹിക്കട്ടെ. ഈ രാത്രിയിൽ ഞങ്ങൾ നിനക്കുവേണ്ടി പ്രാർത്ഥിച്ചുകൊള്ളാം." അവനുമായി പരിചയപ്പെട്ടതിലുള്ള എന്റെ ഏകദുഃഖം അതായിരുന്നു. അവൻ ഞങ്ങളെ വിട്ടു് മരണവേനത്തിലേക്കു പോകേണ്ടിവരുമ്പോൾ അതു ഞങ്ങളെ ആഴമായി മുറിപ്പെടുത്തുമെന്നു് എനിക്കു് അറിയാമായിരുന്നു.

അന്നു വൈകുന്നേരംതന്നെ അവൻ ആവശ്യപ്പെട്ട അവന്റെ എല്ലാ പുസ്തകങ്ങളും ലഘുലേഖകളും സെല്ലിൽനിന്നെടുത്തു ഞങ്ങൾക്കു തരണമെന്നു്. കത്തോലിക്കസാഹിത്യമായി ഞങ്ങളുടെ പക്കലുള്ളതു മിക്കവാറും ടോം തന്നതു മാത്രമാണു്. അങ്ങു് ഇവിടെ

ത്തെ ഗ്രന്ഥശാലയിലേയ്ക്കു പുസ്തകങ്ങൾ അയയ്ക്കുന്നുണ്ടെന്നു ഞാൻ അറിഞ്ഞിരുന്നില്ല അവിടെ എന്തുണ്ടെന്നു് നാളെത്തന്നെ ഞാൻ അന്വേഷിപ്പിക്കും. ഞങ്ങൾക്കു രണ്ടുപേർക്കും ടോം ഓരോ പ്രാർത്ഥനപ്പുസ്തകം തന്നു. അവന്റെ പേരും ഞങ്ങൾക്കു് അതു കിട്ടിയ തീയതിയും അവയ്ക്കുള്ളിൽ രേഖപ്പെടുത്തീട്ടുണ്ടു്. അവ നിലനില്ക്കുന്നിടത്തോളം കാലം ഞങ്ങൾ അവ സൂക്ഷിച്ചുകൊള്ളാമെന്നു വാഗ്ദാനം ചെയ്തു.....”

ഇന്നിയും പിടിച്ചുനില്ക്കുക ഫാ. ബ്രയന്നു് സാദ്ധ്യമായിരുന്നില്ല അദ്ദേഹം ആ കടലാസു് മറിച്ചു അതിലെ ഒപ്പുകാണുവാൻ. അദ്ദേഹം കണ്ടതു് രണ്ടു പേരുകളാണു് ''ഡോണം അലക്സും”. ജീവപര്യന്തം തടവിലിട്ടിരിക്കുന്ന ഡോർട്ടിസഹോദരന്മാരാണു് അവരെന്നു അദ്ദേഹം മനസ്സിലാക്കി. അവർക്കു മതോപദേശം നൽകപ്പെട്ടുകൊണ്ടിരിക്കയായിരുന്നു. അഥവാ അവിധം സങ്കല്പിക്കപ്പെട്ടിരുന്നു. ആ യുവസന്ന്യാസി തന്റെ തലകുലുക്കി. “ടോം എഡിവില്ലിൽ ഉണ്ടായിരുന്നിട്ടുള്ളതിൽ ഏറ്റവും വലിയ മിഷനറിയാണു്'' അദ്ദേഹം പറഞ്ഞു.

വൈദ്യുതകസേരയിലിരുന്നു മരണമടഞ്ഞ ആ മനുഷ്യനുമായുള്ള സമ്പർക്കംമൂലം കൂട്ടത്തിൽ സ്പർശിക്കപ്പെട്ട ഒരു വൈദികൻകൂടെ ഉണ്ടായിരുന്നു. ടോമിൽനിന്നു് തനിക്കു് അവസാനം കിട്ടിയ എഴുത്തു് വീണ്ടും വീണ്ടും വായിച്ചു് ആശ്ചര്യവും കൃതജ്ഞതയുംകൊണ്ടു മൂകനായി പോയ ഫാ. ജോർജ്ജ് T. ഡൊനെല്ലി ജോർജ്ജിയായിൽ ടേർണർഫീൽഡിലെ ചാപ്പ്ലെന്റെ വസതിയിൽ ഇരുന്നു. അസാധാരണമായ സൂക്ഷ്മതയോടും വെടിപ്പോടുംകൂടി ആ ജയിൽപ്പുള്ളി എഴുതിയിരുന്നു.

‘എന്റെ അന്ത്യശാസനം.’

പരിശുദ്ധ ത്രിത്വത്തിന്റെ നാമത്തിൽ ആമ്മേൻ.

ഞാൻ, തോമസ് പെന്നി എന്റെ കഴിവുകൊണ്ടു യാതൊരു കോട്ടവുമില്ലാതിരിക്കയിൽ പരിശുദ്ധ ത്രിത്വത്തിന്റേയും സ്വർഗ്ഗീയസമൂഹത്തിന്റേയും മുമ്പാകെ ഈ എന്റെ അന്ത്യശാസനം—

എങ്ങനെ ഞാൻ ജീവിക്കുവാനും മരിക്കുവാനും ഒരുക്കമായിരിക്കുന്നു എന്നുള്ളതു് – പ്രഖ്യാപിക്കാനും പ്രസിദ്ധീകരിക്കാനും ആഗ്രഹിക്കുന്നു.

അവിടുന്നു് എന്നെ അവിടുത്തെ സൃഷ്ടിയാക്കിയതിനും യേശുക്രിസ്തുവിനെ സ്ഥാപനം വഴി എന്നെ വീണ്ടും ജനിപ്പിച്ചതിനും അങ്ങേ കൃപയുടെ വി. കൂദാശകളിൽ വഴി എന്നെ പവിത്രീകരിച്ചതിനും ഞാൻ അങ്ങേയ്ക്കു് അത്യന്തവും അനന്തവുമായ കൃതജ്ഞത പറയുന്നു.

എന്റെ ജ്ഞാനസ്നാനത്തിൽ ഞാൻ സ്വീകരിച്ച സത്യവിശ്വാസവും അതിലെ ഓരോന്നും സമസ്തവുമായ വകുപ്പുകളും ഏക വിശുദ്ധ കത്തോലിക്കാസഭ വിശ്വസിക്കയും പ്രഖ്യാപിക്കുകയും ചെയ്യുന്ന രീതിയിലും വിധത്തിലും ഞാൻ ഉറപ്പായി വിശ്വസിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നു.

ഓ! എന്റെ ദൈവമേ, എന്റെ അവസാനനേരത്തു എന്റെ പ്രവൃത്തി കുറവില്ലാത്തതും, കേടില്ലാത്തതുമായി കാണപ്പെടണമെ. എന്റെ യൗവനം മുതൽ ഈ സമയംവരെയുള്ള എന്റെ സമസ്ത പാപങ്ങളേയും ഞാൻ വെറുക്കുന്നു. ഞാൻ വാക്കാലോ പ്രവൃത്തിയാലോ എപ്പോഴെങ്കിലും ദുഃഖിപ്പിക്കുകയോ വേദനിപ്പിക്കുകയോ ചെയ്തിട്ടുള്ള ഓരോരുത്തരോടും, എല്ലാവരോടും ഏറ്റവും എളിമയോടെ മാപ്പപേക്ഷിക്കുന്നു. എന്റെ സ്നേഹഭാജനമായ കുരിശിൽ തൂങ്ങിക്കിടന്നു വേദന അനുഭവിച്ചപ്പോൾ തന്റെ ശത്രുക്കളോടു ക്ഷമിച്ചതുപോലെ തന്നെ ഞാനും എന്നെ ഉപദ്രവിച്ചിട്ടുള്ള ആരോടും അവരുടെ ഓരോ ദ്രോഹവും, നിന്ദനവും, പ്രവൃത്തിയും ഹൃദയപൂർവ്വം ക്ഷമിക്കുകയും പൊറുക്കുകയും ചെയ്യുന്നു.

അവസാനമായിട്ടു് ഒരു സത്യക്രിസ്തോലിക്കനെപ്പോലെ മരിക്കുന്നതിനും പരിപാവനകൂദാശകളിൽ പങ്കുപറ്റുന്നതിനും ഞാൻ ആഗ്രഹിക്കുന്നുവെന്നു് ഞാൻ പ്രഖ്യാപിക്കുന്നു. വിധിദിവസം വരെ എല്ലാ വിശ്വാസികൾക്കുംവേണ്ടി സമർപ്പിക്കപ്പെടുന്ന എല്ലാ കർബ്ബാനകളിലും പ്രാർത്ഥനകളിലും എന്റെ വിതവും ഓഹരി

യും വേണമെന്നു് ഞാൻ ആഗ്രഹിക്കുന്നു.

ഓ! എന്റെ പ്രിയപ്പെട്ട ഈശോ, അങ്ങു കുരിശിൽ തൂങ്ങിക്കിടന്നപ്പോൾ അങ്ങേ സ്നേഹഹൃദയത്തിൽനിന്നും പുറപ്പെട്ട നെടുവീർപ്പുകളിൽ ഒന്നു് എന്റെ ആത്മാവിനുവേണ്ടി പുറപ്പെട്ടുവിക്കണമെന്നും അങ്ങേ അമൂല്യരക്തത്തിന്റെ ഒരുതുള്ളി എന്റെ ആത്മാവിൽ തളിക്കണമെന്നും ഞാൻ അങ്ങയോടു യാചിക്കുന്നു.

(മൂന്നു)

ഓ! ഏറ്റവും ദയാലുവായ ഈശോ, എന്റെ ഈ അനുശോചനം സ്വർഗ്ഗീയകച്ചേരിയിൽ പരസ്യമായി രജിസ്റ്റർ ചെയ്യുവാൻ അങ്ങു കനിയണമെന്നും, അങ്ങേ പരിശുദ്ധനാമത്തിന്റെ മുദ്രകൊണ്ടു് അതു് അടച്ചുറപ്പിക്കണമെന്നും പരിശുദ്ധമായ അങ്ങു മുറിവുകളുടെ അടയാളംകൊണ്ടു് അതിനെ മുദ്രിതമാക്കണമെന്നും അങ്ങയോടു് ഞാൻ അപേക്ഷിക്കുന്നു.

ഓ! അനർഘനായ നാഥാ! ഞാൻ—എന്റെ ആത്മാവും ശരീരവും—അങ്ങുടെ സൃഷ്ടിയാണെന്നു് എല്ലാ മനുഷ്യരും അറിയട്ടെ. ഇതിനു് അങ്ങേ ഏറ്റവും അയോഗ്യശിശുവായ ഞാൻ ഇപ്പോൾ എന്റെ സ്വന്തം കരംകൊണ്ടു് ഒപ്പുവയ്ക്കുകയും മുദ്രകുത്തുകയും ചെയ്യുന്നു."

തോമസു് പെന്നി.

"ഓ! ദൈവമേ", അച്ചൻ പൊരുപൊരുത്തു. "അവിടുന്നു് എത്രയോ വിസ്മയാവഹൻ! അവിടത്തെ മാർഗ്ഗങ്ങൾ എത്ര നിഗൂഢമായവ!" കാരണം ആൻഡേഴ്സൺ എങ്ങനെ അവസാനിച്ചെന്നും, ബാങ്ക്സ്റ്റർ അവന്റെ അന്ത്യവിനാഴികളെ എങ്ങനെ നേരിട്ടെന്നും ഫാ. ജോർജ്ജ് അറിഞ്ഞിരുന്നു. അദ്ദേഹം ആ പദ്യത്തെപ്പറ്റി വിചാരിച്ചു.

അന്ത്യ ദിനം മാലയ തന്നിലപ്പോൾ
പ്രത്യക്ഷരായി ഹതഭാഗ്യർമൂന്നാം
ഏകൻ മരിച്ചു, പുനർ രണ്ടുപേരിൽ
ചെയ്യുൻ, ദയാവാരിധി ഈശപുത്രൻ.

പാപിഷ്ഠരേയും ബതഖിന്നരേയും
ക്രൂശിക്കുവാനായിഹ കാൽവരിയിൽ
മുന്നംവളന്നോരു കുരിശു മുന്നും
ഇന്നും വളരും വിധിവൈഭവത്താൽ.

പ്രാർത്ഥിച്ച ചോരനിഹയെന്നപോലെ
താപംസഹിക്കും ജനതയ്ക്കുമെല്ലാം
മഹിരുഹത്തിൽ കുരിശിന്റെ മീതെ
കാണാം ജഗന്നാഥനെയെന്നുമെന്നും.

(ചി. ഫ്രാ. ജോസഫ്)

——ooo**ooo——





Works by

Rev: M. Raymond. O. C. S. O.

Burnt Out Incense
Trappists, The Reds and You
Three Religious Rebels
The Family That Overtook Christ
The man Who Got Even With God

Booklets

Is Your Home Like This ?
Life is Someone
FIAT ! Remake Your World
Set the World on Fire
What are You Doing to Jesus Christ
Do you Want Life and Love
Facts About Reason, Revelation and Religion
The God-Man's Double

COVER PRINTED AT NEW KERALA PRESS, EKM-8

DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date
28 NOV 1991		
16 AUG 1996		
29 AUG 1996		
- 2 FEB 1998		
11 AUG 2001		
24 AUG 2001		
10/12/01		
21/10/11		

CT Library
00015820
_N V46